

## കറുകച്ചാൽ ഗ്രാമപഞ്ചായത്ത്

# വികസനരേഖ

# കറുകച്ചാൽ
# ഗ്രാമപഞ്ചായത്ത്

## വികസന രേഖ

*അധികാരം ജനങ്ങൾക്ക്.....*



"സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ താങ്കൾക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന് പരമ ദരിദ്രനുംപോലും അനുഭവപ്പെടുന്നൊരു ഭാരതം, ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന വർഗ്ഗക്കാരോ ഇല്ലാത്തൊരു ഭാരതം, എല്ലാ സമുദായങ്ങളും പരിപൂർണ്ണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം അതു കെട്ടിപ്പടുക്കുന്നതിനുവേണ്ടി ഞാൻ പ്രവർത്തിയ്ക്കും"

-ഗാന്ധിജി

# കേരള ഭൂപടത്തിൽ കറുകച്ചാൽ പഞ്ചായത്തിന്റെ സ്ഥാനം




1. കോട്ടയം ജില്ല
2. ചങ്ങനാശ്ശേരി
3. കറുകച്ചാൽ

# കറുകച്ചാൽ ഗ്രാമപഞ്ചായത്ത്

*Key Plan*








പഞ്ചായത്ത് ഓഫീസ് കറുകച്ചാൽ



മിനി സിവിൽ സ്റ്റേഷൻ കറുകച്ചാൽ

# കറുകച്ചാൽ ഗ്രാമപഞ്ചായത്ത്



അഡ്വ. റെജി ഇട്ടി
(പ്രസിഡന്റ്)



കെ. കെ. ചന്ദ്രശേഖര പിള്ള
(വൈസ്പ്രസിഡന്റ്)



ശ്രീമതി. എൽ. ശാന്തകുമാരി
(സ്റ്റാന്റിംഗ്കമ്മറ്റി ചെയർപേഴ്സൺ)



ശ്രീ. കെ. നാരായണക്കുറുപ്പ്
(എം. എൽ. എ.)



ശ്രീ. സജി ഓലിക്കര
(ജില്ലാ പഞ്ചായത്തു മെമ്പർ)



ശ്രീ. പി. ഉണ്ണികൃഷ്ണൻ നായർ
(ബ്ലോക്ക് പഞ്ചായത്തുമെമ്പർ)

# 1996 - ലെ കമ്മറ്റി അംഗങ്ങൾ



ശ്രീ. മാത്യു ജോൺ
(വാർഡ് I)



ശ്രീ. എസ്. പ്രഭാ ക ര ക്കു റുപ്പ്
(വാർഡ് III)



ശ്രീമതി. ത്രേസ്യാമ്മ വർഗ്ഗീസ്
(വാർഡ് IV)



ശ്രീമതി. ലതികാദേവി രാജീവ്
(വാർഡ് V)



ശ്രീമതി. ആനിമാത്യു
(വാർഡ് VI)



ശ്രീ. ജോസഫ് .ജെ. കൊണ്ടോടി
(വാർഡ് VII)



ശ്രീ. വി. കെ. രാമൻകുട്ടി
(വാർഡ് VIII)

# പഞ്ചായത്ത് ഉദ്യോഗസ്ഥർ





ശ്രീ. റ്റി. ജെ. ജോർജ്ജ്
(സെക്രട്ടറി)

# വികസനരേഖ തയ്യാറാക്കിയവർ

## ചീഫ് എഡിറ്റർ

ബാബു ജോസഫ്, കരമ്പന്നൂർ

## സബ് എഡിറ്റേഴ്സ്

എൻ. ഹരികൃഷ്ണൻ, നന്ത്യാപറമ്പിൽ
എ. വാസുദേവൻ, സാഫല്ല്യം

## എഡിറ്റോറിയൽ ബോർഡ്

എൻ. കരുണാകരൻ നായർ

കരുണാകര നിവാസ്

അനിൽകുമാർ

ശ്രീപദം

പി, എസ്. സുകുമാരൻ

റൈട്ടൻ പറമ്പ്

കെ. ജെ. രാജൻ

പി. എസ്. പാപ്പൻ (യുഡി ക്ലർക്ക്)

മനോജ് വെണ്ണാലിൽ

കെ. റഷീദ്

പ്രമോദ് ചമ്പക്കര

കെ. ജെ. ജനാർദ്ദനൻ

ലതികാദേവി രാജീവ്

ആനിമാത്യു

എൽ. ശാന്തകുമാരി.

സി. ജെ. ബാലചന്ദ്രൻ

മേച്ചോള (യുഡി ക്ലർക്ക്)

കവർ ഫോട്ടോ

*ടോപ് സ്റ്റുഡിയോ കോംപ്ലക്സ്*

# വിവരശേഖരണം നടത്തിയവർ

| | |
|---|---|
| ശ്രീ. | ബാബുജോസഫ് DRP |
| ” | എൻ. ഹരികൃഷ്ണൻ DRP |
| ” | എ. വാസുദേവൻ DRP |
| ” | എൻ. കരുണാകരൻ നായർ |
| ” | അനിൽകുമാർ |
| ” | മനോജ്കുമാർ |
| ” | പ്രമോദ് |
| ” | കെ. ജെ. ജനാർദ്ദനൻ |
| ” | വിനോദ് ചന്ദ്രൻ |
| ” | രാജീവ്, കൊടിങ്ങാംകുന്നേൽ |
| ” | പി. എസ്. സുകുമാരൻ |
| ” | സി. ജെ. ബാലചന്ദ്രൻ മോച്ചോള |
| ശ്രീമതി | ആനിമാത്യു |



Layout, Art & Photos

***Suresh Kumar***
**Top Studio Complex**
Bus stand - Karukachal
✆ (O) 485465

---

Type Setting

Century Graphics
Mallappally Road,Karukachal
✆ (O) 485299, (R) 506270

PRINTED AT **JAYS PRINT PACKS**
**Offset Printers**
**(A MEMBER OF KMPA)**
**Vadavathoor P.O. Kottayam-686 010**
**Tel : 571511**

# ഉള്ളടക്കം

1 ആമുഖം

2 പഞ്ചായത്തിന്റെ ഭരണപരമായ ചരിത്രം

3 ചരിത്രം

4 ഭൂപ്രകൃതി, ജലപ്രകൃതി, സ്ഥലപ്രകൃതി

5 കൃഷി

6 മൃഗസംരക്ഷണം

7 വ്യവസായം

8 വിദ്യാഭ്യാസം

9 പൊതുജനാരോഗ്യം

10 കുടിവെള്ളം

11 ഗതാഗതം

12 ഊർജ്ജം

13 പൊതുവിതരണം

14 പാർപ്പിടം

15 സാമൂഹ്യക്ഷേമം

16 വനിത

17 സഹകരണം

18 പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം

19 വിഭവസമാഹരണം

20 ടൗൺ വികസനം

21 ഉപസംഹാരം

22 അനുബന്ധം

# രണ്ടുവാക്ക്....

ബഹുമാന്യരേ,

ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയപദ്ധതി എന്ന ലക്ഷ്യ പ്രാപ്തിയ്ക്കായ് നമ്മുടെ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള വികസനരേഖ ഇവിടെ നിങ്ങൾക്കു മുൻപിൽ സമർപ്പിക്കുന്നു. പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് ഈ രേഖ പ്രസിദ്ധീകരിക്കുമ്പോൾ നമ്മുടെ മുൻപിൽ വികസന ആവശ്യങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെയുണ്ട്. ഇവയെല്ലാം പദ്ധതിക്കാലയളവിനുള്ളിൽ സാഫല്യമാക്കാം എന്ന് ഉറപ്പ് നല്കാനാവുന്നില്ല. സാമ്പത്തികവും സാങ്കേതികവുമായ കാരണങ്ങൾ കൊണ്ടാണിത്. വിശാലമായ പദ്ധതിയാവിഷ്കരണം ചുരുങ്ങിയ കാലയളവുകൊണ്ട് പൂർത്തീകരിച്ചപ്പോൾ പലകുറവുകളും കണ്ടേക്കാം എങ്കിലും നമ്മുടെ വികസന പ്രവർത്തനങ്ങൾക്ക് ഈ രേഖ ഉതകും എന്നു വിശ്വസിക്കുന്നു. നമ്മൾ ഒരോരുത്തരും വിശാലമനസ്സോടെ ഈ അവസരം പ്രയോജനപ്പെടുത്താൻ ആത്മാർത്ഥമായി ശ്രമിക്കുമെന്ന് പ്രത്യാശിക്കുന്നു.

വികസന രേഖ തയ്യാറാക്കുന്നതിനായി പ്രയത്നിച്ച എല്ലാവരേയും ഈ അവസരത്തിൽ അനുമോദിക്കുന്നു.

അഡ്വ: റെജി ഇട്ടി

പ്രസിഡന്റ്

കറുകച്ചാൽ ഗ്രാമ പഞ്ചായത്ത്

1

# ആമുഖം

ഭാരതം കൊളോണിയൻ ഭരണത്തിൽ നിന്നും മോചനം നേടിയ സുദിനം 1947- ആഗസ്റ്റ് 15. നാല്പത്തി ഒൻപതു വർഷം കടന്നു പോയിട്ടും ഭരണരംഗത്തും വികസനരംഗത്തും ജനകീയ പുനഃസംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കാൻ പോലുമുള്ള നിർദ്ദേശക തത്വം 47-ാം വർഷമാണ് നടപ്പായത്. ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ ഭരിക്കുന്ന ജനങ്ങളുടെ സർക്കാർ എന്ന ജനാധിപത്യ സ്വപ്നം, തിരഞ്ഞെടുപ്പെന്ന ഔപചാരിക പ്രക്രിയയിൽ ഒതുങ്ങി നിന്നു. നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ പറയുന്ന സെക്കുലർ, ഡമോക്രാറ്റിക്, സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിന്റെ പ്രഖ്യാപിത തത്വങ്ങൾ നടപ്പാക്കാനുള്ള പ്രതിബദ്ധത ഭരണഘടന തന്നെ നിർവീര്യമാക്കി. (ഇന്ത്യൻ ഭരണഘടന 37-ാം വകുപ്പ്).

ഇതുവരെ അധികാരവും ആസൂത്രണവും മുകളിൽ നിന്ന് താഴോട്ട് ഒഴുകുകയായിരുന്നു. സാധാരണക്കാരന് അവസരം നല്കാൻ നിലവിലുള്ള ആസൂത്രണ പ്രക്രിയ മതിയാവാതെ വരുന്നു. അതുകൊണ്ട് കേരളം നടപ്പിലാക്കുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം അടിത്തട്ടിൽ നിന്നും മേൽത്തട്ടിലേക്ക് ദിശമാറ്റം നൽകപ്പെട്ട ആസൂത്രണ തന്ത്രം അവതരിപ്പിക്കുന്നത്. ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും തുല്യപങ്കാളിത്തം , ജാതിമതാതി ഭിന്നതകൾക്ക് അതീതമായി ഉറപ്പുവരുത്തുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്ന് ഉറപ്പാണ്. 9-ാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചത് വികസനചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. കേരളവും ഗ്രാമ പഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതി സന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗീകവും തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണ തന്ത്രത്തിന് കഴിയും. ബഹുജന പങ്കാളിത്തം ഫലപ്രദമാക്കുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടേയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടേയും നടത്തിപ്പ് കാര്യക്ഷമവും, ശീഘ്രവും, തൃപ്തികരവുമായി നിർവ്വഹിക്കാൻ കഴിയുമെന്നു മാത്രമല്ല, അഴിമതിയുടെ എല്ലാ കൈവഴികളും നിയന്ത്രിക്കാൻ കഴിയുകയും ചെയ്യും.

ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ പടിവാതിൽക്കൽ എത്തിനിൽക്കുകയാണ് രാജ്യം. അധികാരമാറ്റത്തിന്റെ ഫലമായി വന്ന പുതിയ ഭരണകൂടത്തിന് പദ്ധതി ആസൂത്രണത്തിന് വേണ്ടത്ര സമയവും സാവകാശവും ലഭിച്ചില്ല. പദ്ധതികൾക്ക് അവധി പ്രഖ്യാപിക്കുക, ഉള്ളസമയം കൊണ്ട് ജനങ്ങളെ സജ്ജരാക്കി ആസൂത്രണത്തിന്റെ ധാരയിൽ എത്തിക്കുക ഈ രണ്ടു കാര്യങ്ങളിൽ ഏതെങ്കിലുമൊന്നു സ്വീകരിക്കുകയേ നിർവ്വാഹമുണ്ടായിരുന്നുള്ളൂ. വികസനത്തിന്റെ പ്രാധാന്യവും സന്ദർഭത്തിന്റെ ഗൗരവവും കണക്കിലെടുത്ത് രണ്ടാമത്തെ മാർഗ്ഗം സ്വീകരിച്ചു. 73-ാം ഭരണഘടനാഭേദഗതിയുടെ നിലവിൽ വന്ന പഞ്ചായത്തു രാജ് നിയമവും പദ്ധതി ആസൂത്രണതീരുമാനത്തെ വലിയ അളവിൽ സ്വാധീനിച്ചു. ഗാന്ധിജിയുടെ ഗ്രാമസ്വരാജ് സങ്കൽപം ഉദാത്തവും ഉന്നതവികസനമാതൃകയുമാണ്. ഗ്രാമങ്ങളിൽ രാജ്യത്തിന്റെ ആത്മാവിനെ ദർശിച്ച രാഷ്ട്രീയ സംസ്കാരമാണ് നമ്മുടെ പൈതൃകം. ആ പൈതൃകത്തെ നെഞ്ചേറ്റി ചരിത്രത്തിന്റെ മുൻപേ നടന്നു. ജനങ്ങളിലാണ് അധികാരം എന്ന മൃതസഞ്ജീവനി

മന്ത്രം സദാ ഉരുവിട്ട ഋഷീശ്വരനായിരുന്നു ഗാന്ധിജി. ഗ്രാമങ്ങൾ മരിച്ചാൽ ഇന്ത്യ മരിക്കുമെന്ന ഗാന്ധിയൻ രാഷ്ട്രീയദർശനം സ്വാതന്ത്ര്യത്തിന്റെ കനകജൂബിലി നിമിഷങ്ങളിൽ മാത്രമേ നമുക്കു ചിന്താമണ്ഡലത്തിലേക്ക് കടത്തിവിടാൻ കഴിഞ്ഞിട്ടുള്ളൂ. സത്യാന്വേഷിയായ ആ കർമ്മയോഗിയുടെ കണ്ടെത്തലുകൾക്ക് ഒരു പ്രായശ്ചിത്തമെന്നപോലെ വർത്തമാനകാല ഭാരതം ആവിഷ്ക്കാര മാർഗ്ഗം കണ്ടെത്തിയിരിക്കുന്നു. അധികാരം ജനങ്ങളിലേക്ക് ആസൂത്രണം ജനങ്ങളിൽ നിന്ന് ഒരു പുതിയ സ്വയം പര്യാപ്തഗ്രാമ സമൂഹത്തിന്റെ പണിപ്പുരയിലാണ് നാം ഇന്ന്. കേരളം ഒരിക്കൽകൂടി ചരിത്രത്തിന്റെ താളുകളിൽ കയറിപ്പറ്റിയിരിക്കുന്നു. കാലദേശാതിർത്തികളെ അതിലംഘിച്ച് വളർന്നു നിൽക്കുന്ന ഒരു വ്യക്തിത്വത്തിന്റെ വാക്കിനേയും പ്രവർത്തിയേയും സമുന്നയിപ്പിക്കാനുള്ള അതി മഹത്തായ യജ്ഞത്തിലാണ് നാം ഏർപ്പെട്ടിരിക്കുന്നത്. അവഗണനകളുടേയും, വറുതികളുടെയും അഗാധതയിൽ നിന്ന് ജനശക്തി എന്ന പരശുരാമൻ ജനകീയാസൂത്രണത്തിന്റെ മഴുവെറിഞ്ഞ് 21-ാം നൂറ്റാണ്ടിന്റെ കേരളം സൃഷ്ടിക്കുന്നു. ഈ പുതുസൃഷ്ടിയിൽ പങ്കാളികളാക്കുന്നതോ, പോകട്ടെ സാക്ഷ്യപ്പെടുത്തുന്നതുപോലും സുകൃതമായി മഹാബഹുഭൂരിപക്ഷവും കരുതുന്നു. കുറഞ്ഞസമയം കൊണ്ട് ഏറെ പണിപ്പെട്ടാണ് പശ്ചാത്തല സൗകര്യം ഒരുക്കുന്നതും, കർമ്മപരിപാടിയിലേക്ക് നീങ്ങുന്നതും. 1996 ആഗസ്റ്റ് മാസത്തിൽ തുടങ്ങി ഡിസംബർ മാസത്തിലെത്തിയപ്പോഴേക്കും നടന്നു കയറിയ പടവുകൾ തരണം ചെയ്ത വൈതരണികളും, ചെയ്തുകൂട്ടിയ പണികളും ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. സാർവ്വദേശീയതലങ്ങളിൽ കേരളം ശ്രദ്ധിക്കപ്പെടുന്നു. ആസൂത്രണ വിദഗ്ധരിൽ സാമ്പത്തിക ശാസ്ത്രജ്ഞരും, വികസ്വര മൂന്നാം ലോകരാഷ്ട്രങ്ങൾക്കുവേണ്ടി കേരളത്തിന്റെ ജനകീയാസൂത്രണം മാതൃകയാക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. നമ്മുടെ പ്രതിഭാശാലികളായ ആസൂത്രണ വിദഗ്ധർ ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഒൻപതാം പദ്ധതി ജനകീയ പദ്ധതി എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ ജനകീയ ആസൂത്രണ പരിപാടികൾ ആരംഭിച്ചത് 1996 സെപ്റ്റംബർ മാസത്തിലാണ്. ഇത്തിത്താനം ആയിഷാ ഭവനിൽ നടന്ന ജില്ലാതല പരിശീലക (റിസോഴ്സ് പേഴ്സൺ)ക്ലാസ്സിൽ ഈ പഞ്ചായത്തിൽ നിന്നും 5 പേർ പങ്കെടുത്തു. അവരുടെ മേൽ നോട്ടത്തിൽ പഞ്ചായത്തുതല പരിശീലനവും, തുടർന്ന് ഗ്രാമസഭകളും നടന്നു. ഒക്ടോബർ മാസം രണ്ടാം തീയ്യതി കൊണ്ട് ഗ്രാമസഭകൾ പൂർത്തിയായി. ഗ്രമസഭകളുടെ ക്രോഡീകരണവും, ദ്വിതീയ വിവരശേഖരണവും നടന്നു. നമ്മുടെ പഞ്ചായത്തിന്റെ വരുന്ന അഞ്ചു വർഷത്തെ വികസനരേഖ തയ്യാറാക്കാൻ വേണ്ട എല്ലാ മുന്നൊരുക്കങ്ങളും നടത്തിക്കൊണ്ടാണ് വികസനരേഖ തയ്യാറാക്കുന്ന പണിപ്പുരയിലേക്കു പ്രവേശിച്ചത്.

ഈ വികസന രേഖ തയ്യാറായത് കുറഞ്ഞ സമയം കൊണ്ട് ചുരുക്കം ചില ആൾക്കാരുടെ തീവ്രമായ അദ്ധ്വാനവും മനസ്സൊരുക്കവും കൊണ്ടാണ്. തുടക്കത്തിൽ കൂടെ നിന്നവർ അവിടെവച്ചുതന്നെ അവസാനിപ്പിച്ചപ്പോഴും നിശ്ചയദാർഢ്യത്തോടെ ഈ വികസന രേഖയുടെ പ്രവർത്തനവുമായി മുന്നോട്ടുപോകാൻ കഴിഞ്ഞു. നിരവധിയാളുകളുടെ പ്രയത്നം വേണ്ടിയിരുന്ന ഈ പ്രക്രിയ കുറച്ചുപേരുടെ അദ്ധ്വാനം കൊണ്ട് രൂപപ്പെടുമ്പോൾ പരാധീനതകളുണ്ടാകാം. വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥപ്രമുഖർ, സാമൂഹ്യ, രാഷ്ട്രീയ നേതാക്കൾ, സന്നദ്ധപ്രവർത്തകർ, പഞ്ചായത്തുകമ്മറ്റി അംഗങ്ങൾ, പഞ്ചായത്താഫീസിലെ ജീവനക്കാർ എന്നിവർ സഹകരിച്ചു.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ പുനർജനിയുടെ ഹോമകുണ്ഡത്തിൽ അർപ്പണം ചെയ്യാനുള്ളതാണീ വികസനരേഖ. ഇതിനുവേണ്ടി അഹോരാത്രം ആത്മാർത്ഥത പ്രകടിപ്പിച്ചവർ, നിഷ്കളങ്കരായി, സത്യസന്ധമായി പ്രവർത്തിച്ചവർ, അവർക്കായി ആയിരം നന്ദി. ജനകീയ ആസൂത്രണവും, നിർവ്വഹണവും യാഥാർത്ഥ്യമാക്കാൻ, ചരിത്രത്തിന്റെ വർത്തമാന ദശാസന്ധി നമ്മെ വെല്ലുവിളിക്കുകയാണ്. ഈ വെല്ലുവിളി നേരിടാനുള്ള അവസരം കൈവന്നതിലുള്ള സന്തോഷത്തോടെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനരേഖ നാളെയുടെ ചരിത്രം യാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ തുറന്ന മനസ്സോടെ പ്രതിജ്ഞയെടുക്കാം.

# 2 പൊതുവിവരണവും ഭരണപരമായ ചരിത്രവും

കറുകച്ചാൽ ഗ്രാമപഞ്ചായത്ത് 1953 ആഗസ്റ്റ് മാസം 16-ാം തീയതി രൂപീകൃതമായി. അന്ന്

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | കറുകച്ചാൽ |
| വില്ലേജുകൾ | : | നെടുംകുന്നം, കറുകച്ചാൽ |
| ബ്ലോക്ക് | : | മാടപ്പള്ളി |
| ജില്ല | : | കോട്ടയം |
| താലൂക്ക് | : | ചങ്ങനാശ്ശേരി |
| പാർലമെന്റ്, മണ്ഡലം | : | കോട്ടയം |
| നിയമസഭാമണ്ഡലം | : | വാഴൂർ |
| വിസ്തീർണ്ണം | : | 8.1 ച. ക. മീ. |
| ജനസംഖ്യ | : | 20133 |
| വീടുകളുടെ എണ്ണം | : | 5989 |
| വാർഡുകളുടെ എണ്ണം | : | 10 |
| പ്രധാന ജംഗ്ഷനുകൾ | : | കറുകച്ചാൽ<br>കൂത്രപ്പള്ളി<br>നെടുങ്ങാടപ്പള്ളി<br>വെട്ടിക്കാവുങ്കൽ<br>നെത്തല്ലൂർ<br>തൊമ്മച്ചേരി<br>ആശ്രമംപടി<br>കുറുപ്പൻ കവല<br>മാമ്പതി<br>ഉമ്പിടി<br>കൊച്ചുപറമ്പ്<br>ശാന്തിപുരം |

**അതിരുകൾ**

| | | | |
|---|---|---|---|
| വടക്ക് | - | പാമ്പാടി പഞ്ചായത്ത് | |
| തെക്ക് | - | ആനിക്കാട് | " |
| കിഴക്ക് | - | നെടുംകുന്നം | " |
| പടിഞ്ഞാറ് | - | മാടപ്പള്ളി | " |
| വടക്കു പടിഞ്ഞാറ് | - | മീനടം | " |
| തെക്കു പടിഞ്ഞാറ് | - | കുന്നന്താനം | " |

പഞ്ചായത്തിന്റെ പേര് കൂത്രപ്പള്ളി എന്നായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട 6 മെമ്പറന്മാരും നോമിനേറ്റ് ചെയ്യപ്പെട്ട ഒരു വനിതാ മെമ്പറും അടക്കം 7 പേരായിരുന്നു അന്ന് കമ്മറ്റിയിൽ ഉണ്ടായിരുന്നത്. കൂത്രപ്പള്ളി പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് ശ്രീ. കെ. പി. ശ്രീധരപ്പണിക്കർ. ശ്രീകൃഷ്ണവിലാസം; മാമുണ്ട ആയിരുന്നു. ആ കമ്മറ്റിയിലെ വൈസ് പ്രസിഡന്റായി ശ്രീ. പി. എ. വർക്കി പടിഞ്ഞാറെ പീലിക്കുഴി പനയമ്പാല പ്രവർത്തിച്ചു.

ആദ്യകമ്മറ്റി 1962 വരെ പ്രവർത്തിച്ചു. 1962 -ൽ നടന്ന തെരഞ്ഞെടുപ്പിൽ എട്ടു തെരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാരും നോമിനേറ്റ് ചെയ്യപ്പെട്ട ഒരു വനിതാ മെമ്പറും(ശ്രീമതി മറിയാമ്മ ജോൺ മുതിഞ്ഞാറക്കുളം)ഉണ്ടായിരുന്നു. ശ്രീ. കെ. നാരയണക്കുറുപ്പ്, ചെറുമാക്കൽ, ചമ്പക്കര പ്രസിഡന്റും, ശ്രീ. പി. ജെ ജോസഫ് പടിഞ്ഞാറെ വീട്ടിൽ കൂത്രപ്പള്ളി വൈസ് പ്രസിഡന്റുമായി കമ്മറ്റി പ്രവർത്തനമാരംഭിച്ചു. അതിനുശേഷം 1979 ആഗസ്റ്റ് മാസം വരെ പ്രവർത്തിച്ചകമ്മറ്റിയിലും വനിതാമെമ്പറടക്കം 9 മെമ്പറന്മാരും ശ്രീ. കെ നാരായണക്കുറുപ്പ് ചെറുമാക്കൽ ചമ്പക്കര പ്രസിഡന്റും, ശ്രീ. വി. ജെ. തൊമ്മി വെള്ളാപ്പള്ളിൽ ചമ്പക്കര വൈസ് പ്രസിഡന്റുമായിരുന്നു. 1979 സെപ്റ്റംബർ മാസം നടന്ന തെരഞ്ഞെടുപ്പിൽ ജോസ് ജെ. കൊണ്ടോടി കൂത്രപ്പള്ളി പ്രസിഡന്റും, ശ്രീ. കെ. ജെ. ജനാർദ്ദനൻ കാരിക്കാനിരവിൽ കൂത്രപ്പള്ളി വൈസ് പ്രസിഡന്റുമായിരുന്നു. മൂന്നു വർഷങ്ങൾക്കുശേഷം പ്രസിഡന്റ് നിര്യാതനായതിനെ തുടർന്ന് പ്രൊഫ. പി. എം. രാമക്കുറുപ്പ്, അഞ്ജലി കറുകച്ചാൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ആ കമ്മറ്റിയിലും വനിതാ മെമ്പറടക്കം 9 അംഗങ്ങളുടെ ഭരണ സമിതി അധികാരത്തിൽ വന്നു. കമ്മറ്റി 1988 വരെ (ഫെബ്രുവരി)ആയിരുന്നു. ഫെബ്രുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ രണ്ടു വനിതാമെമ്പറന്മാരടക്കം 9 മെമ്പറന്മാർ 1995-വരെ അധികാരത്തിൽ തുടർന്നു. പഞ്ചായത്തുകമ്മറ്റിയിൽ ശ്രീ. എം. ചന്ദ്രശേഖരകുറുപ്പ് അർച്ചന ചമ്പക്കര, ശ്രീ. ജോൺ ജോർജ്ജ് പുലിയളയ്ക്കൽ, നെടുങ്ങാടപ്പള്ളി, ശ്രീ. ജോസഫ് ജെ. കൊണ്ടോടിക്കൽ കൂത്രപ്പള്ളി, ശ്രീ. എസ്. പ്രഭാകരക്കുറുപ്പ് ദ്വാരക, ചമ്പക്കര, എന്നിവർ പ്രസിഡന്റുമാരായും, ശ്രീമതി. കെ. ജെ. ഏലിയാമ്മ, കൊല്ലമ്പറമ്പിൽ പനയമ്പാല, ശ്രീമതി. ആർ. സരളാമണി കൂടത്തിനാൽ, ചമ്പക്കര, ശ്രീ. വി. കെ. രാമൻകുട്ടി, വേങ്ങമല എന്നിവർ വൈസ്പ്രസിഡന്റുമാരായും പ്രവർത്തിച്ചിരുന്നു.

ഇപ്പോൾ അധികാരത്തിൽ വന്നിട്ടുളള പഞ്ചായത്തു കമ്മറ്റി പനയമ്പാല വടക്കേക്കുറ്റ് അഡ്വ. റെജി ഇട്ടിയുടെ നേതൃത്വത്തിൽ നാലു വനിതാ മെമ്പറമാരടക്കം പത്തുമെമ്പറന്മാർ 30 -9-95-ൽ സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റു. ഈ കമ്മറ്റിയുടെ വൈസ് പ്രസിഡന്റ് ശ്രീ. കെ. കെ. ചന്ദ്രശേഖരപിള്ള, കാരയ്ക്കാട്ട്, ശാന്തിപുരം, ഈ പഞ്ചായത്തിന്റെ ആദ്യകാലം മുതലുള്ള എല്ലാ പഞ്ചായത്തു കമ്മറ്റിയിലും മാമുണ്ട വാർഡിനെ പ്രതിനിധീകരിക്കുന്ന ആളാണ്. ഈ കമ്മറ്റിയിലെ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി. എൽ. ശാന്തകുമാരി, ലക്ഷ്മി നിവാസ്, ചമ്പക്കരയാണ്.

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 8.1 ച.കി.മീറ്ററാണ്. ഈ പഞ്ചായത്തിൽ കറുകച്ചാൽ വില്ലേജ് പൂർണ്ണമായും, നെടുംകുന്നം വില്ലേജിന്റെ കുറച്ചു ഭാഗങ്ങളും ഉൾപ്പെടുന്നു. ചമ്പക്കര, കൂത്രപ്പള്ളി, മാമുണ്ട, പനയമ്പാല, നെടുങ്ങാടപ്പള്ളി എന്നീ അഞ്ചു കരകൾ ഉൾപ്പെട്ടതാണ് കറുകച്ചാൽ പഞ്ചായത്ത്. ഇവിടെയുള്ള ജനങ്ങളിൽ ഭൂരിഭാഗവും കർഷകരാണ്. ഇവിടെത്തെ ജനസംഖ്യ 24,000 വരും. ഇവിടെ വിവിധ മതവിശ്വാസികളുണ്ടെങ്കിലും യാതൊരുവിധ കലഹങ്ങളുമില്ലാതെ ഏവരും എല്ലാകാര്യങ്ങളിലും സഹകരിച്ച് ഏകോദരസഹോദരങ്ങളായി കഴിയുന്നു. ഈ പ്രദേശത്തിന്റെ ഉയർച്ചയ്ക്കു കാരണം വിവിധ മത വിശ്വാസികൾ എന്നപോലെതന്നെ എല്ലാ രാഷ്ട്രീയ പാർട്ടികളും യൂണിയനുകളും പ്രവർത്തകരും അനുഭാവികളും ഉണ്ടെങ്കിലും പരസ്പര കലഹങ്ങളോ പ്രശ്നങ്ങളോ ഉണ്ടാകാറില്ല എന്നുള്ളതാകുന്നു. വളരെ പുരാതനമായ ഹിന്ദു ക്ഷേത്രങ്ങളും ക്രിസ്ത്യൻ ദേവാലയങ്ങളും ഇവിടെയുണ്ട്. അവിടുത്തെ ഉത്സവങ്ങളിൽ എല്ലാവരും പങ്കെടുക്കുന്നു.

ആദ്യകാലത്ത് ഇവിടെ നെല്ലും തെങ്ങും കുരുമുളകും മരച്ചീനിയും മറ്റു നാണ്യവിളകളും കൃഷി ചെയ്തിരുന്നു. വാഴകൃഷിക്കും മറ്റു പച്ചക്കറി കൃഷികൾക്കും കേൾവികേട്ടപ്രദേശമായിരുന്നു ഇവിടം. എന്നാൽ ഇന്ന് കർഷകർ റബ്ബർ

കൃഷിയിലാണ് കൂടുതൽ ശ്രദ്ധച്ചെലുത്തുന്നത്. അതുമൂലം ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനത്തിൽ ഗണ്യമായ കുറവു വന്നതു മൂലം അവയുടെ ലഭ്യതയ്ക്കുവേണ്ടി മറ്റു സ്ഥലങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. മഴയെ മാത്രം ആശ്രയിച്ചാണ് ഇവിടെ കൃഷികൾ നടത്തുന്നത്. ജലസേചന സൗകര്യം വളരെ കുറവാണ്.

പഞ്ചായത്തിന്റെ പ്രാരംഭകാലത്ത് ഒരു ഫുൾടൈം പ്യൂൺ മാത്രമായിരുന്നു ഉണ്ടായിരുന്നത്. അതിനുശേഷം ഒരു ക്ലർക്ക് കൂടി നിയമിതനായി, പ്രാരംഭവർഷത്തിൽ 3018 രൂപ വാർഷിക വരുമാനമുള്ള ബഡ്ജറ്റായിരുന്നു. അതിൽ 1000 രൂപ സർക്കാർ ഗ്രാന്റും 2018 രൂപ കെട്ടിട നികുതി, തൊഴിൽ നികുതി എന്നീ ഇനങ്ങളിലുള്ള വരുമാനവുമായിരുന്നു. മൂന്നാം ഗ്രേഡ് പഞ്ചായത്തായി ആരംഭിച്ച് പടിപടിയായി ഉയർന്ന് ഇന്ന് സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്കറുകച്ചാൽ. പഞ്ചായത്ത് ആരംഭിക്കുമ്പോൾ 19 മൈൽ നീളമുള്ള സഞ്ചാരയോഗ്യമല്ലാതിരുന്ന റോഡുകളാണ് ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഇന്ന് ടാർ ചെയ്തതും. മെറ്റൽ ചെയ്തതും, വീതി കൂട്ടി വെട്ടിയതുമായ 85 കിലോമീറ്റർ നീളത്തിലുള്ള യാത്രയോഗ്യമായ റോഡുകൾ ഈ പഞ്ചായത്തിന്റെ അധീനതയിലുണ്ട്. 1957-ൽ പ്രവർത്തനമാരംഭിച്ച പ്രൈമറി ഹെൽത്ത് സെന്റർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഇന്ന് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി) പഞ്ചായത്ത് പബ്ലിക് ലൈബ്രറി, സബ്ബ് ട്രഷറി, അസിസ്റ്റന്റ് എഡ്യുക്കേഷണൽ ആഫീസ്, കൃഷി ആഫീസ്, സബ്ബ് രജിസ്ട്രാർ ആഫീസ്, ഇല്ക്ട്രിക്കൽ മേജർ സെക്ഷൻ ആഫീസ്, വിവിധ സ്കൂളുകൾ, കറുകച്ചാൽ വാട്ടർ സപ്ലൈ സ്കീം ഇവയെല്ലാം പഞ്ചായത്തു കമ്മറ്റികളുടെ പരിശ്രമഫലമായി അനുവദിച്ചു കിട്ടിയതാണ്.

സബ്ബ് രജിസ്ട്രാർ ആഫീസ് അനുവദിച്ച സമയം കറുകച്ചാൽ പഞ്ചായത്തിൽ സൗകര്യപ്രദമായ കെട്ടിടങ്ങൾ ഇല്ലായിരുന്നതുമൂലം കവലയ്ക്കു സമീപം തന്നെ നെടുകുന്നം പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച് അവിടെ തന്നെ തുടരുന്നു. ലക്ഷം വീടു പദ്ധതിയിൽ കറുകച്ചാൽ പഞ്ചായത്തർത്തിയിൽ അഞ്ചു സ്ഥലങ്ങളിലായി അഞ്ചേക്കർ സ്ഥലം വാങ്ങി ഓരോസ്ഥലത്തും 20 വീടുകൾ പണിത് 100 വീടുകളുടെ താക്കോൽ ദാനം 1974-ൽ തന്നെ അന്നത്തെ ഭവനനിർമ്മാണ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. എം. എൻ. ഗോവിന്ദൻ നായർ നടത്തിയിട്ടുണ്ട്. കേരളത്തിലാദ്യമായി ലക്ഷം വീടു കോളനികളുടെ പണി പൂർത്തീകരിച്ചത് ഈ പഞ്ചായത്തിലാണ്. ഈ വീടുകളെല്ലാം സാരമായ കേടുകൾ കൂടാതെ ഇന്നും സ്ഥിതിചെയ്യുന്നു. കൂടാതെ ഭവനരഹിതരായ കർഷകത്തൊഴിലാളികളേയും, പുറമ്പോക്ക് നിവാസികളേയും അധിവസിപ്പിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് രണ്ടര ഏക്കർ സ്ഥലം വാങ്ങി ഓരോ കുടുംബത്തിനും നാല് സെന്റ് സ്ഥലം വീതം കൊടുത്തിട്ടുണ്ട്. അവിടെ കുടിലുകൾ കെട്ടി താമസിക്കുന്നവർക്കെല്ലാം വിവിധ സ്കീമുകളിൽ പ്പെടുത്തി വീടുകൾ കൊടുത്തു.

ഈ പ്രദേശത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വാട്ടർ സപ്ലൈ സ്കീമിനു വേണ്ടി ടാങ്കുകൾക്കും മറ്റുമായി മൂന്നു സ്ഥലത്തായി 45 സെന്റു സ്ഥലം പഞ്ചായത്തു വിലയ്ക്കുവാങ്ങി വാട്ടർ അതോറിട്ടിയെ ഏൽപ്പിച്ചു. പണികൾ പുരോഗമിച്ചു വരുന്നു.

1955 ആഗസ്റ്റ് 15 ാം തീയതി കൂത്രപ്പള്ളി പഞ്ചായത്ത് എന്നത് കറുകച്ചാൽ എന്നു പുനർനാമകരണം ചെയ്തു. എന്നാൽ വളരെക്കാലം പഞ്ചായത്ത് പ്രവർത്തനം നടത്തിയത് വാടക കെട്ടിടങ്ങളിലായിരുന്നു.

ചമ്പക്കര കിഴക്കേട്ട് ശ്രീ. ശങ്കരൻകുട്ടി നായർ പഞ്ചായത്തിന് 15 സെന്റു സ്ഥലം സൗജന്യമായികൊടുക്കുയും അവിടെ പഞ്ചായത്താഫീസിന് സ്വന്തമായി ഒരു കെട്ടിടം പണിയുകയും ചെയ്തു. സബ് ട്രഷറി, കൃഷിഭവൻ. എഡ്യൂക്കേഷൻ ഓഫീസ് എന്നിവയും പഞ്ചായത്തിന്റെ സ്വന്തമായ സ്ഥലത്ത് പ്രവർത്തിക്കുന്നു. ഇതു കൂടാതെ കറുകച്ചാൽ ടൗണിൽ ബസ്സ്റ്റാന്റ്, ഷോപ്പിംഗ് കോപ്ലക്സ്, കംഫർട്ട്സ്റ്റേഷൻ എന്നിവയും ഉൾക്കൊള്ളുന്ന 2.25 ഏക്കർ സ്ഥലം പഞ്ചായത്തിനുണ്ട്.

സെറ്റിൽമെന്റുകോളനികൾക്കും ലക്ഷം വീടുകോളനികൾക്കും മറ്റു ഡിപ്പാർട്ടുമെന്റുകൾക്കുമായി കൈമാറിയിട്ടുള്ള സ്ഥലങ്ങൾ വേറെയും. ബസ്സ്റ്റാന്റിൽ ബങ്കുകൾ സ്ഥാപിച്ച് വാടകയ്ക്കു കൊടുത്താൽ പഞ്ചായത്തിന് നല്ലൊരു വരുമാന വർദ്ധനവാകും.

വികസന പ്രവർത്തനങ്ങളിലൂടെ മുന്നേ

റുന്ന കറുകച്ചാൽ ഗ്രാമ പഞ്ചായത്തിൽ ഇനിയും ധാരാളം കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. കറുകച്ചാൽ കവലയ്ക്കു കിഴക്കുവശം മല്ലപ്പള്ളി റോഡിൽ വെട്ടിക്കാവുങ്കൽ മുതൽ കോട്ടയം റോഡിൽ കിഴക്കേപറമ്പിൽ ബിൽഡിംഗ്സിന് മുൻവശം വരെയുള്ള പതിനേഴര ഏക്കർ സ്ഥലം നെടുംകുന്നും പഞ്ചായത്തിൽ നിന്ന് വിട്ടുകിട്ടി യിട്ടുണ്ടെങ്കിലും കറുകച്ചാൽ കവലയുടെ നല്ലൊരു ഭാഗം ഇന്നും നെടുകുന്നം പഞ്ചായത്തിന്റെ അധീനത്തിലാണ്. ഇത് കറുകച്ചാലിവന്റെ വിക സന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.

കറുകച്ചാൽ കവലയോടുചേർന്നുള്ളതും ഇപ്പോൾ നെടുങ്കുന്നം പഞ്ചായത്തിന്റെ അധീന തയിലുള്ളതുമായ 75 ഏക്കർ സ്ഥലം കറുക ച്ചാൽ പഞ്ചായത്തിന് വിട്ടുകിട്ടുന്നതിന് അപേ ക്ഷകൾ പല തവണബഹുമാനപ്പെട്ട കേരള ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതാണ് ഈവിഷ യത്തിൽ അടിയന്തിരമായി ഒരു നടപടിയുണ്ടാ കേണ്ടത് കറുകച്ചാലിന്റെ ഭാവിയ്ക്കാവശ്യമാണ്. കൂടാതെ കറുകച്ചാൽ പഞ്ചായത്ത് നിവാസിക ളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് മല്ലപ്പള്ളി ആറ്റിൽ നിന്ന് വെള്ളം ശേഖരിച്ചുള്ള മേജർ വാട്ടർ സപ്ലൈസ്കീം പ്രവർത്തനയോഗ്യ മാക്കേണ്ടതുണ്ട്.

അറ്റക്കുറ്റപണികൾ തീർക്കേണ്ടതായ ധാരാ ളം റോഡുകൾപഞ്ചായത്തിൽ ഉണ്ട്. ഇതിന് പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി അനുവ ദിക്കുന്നില്ല. ഇനിയും പലറോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്. പല വാർഡിലും പാലങ്ങളും കലുങ്കുകളും നിർമ്മി ക്കേണ്ടിയിരിക്കുന്നു. അനുദിനം വ്യാപരസ്ഥാ പനങ്ങൾ വർദ്ധിച്ചുവരുകയും യാത്രക്കാർ കൂടു കയും ചെയ്യുന്ന കറുകച്ചാൽ കവലയുടെ ശുചീ കരണം നടത്തുന്നതിന് പഞ്ചായത്തിൽ സ്വന്ത മായി ഒരു വാഹനം ഉണ്ടാകേണ്ടിയിരിക്കുന്നു. എല്ലാ വികസനപ്രവർത്തനങ്ങൾക്കും സാമ്പത്തികം അനിവാര്യമാണ്.

മൂന്നാം ഗ്രേഡിൽ നിന്നും ആരംഭിച്ച് സ്പെഷ്യൽ ഗ്രേഡിൽ എത്തി നിൽക്കുന്നതും, സബ് ട്രഷറി, സ്റ്റേറ്റ് ബാങ്ക്. K. S. F. E.ശാഖ, കൃഷി ഓഫീസ്, പോസ്റ്റ് ഓഫീസ്, പോലീസ് സ്റ്റേഷൻ ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, ടെലി ഫോൺ എക്സ്ചേഞ്ച്തുടങ്ങിയ എല്ലാവിധ കേന്ദ്ര, സംസ്ഥാന ഓഫീസുകളും, എസ്. ബി. ടി, കാത്തലിക് സിറിയൻ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, സർവ്വീസ് സഹകരണ ബാങ്ക് ചമ്പക്കര തുടങ്ങിയ വിവിധങ്ങളായ ധനകാര്യ സ്ഥാപനങ്ങളുമുള്ള കറുകച്ചാൽ ഒരു താലൂക്ക് ആവുക എന്നത് ഇവിടുത്തെ ജനങ്ങളുടെ ഒരു ആവശ്യമാണ്.

3

# കറുകച്ചാലിന്റെ ചരിത്രം



കറുകച്ചാൽ ടൗൺ

നമ്മുടെ ഗ്രാമത്തിന്റെ ഗതകാല സ്മരണകൾ ഓർമ്മയിൽ സൂക്ഷിക്കാൻ ചുരുങ്ങിയ നാളുകളിലെ അന്വേഷണത്തിൽ നിന്നും മനസ്സിലായ ചിലകാര്യങ്ങൾ

A. D. 10-ാം നൂറ്റാണ്ടു വരെ കേരളം തമിഴകത്തിന്റെ ഭാഗമായിരുന്നു. കൊടും തമിഴായിരുന്നുഭാഷ. ഗണാധിപത്യം രാജവാഴ്ച ആരംഭിക്കുന്നതിനു മുൻപ് ഇവിടെ ഭരണം നടത്തുന്നതിന് ഓരോ ഗോത്രത്തിനും ഓരോ മൺറം ഉണ്ടായിരുന്നു. സംഘകാലകൃതികൾ പരിശോധിച്ചാൽ രണ്ടാം ചേര രാജ്യം നാശോന്മുഖമായതോടുകൂടി നാടുവാഴികൾ പ്രബലരായി എന്നു മനസ്സിലാക്കാം. തുടർന്ന് ചെറിയ നാട്ടുരാജ്യങ്ങൾ രൂപം കൊണ്ടു. പുതുപ്പള്ളിക്കു സമീപമുള്ള വെന്നിമല തെക്കുംകൂർ രാജാക്കന്മാരുടെ ആദ്യകാല രാജധാനിയായിരുന്നു എന്ന് A. D. 14-ാം ശതകത്തിൽ രചിക്കപ്പെട്ട ഉണ്ണിനീലി സന്ദേശത്തിൽ പരാമർശിക്കുന്നുണ്ട്. നമ്മുടെ പ്രദേശത്ത് പല കുടുംബങ്ങളും വെന്നിമല ജന്മമായി കരുതിപ്പോരുന്നു. പ്രത്യേകിച്ച് പുരാതന പുലയ കുടുംബങ്ങൾ.

പതിനാലാം ശതകത്തിനും മുൻപു തന്നെ ഈ പ്രദേശത്ത് ജനവാസം ആരംഭിച്ചിരുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നുണ്ട്. A. D. 1749-ൽ തെക്കുംകൂർ, മാർത്താണ്ഡവർമ്മ കൈവശപ്പെടുത്തി തിരുവിതാംകൂറിനോട്

ചേർത്തു. അങ്ങനെ നമ്മുടെ പഞ്ചായത്ത് തിരുവിതാംകൂറിന്റെ ഭാഗം ആയി. 1949-ൽ നടന്ന തിരുവിതാംകൂർ കൊച്ചി സംയോജനത്തെതുടർന്ന് 1956 ഒക്ടോബർ 31-വരെ തിരുകൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു ഈ ഗ്രാമം.

18-ാം നൂറ്റാണ്ടിന്റെ മദ്ധ്യം വരെ തെക്കുംകൂർ രാജവംശത്തിന്റെ ഭരണത്തിൻ കീഴിൽ ആയിരുന്നു കറുകച്ചാൽ. തെക്കുംകൂറിന്റെ ആധിപത്യം കറുകച്ചാൽ എന്ന സ്ഥലനാമം ഉരുത്തിരിഞ്ഞതുമായി ബന്ധപ്പെട്ടിരിക്കുന്നു. 18-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും ഈ പ്രദേശം ഇടപ്പള്ളി തമ്പുരാക്കന്മാരുടെ കൈവശമായിരുന്നു. ഈ പ്രദേശം നോക്കിനടത്തിയിരുന്നത് അഗസ്ഥാനത്തുകുറുപ്പെന്ന മന്ത്രിയായിരുന്നു. കറുകച്ചാലിന്റെ ബസ്സ്റ്റാൻഡ് നിർമ്മിച്ചിരിക്കുന്ന ഭാഗത്ത് പണ്ട് വലിയ ചാലായിരുന്നു. തെക്കുംകൂർ രാജാക്കന്മാരുടെ പടയോട്ട കാലത്ത് യുദ്ധം കഴിഞ്ഞ് പടയാളികൾ ഈ ചാലിൽ വാളുകൾ കഴുകി എന്നും അതിനു ശേഷം ഇതിനെ വാളുകഴുകിച്ചാൽ എന്നും വിളിക്കപ്പെട്ടിരുന്നു. കുറെകഴിഞ്ഞ് ഇവിടം കഴുകിച്ചാൽ എന്നു പറഞ്ഞുപോന്നു. അങ്ങ നെയാണ് ഇവിടം കറുകച്ചാൽ എന്നു മാറിയതെന്നും കരുതുന്നു.

ഈ സ്ഥലനാമത്തെക്കുറിച്ച് മറ്റൊരു ഐതീഹ്യം ബസ്സ്റ്റാൻഡിന്റെ ഭാഗത്ത് ഉണ്ടായിരുന്ന ചാല് നിറയെ കറുകയായിരുന്നു എന്നും അതുകൊണ്ടാണ് ഈ പ്രദേശത്തിന് കറുകച്ചാൽ എന്നു പേരുവന്നതെന്നും പറയുന്നു.

ഒരു കാലത്ത് ചമ്പക്കരയെന്ന പ്രദേശം സമ്പൽക്കരയായിരുന്നു-പ്രത്യേകിച്ചും ഇടപ്പള്ളി തമ്പുരാക്കന്മാർ ഈ നാടിന്റെ അധിപന്മാർ ആയിരുന്നപ്പോൾ.

കുട്ടനാട്ടിലെ മാടമ്പിമാരുടെ കിങ്കരന്മാരായിരുന്ന 'മീന പറയർ' എന്നുപറയപ്പെ ടുന്നുവർ വിളവെടുപ്പുകഴിയുമ്പോൾ കിഴക്കൻ നാടുകിലേക്ക് കൊള്ളയ്ക്കു പോകാറുണ്ടായിരുന്നു. മീന മാസത്തിലായിരുന്നു കൊള്ളനടത്തുക. അതുകൊണ്ടാണ് ഇവരെ 'മീന പറയർ' എന്നു പറയുന്നത്. ഇവർ ചമ്പക്കര എരുമത്താനത്തു ഭാഗത്ത് ഒരു തറവാട്ടിൽ വന്നു തങ്ങി യെന്നും, അവിടുത്തെ ഗൃഹനാഥൻ വലിയ കളരി അഭ്യാസിയായിരുന്നതുകൊണ്ട് ഒന്നു രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഇവർ കൊള്ളക്കാരാണെന്ന് മനസ്സിലാക്കുകയും ഇവരെ അത്താഴ സദ്യയ്ക്കു ക്ഷണിച്ചു അത്താഴം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഉറുമി വീശി എല്ലാവരെയും കൊന്നുവെന്നും അവരുടെ കൊള്ള മുതലകൾ എരുമത്താനത്തെ കുളത്തിന്റെ നടുവിലെ കിണറ്റിൽ ഇട്ടുവെന്നും പറയുന്നു. ഈ പ്രദേശത്തെ ആദ്യത്തെ കളരി അഭ്യാസി ആയിരുന്നു ഇദ്ദേഹം. കാക്കൊള്ളിൽ എന്നായിരുന്നു വീട്ടുപേര്. അതുകൊണ്ട് ഇദ്ദേഹത്തെ കാക്കൊള്ളി ആശാനെന്നാണ് അറിയപ്പെട്ടിരുന്നത്.

മാർത്താണ്ഡവർമ്മ എട്ടുവീട്ടിൽ പിള്ളമാരെ പിടിച്ചത് ചമ്പക്കരത്തോട്ടുപുറത്തെ വീട്ടിൽ വെച്ചായിരുന്നു. തോട്ടുപുറത്തെ വീട്ടിൽ ഇവർ ഒളിച്ചു താമസിച്ചു വരവേയാണ് മാർത്താണ്ഡവർമ്മ ഇവരെ പിടിച്ചത്. പിന്നീട് ഇവരെ വാകത്താനത്തെ ഞാലിയാർകുഴി(ഞാലിയാകുഴിയിൽ വച്ച്) (അന്ന്കുറ്റവാളികളെ വധിക്കുന്ന സ്ഥലം)വച്ച് വധിക്കുകയും ചങ്ങനാശ്ശേരിയിലെ പുഴവാതുള്ള വേട്ടടി എന്ന സ്ഥലത്ത് സംസ്കരിക്കുകയും ചെയ്തു.

നൂറ്റാണ്ടുകൾക്കു മുൻപ് കൂത്രപ്പള്ളി കൂതറപ്പള്ളി ആയിരുന്നു. ഈ നാടിന്റെ തലവൻ കുറിയമാനവൻ എന്ന് പഴം പാട്ടുകളിൽ പറയുന്ന പുലയനേതാവ് ആയിരുന്നു. കാലത്തിന്റെ പരിണാമ ദിശയിൽ ഈ പ്രദേശത്ത് ഒരു ബ്രാഹ്മണ കുടുംബം കുടിയേറി എന്നും അതുമായി ബന്ധപ്പെട്ട് സ്ഥലനാമം അന്ന് കൂത്ത് തറപിള്ളി ആയി മാറി എന്നും പറയുന്നു. കഥ എന്തുതന്നെ ആയിരുന്നാലും ആ ബ്രാഹ്മണകുടുംബം ക്ഷയിച്ചുപോയി. എന്നാൽ കുറിയമാനവന്റെ പിൻ തലമുറക്കാർ കൂത്രപ്പള്ളിക്ക് അടുത്ത തൊങ്ങോലി ഭാഗത്ത് കരിമ്പിൽഊര് താമസം ആക്കി എന്നും പഴമക്കാർ പറയുന്നു.

ചിറക്കൽ കവലയോട് ചേർന്ന കുളം ഇപ്പോൾ പഞ്ചായത്താഫീസിനോട് അടുത്തുള്ള സ്ഥലത്ത് ഉണ്ടായിരുന്ന ശിവക്ഷേത്രത്തിന്റേതാണത്രേ.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ത്തന്നെ കറുകച്ചാൽ പ്രദേശം കുന്നപ്പള്ളി കുടുംബം വകയായി. കുന്നപ്പള്ളി തറവാട്ടുകാരാണ് ഈ ഗ്രാമത്തിലെ ജന്മികൾ. കാല പ്രവാഹത്തിൽ ഈ തറവാട് താവഴികളായിപ്പിരി

ഞ്ഞു. അതിൽ പ്രശസ്തിയാർജ്ജിച്ച കുടുംബമായിരുന്നു നടമേൽ. കറുകച്ചാലിന്റെ വളർച്ചയ്ക്ക് വളരെയേറെ സംഭാവനകൾ ചെയ്ത കുടുംബങ്ങളാണിത്.

കറുകച്ചാൽ ടൗണിന്റെ ഹൃദയഭാഗത്ത് ചങ്ങനാശ്ശേരി റൂട്ടിൽ വലിയ ഒരു പ്ലാവുണ്ടായിരുന്നു, നാടിന്റെ പ്രധാനകാര്യങ്ങൾ ആലോചിച്ചിരുന്നത് ഈ പ്ലാവിന്റെ ചുവട്ടിൽ വെച്ചായിരുന്നു. കവലയിൽ കുന്നപ്പള്ളി വക, വഴിയമ്പലവും, രണ്ടു ചുമടുതാങ്ങികളും ഉണ്ടായിരുന്നു.

ചമ്പക്കര ആശ്രമം പടി ഭാഗത്ത് ഒരു വഴിയമ്പലവും അതിനോടനുബന്ധിച്ച് സംഭാരവിതരണവും നടന്നിരുന്നു. ചമ്പക്കര ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് ക്രിസ്ത്യാനികൾ ചമ്പക്കരയിൽ വന്നതെന്നു കരുതപ്പെടുന്നു. ചമ്പക്കര ക്ഷേത്രത്തിൽ എണ്ണ ഉപയോഗിക്കണമെങ്കിൽ ഒരു നസ്രാണി എണ്ണയിൽ തൊടണമായിരുന്നുവത്രേ. എങ്കിലേ എണ്ണ ശുദ്ധമാകൂ എന്നായിരുന്നു വിശ്വസം. എന്നാൽ പിൽക്കാലത്ത് പ്രബലരായി ത്തീർന്നത് പാലാക്കുന്നേൽ കുടുംബമായിരുന്നു.

ഇവിടെ ആദ്യം കച്ചവടവുമായി വന്നത് അരൂക്കുറ്റിയിൽ നിന്നും അഹമ്മുണ്ണി എന്ന മുസ്ലീം ആയിരുന്നു. അതിനുശേഷം അദ്ദേഹത്തിന്റെ മകനായ ഹൈദ്രോസ് എന്ന ആളാണ് ആദ്യം ഇവിടെ ഒരു പീടിക തുടങ്ങുന്നത്.

# പൊതുസ്ഥാപനങ്ങൾ

**പോലീസ് സ്റ്റേഷൻ**

കറുകച്ചാലിൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ, ഒരു ഇൻചാർജ്ജും രണ്ടു പോലീസുകാരും ഉൾപ്പെട്ട പോലീസ് സ്റ്റേഷൻ (ഔട്ട് പോസ്റ്റ്) കറുകച്ചാൽ പുത്തൻപുരയിൽ ദേവസ്യായുടെ ഒരു മുറിയിൽ ആരംഭിച്ചു. പിന്നീട് ഇന്നു നിലവിലുള്ള പോലീസ് സ്റ്റേഷനും പോലീസുകാർക്കു താമസിക്കുന്നതിനുവേണ്ടി മൂന്നു ലൈൻ കെട്ടിടങ്ങളും പണിയുന്നതിനു വേണ്ട സ്ഥലം നൽകിയത് നടമേൽ ഇരവിക്കുറുപ്പാണ്. അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടാണ് സ്റ്റേഷനും താമസ സ്ഥലത്തിനുമുള്ള കെട്ടിടങ്ങളും പണിതീർത്തത്. പോലീസ് സ്റ്റേഷന്റെ അതിർത്തി വളരെ വിപുലമായിരുന്നു. വാകത്താനം, പുതുപ്പള്ളി, വാഴൂർ, പൊൻകുന്നം, മണിമല, കീഴ്വായ്പൂർ തുടങ്ങിയ സ്ഥലങ്ങൾ ഈ സ്റ്റേഷന്റെ അധികാരപരിധിയിൽപ്പെട്ടിരുന്നു-



ശബരിമലവരെ ഈ സ്റ്റേഷന്റെ അതിർത്തിയിലായിരുന്നു. ഇവിടെ അക്കാമ്മചെറിയാൻ, ശ്രീ. ശ്രീകണ്ഠൻ നായർ തുടങ്ങിയ ദേശാഭിമാനികൾ ആഴ്ചകളോളം ലോക്കപ്പിൽ കിടന്നിട്ടുണ്ട്.

### അഞ്ചൽ ഓഫീസ്

ഇന്നത്തെ പോസ്റ്റാഫീസിനുപകരം അഞ്ചലാഫീസായിരുന്നു തിരുവിതാംകൂറിന്റെ മിക്കഭാഗങ്ങളിലും പ്രവർത്തിച്ചിരുന്നത്. അക്കാലത്ത് ചങ്ങനാശ്ശേരിയിൽ നിന്നും തപാൽ ഉരുപ്പടികൾ അഞ്ചലോട്ടക്കാരൻ എന്നപേരിൽ അറിയപ്പെട്ടിരുന്ന ആൾവശം ഇങ്ങോട്ടു കൊടുത്തയക്കുമായിരുന്നു. ഒരു ചെറിയ മണി കിലുക്കിക്കൊണ്ടാണ് അദ്ദേഹം ചങ്ങനാശ്ശേരിയിൽ നിന്നും ഓടിയെത്തിയിരുന്നത്. കറുകച്ചാലിൽ നിന്ന് ഒരാൾ ഇതുപോലെ മണിമലയ്ക്കും പോയിരുന്നു. അവസാനത്തെ അഞ്ചൽ മാസ്റ്റർ നെടുങ്ങാടപ്പള്ളി സ്വദേശി ഉമ്മച്ചനും അഞ്ചൽ ശിപായി ഉമ്പിടി നാരായണപിള്ളയും ആയിരുന്നു.

### പ്രവർത്തിക്കച്ചേരി (വില്ലേജ് ആഫീസ്)

പോലീസ് സ്റ്റേഷൻ സ്ഥാപിച്ചതിനു തൊട്ടുപിന്നാലെ പ്രവർത്തിക്കച്ചേരിയും കറുകച്ചാലിൽ പ്രവർത്തനമാരംഭിച്ചു. അന്നത്തെ പ്രവർത്തിക്കച്ചേരിയുടെ കീഴിൽ നെടുകുന്നും വില്ലേജും കറുകച്ചാൽ വില്ലേജും ഉൾപ്പെട്ടിരുന്നു. പ്രവർത്തിയാർ (വില്ലേജാഫീസർ) ക്ക് വളരെ വിപുലമായ അധികാരങ്ങൾ ഉണ്ടായിരുന്നു. ജനാധിപത്യ ഭരണം വന്നതോടുകൂടി പ്രവർത്തിക്കച്ചേരികൾക്കുപകരം വില്ലേജ് ആഫീസുകൾ നിലവിൽവന്നു.

വില്ലേജ് ആഫീസ് കുറെക്കാലം കറുകച്ചാലിൽത്തന്നെ പ്രവർത്തിച്ചു. ഇന്ന് അത് കൂത്രപ്പള്ളിയിൽ ഡോ. ജോൺ ജോസഫ് പാലാക്കുന്നേൽ സംഭാവനയായി നൽകിയ സ്ഥലത്തുപണിയിച്ച സ്വന്തമായകെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

### പബ്ലിക്ക് മാർക്കറ്റ്

1935 –ന് മുൻപ് കറുകച്ചാലിലും പരിസരത്തുമുള്ള കർഷകർ, കാർഷിക വിഭവങ്ങൾ കോട്ടയത്തോ, ചങ്ങനാശ്ശേരിയിലോ കൊണ്ടുപോയി വില്ക്കുകയായിരുന്നു പതിവ്. ഈ ദുരിതം ഒഴിവാക്കുന്നതിന് കറുകച്ചാലിൽ ഒരു ചന്ത ആവശ്യമാണെന്നുതോന്നിയ കൊടിഞ്ഞാംകുന്നേൽ കേശവപിള്ള, പുത്തൻപുരയ്ക്കൽ പി. ഡി. സെബാസ്റ്റ്യൻ തുടങ്ങിയവർ ചേർന്ന് പേഷ്ക്കാരെ കണ്ട് ഒരു നിവേദനം നല്കി. തത്ഫലമായി കറുകച്ചാലിലൊരു ചന്ത അനുവദിച്ചു. മേൽപറഞ്ഞ വ്യക്തികൾത്തന്നെ അതിനായി അൻപതുസെന്റു സ്ഥലം ദാനമായി നൽകി.

പിന്നീട് പല സർക്കാർ സ്ഥാപനങ്ങളും പലരുടെയും ശ്രമഫലമായി കറുകച്ചാലിൽ പ്രവർത്തനമാരംഭിച്ചു. ഇന്നു താഴെ പറയുന്ന കേന്ദ്ര–കേരള സർക്കാർ സ്ഥാപനങ്ങൾ കറുകച്ചാലിൽ പ്രവർത്തിക്കുന്നുണ്ട്.

1. അസിസ്റ്റന്റ് എഡ്യൂക്കേഷൻ ആഫീസ്
2. സബ് രജിസ്ട്രാർ ആഫീസ്
3. ഇലക്ട്രിക്കൽ സബ് ഡിവിഷൻ ആഫീസ്
4. സബ് ട്രഷറി
5. കൃഷിഭവൻ
6. പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എൻജിനീയർ ആഫീസ്
7. പോസ്റ്റ് ആഫീസ്
8. ടെലഫോൺ എക്സ്ചേഞ്ച്
9. ടെലഫോൺ അസിസ്റ്റന്റ് എൻജിനീയർ ആഫീസ്
10. ടെലികോം സെന്റർ
11. റബ്ബർ ബോർഡ് ഫീൽഡ് ആഫീസ്
12. കമ്യൂണിറ്റി ഹെൽത്ത് സെന്റർ
13. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (KSFE)

### ആയുർവ്വേദ വൈദ്യശാലകൾ

കറുകച്ചാലിലും ചുറ്റുമുള്ള പ്രദേശങ്ങളിലും 1920–1930 കാലഘട്ടങ്ങളിൽ വീടുകളിൽ പോയി ചികിത്സിക്കുന്ന പല നാട്ടുവൈദ്യന്മാരും ഉണ്ടായിരുന്നു. ഇവരിൽ പ്രമുഖരായ പാരമ്പര്യ

വൈദ്യന്മാർ നെത്തല്ലൂർ കൃഷ്ണഗണകൻ, ചമ്പക്കര കൊച്ചുകൃഷ്ണ ഗണകൻ, നെടുംകുന്നം ഐക്കര തൊണ്ടിവൈദ്യൻ തുടങ്ങിയവരായിരുന്നു. ഇക്കാലത്ത് നടമേൽ ഇരവിക്കുറുപ്പിന്റെ ക്ഷണപ്രകാരം പായിപ്പാട്ടുകാരനായ ശങ്കരപ്പിള്ള വൈദ്യൻ കറുകച്ചാലിലെത്തി സൊസൈറ്റിപ്പടിക്കൽ ഒരു വൈദ്യശാല ആരംഭിച്ചു. വൈദ്യശാല നടത്തുന്നതിനും അദ്ദേഹത്തിനു താമസിക്കുന്നതിനുമായി ഒരു കെട്ടിടം പണിയിച്ചു കൊടുത്തതും ശ്രീ. ഇരവിക്കുറുപ്പാണ്. ഏതാണ്ട് 25 വർഷക്കാലം ശങ്കരപ്പിള്ള വൈദ്യൻ സേവനമനുഷ്ഠിച്ചു. പിന്നീട് അതേ കെട്ടിടത്തിൽ കങ്ങഴ സ്വദേശിയായ ശിവരാമപിള്ള വൈദ്യൻ ആയുർവ്വേദ ചികിത്സ തുടർന്നു. 1950 നോടടുത്ത് കറുകച്ചാലിൽ പല വൈദ്യന്മാരും ചികിത്സാ കേന്ദ്രങ്ങൾ ആരംഭിച്ചു. അവരിൽ പ്രമുഖരാണ് ചമ്പക്കര സ്വദേശി കൊച്ചുകൃഷ്ണൻ എന്നറിയപ്പെടുന്ന കൃഷ്ണൻ വൈദ്യൻ. അദ്ദേഹത്തിന്റെ ഭാര്യാ സഹോദരൻ, ഈ അടുത്ത കാലത്ത് നിര്യാതനായ വി.ജി. കൃഷ്ണൻ വൈദ്യൻ സ്വന്തം സമുദായ സംഘടനയുടെ അദ്ധ്യക്ഷനായും കറുകച്ചാൽ വ്യാപാരി വ്യവസായി ഏകോപനസമിതിയുടെ അദ്ധ്യക്ഷനായും പ്രവർത്തിച്ചിരുന്നു. ഏതാണ്ട് 40 വർഷങ്ങളോളം കറുകച്ചാലിൽ ആയുർവ്വേദ ചികിത്സ നടത്തി എല്ലാവിഭാഗം ജനങ്ങളുടേയും അംഗീകാരം അദ്ദേഹം നേടിയിരുന്നു.

## അലോപ്പതി ആശുപത്രികൾ

കറുകച്ചാൽ സ്വദേശികൾക്ക് അലോപ്പതി ചികിത്സ ലഭ്യമല്ലാതിരുന്ന കാലത്താണ് ഡോ. കെ. എം. ചെറിയാൻ കങ്ങഴ വാലോലിക്കൽക്കാരുടെ കെട്ടിടത്തിൽ ചെറിയ തോതിൽ ഒരു ഡിസ്പെൻസറി ആരംഭിക്കുന്നത്. കറുകച്ചാലിലെ പൊതുകാര്യങ്ങളിലും അദ്ദേഹം താത്പര്യം പ്രകടിപ്പിച്ചിരുന്നു. 1970–ൽ അദ്ദേഹം നിര്യാതനായി എങ്കിലും ഭാര്യ ഡോ. തങ്കമ്മയും, ഡോക്ടർമാരായ അവരുടെ മക്കളും ചേർന്ന് ആശുപത്രി നല്ല നിലയിൽ നടത്തിവരുന്നു.

## സർക്കാർ ആശുപത്രി

ഇന്ന് കമ്യൂണിറ്റി ഹെൽത്തുസെന്റർ ആയി ത്തീർന്നിരിക്കുന്ന സർക്കാർ ആശുപത്രിക്കുപിന്നിൽ ഒരു ചരിത്രമുണ്ട്. 1914–ൽ നല്ലമുട്ടം പത്മനാഭപിള്ള ഇൻസ്പെക്ടറായിരുന്ന അവസരത്തിൽ രാജാവിന്റെ തിരുനാളാഘോഷം കറുകച്ചാലിൽ ഗംഭീരമായി നടന്നു. ഗണ്യമായ തോതിൽ പണപിരിവും നടത്തിയിരുന്നു. ആഘോഷങ്ങൾക്കുശേഷം മിച്ചം വന്ന തുക ഒരു പൊതുകാര്യത്തിന് വിനിയോഗിക്കണം എന്ന് നല്ലമുട്ടത്തിന് അഭിപ്രായമുണ്ടായിരുന്നു. അങ്ങനെ ഇന്ന് ആശുപത്രി ഇരിക്കുന്ന അറുപതുസെന്റു സ്ഥലം വിലയ്ക്കുവാങ്ങി. ചാലിൽ ജോൺ മാത്യു സംഭാവനയായി നൽകിയ കുറെ സ്ഥലം കൂടി അതിനോടുകൂട്ടിച്ചേർത്തു. പിന്നീട് വർഷങ്ങൾക്കുശേഷം മക്കൊളളിൽ വി. രാമൻകുട്ടി കൺവീനറായി മേൽപറഞ്ഞ സ്ഥലത്ത് ഒരു സർക്കാർ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് കമ്മറ്റി രൂപീകരിച്ചു. അദ്ധ്വാനശീലരായ ചെറുപ്പക്കാരുടേയും സർക്കാരിന്റേയും സഹായസഹകരണങ്ങൾ കൊണ്ട് ഒരു പബ്ലിക് ഹെൽത്തുസെന്റർ കറുകച്ചാലിൽ ആരംഭിച്ചു. ഇപ്പോൾ അത് അല്പം കൂടി പുരോഗമിച്ച് കമ്മ്യൂണിറ്റി ഹെൽത്തു സെന്റർ ആയിട്ടുണ്ട്. കറുകച്ചാൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 24 ബെഡ്ഡോടുകൂടിയ പുതിയ ബ്ലോക്കും പണികഴിപ്പിച്ചിട്ടുണ്ട്. വേനൽക്കാലത്ത് ജലദൗർലഭ്യം ഈ ആശുപത്രിക്ക് ഒരു തീരാശാപമാണ്.

## മറ്റ് സ്വകാര്യ ആശുപത്രികൾ

കുറെ വർഷങ്ങളായി ഡോ. വിദ്യാധരന്റെ നേതൃത്വത്തിൽ മേഴ്സി നേഴ്സിംഗ് ഹോം എന്ന ആശുപത്രി കറുകച്ചാലിൽ പ്രവർത്തിക്കുന്നുണ്ട്. ആധുനിക സജ്ജീകരണങ്ങളും വിദഗ്ധ ഡോക്ടർമാരുടെ സേവനവും ഈ ആതുരാലയത്തിനുണ്ട്. കൂടാതെ എൻ. എസ്. എസ്. മെഡിക്കൽ മിഷൻ ആശുപ്രതിയും വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

1950–നു മുമ്പുതന്നെ കറുകച്ചാലിൽ ദന്താശുപത്രി പ്രവർത്തിച്ചിരുന്നു. പിന്നീട് പാലാക്കുന്നേൽ വർക്കി മാത്യു എന്ന ആളിന്റെ മേൽനോട്ടത്തിൽ ചാക്കോ എന്ന ആൾ ഏറ്റെടുത്തു നടത്തി. ഇന്ന് മൂന്നു ദന്താശുപത്രികൾ വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

# സാംസ്ക്കാരിക സ്ഥാപനങ്ങൾ

### പബ്ലിക് ലൈബ്രറി

കറുകച്ചാലിലെ ആദ്യത്തെ സാംസ്കാരിക സ്ഥാപനം പീപ്പിൾസ് ലൈബ്രറി എന്ന പേരിൽ 1942-ൽ സ്ഥാപിതമായി. മലയാളഭാഷാ പണ്ഡിതനും, അദ്ധ്യാപകനും, പ്രസിദ്ധ വാഗ്മിയും ആയ ചെമ്മായ്ക്കുന്നേൽ സി.വി. കൃഷ്ണപിള്ളയുടെ പ്രേരണയിൽ, പാതയിൽ പുത്തൻപുരയ്ക്കൽ ജോസഫ് സെബാസ്റ്റ്യൻ (കൊച്ചുകുട്ടി സാർ) കൊടിഞ്ഞാംകുന്നേൽ ശ്രീ. കേശവൻപിള്ളയും ഒത്തു പല ക്ലേശങ്ങളും സഹിച്ചാണ് വായനശാലയുടെ പ്രവർത്തനം മുന്നോട്ടു നീങ്ങിയത്. സ്വന്തമായ ഒരു കെട്ടിടം ഇല്ലാതിരുന്നതുകൊണ്ട് കറുകച്ചാലിൽത്തന്നെ പലപല കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കേണ്ടതായി വന്നു. കാലക്രമേണ പഞ്ചായത്ത് വായനശാലയുടെ പ്രവർത്തനം ഏറ്റെടുക്കുകയും ചെയ്തു. ഇന്ന് നല്ല നിലയിൽ ഈ സ്ഥാപനം പഞ്ചായത്തിന്റെ സ്വന്തമായ കെട്ടിടത്തിൽ കറുകച്ചാലിൽത്തന്നെ പ്രവർത്തിക്കുന്നു. ഈ അടുത്ത കാലത്ത് വായനശാലയുടെ 50-ാം വാർഷികം വളരെ വിപുലമായി ആഘോഷിക്കുകയുണ്ടായി.

കറുകച്ചാലിലും പരിസരപ്രദേശങ്ങളിലും പലകാലത്തായി നിരവധി കായിക സാംസ്കാരിക സംഘടനകൾ ഉദയം ചെയ്യുകയും താമസം വിനാ പ്രവർത്തനം മന്ദീഭവിച്ച് ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്.

### കറുകച്ചാൽ ഫൈൻ ആർട്സ് സൊസൈറ്റി

ഒരു കലാസാംസ്കാരിക സംഘടന പത്തു വർഷക്കാലമായി കറുകച്ചാൽ ഫൈൻ ആർട്സ് സൊസൈറ്റി എന്ന പേരിൽ പ്രവർത്തിച്ചു വരുന്നു. 1985 അവസാനം കറുകച്ചാലിലെ കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ താത്പര്യമുണ്ടായിരുന്ന ഏതാനും ചെറുപ്പക്കാരുടെ ശ്രമഫലമായിട്ടാണ് ഈ സംഘടന രൂപം കൊണ്ടത്. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയിൽ കേരളത്തിനും പുറത്തും പ്രസിദ്ധിയാർജ്ജിച്ച പല പ്രമുഖ കലാകാരന്മാരും പങ്കെടുത്ത നാടകങ്ങൾ, നൃത്തനൃത്യങ്ങൾ, ഗാനമേളകൾ, സംഗീതസദസ്സുകൾ, മാജിക് ഷോ, മിമിക്സ് പരേഡ് തുടങ്ങിയ വിവിധയിനം പരിപാടികൾ ഈ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. കലാപരിപാടികൾക്കു പുറമേ എല്ലാ വർഷവും സമീപ പ്രദേശത്തുള്ള സ്കൂളുകളിലെ കുട്ടികളെ പങ്കെടുപ്പിച്ച് കലാമത്സരങ്ങൾ നടത്തുന്നുമുണ്ട്.

### വൈ. എം. സി. എ.

ഭാരതത്തിൽ എങ്ങും പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ചുവരുന്ന ഒരു സാമൂഹ്യസാംസ്കാരിക സംഘടനയായ വൈ. എം. സി. എ. യുടെ ഒരു ശാഖ ഏതാനും വർഷങ്ങളായി കറുകച്ചാലിൽ പ്രവർത്തിച്ചുവരുന്നു. ചവണിക്കാമണ്ണിൽ സി. ജോൺ എന്ന സാമൂഹ്യപ്രവർത്തകനാണിതിന്റെ സ്ഥാപകൻ. ഇന്ന് മന്ദബുദ്ധികളെ പഠിപ്പിക്കുന്ന ഒരു സ്കൂളും ഈ സ്ഥാപനം നടത്തുന്നുണ്ട്.

# സാങ്കേതികവിദ്യാലയങ്ങൾ

### എ. പി. ആർട്സ് സ്കൂൾ

ഏതാണ്ട് 25 വർഷങ്ങൾക്കു മുൻപ് പ്രശസ്ത ചിത്രകാരനും കറുകച്ചാൽ സ്കൂളിലെ ഡ്രോയിംഗ് മാസ്റ്ററുമായ ശ്രീ. എ. വി. പരമേശ്വരപിള്ള സാറാണ് ഈ സ്കൂളിന്റെ സ്ഥാപകൻ. അദ്ദേഹത്തിന്റെ കാലശേഷം അനന്തരവനായ ശ്രീ. ബാലകൃഷ്ണപിള്ളയുടെ മേൽനോട്ടത്തിൽ ഈ സ്കൂൾ ഇന്നും പ്രവർത്തിക്കുന്നു.

### ജോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ്

45 വർഷങ്ങൾക്ക് മുമ്പ് ഡി. സാമുവലിന്റെ (അനിയൻ സാർ) ചുമതലയിൽ ആരംഭിച്ച ഈ സ്കൂൾ ടൈപ്പ് റൈറ്റിംഗും ഷോർട്ടുഹാൻഡും പഠിപ്പിച്ചുവരുന്നു.

എൻ. എസ്. എസിന്റെ വളർച്ചക്ക് കറുകച്ചാൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് ഒരു ചുവടുവെയ്പായിരുന്നു എൻ. എസ്. എസ്. സ്കൂൾ. എൻ. എസ്. എസിന്റെ പ്രഥമ വിദ്യാഭ്യാസ സ്ഥാപനം 1915 -ൽ പോലീസ് സ്റ്റേഷന്റെ കിഴക്കുഭാഗത്തായി നടമേൽ ഇരവിക്കുറപ്പിന്റെവക ഒറ്റമുറിയുള്ള കെട്ടിടത്തിൽ ശ്രീ. കെ. കേളപ്പജി പ്രധാന അദ്ധ്യാപകനായി പ്രവർത്തിച്ചു. എന്നാൽ വിദ്യാലയംപണിയുന്നതിനും മറ്റുമായി 87 ഏക്കർ

സ്ഥലം കുന്നപ്പള്ളി നാരായണൻ നായരും, നടമേൽ ഇരവിക്കുറുപ്പും ദാനമായി കൊടുത്തിരുന്നു. ഇവിടെ മന്നത്തു പത്മനാഭന്റെ പ്രവർത്തനങ്ങളുടെ ഫലമായി മിഡിൽ സ്കൂളിന്റെ കെട്ടിടം പണിയുകയും ക്ലാസ്സുകൾ അവിടേയ്ക്ക് മാറ്റുകയും ചെയ്തു. പതിനഞ്ചു വർഷത്തോളം ഇത് മിഡിൽ സ്കൂളായി പ്രവർത്തിച്ചു. 1929–ൽ സാഹിത്യകാരനും നടനുമായിരുന്ന കൈനിക്കര പത്മനാഭ പിള്ള പ്രഥമ അദ്ധ്യാപകനായി വന്നു. അദ്ദേഹമാണ് മിഡിൽ സ്കൂളിനെ ഹൈസ്കൂളായി ഉയർത്താൻ മുൻ കൈയെടുത്തത്.

സ്കൂൾ കെട്ടിടത്തിനുവേണ്ടി തുക സംരംഭിക്കുന്നതിന് കൈനിക്കര തന്നെ എഴുതിയ 'കാൽവരിയിലെ കാൽപാദം' എന്ന നാടകം കറുകച്ചാലിൽത്തന്നെ ആദ്യം അവതരിപ്പിച്ചു. പിന്നീട് തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലും അവതരിപ്പിച്ചു.

നാടകം അവതരിപ്പിച്ചു കിട്ടിയ പണം കൊണ്ടാണ് ഹൈസ്കൂൾ കെട്ടിടം പണികഴുപ്പിച്ചത്. അക്കാലത്ത് കോട്ടയത്തും, ചങ്ങനാശ്ശേരിയിലും മാത്രമെ ഹൈസ്കൂളുണ്ടായിരുന്നുള്ളു. അതിനാൽ പുതുപ്പള്ളി, വാകത്താനം, തോട്ടയ്ക്കാട്, പാമ്പാടി, വാഴൂർ, മണിമല, മല്ല പ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കുട്ടികൾ കറുകച്ചാൽ ഹൈസ്കൂളിലേക്ക് വന്നിരുന്നു. ഹൈസ്കൂളിന്റെ വികസനം പൂർത്തിയായത് ചമ്പക്കര സ്വദേശിയും ഈ നാട്ടിലെ ആദ്യത്തെ ബി. എ. ബിരുദധാരിയുമായ ഇലഞ്ഞിക്കൽ ശ്രീ. പി. വാസുദേവക്കുറുപ്പ് കറുകച്ചാൽ ,സ്കൂളിന്റെ സാരഥ്യം ഏറ്റെടുത്തതോടുകൂടിയാണ്.

കറുകച്ചാലിന്റെ കായിക ചരിത്രത്തിൽ തിളക്കമാർന്ന സ്ഥാനമാണ് ചമ്പക്കര സി. വി. എൻ. കളരിക്ക്. തലശ്ശേരിയിൽ നിന്നും സി. വി. നാരയണൻ നായർ എന്ന ഗുരുക്കൾ ചമ്പക്കരയിൽ എത്തി ആദ്യകളരി ചിറയ്ക്കൽ സ്ഥാപിച്ചു. പിന്നീട് ശ്രീരംഗം വീട്ടിൽ ശ്രീ. ഗോപിനാഥക്കുറുപ്പിന്റെ നേതൃത്വത്തിൽ ഗോവിന്ദൻകുട്ടി ഗുരുക്കളുടെ മേൽനോട്ടത്തിൽ ശ്രീരംഗം കളരി സ്ഥാപിതമായി. ഇതിനോടകം ഈ കളരി മർമ്മ ചികിത്സയിലും ലോകപ്രശ്സ്തി ആർജ്ജിച്ചു കഴിഞ്ഞു. ഇപ്പോൾ ഡോ. ശ്രീധരകുറുപ്പിന്റെ നേതൃത്വത്തിൽ ഗോപിനാഥകുറുപ്പു മെമ്മോറിയൽ ട്രസ്റ്റായി പ്രവർത്തിച്ചു വരുന്നു.

കറുകച്ചാലിന്റെ ഇന്നത്തെ പുരോഗതിയിൽ മുഖ്യ പങ്കുവഹിക്കുകയും ഒരു തവണ മന്ത്രിയും ഡെപ്യൂട്ടി സ്പീക്കറും ഇപ്പോൾ വാഴൂർ മണ്ഡലത്തിന്റെ എം. എൽ. എ. ആയും നാടിനെ നയിക്കുന്ന ശ്രീ. പ്രൊഫ. കെ. നാരായണക്കുറുപ്പ് എക്കാലത്തും നമ്മുടെ ഓർമ്മയിലുണ്ടാകും.

ഈ പഞ്ചായത്തിൽ 1967–നു ശേഷം കർഷകത്തൊഴിലാളി മിച്ചഭൂമി സമരങ്ങൾ നടന്നിട്ടുണ്ട്. മണ്ണിൽ പണിയെടുക്കുന്നതിന് ന്യായമായ കൂലി ലഭിക്കുന്നതിനും കുടികിടപ്പവകാശം ലഭിക്കുന്നതിനുംവേണ്ടി നടന്ന ഐതിഹാസിക സമരങ്ങൾ വിജയത്തിലെത്തിക്കുകയും മണ്ണിനോട് മല്ലിട്ടവന്റെ സ്വപ്നങ്ങൾ അല്പമെങ്കിലും സാക്ഷാത്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ചമ്പക്കരയിലെ വ്യവസായ സ്ഥാപനവുമായി ബന്ധപ്പെട്ട് ജോലി സ്ഥിരതയ്ക്കും കൂലി വർദ്ധനയ്ക്കും വേണ്ടി നടന്ന സമരവും കറുകച്ചാലിന്റെ സമരചരിത്രത്തിൽ മുഖ്യ സ്ഥാനം വഹിക്കുന്നു.

നമ്മുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു, പ്രസിഡന്റായിരുന്ന വി. വി. ഗിരി, മുഖ്യ മന്ത്രിമാരായ ഇ. എം. എസ്. പി. കെ. വി., കെ. കരുണാകരൻ, എ. കെ. ആന്റണി, ഇ. കെ. നായനാർ, കേരള സമരചരിത്ര നായകന്മാരായ എ. കെ. ജി., ആർ. സുഗതൻ, പി. കൃഷ്ണപിള്ള, ഗവർണരായിരുന്ന ജ്യോതി വെങ്കിടാചലം, ഗാനഗന്ധർവ്വൻ കെ. ജെ. യേശുദാസ്, എൽ. പി. ആർ. വർമ്മ, ഡോ. ബാലമുരളീകൃഷ്ണ തുടങ്ങിയവർ കറുകച്ചാൽ സന്ദർശിച്ചിട്ടുണ്ട്. കേരളത്തിന്റെ നിലനില്പിന് കാലം അധഃസ്ഥിതരാക്കി മാറ്റിയവരുടെ സേവനം അമൂല്യമാണ്. കൃഷി യെ ആശ്രയിച്ചു കഴിഞ്ഞ കറുകച്ചാലിന് ഇവരെ മറക്കാനാവില്ല. പാടവും പറമ്പും ഉഴതു മറിച്ച് വിത്തെറിഞ്ഞ് കൊയ്ത് മെതിച്ച് കളപ്പുരകൾ നിറച്ച് ഈ നാടിന്റെ കാർഷികമേഖലയെ സമ്പുഷ്ടമാക്കിയവരെ മറക്കാനാകുമോ? വാസ്തുശില്പരംഗത്ത് പ്രസിദ്ധിയാർജിച്ച നിരവധി ആളുകൾ ഉണ്ടായിരുന്നു. നമ്മുടെ ക്ഷേത്രങ്ങളും, പള്ളികളും, നാലുകെട്ടു രീതിയിലുള്ള വീടുകളും നിർമ്മിച്ചവർ, വീട്ടുപകരണങ്ങൾ, കാർഷികഉപകരണങ്ങൾ എന്നിവ നിർമ്മിച്ച വിശ്വകർമ്മ സമുദായത്തിലെ കണക്കന്മാർ ഇവരെല്ലാം ഈ നാടിന്റെ വളർച്ചയുടെ ചരിത്രത്തിന്റെ മുത്തുകൾ തന്നെ.

പോയകാലത്തിന്റെ കഥകൾ അയവിറക്കുമ്പോഴും ഒരു പുതിയ വികസന സംസ്കാരം

വളർത്തിയെടുക്കുവാൻ ശ്രമിക്കുമ്പോഴും കറുകച്ചാലിന്റെ വളർച്ചയെതൊട്ടറിയാൻ ശ്രമിക്കാതെ പുത്തൻ യാന്ത്രിക മാധ്യമങ്ങളുടെ വലയത്തിൽ നമ്മുടെ വരും തലമുറ ഈ നാടിന്റെ വളർച്ചയുടെ പടവുകൾ ചവിട്ടികയറുമ്പോൾ ഈ ചരിത്ര സത്യങ്ങൾ നിലനിൽക്കുന്നു.

കന്റെ ശിലാശാസനത്തിലും സംഘകാലകൃതികളെക്കുറിച്ചും സൂചനയുണ്ട്. ചേര, ചോള, പാണ്ഡ്യ രാജാക്കന്മാരുടെ ചരിത്രം പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാകും. കേരളത്തിന് ചേറളം എന്നും, ചേരമണ്ഡലം എന്നും പറഞ്ഞിരുന്നതായി കേരളചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പെരിഞ്ചോറ്റ് ഉദയൻ, ചേരലാതൻ എന്ന ചേരരാജാവ് കുരുക്ഷേത്രയുദ്ധത്തിൽ



ചമ്പക്കര ദേവീ ക്ഷേത്രം

# സംസ്കാരം

പുരാതന ചരിത്രമായാലും, ആധുനിക ചരിത്രമായാലും കേരളം ഭാരതത്തിനു നൽകിയ സംഭാവന വലുതാണ്. സാക്ഷരത, വിദ്യാഭ്യാസം, മതസൗഹാർദ്ദം, രാഷ്ട്രീയ പ്രബുദ്ധത തുടങ്ങിയ പല കാര്യങ്ങളിലും ഈ കൊച്ചു കേരളം മാതൃകയായിരുന്നിട്ടുണ്ട്. തുറന്ന മനസ്സും മുൻവിധിയില്ലാത്ത സമീപനവും ഉണ്ടെങ്കിൽ മാത്രമേ കേരളനാടിന്റെ പൈതൃകം അറിയാൻ കഴിയൂ.

എങ്ങനെ കരുതിയാലും ഒരു നാടിന്റെ യഥാർത്ഥ ചരിത്രം സാംസ്ക്കാരികചരിത്രം തന്നെയാണ്. രാജാക്കന്മാരുടെയും, പ്രഭുക്കളുടെയും, മറ്റു ഭരണാധികാരികളുടെയും ചരിത്രം തലമുറകളുടെ വിവരണമല്ലാതെ ചരിത്രമാവില്ല. ചാണക്യന്റെ അർത്ഥശാസ്ത്രത്തിലും, അശോ

പാണ്ഡവർക്കും കൗരവർക്കും സദ്യ നടത്തിയിരുന്നു. കേരളപ്പഴമ അത്രത്തോളം വലുതാവുന്നു എന്നു സൂചിപ്പിച്ചു എന്നു മാത്രം.

സ്വന്തം സാംസ്ക്കാരിക പൈതൃകം കാത്തു സൂക്ഷിക്കുന്നതോടൊപ്പം കാലാനുസൃതമായി പുരോഗമനാശയങ്ങൾ ഉൾക്കൊള്ളുകയും, സാമൂഹ്യപരിവർത്തനങ്ങൾ അംഗീകരിക്കുകയും ചെയ്ത നാടാണ് കറുകച്ചാൽ.

കറുകച്ചാൽ എന്ന പേരിന് രാജാവിന്റെ പടയോട്ടക്കാലത്തോളം പഴക്കമുണ്ട്. ഇന്ന് കേരളത്തിലെ പല ഗ്രാമങ്ങളെയും പോലെ ഇവിടവും വനപ്രദേശമായിരുന്നു. കാലപ്രവാഹത്തിൽ ഇവിടം ജനവാസ യോഗ്യമായി. ഇന്ന് കേരളത്തിന്റെ സാമൂഹിക, സാംസ്ക്കാരിക, രാഷ്ട്രീയ രംഗത്ത് കറുകച്ചാൽ എന്ന ഗ്രാമത്തിന് ഏറെ

പങ്ക് നിർവ്വഹിക്കാൻ കഴിയുന്നു എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. വൈവിദ്ധ്യം നിറഞ്ഞ വിശ്വാസാചാരൃങ്ങളും ജീവിത രീതികളും പിൻതുടരുന്ന ഈ പ്രദേശം മതസൗഹാർദ്ദത്തിന്റെയും, മതമൈത്രിയുടെയും ഉത്തമ മാതൃകയാണ്. എല്ലാ വിഭാഗം ജനങ്ങളും അവരവരുടെ വിശ്വാസാചാരങ്ങൾ പുലർത്തിപ്പോരുന്നു. അടിമ ഉടമ ബന്ധങ്ങളുടെ ബന്ധനത്തിൽ ഒരു കാലത്ത് ഈ പ്രദേശവും പെട്ടിരുന്നുവെന്ന സൂചന എന്നോണം ഇപ്പോഴും ചിലസ്ഥാനപ്പേരുകൾ നിലനില്ക്കുന്നു.

പ്പള്ളി, കാരിക്കാനിരവ്, നീലമ്പാറ, കണ്ണൻകുളം, കുറ്റിക്കൽ, വേമ്പുംതാനം, ചക്കിമംഗലം, നെടുങ്ങാടപ്പള്ളി, സി. എം. എസ്. പള്ളികൾ: കാരിക്കാനിരവ്, തുരുത്തിക്കാട്; വ്യത്യസ്ത പെന്തക്കോസ്തു വിഭാഗങ്ങളായ ബ്രദറൻ ഫിലാദൽഫിയ, ഐ. പി. സി. ചർച്ച് ഓഫ് ഗോഡ്, ശാപഥ് മിഷൻ എന്നിവയും കറുകച്ചാലിൽ പ്രവർത്തിക്കുന്നു. നെടുങ്ങാടപ്പള്ളിയിൽ മുളക്കാക്കുന്നിനോട് ചേർന്ന് എം. ജി. ഡി. എം. ബാലഭവനും കരുണഗിരി ആശ്രമവും പ്രവർത്തിക്കുന്നു.



**ചമ്പക്കരപള്ളി**

**ആരാധനാലയങ്ങൾ**

നെത്തല്ലൂർ ദേവീക്ഷേത്രം, ചമ്പക്കര ദേവീക്ഷേത്രം, മാമുണ്ട ശ്രീകൃഷ്ണസ്വാമിക്ഷേത്രം, വെട്ടിക്കാവുങ്കൽ ശിവക്ഷേത്രം ഇവയാണ് പ്രധാനപ്പെട്ടക്ഷേത്രങ്ങൾ. കൂടാതെ ചിറയ്ക്കൽ ക്ഷേത്രം, കുറുപ്പൻ കവലയിലെ വിശ്വകർമ്മ ക്ഷേത്രം എന്നിവ.

കത്തോലിക്കാപ്പള്ളികളായ കൂത്രപ്പള്ളി, ചമ്പക്കര, പനയമ്പാല; മർത്തോമ്മാപ്പള്ളികൾ- കാരിക്കാനിരവ്, നെത്തല്ലൂർ, ശാന്തിപുരം, കുരിശുപ്പള്ളികൾ-നെത്തല്ലൂർ, ശാന്തിപുരം,; പനയമ്പാല തെക്ക്, വടക്ക്, ഓർത്തഡോക്സ് പള്ളികൾ; സി. എസ്. ഐ. പള്ളികളായ കൂത്ര

മറ്റു സമുദായങ്ങളുടേതായി കണ്ണൻകുളം, കുറ്റിക്കൽ, ബംഗ്ലാംകുന്ന്, ഉമ്പിടി, തുടങ്ങിയ സ്ഥലങ്ങളിൽ ശ്രീ. ശുഭാനന്ദാശ്രമവും, ഇരുമ്പുകുഴിയിൽ ഒരു പി. ആർ. ഡി. എസ്. മന്ദിരവും, കൂടാതെ കറുകച്ചാലിൽ ഒരു ശ്രീനാരായണ ഗുരുമന്ദിരവും ഈ പഞ്ചായത്തിൽ ഉണ്ട്.

എൻ. എസ്. എസ്. കരയോഗ മന്ദിരങ്ങൾ:- കറുച്ചാൽ, ചമ്പക്കര, നെത്തല്ലൂർ, നെടുങ്ങാടപ്പള്ളി, ഇരുപ്പയ്ക്കൽ, മാമുണ്ട, എസ്. എൻ. ഡി. പി. മന്ദിരങ്ങൾ:- വെട്ടിക്കാവുങ്കൽ, ഉമ്പിടി, ചമ്പക്കര, മാമുണ്ട തുടങ്ങിയവയുമാണ്.

ഈ സ്ഥാപനങ്ങൾക്കും ദേവാലയങ്ങൾക്കും ഈ പഞ്ചായത്തിന്റെ സാംസ്കാരിക

രംഗത്ത് വളരെയേറെ സംഭാവനകൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

**ഉത്സവങ്ങൾ**

നെത്തല്ലൂർ ക്ഷേത്രത്തിലെ ഉത്സവം കറുകച്ചാലിലെ ഒരു പ്രധാനപ്പട്ട ആഘോഷമാണ്. കറുകച്ചാലിലെ എല്ലാവിഭാഗം ജനങ്ങളും പങ്കെടുക്കുന്ന ഒരു ആഘോഷമാണ് ഇവിടുത്തെ ആറാട്ടുമഹോത്സവം.

ചമ്പക്കരക്ഷേത്ര ഉത്സവം വളരെ പ്രധാനമായ ഉത്സവമാണ്. പരമ്പരാഗതമായ പല ആചാരങ്ങളും ഈ ഉത്സവവുമായി ബന്ധപ്പെട്ടിട്ടുണ്ട്. വെട്ടിക്കാവുങ്കൽ ക്ഷേത്രത്തിലെ ശിവരാത്രി ഉത്സവം, കാവടിയാട്ടം, മാമുണ്ടക്ഷേത്ര ഉത്സവം, ശുഭാനന്ദാശ്രമങ്ങളിലെ ജന്മനക്ഷത്ര മഹോത്സവം, തുടങ്ങിയവയാണ് ഉത്സവങ്ങൾ.

ചമ്പക്കര ക്ഷേത്രത്തിലെ കുംഭകുടം, പിണ്ടി വിളക്ക്; കൂത്രപ്പള്ളി പള്ളിയിലെ മാവൂരുസ്സ് മുത്തപ്പന്റെയും മാതാവിന്റെയും തിരുനാളുകൾ മുതലായവയാണ് പ്രധാന ആഘോഷങ്ങൾ. മതമൈത്രിയുടെ പ്രതീകമായ അയ്യപ്പ സേവാസംഘം-സാംസ്ക്കാരികതയുടെ ഉദാഹരണമാണ്.

**ആചാരാനുഷ്ഠാനങ്ങൾ**

പരമ്പരാഗത ആചാരങ്ങൾ ഇന്നും തുടരുന്നു. ഓണവുമായി ബന്ധപ്പെട്ട് തിരുവാതിരകളി, കൈകൊട്ടിക്കളി, കടുവാകളി, കാളവണ്ടി ഓട്ടമത്സരം, കാവുതീണ്ടൽ എന്നിവയും ചില കുടുംബങ്ങളിൽ സർപ്പക്കാവുകളുമായി ബന്ധപ്പെട്ട ആചാരങ്ങളും നിലനിന്നുപോരുന്നു.

**കലാസാംസ്ക്കാരിക സ്ഥാപനങ്ങൾ**

കറുകച്ചാലിന്റെ പുരോഗതിയ്ക്കുവേണ്ടി പ്രവർത്തിച്ച ധാരാളം വ്യക്തികളും സംഘടനകളും ഉണ്ടായിരുന്നു. അതിൽ പ്രധാനപ്പെട്ട ഒരു ക്ലബ്ബായിരുന്നു 1979 കാലയളവിൽ പ്രവർത്തിച്ചിരുന്ന ഉപാസന ആർട്സ് ക്ലബ്ബ്. പത്തു ചെറുപ്പക്കാർ ഒത്തുചേർന്ന് സാധാരണക്കാരുടെ പ്രശ്നങ്ങളിൽ കായികമായും സാമ്പത്തികമായും നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു നിസ്വാർത്ഥ സേവനം നടത്തിപ്പോന്നു. ഇവരെ 'സഭ' എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. ഇന്നും അതിൽ ചിലർ സാമൂഹിക പ്രവർത്തനം നടത്തിപ്പോരുന്നു. ഇപ്പോൾ പ്രവർത്തിക്കുന്ന ക്ലബ്ബുകളും, സംഘടനകളും, സർഗ്ഗശ്രീ നൃത്തവും സംഗീതവും അഭ്യസിപ്പിക്കുന്നു. വിവേകാനന്ദ, ഡിറ്റാനിയ, ദുന്ദുഭി, കമലാനെഹ്റു മെമ്മേറിയൽ, വൈ. എം. സി. എ., ഫാസ് എന്നീ ക്ലബ്ബുകളും, ബാലജനസഖ്യവും പ്രവർത്തിക്കുന്നു. ശങ്കരാഭരണ സംഗീത വിദ്യാലയവും അതുമായി ബന്ധപ്പെട്ടു നടക്കുന്ന ലാസ്യ-നടന-നൃത്ത വിദ്യാലയവും എൻ. എസ്. എസ്. എച്ച് എസിനു സമീപം നടക്കുന്നു. ഉമ്പിടിയിലെ കോളനിയിലുള്ള പബ്ലിക്ക് ടി. വി. സെറ്റും, രണ്ടു സിനിമാ ശാലകളുമാണ് ഇവിടെയുള്ള വിനോദ കേന്ദ്രങ്ങൾ.

**ലൈബ്രറികൾ**

പഞ്ചായത്ത് പബ്ലിക്ക് ലൈബ്രറി, മാധവ മെമ്മേറിയൽ, നെഹ്റു മെമ്മോറിയൽ, ആവണി, ശാസ്ത്രീ മെമ്മോറിയൽ, ജവഹർ മെമ്മോറിയൽ, എന്നിവയാണ് പ്രധാന ലൈബ്രറികൾ.

കറുകച്ചാലിന്റെ സാംസ്കാരിക രംഗത്തെ തുടക്കാമായിരുന്നു പഞ്ചായത്തു ലൈബ്രറി. മൺമറഞ്ഞ കറുകച്ചാലിലെ മഹാന്മാർ ചേർന്നു സ്ഥാപിച്ചതാണിത്. അതിൽ പ്രമുഖനാണ് കൊടിഞ്ഞാംകുന്നേൽ കുട്ടേട്ടൻ. എ. പി ആർട്സ് സ്കൂൾ കറുകച്ചാലിൽ പ്രവർത്തിക്കുന്നു.

കായികസ്ഥാപനങ്ങളായിട്ടുള്ളത് ചമ്പക്കര ശ്രീരംഗം സി. വി. എൻ. കളരി, ഉദയനാപുരം സി. വി. എൻ. കളരി എന്നിവയാണ്. കായിക രംഗത്ത് പ്രതിഭകളെ കണ്ടെത്താൻ കേരളോത്സവം മാത്രമാണ് പഞ്ചായത്ത്തലത്തിൽ നടക്കുന്ന ഏക പരിപാടി

ദിനപ്പത്രങ്ങൾ, വാരികകൾ ഇവയ്ക്ക് വളരെ സ്വാധീനവും പ്രചാരവുമുണ്ട്.

ഇലക്ട്രോണിക് മാധ്യമങ്ങളായ ടി. വി. റേഡിയോ, കേബിൾ ടി. വി. തുടങ്ങിയവ സാധാരണമാണ്.

നാടൻ കായിക വിനോദങ്ങളായിരുന്ന നാടൻ പന്തുകളി, കുട്ടിയും കോലും, ഗോലിക

ളി, കിളിത്തട്ടുകളി തുടങ്ങിയവ ക്രിക്കറ്റിന്റെ പ്രചാരത്തോടെ അന്യമായി. ഇത്തരം കായിക വിനോദങ്ങൾ പ്രചരിപ്പിക്കുവാനുള്ള ശ്രമവും ഉണ്ടാവണം. ലൈബ്രറികളും കലാസാംസ്കാരിക സ്ഥാപനങ്ങളും വേണ്ട രീതിയിൽ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല.

**നിർദ്ദേശങ്ങൾ**

1. സാംസ്കാരിക നിലയം പണി പൂർത്തിയാക്കി മതമൈത്രി നിലയം എന്നു നാമകരണം ചെയ്യുക. നവംബർ 1 മതമൈത്രിദിനമായി പ്രഖ്യാപിക്കുക.

2. പ്രാചീനകലാരൂപങ്ങളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3. ഓണാഘോഷം, കേരളോത്സവം എന്നിവ ഗ്രാമപഞ്ചായത്തു മുൻകൈയെടുത്തു കൂടുതൽ ജനപങ്കാളിത്തോടെ നടത്തുക.

4. പഞ്ചായത്തുതലത്തിൽ സാഹിത്യ കലാമത്സരങ്ങൾ സംഘടിപ്പിച്ച് യുവജനങ്ങളുടെ സർഗ്ഗവാസനയെ പ്രോത്സാഹിപ്പിക്കുക.

5 ജനവിദ്യാകേന്ദ്രത്തിൽ നവസാക്ഷരരെ തുടർ വിദ്യാഭ്യാസം ചെയ്യിക്കുക.



ശ്രീരംഗം സി. വി. എൻ. കളരി ചമ്പക്കര

6. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നൃത്തവിദ്യാലയവും ലളിതകലാകേന്ദ്രവും സ്ഥാപിക്കുക.

7. കളിസ്ഥലം അടിയന്തിരമായി നിർമ്മിക്കുക.

8. സ്കൂൾ തലത്തിൽ കലാകായികരംഗത്ത് വിജയിക്കുന്ന ഈ പഞ്ചായത്തിലെ കുട്ടികളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കാനുള്ള നടപടി ഗ്രാമപഞ്ചായത്ത് സന്നദ്ധസംഘടനകളുമായി ചേർന്ന് നടത്തുക.

സമയ ദൈർഘ്യവും, ദൂരവും കുറഞ്ഞു കുറഞ്ഞ് മനുഷ്യൻ യാന്ത്രികയുഗത്തിൽ ഒരു യന്ത്രമായി മാറിക്കൊണ്ടിരിക്കുമ്പോൾ, യുവതലമുറ അഴുക്കുച്ചാലുകളിലേയ്ക്ക് വഴുതിവീഴുന്നു. കറുകച്ചാൽ പുരോഗതി കൈവരിക്കുമ്പോഴും സാം സ്കാരിക ജീർ ണ്ണത നമ്മുടെ ചെ റുപ്പക്കാരെയും ഗ്രസിച്ചിരിക്കുന്നു. യുവജനങ്ങൾ ഈ നാടിന്റെ നാഡി സ്പന്ദനങ്ങൾ അറിയാത്തവരായിമാറുമ്പോൾ ഒരു പുത്തൻജീവിതശൈലി കരുപ്പിടിപ്പിക്കാൻ ഈ വികസനപ്രവർത്തനത്തിൽ അവനവന്റേതായ പങ്കു നിർവ്വഹിച്ച് ഒരുമയുടെ, നന്മയുടെ നാളേയ്ക്കുവേണ്ടി കൈ കോർക്കാം.

4

# ഭൂപ്രകൃതി, ജലപ്രകൃതി



## ഭൂപ്രകൃതി

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ വാകത്താനം, നെടുംകുന്നം, മാടപ്പള്ളി, മീനടം, പാമ്പാടി, പത്തനംതിട്ട ജില്ലയിൽ കുന്നന്താനം, ആനിക്കാട് എന്നീ പഞ്ചായത്തുകളുടെ ഇടയിൽ കിടക്കുന്ന ഹരിതപ്രദേശമാണ് കറുകച്ചാൽ. നിമ്നോന്നതമാണ് ഈ പഞ്ചായത്തിന്റെ സ്ഥലാകൃതി. ചെറിയ കുന്നുകളും താഴ്‌വരകളും ആണ് ഇവിടുത്തെ പ്രത്യേകത.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ ഉയർന്ന പ്രദേശം, ചെറുചരിവ്, ഇടത്തരം ചരിവ്, സമതലം, വെള്ളം കയറുന്ന മേഖല, ചെറുതോടുകൾ എന്നിങ്ങനെ തിരിക്കാം. നിമ്നോന്നതയെ അടിസ്ഥാനമാക്കി – ഉയർന്ന പ്രദേശമെന്നും താഴ്ന്ന പ്രദേശമെന്നും തിരിക്കാം.

പഞ്ചായത്തിലെ പ്രധാന കൃഷികൾ റബ്ബർ, തെങ്ങ്, വാഴ, കൊക്കോ, കപ്പ, കാപ്പി, കമുക് തുടങ്ങിയവയാണ്. ഇടവിളയായി ചേന, ചേമ്പ്, കാച്ചിൽ, ഇഞ്ചി, മഞ്ഞൾ, ചെറുകിഴങ്ങ്, ജാതി, ഗ്രാമ്പൂ തുടങ്ങിയവയും കൃഷിചെയ്യുന്നു. ഇവിടെ മിശ്രകൃഷി രീതിയാണ് നടന്നുപോകുന്നത്. സ്ഥലവിസ്തൃതിയുടെ പരിമിതിയാണിതിനു കാരണം. ആകെ വിസ്തൃതി 8. 1 ചതുരശ്ര

കി. മീറ്ററാണ്.

| ഉയർന്ന പ്രദേശങ്ങൾ | താഴ്ന്ന പ്രദേശങ്ങൾ |
|---|---|
| ചമ്പക്കര തകടിയേൽ | നെത്തല്ലൂർ |
| കണിയാംകുന്ന് | വയലുങ്കൽ |
| മാമ്പതി | മാക്കിയിൽ |
| ബുധനാക്കുഴി | കാവുന്നട |
| ഉമ്പിടി | പൂമറ്റം |
| പ്ലാച്ചിക്കൽ | വെളിയം |
| ബംഗ്ലാംകുന്ന് | തെങ്ങോലിൽ |
| പച്ചിലമാക്കൽ | കൂത്രപ്പള്ളി |
| തകടിയേൽ | ചിറയ്ക്കൽ |
| ഇരുമ്പുകുഴി | കാവുങ്കൽപടി |
| മുളയ്ക്കാംകുന്ന് | തണുങ്ങും പതി |
| അഞ്ചാനി | തൊമ്മച്ചേരി |
| ചേറ്റുതടം | വെട്ടിക്കാവുങ്കൽ |
| പെരുമ്പേറ്റ് | റൈട്ടം പറമ്പ് |
| ഊത്തപ്പാറ | കാവിൽ, നെടുങ്ങാടപ്പള്ളി |

## ജനസംഖ്യ - പ്രത്യേകതകൾ

1996-ലെ ജനസംഖ്യ അനുസരിച്ച്22199 ആൾക്കാർ അധിവസിക്കുന്നു.

വിദ്യാഭ്യാസത്തിൽ മുന്നോക്കം നില്ക്കുന്ന പഞ്ചായത്താണിത് ഇവിടെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാലേ ഇതിന് പരിഹാരമാവൂ. ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം ആയിരുന്ന കാർഷികരംഗം ആദായകരമല്ലാത്തതുകൊണ്ട് മറ്റുമേഖലകളിലേക്കുള്ള കടന്നു കയറ്റംമൂലം നെൽകൃഷിഉത്പാദനം ഈ പഞ്ചായത്തിൽ പാടേ നിലച്ചുപോവുകയും ചെയ്തു. വ്യത്യസ്ഥജാതി മതസ്ഥർ ഐക്യത്തോടെ അധിവസിക്കുന്നു. തൊഴിലില്ലാത്ത ചെറുപ്പക്കാർ ധാരാളമുണ്ട് ഈ പഞ്ചായത്തിൽ. കാർഷികമേഖലയുടെ തളർച്ച തൊഴിലില്ലായ്മ രൂക്ഷമാക്കിയിരിക്കുന്നു. ഓരോ മതത്തിനും, ജാതിക്കും അവരുടേതായ ആരാധനാ സമ്പ്രദായങ്ങളും, സംഘടനകളും സ്വതന്ത്രമായി പ്രവർത്തിച്ചു പോരുന്നു.

## സ്ഥല പ്രകൃതി

### വെട്ടിക്കാവുങ്കൽ

താഴ്ന്ന പ്രദേശം. പ്രധാന കൃഷികൾ- റബ്ബർ, വാഴ, തെങ്ങ്, വയൽ പ്രദേശമുണ്ടായിരുന്നു. ഇപ്പോൾ വയലുകളിൽ തെങ്ങ്, കപ്പ, വാഴ മുതലായവ കൃഷിചെയ്തു വരുന്നു. പ്രധാന ആരാധനാലയം ശിവക്ഷേത്രമാണ്.

### ബംഗ്ലാംകുന്ന്

ചെങ്കല്ലുചേർന്ന മണ്ണും, കുന്നും, ചരിവുമാണിവിടുത്തെ പ്രത്യേകത. ഏതു കൃഷിക്കും അനുയോജ്യമാണിവിടം. റബ്ബർ കൃഷിയാണിവിടെ കൂടുതൽ.

### കഴുന്നുകുഴി

പാറയും ചെങ്കല്ലും ചേർന്ന മണ്ണ്, നീർചാൽ പ്രദേശം. ചെളിനിറഞ്ഞതായ കണ്ടം. വെള്ളത്തിനു വളരെ സാദ്ധ്യതയുണ്ട്. കപ്പ, വാഴ, റബ്ബർ, തെങ്ങ്, കുരുമുളക്, മുതലായവ കൃഷി ചെയ്യുന്നു. പച്ചക്കറികൃഷി നടത്താൻ അനുയോജ്യമായ സ്ഥലം.

### ഉരപ്പുകുഴി

ഈ സ്ഥലം ഇരുവശങ്ങളും ചരിവും നിരപ്പും മദ്ധ്യഭാഗം ഉയർന്നുമുള്ള സ്ഥലമാണ്. പൊടിമണ്ണും, ചരലുമണ്ണും, വെള്ളാറൻ കല്ലുകളും പാറക്കല്ലുകളും കൂടിക്കലർന്നുകാണുന്നു.

### അണിയറ

ഈഭാഗം കുത്തനെയുള്ള സ്ഥലവും താഴ്വാരം ചെളിനിറഞ്ഞതുമായിരിക്കുന്നു. വെള്ളം 365 ദിവസവും ലഭിക്കാൻ സാദ്ധ്യതയുണ്ട്.

### ശൂലിപ്പുറം

പാറ നിറഞ്ഞതും, വെള്ളപ്പാറയുള്ളതും, നിരപ്പും ചരിവുമുള്ള മണ്ണുകലർന്നതും ചെമ്മണ്ണുള്ളതുമാണിവിടം.

**നെത്തല്ലൂർ**

ചെളി നിറഞ്ഞസ്ഥലമാണിത്. ധാരാളം വയൽ ഉണ്ടായിരുന്നു. ഇപ്പോൾ കപ്പ, തെങ്ങ്, കൊക്കോ, പച്ചക്കറി ഇവകൾ കൃഷി നടത്തുന്നു. ചില ഭാഗങ്ങൾ നികത്തി കെട്ടിടവും നിർമ്മിച്ചിരിക്കുന്നു. വെള്ളം ധാരാളം കിട്ടുന്ന സ്ഥലമാണ്.

**നെടുമറ്റം**

ഇരുവശവും ഉയർന്നതും നിരപ്പുള്ളതുമായ, ചെമ്മണ്ണും, വെട്ടുകല്ലും, കല്ലും ഇടകലർന്ന പ്രദേശം. ചെളികലർന്ന ഭാഗങ്ങളും വെള്ളം സുലഭമായി ലഭിക്കാനും സാദ്ധ്യത യേറെ.

**ചിറയ്ക്കൽ**

കുന്നുപ്രദേശവും നിരപ്പുള്ളതും വെള്ള നിറം കലർന്ന പാറക്കല്ലുകളും കരിങ്കല്ലും കറുത്തമണ്ണും ചരലും മണ്ണുംകലർന്നതുമായ സ്ഥലമാണിവിടം. ജലലഭ്യതയ്ക്കുള്ള സാദ്ധ്യതയും നിലനില്ക്കുന്നു.

**വടക്കേപ്പറമ്പ്**

ഇവിടം നിരപ്പുള്ളതും ചതുപ്പും മണലും കൂടിയ സ്ഥലമാണ്. കൂടാതെ നീരൊഴുക്കുള്ള സ്ഥലവുമുണ്ട്. നെൽകൃഷിനടത്തിയിരുന്ന സ്ഥലം ഇതിനോടുചേർന്നു കിടക്കുന്നു. കിണർ സ്ഥാപിക്കുന്നതിനും സാദ്ധ്യതയേറെ.

**വെള്ളമ്മാക്കൽ**

കുന്നിൻപ്രദേശമാണിത്. കട്ടികൂടിയ ഒരു തരം കല്ലും (വെട്ടുകല്ലു നിറം) വളരെ താഴ്ചയുള്ളതുമായ സ്ഥലമാണ്. ചരൽ ധാരാളം നിറഞ്ഞ മണ്ണാണ്. വെള്ളത്തിന് ക്ഷാമം ഏറിയ പ്രദേശം.

**ഉമ്പിടി**

ഇവിടം കുന്നും നിരപ്പും, താഴ്വാരവും നീരൊഴുക്കുള്ള തോടും ഉൾപ്പെട്ടിരിക്കുന്നു. കറുത്തതും വെട്ടുകല്ലു നിറഞ്ഞതുമായ മണ്ണും പാറകളും ഉൾപ്പെടുന്നു.

**മാങ്കുടി**

ചെങ്കല്ലിന്റെ നിറമുള്ള മണ്ണ് നിറഞ്ഞിരിക്കുന്നു. നല്ല ഫലഭൂയിഷ്ഠതയാർന്ന സ്ഥലം. വെള്ളം കിട്ടാൻ സാദ്ധ്യതയേറെയുള്ള പ്രദേശമാണ്.

**ആനക്കല്ല്**

ഈ ഭാഗം ഇരുവശവും ചരിവുള്ളതും മദ്ധ്യഭാഗം ഉയർന്നതും കരിങ്കൽ കൂടുതലുള്ളതുമായ പ്രദേശമാണ്. വെള്ളത്തിന് കൂടുതൽ ക്ഷാമം ഉള്ള പ്രദേശമാണ്.

**തൊമ്മച്ചേരി**

ഇരുപുറവും ഉയർന്നതും പഴയകാലത്ത് ധാരാളം നെല്ല് വിളഞ്ഞതുമായ സ്ഥലമാണ്. കുളങ്ങൾ ഏറെ, നീരൊഴുക്കള്ള തോടും, വെളുക്കല്ലുള്ള സ്ഥലവും, കറുപ്പും ചെമ്മണ്ണും ഇടകലർന്ന മണ്ണും ഉണ്ട്.

**തുരുത്തിക്കാട്**

ഇവിടെ ചെമ്മണ്ണു കൂടുതൽ കാണുന്നു. ചരലുമുണ്ട്. സ്ഥലം ഉയർന്നതും, നിരപ്പായതുമാണ്. വെള്ളം ലഭിക്കുന്ന തോടും നിലവിലുണ്ട്. മിക്ക സ്ഥലങ്ങളിൽനിന്നും വെള്ളം ലഭിക്കും.

**കൂത്രപ്പള്ളി**

ധാരാളം പാടശേഖരമുള്ള സ്ഥലമാണ്. ഇവ നികത്തി മരച്ചീനി കൃഷി നടത്തുന്നു. ഉയർന്ന സ്ഥലമാണ് പശയുള്ള മണ്ണാണ് കൂടുതൽ.

**കാരിക്കാനിരവ്**

ഉയർന്ന പ്രദേശം ചെങ്കൽ മണ്ണുള്ള പ്രദേശം റബ്ബർ കൃഷി വ്യാപകമായിട്ടുണ്ട്. അടുക്കള കൃഷിത്തോട്ടം പ്രോത്സാഹിപ്പിക്കാവുന്ന പ്രദേശം. ജല ലഭ്യത തീരെയില്ലാത്തതും പ്രദേശം രണ്ടു ചെറിയകുന്നുകൾ ചേർന്നതുമായ പ്രദേശം.

**കുറ്റിക്കൽ**

ഉയർന്ന പ്രദേശം ചെങ്കൽ മണ്ണു നിറഞ്ഞതാണിവിടം. ജലലഭ്യത തീരെയില്ല. റബ്ബർ, കുരു

മുളക്, വാഴ തുടങ്ങിയവ കൃഷി ചെയ്യുന്നു. രണ്ടു കോളനികൾ ഇവിടുത്തെ പ്രത്യേകത.

**ചൂഴന**

ചെറിയകുന്ന്, വെട്ടുകല്ലുചേർന്ന മണ്ണ്, കുരുമുളക് ധാരാളമുള്ള പ്രദേശം ജലദൗർലഭ്യത നേരിടുന്നു.

**മാമ്പതി**

ഉയർന്ന പ്രദേശം റബ്ബർ കൃഷി വ്യാപകം. കറുത്ത മണ്ണ് ഇടവിള കൃഷിക്ക് യോജിച്ച പ്രദേശം. മലയാളം 1011–ാം ആണ്ട് മിഥുനം 21–ാം തീയതി ഈ പ്രദേശത്ത് വലിയ ലഹളയുണ്ടായതായി പറയപ്പെടുന്നു. പതിമൂന്ന് പേർ ആക്രമണ വിധേയരായവരിൽ 7 പേർ മരിച്ചു. ഈ സംഭവത്തിന്റെ പേരിൽ 11 പേർക്കെതിരെ കേസെടുത്തു കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ആദ്യത്തെ കേസ് ഇതാണന്നു പറയപ്പെടുന്നു.

**പരയരുകുന്ന്**

ഏകദേശം നൂറുവർഷങ്ങൾക്കുമുമ്പ് വസൂരിരോഗം ബാധിച്ച് ആൾക്കാർ കൂട്ടത്തോടെ മരണമടഞ്ഞ സ്ഥലമാണിതെന്നുപ്പറയപ്പെടുന്നു. ഇപ്പോൾ ഇവിടുത്തെ കൃഷി റബ്ബർ, തെങ്ങ്, കുരുമുളക് മുതലായവയാണ്.

**തെങ്ങോലി**

കറുകച്ചാൽ പഞ്ചായത്തിന്റെ വികാസ പരിണാമ ചരിത്രത്തിൽ നിർണ്ണായകമായ പങ്കുള്ള പ്രദേശം. താഴ്ന്ന പ്രദേശമാണിവിടം. വിശാലമായ വയൽ നെൽകൃഷിപാടെ ഉപേക്ഷിച്ചിരിക്കുന്നു. കപ്പ, വാഴ, കമുക്, റബ്ബർ തുടങ്ങിയവയാണ് പ്രധാന വിളകൾ. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാവുന്ന സ്ഥലം ജല ലഭ്യതയുള്ള സ്ഥലമാണിത്.

**പനയമ്പാല**

ഏതു തരം കൃഷിക്കും അനുയോജ്യമായ മണ്ണ്. ജല ലഭ്യതയുള്ള പ്രദേശം. റബ്ബർ, കുരുമുളക്, വാഴ, തുടങ്ങിയവയാണ് പ്രധാന കൃഷികൾ ഇടവിള കൃഷിയും, പച്ചക്കറികൃഷിയും പ്രോത്സാഹിപ്പിക്കാവുന്ന പ്രദേശം ഇടത്തരം കൃഷിക്കാരണിവിടെ അധികവും.

**കണ്ണൻകുടുക്ക**

ഉയർന്ന പ്രദേശമാണങ്കിലും നിരപ്പുള്ള സ്ഥലം റബ്ബർ കൃഷിയാണു പ്രധാനം, കൊക്കോ, കാപ്പി, വാഴ തുടങ്ങിയവ കൃഷിചെയ്യുന്നു. പയറു കൃഷിക്ക് അനുയോജ്യമായ സ്ഥലം.

**ചേറ്റുതടം**

നിരപ്പായതും, കപ്പ കൃഷി ധാരാളമുള്ളതുമായ പ്രദേശം, വാഴ, കൊക്കോ, തുടങ്ങിയവ കൃഷി ചെയ്തു വരുന്നു. ജല ലഭ്യതയുള്ള പ്രദേശം.

**കൊച്ചുപറമ്പ്**

റബ്ബർ കൃഷിയാണ് പ്രധാനമായ വിള. വാഴ, കൊക്കോ, കുരുമുളക് തുടങ്ങിയവയും കൃഷി ചെയ്യുന്ന ജലലഭ്യയുള്ള പ്രദേശം. വളക്കൂറുള്ള മണ്ണ്.

**ഇരുപ്പയ്ക്കൽ**

ഉയർന്ന പ്രദേശം. പനയമ്പാല തോടിനോടുചേർന്ന പ്രദേശമെങ്കിലും കുടിവെള്ള ക്ഷാമം രൂക്ഷമാണിവിടെ. പ്രധാന കൃഷി റബ്ബർ.

**കണ്ണൻകുളം**

ചെങ്കല്ലുചേർന്ന മണ്ണ്. ജല ദൗർലഭ്യം ഏറെ അനുഭവപ്പെടുന്നതും റബ്ബർ കൃഷി വ്യാപകമായതുമായ സ്ഥലം. ഏത്തവാഴ കൃഷി പ്രോത്സാഹിപ്പിക്കാവുന്ന പ്രദേശം.

**ശാന്തിപുരം**

ഉയർന്നതും നിരപ്പുള്ളതുമായ സ്ഥലം. റബ്ബർ കൃഷി വ്യാപകമാണ്. കറുകച്ചാൽ കഴിഞ്ഞാലുള്ള നാൽക്കവല ഇതാണ്. ഒരു കാലത്ത് ഇതുവഴി വളരെയേറെ കാളവണ്ടികൾ ചങ്ങനാശ്ശേരിക്ക് സാധനങ്ങളുമായി പോയിരുന്നു. ഏത്തവാഴ കൃഷിപ്രോത്സാഹിപ്പിക്കാവുന്ന പ്രദേശമാണിവിടം.

**കൊച്ചിക്കാല**

താഴ്ന്നതും നിരപ്പുള്ളതുമായ പ്രദേശം തെങ്ങ്, കുരുമുളക് തുടങ്ങിയവയാണ് പ്രധാന കൃഷി. ഒരു കാലത്ത് വളരെയേറെ കപ്പകൃഷി ചെയ്തിരുന്ന സ്ഥലമായിരുന്നു ഇത്. ഇടവിള

കൃഷി നടത്താൻ അനുയോജ്യമായ മണ്ണാണിവിടെയുള്ളത്.

### റൈട്ടൻ പറമ്പ്

ചെറിയകുന്നും ചരിവുമുള്ളതുമായ സ്ഥലം. ആൾക്കാർ ഇടതൂർന്നു താമസിക്കുന്നു. പ്രധാന കൃഷി റബ്ബർ – താഴ്ന്ന പ്രദേശത്ത് ജലലഭ്യതയുണ്ട്.

### കണിയാംകുന്ന്

ചെറിയകുന്നുള്ള പ്രദേശം ജലദൗർലഭ്യത വളരെയധികം അനുഭവപ്പെടുന്നു. വെട്ടുകല്ലു മണ്ണ് ഏത്തവാഴകൃഷിക്ക് അനുയോജ്യമായ സ്ഥലം കൃഷിയാണ് പ്രധാനം. ഒരു കാലത്ത് കപ്പകൃഷി ധാരാളമുള്ള സ്ഥലമായിരുന്നു.

### തൈപ്പറമ്പ്

താഴ്ന്ന പ്രദേശം. ജലലഭ്യതയുള്ള സ്ഥലം. പച്ചക്കറി കൃഷി ധാരാളമുള്ള സ്ഥലമായിരുന്നു. റബ്ബർ, കൊക്കോ, വാഴ, കുരുമുളക് മുതലായവയാണ് പ്രധാന കൃഷികൾ. പച്ചക്കറി കൃഷിയും, വെറ്റില കൃഷിയും പ്രോത്സാഹിപ്പിക്കാവുന്ന സ്ഥലം.

### പച്ചിലമാക്കൽ

ഉയർന്ന പ്രദേശം. കുടിവെള്ള ക്ഷാമം വളരെയധികം അനുഭവപ്പെടുന്ന പ്രദേശം. ഒരു കാലത്ത് ധാരാളം കപ്പ കൃഷി നടന്നിരുന്ന പ്രദേശമായിരുന്നു. ഇപ്പോൾ പ്രധാന കൃഷി റബ്ബർ കുരുമുളകും വാഴയും കൃഷിചെയ്തു വരുന്നു. വെട്ടുകല്ലുചേർന്ന മണ്ണ്. വളരെയധികം കുടുംബങ്ങൾ താമസ്സിക്കുന്നു. അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കാവുന്ന സ്ഥലമാണിത്.

### മുളയ്ക്കാക്കുന്ന്

വളരെയധികം ഉയർന്ന പ്രദേശം ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലം. എങ്കിലും അവിടെ കുന്നിൻ മുകളിൽ ഒരു നീർച്ചാൽ സദാ വെള്ളം ലഭിക്കുന്നതായുണ്ട്. ആ നീർച്ചാൽ വികസിപ്പിച്ചാൽ ഈ ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്. പ്രധാന വിളകൾ, റബ്ബർ, വാഴ, മുതലായവയാണ്.

### തോയക്കുളം

താഴ്ന്ന പ്രദേശം. ഗ്രീൻവാലി എസ്റ്റേറ്റിന്റെ പടിഞ്ഞാറുഭാഗം. ജല ലഭ്യതയുള്ള പ്രദേശം. വളരെ നീർചാലുകളുള്ള സ്ഥലം. ഈ ഭാഗത്ത് കുളം നിർമ്മിച്ച് ചെറുകിട ജലസേചന പദ്ധതി ഏർപ്പെടുത്തിയാൽ കാരിക്കാനിരവു ഭാഗത്തുവരെയുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കാം. വളരെയധികം നെൽകൃഷിയുള്ള സ്ഥലമായിരുന്നു. ഇവിടെ കപ്പ കൃഷിയും ധാരാളമുണ്ടായിരുന്നു. ഇപ്പോൾ പ്രധാന കൃഷി റബ്ബർ, കൊക്കോ, വാഴ തുടങ്ങിയവയാണ്.

### വെളിയം

വയൽ പ്രദേശമായിരുന്നു. ഇപ്പോൾ കൃഷി ചെയ്യുന്നത് തെങ്ങ്, കമുക്, വാഴ, കപ്പ, റബ്ബർ തുടങ്ങിയവയാണ്. പച്ചക്കറി കൃഷി നടത്താവുന്ന സ്ഥലം. ഇവിടെ ചെറുകിട ജലസേചന പദ്ധതി നടപ്പിലാക്കാവുന്നതാണ്.

### ഇരുമ്പുക്കുഴി

ഉയർന്ന പ്രദേശം. പഴമക്കാർ പറയുന്നത് ഈ പ്രദേശം വേടർ സമുദായക്കാരുടേതായിരുന്നു എന്നാണ്. കറുത്ത മണ്ണാണിവിടെയുള്ളത്. പ്രധാന കൃഷി റബ്ബർ, കപ്പ, വാഴ തുടങ്ങിയവയാണ്.

ഈ പഞ്ചായത്തിൽ, റബ്ബർ കൃഷിയും, വാഴയും, തെങ്ങും മറ്റും കൃഷി ചെയ്യുന്ന സ്ഥലങ്ങൾ, കല്ലോലിക്കൽ തുരുത്തിക്കാട്, കുരുമ്പിക്കുളം, ആനക്കല്ല്, കാവുങ്കൽപടി, അട്ടാറക്കൽ, തണുങ്ങുംപതി, കുട്ടൻചിറ.

5

# കൃഷി



ചെറിയ കുന്നുകളും, താഴ്വരകളും, നീർച്ചാലുകളുടെ ധാരാളിത്തവും നിറഞ്ഞ മനോഹരമായ പ്രദേശമാണ് കറുകച്ചാൽ. ഈ പ്രദേശം ഏകദേശം 150 വർഷങ്ങൾക്ക് മുൻപ് വനപ്രദേശമായിരുന്നു എന്നും വന്യമൃഗങ്ങളുടെ ആവാസകേന്ദ്രമായിരുന്നുവെന്നും പഠനസർവ്വേയിലൂടെ മനസ്സിലാക്കാൻ സാധിച്ചു. ഉദാഹരണമായി ശാന്തിപുരത്ത് പുലിമടയുണ്ടായിരുന്നതിന് തെളിവുകളുണ്ട്. ആ പ്രദേശത്തിന് അതിനാൽ പുലിയള്ള എന്ന സ്ഥലനാമം കിട്ടുകയും, ആ പ്രദേശത്ത് ഇന്നും ഒരാൾക്ക് നിവർന്നു നിൽക്കുവാൻ കഴിയുന്ന തരത്തിൽ 25 മീറ്റർ ചുറ്റളവിൽ ഒരു ഗുഹ കാണപ്പെടുന്നു. കാടു തെളിച്ച് ആദ്യം ഈ പ്രദേശങ്ങളിൽ നടത്തിയ കൃഷി മധുരകിഴങ്ങായിരുന്നു. അതിനുശേഷമാണ് നെൽകൃഷി വ്യാപകമായത്. പിന്നീട് ഈ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വ്യാപകമായി നെൽകൃഷി ഉണ്ടായിരുന്നു. കൂടാതെ ചോളം, തിന, കപ്പ എന്നിവയും കൃഷി ചെയ്തിരുന്നു. എന്നാൽ കാലപ്രവാഹത്തിൽ ഈ പഞ്ചായത്തിലെ കൃഷി രീതിക്കാകെ മാറ്റം വന്നു. അടിമഉടമ വ്യവസ്ഥിതിയുടെ തുടക്കം ഈ പ്രദേശത്തെ കൃഷി രീതിയിലെ മാറ്റങ്ങളിൽ വ്യക്തമാകുന്നു. പ്രധാനമായും 3 കരകളിലായി

ഈ പഞ്ചായത്ത് കിടക്കുന്നു. ചമ്പക്കര, മാമു ണ്ട, പനയമ്പാല എന്നീ കരകളാണ് ഇവ.

നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രദേശം നിമ്നോന്നതമാണ്. ഉയരം കൂടിയ പ്രദേശങ്ങ ളിൽ ഏറ്റും ഉയരമുള്ളത് കുറ്റിയ്ക്കൽ പ്രദേശ മാണ്. ഭൂവുടമസ്ഥത നിലനിന്നുരുന്നുവെങ്കിലും ഇപ്പോൾ ഒരു കുടുംബത്തിന് ഏറ്റവും കൂടിയ ഭൂപരിധി 8 ഹെക്ടറിൽ താഴെ മാത്രമാണ്. അതു കൊണ്ടുതന്നെ പഞ്ചായത്തിലെ ഭൂരിഭാഗം ജന ങ്ങളും കൃഷിക്കാരാണെങ്കിലും കൃഷിമൾട്ടി ക്രോപ്പ് രീതിയിലാണ്.

പഞ്ചായത്തിന്റെ ഭൂമി സംബന്ധമായ വിവരം പരിഗണി ക്കുമ്പോൾ കൃഷി യുമായി ബന്ധപ്പെ ടുത്തി നിലം 78 ഹെക്ടർ,പുരയിടം 1978 ഹെക്ടർ, പുറ മ്പോക്ക് 101 ഹെ ക്ടർ 48 സെന്റ് കൃഷിയോഗ്യമായ തരിശു ഭൂമി 48 ഹെക്ടർ.



1978 വരെ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ മുഴുവനും നെൽകൃഷി ഉണ്ടായിരുന്നു. എന്നാ ലിപ്പോൾ നെൽകൃഷി ലാഭകരമല്ലെന്നും തൊഴി ലാളികളുടെ ദൗർലഭ്യം ഉണ്ടെന്നതും മൂലം ഈ കൃഷി പാടെ ഉപേക്ഷിച്ചിരിക്കുന്നു. അല്പമെ ങ്കിലും നെൽകൃഷിയുള്ള ഒരു നിലം 8-ാം വാർഡിലെ കൂത്രപ്പള്ളിയിലുള്ള വെബ്രൂഖാന നിലം മാത്രമാണ്.

## പഞ്ചായത്തിലെ വയൽ പ്രദേശങ്ങൾ.

കൂത്രപ്പള്ളിയിലെ വെബ്രൂഖാന, തെങ്ങോ ലിപ്പാടം, വെളിയം, നെടുങ്ങാടപ്പള്ളിയിലുള്ള കാവിൽ, വെട്ടിക്കാവുങ്കൽ, നെത്തല്ലൂർ, കാവും നട, തൊമ്മച്ചേരി, മാക്കിയിൽ, കഴുന്നുകുഴി, വിലങ്ങുംപാറ, ചെറുമാക്കൽ, മൂങ്ങാക്കാവുങ്കൽ, കൂത്രപ്പള്ളി, ഇഞ്ചക്കുഴി എന്നിവയാണ് ഈ പഞ്ചായത്തിലെ വയൽ പ്രദേശങ്ങൾ. എന്നാൽ ഈ പാടങ്ങളിൽ എല്ലാം തന്നെ ഇപ്പോൾ കൃഷി ചെയ്യുന്നത് തെങ്ങ്, കപ്പ, വാഴ, കമുക്, കൊ ക്കോ, റബ്ബർ തുടങ്ങിയ വിളകളാണ്.

മുൻകാലങ്ങളിൽ പച്ചക്കറി കൃഷിയും ഈ പഞ്ചായത്തിൽ നടത്തിയിരുന്നു. പച്ചക്കറിക്ക് രൂക്ഷമായ വിലവർദ്ധനവുണ്ടാകുന്ന ഈ കാല യളവിൽ ഈ പ്രദേശങ്ങളിൽ പച്ചക്കറികൃഷിയെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

കുറഞ്ഞൊരുകാലമായി ഹൃസ്വകാല വിള കളിൽ നിന്ന് ദീർഘകാല വിളകളിലേയ്ക്ക് കർഷകർ മാറിയതുകൊണ്ട് ഈ പഞ്ചായ ത്തിലെ പ്രധാനകൃഷി റബ്ബർ കൃഷിയാണ്. റബ്ബർ കൃഷി വ്യാപകമായതുകൊണ്ട് ഭക്ഷ്യ ഉത്പന്നങ്ങളുടെ കൃഷി കുറഞ്ഞു. അതുകൊ ണ്ട് ഓരോ കൃഷി ക്കാരന്റെയും ഭൂപരിധി തിട്ടപ്പെ ടുത്തി നിർബ്ബന്ധ മായും റബ്ബർ കൃഷി നിയന്ത്രിച്ചു കൊണ്ട് ഭക്ഷ്യ വസ്തുക്കളും, പച്ചക്കറികളും നിർബന്ധമായും കൃഷി ചെയ്യിക്കാ നുള്ള പ്രവർ ത്തനം അടിയന്തി രമായി നടത്തണം.

1991 മുതൽ 1996 വരെയുള്ള കാലഘട്ടങ്ങ ളിൽ കൃഷിഭവനിലൂടെ ഈ പഞ്ചായത്തിലെ കൃഷി വികസനത്തെ പരമാവധി സഹായിക്കാൻ ശ്രമിച്ചിട്ടുണ്ട്. തെങ്ങ്, പച്ചക്കറികൾ, വാഴ, മര ച്ചീനി, കുരുമുളക്, പ്ലാവ്, കശുമാവ്, കമുക്, കൊക്കോ, പൈനാപ്പിൾ, ഇഞ്ചി, മഞ്ഞൾ, വെറ്റി ല, ചേന, ചേമ്പ് തുടങ്ങിയ വിളകൾ ഇവിടെ കൃഷി ചെയ്യുന്നു.

തെങ്ങു കൃഷി വികസനത്തിനായി സമഗ്ര നാളികേര വികസന പദ്ധതി ഈ പഞ്ചായത്തിൽ കൃഷിഭവൻ മുഖേന നടപ്പാക്കി വരുന്നു. എന്നാൽ ഈ പഞ്ചായത്തിൽ തെങ്ങിന് രോഗ ബാധ കൂടുതലാണ്. രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റി പകരം തെങ്ങ് വയ്ക്കുന്ന പദ്ധതി കൃഷിഭവൻ വഴി നടപ്പാക്കുന്നുണ്ടെങ്കിലും ഇതിന്റെ ഗുണം കാര്യമായി പ്രയോജനപ്പെടുന്നി ല്ല.

പഞ്ചായത്തിലെ കർഷകരെ മൂന്നായി തരം തിരിക്കാം.

1. നാമ മാത്ര കർഷകർ – 0 – 1 ഹെക്ടർ വരെ കൃഷി സ്ഥലമുള്ളവർ ആകെ 390 കർഷകർ

2 ചെറുകിട കർഷകർ – 1 മുതൽ 2 ഹെക്ടർ വരെ 125 കുടുംബങ്ങൾ

3 വൻകിട കർഷകർ – 2 മുതൽ 4 ഹെക്ടർ വരെ സ്ഥലമുള്ളവർ 12 കുടുംബങ്ങൾ. 4 ഹെക്ടർ മുതൽ 10 ഹെക്ടർ വരെ സ്ഥലമുള്ളവർ 28 കുടുംബങ്ങൾ. 10 ഹെക്ടറിനുമേൽ സ്ഥലമുളളവർ–25– ഇവിടെ ഉണ്ടെങ്കിലും ഔദ്യോഗികരേഖകളിൽ ഒന്നും തന്നെ ഇതു സംബന്ധിച്ച് വിവരങ്ങൾ കാണുന്നില്ല. ഇതിനെപ്പറ്റി അന്വേഷണം ഉണ്ടാകണം. ഇതിന്റെ നിജസ്ഥിതി കണ്ടു പിടിച്ച് വിജയകരമായ കൃഷി നടപ്പാക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

## പഞ്ചായത്തിലെ വിള വിസ്തീർണ്ണവും ഉത്പാദനവും

| | | |
|---|---|---|
| തെങ്ങുകൃഷി | 500 ഹെക്ടർ | |
| കുരുമുളക് | 300 ഹെക്ടർ | |
| കൊക്കോ | 50 ഹെക്ടർ | |
| വാഴ (കണ്ടം, കര) | 100 | " |
| കമുക് | 20 | " |
| പൈനാപ്പിൾ | 10 | " |
| റബ്ബർ | 1300 | " |
| കപ്പ | 60 | " |
| വെറ്റില | 1 | " |
| പച്ചക്കറി | 10 | " |
| ചേന, ചേമ്പ് | 84 | " |
| ഇഞ്ചി | 8 | " |
| മഞ്ഞൾ | 5 | " |

ഈ പഞ്ചായത്തിൽ മൾട്ടി ക്രോപ്പ് സംവിധാനമാണ് നടന്നു വരുന്നത്. ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും കുറവു സംഭവിക്കുന്നു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രാഥമികമേഖലയെന്ന നിലയിൽ സഹകരണടിസ്ഥാനത്തിൽ പച്ചക്കറികൃഷി നടത്തുകയും ഗ്രാമപഞ്ചായത്തുകൾ മുൻകൈയെടുക്കുകയും ആവശ്യമായ സാമ്പത്തിക സഹായവും വിത്തും വളവും നൽകുകയും ചെയ്യുക.

കൃഷിഭവൻ വഴി പച്ചക്കറി കിറ്റുകൾ സ്കൂളുകളിൽ വിതരണം ചെയ്യുന്നുണ്ട്. വിദ്യാർത്ഥികളിൽ കാർഷിക വാസനയുണ്ടാക്കുവാൻ നടത്തുന്ന പദ്ധതിയാണെങ്കിലും ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും സ്വന്തം കുടുംബങ്ങളിൽ സ്ഥലം ഇല്ലാത്തതുകൊണ്ട് നാമമാത്രമായി മാത്രമെ ഈ പദ്ധതി വിജയകരമാവുന്നുള്ളൂ. അതുകൊണ്ട് സ്കൂളുകളിൽ തന്നെ അദ്ധ്യാപരും, പി. ടി എ.യും. സന്നദ്ധ സംഘടനകളും, കൃഷിഭവനും, സംയുക്തമായി സ്കൂളിനോടു ചേർന്ന പ്രദേശം പാട്ടത്തിനെടുത്ത് ഒരു കുട്ടിക്ക് ഒരു ഫാം എന്നനിലയിൽ വിള ഇൻഷ്വറൻസ് ഏർപ്പെടുത്താവുന്നതാണ്. ഈ പഞ്ചായത്തിൽ 90–91 മുതൽ 96 വരെ പലതരത്തിലുള്ള വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്. (പ്രധാനമായും മഹിളാസമാജവും യൂത്ത് ക്ലബുകളും വഴി)



## വിതരണം ചെയ്ത വിത്തുകൾ

T x D തെങ്ങ്, പയർ വിത്ത് കുറ്റ്യാടി നാടൻ തെങ്ങ്, മിനി കിറ്റ്, കുരുമുളക് വള്ളി, ബ ഡ് പ്ലാവിൻ തൈ, മാവിൻതൈ, സപ്പോർട്ട, പേര, നാരകം, മുതിര, ചെറി, മഞ്ഞൾ, വഴുത ന, മുളക്, ചീര, വെണ്ട, കൊക്കോ, ജാതി, കൈത എന്നിവയാണ്. ഇവ കൂടാതെ ഇട വേള കൃഷികളായ ചേന, ചേമ്പ്, കാച്ചിൽ, വാഴവിത്തുകൾ തുടങ്ങിയവ വിതരണ ചെയ്തു. പ്രധാനമായും ഇവയെല്ലാം വിത രണ ചെയ്ത് സെറ്റിൽമെന്റ് കോളനികളിലാ യിരുന്നതുകൊണ്ട് ഗുണകരമായിരുന്നില്ല. ഓരോ വർഷവും കൃഷിഭവൻ വഴി കാർഷി കോപകരണങ്ങളും വിത്തുകളും വിതരണ ചെയ്യുമ്പോഴും ഇവർ അതൊന്നും ഗുണകര മായി ഉപയോഗിക്കുന്നില്ല. ഇതിനുള്ള ഫണ്ട് സ്വന്തമായി കൃഷി ഭൂമിയില്ലാത്ത കൃഷി ചെയ്യു വാൻ സന്നദ്ധതയുള്ളവരെ കണ്ടെത്തി ഭൂമി വാങ്ങി വിതരണം ചെയ്യുന്നതാണ് കുറച്ചുകൂടി ഉചിതം.

## വളം

സഹകരണമേഖലയിലും സ്വകാര്യമേഖ ലയിലും കൂടി അഞ്ച് വളം വിതരണം കേന്ദ്ര ങ്ങളും മൂന്നു കീടനാശിനി കേന്ദ്രങ്ങളും ഈ പഞ്ചായത്തിലുണ്ട്. കൃഷിയ്ക്ക് ഉപയോഗി ക്കുന്നത് രാസവളങ്ങളാണ്. പക്ഷെ ഇത് ശാസ്ത്രീയമായ രീതിയിലല്ല ഉപയോഗിക്കു ന്നത്. അതുകൊണ്ട് കൃഷി ചെലവ് വർദ്ധി ക്കുന്നു. അതുകൊണ്ട് ഈ പഞ്ചായത്തിൽ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളം പ്രയോഗം നടക്കുന്നില്ല. റബ്ബർ കൃഷി വ്യാപകമായതോടെ ജൈവവളങ്ങൾ ഉപയോ ഗിക്കുന്നില്ല. ജൈവവള പ്രയോഗത്തിനുവേണ്ട സംവിധാനം പഞ്ചായത്തിലാകെ നടപ്പാക്കേ ണ്ടതാണ്.

## കാർഷിക ഉപകരണങ്ങൾ

കൃഷിഭവൻ വഴി പമ്പു സെറ്റുകൾ, മൺവെട്ടി കൂന്താലി, വെട്ടുകത്തി, കോടാലി, തൂമ്പാ തുടങ്ങിയവ വിതരണം ചെയ്യുന്നുണ്ട്.

## കൂലിനിരക്ക്

കാർഷികമേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസ നില വാരത്തിൽ വരുന്ന മാറ്റങ്ങൾ, കൃഷിയോടുള്ള ആഭിമുഖ്യക്കുറവ് എന്നിവ ഇതിനു കാരണമാ ണ്. പഞ്ചായത്തിൽ അധികവും കർഷകകുടും ബങ്ങളാണെങ്കിലും ചുരുക്കം ചിലകുടുംബങ്ങൾ മാത്രമെ കൃഷിപ്പണി ചെയ്യുന്നുള്ളു. പഞ്ചായ ത്തിലെ കർഷക തൊഴിലാളികളുടെ കൂലി പുരു ഷന് 100 രൂപയും സ്ത്രീകൾക്ക് 85 രൂപയുമാ ണ്.

## കാർഷികവായ്പ

കാർഷിക വായ്പ നൽകുന്ന പ്രധാന സ്ഥാപനം ചമ്പക്കര സർവ്വീസ് സഹകരണ ബാങ്കാണ്. കൃഷിഭവൻ വഴി കൊടുക്കുന്ന ധന സഹായപദ്ധതികൾ മറ്റു കൊമേഴ്സ്യൽ ബാങ്ക് മുഖേനയും നൽകുന്നുണ്ട്.

## ജലസേചനം

ഈ പഞ്ചായത്ത് ഒരു വരൾച്ച ബാധിതപ്ര ദേശമാണ്. ഇവിടത്തെ ജലലഭ്യത12 നീരൊ ഴുക്കുകളും 5 കുളങ്ങളുമായും ബന്ധപ്പെട്ടിരിക്കു ന്നു. എന്നാൽ ഇവിടങ്ങളിലെ ജലം കൃഷിക്ക് തികയുന്നില്ല. അതുകൊണ്ട് ജലസ്രോതസ്സു കളുള്ള പ്രദേശങ്ങളിൽ കുളം നിർമ്മിച്ച് പമ്പു സെറ്റുകൾ സ്ഥാപിച്ച് കൃഷിക്കും ജലസേചന ത്തിനും ഉപയുക്തമാക്കാവുന്നതാണ്.

## മണ്ണ്, ജലസംരക്ഷണം.

റബ്ബർ കൃഷി വ്യാപകമായതോടെ മണ്ണ് നന്നായി ഇളകുന്നില്ല. അതുകൊണ്ട് ജലം ഭൂമി യിൽ താഴാതെ ഒഴുകിപ്പോകുന്നു. മണ്ണൊലിപ്പു തടയുന്നതിന് പഞ്ചായത്തിന്റെ ചരിവു പ്രദേശ ങ്ങളിൽ വാട്ടർ ഷെഡ്ഡ് പദ്ധതി നടപ്പാക്കാവുന്ന താണ്.

## കൃഷിഭവൻ

കൃഷി ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ട് ഏതാണ്ട് 20 വർഷം ആയി. ഇതിന്റെ പ്രവർ ത്തനം കർഷകർക്ക് ഗുണകരമായി അനുഭവപ്പെ



നെല്ലാം ഉപരിയായി പഞ്ചായത്തിലെ കൃഷി വികസനത്തിന് കൃഷിഭവനിലെ ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം മതിയാകുന്നില്ല.

**നിർദ്ദേശങ്ങൾ**

1 മണ്ണു പരിശോധന നടത്തി വളം നിശ്ചയിക്കുന്നതിന് കർഷകരുടെയും കൂടി സഹകരണം ഉറപ്പാക്കുക.

2 പച്ചില വളം വ്യാപകമാക്കുക

3 ജലസേചന പദ്ധതി യ്ക്കായി മുണ്ടക്കയം, കക്കാട് ആറ്റിൽ ഡാം നിർമ്മിച്ച് കാഞ്ഞിരപ്പള്ളി, പൊൻകുന്നം, വാഴൂർ, നെടുകുന്നം, കറുകച്ചാൽ, ആനിക്കാട് പഞ്ചായത്തുകളിൽ വെള്ളമെത്തിച്ച് ജലസേചനം ഉറപ്പാക്കുക.

4 കറുകച്ചാൽ ടൗണിലെ വെയ്സ്റ്റ് ശേഖരിച്ച് കംപോസ്റ്റാക്കി കൃഷിക്കുപയോഗിക്കുക.

5 കറുകച്ചാൽ കേന്ദ്രമാക്കി ഒരു മണ്ണു പരിശോധനാകേന്ദ്രം സ്ഥാപിക്കുക.

6 കാർഷിക സഹകരണ സംഘങ്ങൾ സ്ഥാപിച്ച് അതുവഴി കർഷകരുടെ ഉൽപന്നങ്ങൾ ശേഖരിച്ച് അവർക്കു തുല്യമായ വില ലഭ്യമാക്കുക.

7 കാലവിളംബരം കൂടാതെ കാലവസ്ഥയ്ക്കനുസൃതമായി വിത്തും വളവും നൽകുക

8 പച്ചക്കറി കൃഷി വ്യാപകമാക്കാൻ കൃഷിഭവൻ മുഖാന്തരം ഊർജ്ജിത നടപടികൾ സ്വീകരിക്കുക

9 ഔഷധ സസ്യങ്ങൾ സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുവാനുള്ള സംവിധാനം ആവിഷ്കരിക്കുക.

10 തെരഞ്ഞെടുത്ത വീടുകളിൽ കൃഷിഭവന്റെ മേൽനോട്ടത്തിലും സഹായത്തോടെയും

ടുവാൻ തുടങ്ങിയിട്ട് ചുരുങ്ങിയ കാലംമാത്രമെ ആയിട്ടുള്ളൂ. ഈ ഓഫീസിൽ ഒരു കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റന്റ് മാരും ഒരു പ്യൂണും ഉണ്ട്. ഇനിയും ഇതിന്റെ നല്ല പ്രവർത്തനങ്ങൾ കർഷകർക്ക് ലഭിക്കേണ്ടതുണ്ട്.

ഉൽപാദനചിലവിൽ വരുന്ന വർദ്ധനവ്, തൊഴിലാളികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ്, ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത്, കാലവർഷ വ്യതിയാനങ്ങൾ, ജലത്തിന്റെ കുറവ്, കൃഷി ഉപജീവനമാക്കിയവരുടെ എണ്ണത്തിലുള്ള കുറവ് എന്നിവയാണ് ഈ പഞ്ചായത്തിലെ കാർഷികമേഖലയിലെ വികസനത്തിന് തടസ്സം നിൽക്കുന്നത്.

ചുഴലിക്കാറ്റുണ്ടാകുന്ന പ്രദേശമായതുകൊണ്ട് ഈ പഞ്ചായത്തിൽ വിളനാശം സാധാരണമാണ്. കൃഷിഭവൻ വഴി നഷ്ടപരിഹാരം നൽകുന്നുണ്ട്. എങ്കിലും ഈ തുക വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

പ്രകൃതിക്ഷോഭദുരിതാശ്വാസത്തിനായി

92 – 93–ൽ **48776** രൂപയും

91 – 94–ൽ 41150 രൂപയും

95 – 96–ൽ **26567** രൂപയും നൽകി

എന്നാൽ പ്രകൃതി ക്ഷോഭദുരിതാശ്വാസത്തിനായി നൽകുന്ന ഈ തുക വീണ്ടും കൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുന്നില്ല. ഇതി

കൃഷി നടത്തുക.

11 എല്ലാ വീടുകളിലും അടുക്കളത്തോട്ട നിർമ്മാണത്തിന് മേൽനടപടികൾ സ്വീകരിക്കുക.

വളരെയധികം തൊഴിൽ അവസരങ്ങൾ നൽകുന്ന ഒരുമേഖലയെന്നനിലയിൽ നമ്മുടെ പഞ്ചായത്തിലെ യുവതിയുവാക്കൾക്ക് കാർഷികമേഖലയിൽ നിന്നും വരുമാനം കണ്ടെത്തുവാൻ കൃഷിഭവകുപ്പും മറ്റു സന്നദ്ധസംഘടനകളും മുൻകൈയെടുക്കേണ്ടതാണ്.

### മത്സ്യകൃഷി

ഈ പഞ്ചായത്തിൽ എട്ടാം വാർഡിൽ പൂവത്തുംമൂട്ടിൽ ശ്രീ ഡൊമിനിക് സേവ്യോ, മൂന്നാം വാർഡിൽ രവീന്ദ്രനാഥക്കുറുപ്പ് പ്രിയാഭവൻ എന്നിവർ മത്സ്യ കൃഷി നടത്തിവരുന്നു. വളരെയേറെ കർഷകർ നെൽകൃഷി പൂർണ്ണമായി ഉപേക്ഷിച്ച സന്ദർഭത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ ഫിഷറീസ് വകുപ്പും വാണിജ്യ ബാങ്കുകളും മുൻകൈയെടുക്കണം.

## ഒൻപതാം പദ്ധതി നിർദ്ദേശങ്ങൾ

1 പച്ചക്കറികൃഷി വ്യാപിപ്പിക്കുക

2 ഇടവിളയായി വാഴകൃഷി പ്രോത്സാഹിപ്പിക്കുക.

3 മണ്ണു സംരക്ഷണ പ്രവർത്തനം പ്രോത്സാഹിപ്പിക്കുക.

4 ഫലവർഗ്ഗച്ചെടികൾ വിതരണം ചെയ്യുക.

5 വെറ്റില കൃഷിക്ക് പ്രോത്സാഹനം നൽകുക.

6 കിഴങ്ങുവർഗ്ഗ കൃഷി വ്യാപിപ്പിക്കുക.

7 നിലവിലുള്ള കിണറുകളും കുളങ്ങളും ജലസേചനത്തിനുവേണ്ടി പുനദ്ധരിക്കുക.

8 കമുക് കൃഷിക്ക് പ്രോത്സാഹനം നല്കുക

9 രോഗബാധിതമായതും ആദായകുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം നല്ലയിനം തൈകൾ കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക.

10 പയറു വർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുക.

11 ഗുണനിലവാരമുള്ള രോഗപ്രതിരോധ കീടനാശിനികൾ കുറഞ്ഞ വിലക്ക് വിതരണം ചെയ്യുക.

12. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.

13. രണ്ടാം വാർഡിലെ എരുമത്താനത്തുകുളത്തിൽ മത്സ്യകൃഷി നടത്താവുന്നതാണ്. അതിനുവേണ്ട പദ്ധതി നടപ്പിലാക്കണം.



*കേരളം വളരുന്നു. പശ്ചിമഘട്ടങ്ങളും ഹിമവാനും കടന്ന് ജനങ്ങളുടെ കൂട്ടായ്മയിലൂടെ അയൽക്കൂട്ടങ്ങളും ഗ്രാമസഭകളും സൃഷ്ടിച്ച് പുതിയആകാശവും പുതിയഭൂമിയും എന്ന നവയുഗസത്യത്തിലേക്ക്....*

6

# മൃഗസംരക്ഷണം



കന്നുകാലി വളർത്തൽ വ്യാപകമായി ഉള്ള ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. പശു ആട് എന്നിവയാണ് പ്രധാന വളർത്തു മൃഗങ്ങൾ. വളർത്തുപക്ഷികളിൽ പ്രധാനപ്പെട്ടവ കോഴിയാണ്. വ്യാപകമായില്ലെങ്കിലും മുയൽ വളർത്തലും നമ്മുടെ പഞ്ചായത്തിൽ നടക്കുന്നുണ്ട്. 90% വീടുകളിലും കോഴിവളർത്തൽ നടക്കുന്നുണ്ട്. നെൽകൃഷി കുറഞ്ഞതും റബ്ബർ കൃഷി വ്യാപകമായതും കന്നുകാലി വളർത്തൽ കുറയാൻ കാരണമായി. നിരന്തരമായി ഉണ്ടാകുന്ന അസുഖങ്ങൾ കോഴിവളർത്തൽ കുറയാൻ കാരണമായി. കാലിത്തീറ്റയുടെ വിലവർദ്ധനയും പുല്ലിന്റെയും വൈക്കോലിന്റെയും അപര്യാപ്തതയും ചികിത്സാ സൗകര്യയങ്ങൾ ഇല്ലായ്മയും കന്നുകാലി വളർത്തലിനെ സാരമായി ബാധിച്ചിട്ടുണ്ട്.

പത്ത് വാർഡുകളുള്ള ഈ പഞ്ചായത്തിൽ ഒരേ ഒരു മൃഗാശുപത്രിയാണ് ഉള്ളത്. ഈ മൃഗാശുപത്രി നാലാം വാർഡിൽ ആശ്രമപ്പടിയിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ ഒരു സബ്-സെന്റർ 6-ാം വാർഡിലും സ്ഥിതിചെയ്യുന്നു.

9, 10 വാർഡുകളിലെ മൃഗങ്ങൾക്കു രോഗം വന്നാൽ കിലോമീറ്റർ താണ്ടി ഡോക്ടറുടെ അടുത്തു പോകേണ്ട ഗതികേട് ജനങ്ങൾക്കുണ്ടാകുന്നു. അതിനാൽ ആറാം വാർഡിലെ സബ്–സെന്റർ മൃഗാശുപത്രിയായി ഉയർത്തേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1. കാലിത്തീറ്റ വില കുറച്ചു ലഭ്യമാക്കുക.
2. പുല്ലുവളർത്തൽ പ്രോത്സാഹിപ്പിക്കുക.
3. ചികിത്സാ സൗകര്യങ്ങൾ കൂടുതൽ ലഭ്യമാക്കുക.
4. കാലിത്തൊഴുത്ത് പണിയുവാനുള്ള സാമ്പത്തിക സഹായം കൂടുതൽ കർഷകർക്ക് ലഭ്യമാക്കുക.
5. ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക.
6. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മിൽക് സൊസൈറ്റികൾ സ്ഥാപിക്കുക.
7. പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകുവാൻ ഒരു മൊബൈൽ ചികിത്സാ കേന്ദ്രം സ്ഥാപിക്കുക.
8. തൃക്കോയിക്കൽ ഭാഗത്ത് ഒരു സബ് സെന്റർ സ്ഥാപിക്കുക.
9. തിരഞ്ഞെടുത്ത വീടുകളിൽ കോഴി വളർത്തൽ ആരംഭിക്കുക.
10. സഹായ വിലയ്ക്ക് കന്നുകാലിത്തീറ്റയും കോഴിത്തീറ്റയും ലഭ്യമാക്കുക.
11. മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുക.
12. സങ്കരയിനം മുയലുകളെ ലഭ്യമാക്കുക.

വ്യക്തമായ ലക്ഷ്യത്തോടെയുള്ള പദ്ധതികളിലൂടെ മാത്രമെ വികസനം സാധ്യമാവുകയുള്ളു.

## ജനകീയാസൂത്രണത്തിൽ മൃഗസംരക്ഷണത്തിന്റെ പങ്ക്

ഏറ്റവും ചുരുങ്ങിയ കാലം കൊണ്ട് മുതൽ മുടക്കിൽ ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്ന മേഖലയെന്നതിലുപരി, ഏറ്റവും കൂടുതൽ തൊഴിൽ രഹിതർക്ക് തൊഴിലും നാമമാത്ര തൊഴിലുള്ളവർക്കും, കർഷകർക്കുമെല്ലാം തന്നെ വരുമാനവർദ്ധനവിന്റെ സ്രോതസ്സു തുറക്കുന്ന മേഖലയാണ് മൃഗസംരക്ഷണം. ഭൂമിയും ജലസേചനവും കഴിഞ്ഞാൽ കേരളത്തിലെ ഗ്രാമീണ കർഷകന്റെ സമ്പത്ത് കന്നുകാലികളാണ്. ഈ സമ്പത്ത് 84% വും ഗ്രാമീണ കർഷകന്റെ അധീനതയിലാണ്.

കേരളത്തിലെ പ്രാഥമിക മേഖലയിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ അനസ്യൂതമായ വികസനമുണ്ടായിട്ടുണ്ട്. 1986–87–ൽ നമ്മുടെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 6% ആയിരുന്നു ഈ മേഖലയുടെ സംഭാവന. 1995–96 –ലെ കണക്കനുസരിച്ച് അത് 10% നു മുകളിലേക്കു ഉയർന്നു. ഗ്രാമീണജനതയ്ക്ക് പോഷക പ്രധാന ഭക്ഷ്യവസ്തുക്കളായ പാൽ, മുട്ട, മാംസം എന്നിവയുടെ അധികോത്പാദനം കൂടാതെ വ്യാവസായിക പ്രധാന്യമുള്ള ജെലാറ്റിൻ, ഓസീൻ എന്നിവയുടെ ഉത്പാദനം, പ്രതിരോധ ഔഷധങ്ങളുടെ നിർമ്മാണം, ബയോഗ്യാസ് പോലെയുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ, ജൈവവളങ്ങൾ, പരിസ്ഥിതിക്കിണങ്ങുന്ന മൃഗസംരക്ഷണമേഖലയുടെ സംഭാവനകളാണ്. പേവിഷബാധ തുടങ്ങിയ ജന്തു ജന്യരോഗങ്ങളുടെ നിയന്ത്രണം, മാംസ പരിശോധനയിലൂടെ സംശുദ്ധമായ മാംസോത്പാദനം തുടങ്ങിയ ഈ മേഖല നൽകുന്ന പൊതുജനാരോഗ്യ സേവനങ്ങളാണ്.

**നടപ്പു പദ്ധതികൾ**

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
2. പേ വിഷ നിർമ്മാർജ്ജന പദ്ധതി
3. കാലി വസന്ത നിർമ്മാർജ്ജന പദ്ധതി
4. കാലിരോഗ വിമുക്ത മേഖലാപദ്ധതി
5. കന്നുകാലി വികസനത്തി നുള്ള മൃഗസംരക്ഷണ സേവനങ്ങൾ
6. ഊർജ്ജിത പന്നിവളർത്തൽ വികസന പരിപാടി
7. ഊർജ്ജിത ആടുവളർത്തൽ വികസന പദ്ധതി
8. സ്വകാര്യമേഖലയിൽ ഹാച്ചറിയും, കന്നുകാലി

വളർത്തലും, തീറ്റ ഉത്പാദനവും

9. ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ

10. വിജ്ഞാന വ്യാപനവും പരിശീലനവും

11. മൃഗ ചികിത്സയും മൃഗരോഗവും

12. മുയൽ വളർത്തൽ വ്യാപകമാക്കാനുള്ള പരിപാടി

13. കോഴിയുല്പാദന വികസനം

14. വീട്ടുവളപ്പിലെ കോഴിവളർത്തൽ

15. താറാവു കൃഷി വികസനം

16. ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കുന്ന പദ്ധതി

**1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി**

ഗുണമേന്മയുള്ള കാലിത്തീറ്റ പകുതി വിലയ്ക്കു നൽകി കൊണ്ട് ആദ്യ പ്രവസവം 32 മാസത്തിനുള്ളിൽ സാദ്ധ്യമാക്കുകയെന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

പ്രശ്നം :- ഉയർന്ന തീറ്റച്ചെലവും പരിമിതമായ മേച്ചിൽ സ്ഥലങ്ങളും

പരിഹാരം :- കാലിത്തിറ്റയ്ക്കു കാലകാലങ്ങളിലുണ്ടാകുന്ന വിലവർദ്ധനവിന് സാമ്പത്തിക സഹായം ഉയർത്തുക.

**2. പേ വിഷബാധ നിയന്ത്രണം**

പ്രശ്നം:- ഓരോ വർഷവും പ്രതിരോധ കുത്തിവയ്പിനുള്ള വാക്സിൻ വാങ്ങാനുള്ള പദ്ധതി വിഹിതം ആവശ്യത്തിലും കുറവാണ്.

പരിഹാരം :- വരും കാലങ്ങളിൽ ഈ പദ്ധതിയിൽ കൂടുതൽ തുക വക കൊള്ളിക്കുക.

**3. പകർച്ചവ്യാധി നിയന്ത്രണം.**

സംസ്ഥാനത്ത് പടർന്നു പിടിക്കാൻ ,സാദ്ധ്യതയുള്ള കാലിവസന്ത, കുളമ്പുരോഗം, അടപ്പൻ, കരിങ്കാൽ, കരളടപ്പൻ എന്നിവയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പു നടത്തുക.

പ്രശ്നം :- പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള ചിലവുകൾ

പരിഹാരം :- പദ്ധതി ഫലപ്രദമാക്കുന്നതിനു വിഹിതം അനുവദിക്കുക.

**4. മൃഗാശുപത്രിയുടെ മെച്ചപ്പെട്ടപ്രവർത്തനം**

**നിർദ്ദേശങ്ങൾ**

1. ഓപ്പറേഷൻ ടേബിൾ

2. പോർട്ടബിൾ റഫ്രിജറേറ്റർ (ക്യാമ്പുകൾ നടത്തുവാൻ)

3. ഓയിൽ ഇൻഫർമേഷൻ മൈക്രോസ്കോപ്പ് – രോഗ നിർണ്ണയത്തിന്.

4. മൃഗാശുപത്രിയിലെ ലാബിന്റെ ആവശ്യത്തിനുള്ള രോഗ പരിശോധനാ സാമഗ്രികളും രാസവസ്തുക്കളും ലഭ്യമാക്കുക.

5. മൃഗ സംരക്ഷണ സേവനങ്ങൾ വീട്ടുപടിക്കൽ – ഇതിന്റെ ആവശ്യത്തിനായി വാഹനം അനുവദിക്കുക.

6. സ്ഥലത്തെ ക്ഷീര സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാരെ ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തു പ്രസിഡന്റിന്റെ നേതൃത്വത്തിൽ മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുക. മാസത്തിൽ ഒരു തവണയെങ്കിലും പ്രസ്തുത കമ്മിറ്റി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുക.

## മൃഗസംരക്ഷണ മേഖലയിലെ ഉത്പാദന തൊഴിൽദാന പദ്ധതികൾ

**1. ഒരു വീട്ടിൽ ഒരു പശു**

പശു വളർത്തൽ ഒരു തൊഴിൽ എന്നതിലുപരി ഒരു ജീവിതശീലമാണെന്നുള്ള ബോധം ഇളംതലമുറയിൽ ഉണ്ടാക്കുന്നതിനും കുടുംബാവശ്യത്തിനുള്ള പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ജൈവ വള പ്രയോഗത്തിലൂടെ ഭൂമിയുടെ ഫലഭൂഷ്ടി മെച്ചപ്പെടുത്തുന്നതിനും ഇത് സഹായിക്കുന്നു.

| | | |
|---|---|---|
| മൂലധനം | : | Rs. 12,500 |
| ആവർത്തന ചിലവ് | : | Rs. 14,750 |
| അറ്റാദായം | : | Rs. 6,585 |

**2. മിനി ഡയറി (മൂന്നു പശുക്കളുടെ യൂണിറ്റ് വനിത സംരംഭകർക്കുള്ള പശു വളർത്തൽ)**

ഒരു കർഷകന് ഉപതൊഴിൽ അല്ലെങ്കിൽ തൊഴിൽ എന്ന രീതിയിൽ നടത്തുവാൻ കഴിയുന്ന പദ്ധതിയാണിത്.

| | | |
|---|---|---|
| മൂലധനം | : | Rs 39000 |
| ആവർത്തന ചിലവ് | : | Rs 44,250 |
| അറ്റാദായം | : | Rs 20,000 |

മൂലധനത്തിന്റെ സബ്സിഡി ആയി നൽകാവുന്നതാണ്.

**3. കന്നുകുട്ടി പരിപാലന പദ്ധതി**

പദ്ധതി എല്ലാ ക്ഷീര വ്യവസായ യൂണിറ്റിലും നടപ്പാക്കണം. മേൽ പറഞ്ഞ പദ്ധതി ആടുകൾക്കും ബാധകമാക്കുക.

**4. ശാസ്ത്രീയമായ കറവ പരിശീലനം**

ക്ഷീര കർഷകർക്ക് ഏറ്റവുമധികം സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന അകിട് വീക്കത്തിന് ഒരു പ്രധാന കാരണം അശാസ്ത്രീയമായ കറവയാണ്.

പ്രതിമാസ വരുമാനം 900/- രൂപയിൽ കവിയാത്ത തൊഴിൽരഹിതരായ യുവാക്കൾ, ദുർബല വിഭാഗക്കാർ എന്നിവർക്ക് ഈ പരിശീലനത്തിന് മുൻഗണന നൽകാം. പ്രതിദിനം 25 രൂപാ സ്റ്റൈപ്പന്റോടുകൂടി 4 ദിവസത്തെ പരിശീലനം മതിയാകും.

**5. അകിടു വീക്ക രോഗ നിയന്ത്രണ കിറ്റ്**

ഇത് പഞ്ചായത്തിലെ എല്ലാ ക്ഷീര കർഷകർക്കും നൽകുക. ഈ കിറ്റുകൊണ്ട് കർഷകർക്കു തന്നെ സ്വയം കഴിവതും നേരത്തെ രോഗ നിർണ്ണയം നടത്താൻ കഴിയുന്നതിനാൽ യഥാസമയം വേണ്ട വിദഗ്ദ്ധ ചികിത്സ നൽകാനുള്ള സാദ്ധ്യത വർദ്ധിക്കുന്നു.

ചെലവ് : കിറ്റൊന്നിനു 300/- രൂപാ (സബ്സിഡി അനുവദിക്കുക)

**ആടുവളർത്തൽ പദ്ധതി**

രണ്ട് ആടുകൾ വീതമുള്ള 20 ആടു യൂണിറ്റ് നടപ്പിലാക്കിയിട്ടുണ്ട്. ഇത് കൂടുതൽ വിപുലമാക്കുക.

കർഷകരുടെ ആവശ്യാനുസരണം യഥേഷ്ടം ആട്ടിൻകുട്ടികളെ ലഭ്യമാക്കുന്നതിനും, ആടുകളുടെ വംശനാശം ഒഴിവാക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ പ്രജനന യൂണിറ്റുകൾ സ്ഥാപിക്കുക.

ആടുവളർത്തലിനും അനുയോജ്യമായ സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനും മാംസ സംസ്കരണ വിപണനത്തിനും പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ തുടങ്ങണം.

**7. സ്കൂൾ പൗൾട്രി ക്ലബ്**

കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താൽപ്പര്യവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള ഒരു പദ്ധതി ആണിത്. കുട്ടികളുടെ ഭക്ഷണത്തിലെ മാംസ്യത്തിന്റെ കമ്മി ഒരു പരിധിവരെ നികത്തുന്നതിന് ഇതു സഹായിക്കും.

അഞ്ചു രൂപാ അംഗത്വഫീസ് നൽകി സ്കൂൾ പൗൾട്രി ക്ലബിൽ അംഗമാകുന്ന കുട്ടികളെ ഈ പദ്ധതിയിൽ താത്പ്പര്യമുള്ള ഒരു അദ്ധ്യാപകന്റെ ചുമതലയിൽ ഏല്പിക്കാം. 60 ദിവസം പ്രായമുള്ള 3 മുട്ടക്കോഴികുഞ്ഞുങ്ങളെ സൗജന്യമായി ഗുണഭോക്താക്കളായ കുട്ടികൾക്ക് നൽകണം.

| | |
|---|---|
| ഒരു യൂണിറ്റിന്റെ വില രൂപാ | 35 X 3 = 105 രൂപ |
| ഗുണഭോക്താക്കളുടെ എണ്ണം | 200 |
| പദ്ധതിയുടെ ആകെ ചിലവ് | 105 x 200 = 21000 രൂപ |

**8. ചിക്കൻ കോർണർ**

കറുകച്ചാൽ കൂത്രപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ ധാരാളം മുട്ടയും ഇറച്ചിയും വിപണനം ചെയ്യാനുള്ള സാധ്യതയുണ്ട്. വനിതാ സഹക

രണ സംഘങ്ങൾക് ഇക്കാര്യത്തിൽ മുഖ്യ പങ്കു വഹിക്കാവുന്നതാണ്.

അനുയോജ്യമായ സ്ഥലത്ത് ഒരു വിപണന കേന്ദ്രം. കോഴി ഇറച്ചി സംസ്കരിച്ച് ഡീപ്പ് ഫ്രീസറിൽ സൂക്ഷിക്കുക. മുട്ട, ഇറച്ചി എന്നിവ കൊണ്ടുണ്ടാക്കുന്ന വിവിധ ആഹാര സാധന ങ്ങൾ ഇത്തരം വിപണന കേന്ദ്രം വഴി വിൽപ്പന നടത്തേണ്ടതാണ്.

## 9. മാംസോൽപാദനം

കേരളത്തിലെ ഏകദേശം 90% ആളുകളും മാംസഭുക്കുകളാണ്. കേരളത്തിലെ മാംസോത്പ്പാദനത്തിനുള്ള മൃഗങ്ങളിൽ 85–90 ശതമാനം വരെ അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്.

ഉൽപ്പാദകരിൽ നിന്നും മൃഗങ്ങളെ വാങ്ങി പഞ്ചായത്തിലെ വെറ്ററിനറി സർജന്റെ പ്രാഥമിക പരിശോധനയ്ക്കു വിധേയമാക്കിയ ശേഷം സഹകരണ സംഘത്തിനു കീഴിലുള്ള അറവുശാലകളിലേയ്ക്കു അയക്കുക.

ശാസ്ത്രീയമായ അറവു രീതിയിൽ പരിശീലനം നൽകുക. ആധുനിക രീതിയിലുള്ള അറവുശാല സ്ഥാപിക്കുക. അറവുശാലകൾക്കു വേണ്ടുന്ന സ്ഥലങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ഗതാഗത സൗകര്യം, വെള്ളത്തിന്റെയും, വൈദ്യുതിയുടെയും ലഭ്യത എന്നിവ കണക്കിലെടുക്കേണ്ടതാണ്. ബ്ലോക്ക് തലത്തിൽ അനുവദിക്കുന്ന അറവുശാല കറുകച്ചാൽ പഞ്ചായത്തിൽ തന്നെ സ്ഥാപിക്കകുകയാണെങ്കിൽ വളരെ പേർക്കു തൊഴിലും, സാമ്പത്തിക ഭദ്രതയും ലഭിക്കും.

മാംസോത്പ്പാദനം ലക്ഷ്യമാക്കിയിട്ടുള്ള വിവിധതരം പദ്ധതികൾ (കാളക്കുട്ടി, ആടുവളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ) ഊർജ്ജിതമായി നടപ്പാക്കുകയാണെങ്കിൽ ആ രംഗത്ത് ഒരു പരിധിവരെ സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കും.

## 10. പന്നിവളർത്തൽ

താഴ്ന്ന വരുമാനമുള്ള കർഷകർക്ക് ലാഭകരമായി പ്രാവർത്തികമാക്കാവുന്ന ഒന്നാണ് പന്നി വളർത്തൽ.

### a) പ്രജനന യൂണിറ്റ്

ഒരു പഞ്ചായത്തിൽ ഒൻപത് പെൺ പന്നികളും ഒരു ആൺ പന്നിയും ഉൾപ്പെട്ട ഒരു പ്രജനന യൂണിറ്റു തുടങ്ങി, കർഷകർക്ക് ആവശ്യമുള്ള പന്നിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

| | | |
|---|---|---|
| സ്ഥിരം മൂലധനം | – | 17500 രൂപ |
| ആവർത്തന ചിലവ് | – | 20,650 രൂപ |
| ലാഭം – 1–ാം വർഷം | – | 6000 രൂപ |
| ലാഭം – 2–ാം വർഷം | – | 35,000 രൂപ |
| ലാഭം – 3–ാം വർഷം | – | 35,000 രൂപ |

ഇതു കൂടാതെ ഏകദേശം 6000 രൂ പ വീതം വില യുള്ള 10 പന്നികൾ കർഷകന്റെ കൈവശം ഉണ്ടാകും.

കുറിപ്പ് :- മേഖലാടിസ്ഥാനത്തിലുള്ള സാദ്ധ്യതകളെ മതപരമായ പരിഗണനകളും സമൂഹത്തിന്റെ സ്വീകാര്യതയും കണക്കിലെടുത്തു മാത്രം ഈ പദ്ധതി നടപ്പിലാക്കണം.

### b) ഇറച്ചി ആവശ്യത്തിനുള്ള ചെറിയയുണിറ്റുകൾ

ഗുണഭോക്താവിന്റെ താൽപ്പര്യാനുസരണം ഒന്നോ രണ്ടോ പന്നിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യുകയും അവയെ 6 മാസം വളർത്തി ഇറച്ചിക്കുവേണ്ടി വിൽക്കുന്ന പദ്ധതി.

## 11. സ്കൂൾ കുട്ടികൾക്കുള്ള മുയൽ വളർത്തൽ പദ്ധതി

പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ 8–ാം ക്ലാസ്സിൽ പഠിക്കുന്ന50വിദ്യാർത്ഥികളെ വീതം ഓരോ വർഷവും പദ്ധതിയിൽ ഉൾപ്പെടുത്തും. അവർക്ക് ഒരു ആൺ മുയലും പെൺ മുയലും അടങ്ങുന്ന ഒരോ യൂണിറ്റു വീതം സൗജന്യമായി വിതരണം ചെയ്യുന്നതാണ്. ഇവർ 9–ാം ക്ലാസ്സിലും 10–ാം ക്ലാസ്സിലും എത്തുമ്പോൾ ഒരു ജോടി മുയൽ കുഞ്ഞുങ്ങളെ വീതം പഞ്ചായത്തിന് സൗജന്യമായി മടക്കി നൽകേണ്ടതാണ്. ഇതിനുള്ള സമ്മതപത്രം കുട്ടിയുടെ രക്ഷിതാവ് പഞ്ചായത്തിന് നൽകിയിരിക്കണം.

## മൃഗാശുപത്രി - ചമ്പക്കര

സ്ഥാപിച്ച തീയതി :21 –10 – 19988

പ്രവർത്തന മേഖല : കറുകച്ചാൽ പഞ്ചായത്ത്

**ജീവനക്കാരുടെ വിവരം :**

വെറ്ററനറി സർജൻ – 1

ലൈവ് സ്റ്റേക്ക് ഇൻസ്പെക്ടർ – 1

അസിസ്റ്റന്റ് – 1

പാർട്ട് ടൈം സ്വീപ്പർ – 1

കറുകച്ചാൽ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിലെ അനുബന്ധ സ്ഥാപനം

ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം, കറുകച്ചാൽ.

**ജീവനക്കാരുടെ വിവരം :**

ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ – 1

പാർട്ട് ടൈം സ്വീപ്പർ – 1



7

# വ്യവസായം



വലിയ വ്യവസായിക പാരമ്പര്യം അവകാശപ്പെടാനില്ലാത്ത പഞ്ചായത്താണ് കറുകച്ചാൽ. പഞ്ചായത്തിന്റെ രൂപീകരണത്തിനു മുൻപും പിൻപുമുള്ള കാലയളവിൽ ഇവിടെയുണ്ടായിരുന്നത്, തടി വ്യവസായം, നാളികേരം, കയർ നിർമ്മാണം, പരുത്തിനൂൽ ഉത്പാദനം, പരമ്പരാഗത വ്യവസായമായ കുട്ട, പനമ്പ്, പായ എന്നിവയുടെ നിർമ്മാണവും, ചിരട്ടത്തവി, കാർഷികോപകരണങ്ങൾ, വലിയ തോതിൽ കൊപ്രാ വ്യവസായം, മലഞ്ചരക്കു വ്യാപാരം, കുമ്മായ നിർമ്മാണം, ചുണ്ണാമ്പ് തുടങ്ങിയ ഉത്പന്നങ്ങൾ ധാരാളമായി വിറ്റഴിക്കപ്പെടുകയും ചെയ്തിരുന്നു.

ഈ പഞ്ചായത്തിലെ പ്രധാന തേങ്ങവെട്ടു കേന്ദ്രങ്ങൾ, മാമുണ്ട, കൊച്ചുപറമ്പ്, വെട്ടിക്കാവുങ്കൽ, കറുകച്ചാൽ, നെത്തല്ലൂർ, തൈപ്പറമ്പ്, കുറുപ്പൻ കവല, ആശ്രമം പടി, തൊമ്മച്ചേരി, ചിറക്കൽ, കൂത്രപ്പള്ളി, മൂതിഞ്ഞാറക്കുളം. കിഴക്കൻ പ്രദേശങ്ങളിൽ നിന്നുംകറുകച്ചാലിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും, മലഞ്ചരക്കും, കൊപ്രായും കയറ്റി, നിരനിരയായി കാളവണ്ടികൾ ചങ്ങനാശ്ശേരിയിലേക്കു പോയിരുന്നത് ആധുനിക വാഹനങ്ങളുടെ പ്രത്യക്ഷപ്പെടലിലും, തിരക്കിലും പുതുതലമുറയ്ക്ക് അത്ഭുതമായേക്കാം. അക്കാലയളവിൽ, യാത്രയ്ക്കായി

വില്ലുവണ്ടികളും, കാളവണ്ടികളും ഉപയോഗിച്ചിരുന്നു. കറുകച്ചാൽ അന്ന് കാളവണ്ടികളുടെ ഒരു വിശ്രമ കേന്ദ്രമായിരുന്നു.

കാലപ്രവാഹത്തിൽ ആധുനിക ജീവിത സൗകര്യങ്ങളോടുള്ള ആസക്തിയിലും കൃഷിയിലുമുണ്ടായ മാറ്റത്തിലും മേൽപറഞ്ഞ വ്യവസായങ്ങളൊക്കെ, നമുക്കന്യമായി. 1970 കളുടെ മദ്ധ്യത്തിൽ നൂതന വ്യവസായസംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിൽ ചെറിയ തോതിൽ ആരംഭിച്ചു. ഉദാ: ചമ്പക്കര മാച്ച് ഫാക്ടറി ഈ രംഗത്തെ തുടക്കമായിരുന്നു. അതിനുശേഷം അനുബന്ധമായി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിച്ചു. കുരുമുളകു സംസ്കരണം, കൊപ്രാ സംസ്ക്കരണം, റബ്ബർ ചെരിപ്പു നിർമ്മാണം, മൺ പൈപ്പ്, ആസ്ബസ്റ്റോസ് കുഴൽ, തുണി നെയ്ത്ത് തുടങ്ങിയ വ്യവസായങ്ങൾ നിലനിന്നിരുന്നു എന്നാൽ തുണി നെയ്ത്ത് ഇപ്പോഴില്ല. എന്നാൽ റബ്ബർ ബാന്റ് നിർമ്മിക്കുന്ന രണ്ട് ഫാക്ടറികൾ ചമ്പക്കരയിൽ പ്രവർത്തിക്കുന്നു. മാന്തുരുത്തിയിൽ മറ്റൊരു ഫാക്ടറിയും, തൊമ്മച്ചേരിയിൽ മെറ്റൽ ഇൻഡസ്ട്രിയൽ ഫാക്ടറിയും പ്രവർത്തനത്തിൽ തുടരുന്നു. 94-95 കാലമായപ്പോഴേയ്ക്കും നമ്മുടെ പഞ്ചായത്തിൽ കൂത്രപ്പള്ളി കേന്ദ്രമാക്കി കാർമ്മൽ റബ്ബർ ഇൻഡസ്ട്രീസ്, പാലാക്കുന്നേൽ റബ്ബർ ബാന്റ് നിർമ്മാണ യൂണിറ്റ്, ചമ്പക്കര സോമിൽസ്, ശ്രീ ഭദ്രാ വുഡ് ഇൻഡസ്ട്രീസ്, ആശാരിപ്പറമ്പിൽ സോമിൽസ്, എന്നിവ സ്ഥാപിതമായതു കൂടാതെ പി.എൽ. സി. ഫാക്ടറിയും പ്രവർത്തനം തുടരുന്നു. ഇറച്ചിക്കോഴി വളർ ത്തൽ കേന്ദ്രങ്ങളും, കൂത്രപ്പള്ളി കാവുങ്കൽപ്പടി, ശാന്തിപുരം എന്നിവിടങ്ങളിൽ വില്പനകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ഇക്കാലയളവിൽ പ്രചാരം ലഭിച്ച സിമന്റു കട്ട നിർമ്മാണം, കറുപ്പൻ കവല ചമ്പക്കര, ബുധനാക്കുഴി, ചെറുമാക്കൽ, കൂടത്തിനാൽ ഭാഗത്ത് ഓടലുങ്കൽ, കണ്ണൻകുളം, കാവുങ്കൽപ്പടി, കൊച്ചുപറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ പ്രവർത്തനം തുടരുന്നുണ്ടെങ്കിലും ഇവയെല്ലാം സ്വകാര്യ മേഖലയിലാണ്. ഒന്നൊഴിച്ച് ചുരുക്കം തൊഴിലവസരങ്ങളല്ലാതെ ഈ വ്യവസായങ്ങളിലൂടെ ലഭിക്കുന്നില്ല. റബ്ബർ കൃഷി വ്യാപകമായ പഞ്ചായത്തായതിനാൽ സർക്കാർ ഉടമയിൽ റബ്ബറധിഷ്ടിത വ്യവസായം ആരംഭിക്കണം വളരെയേറെ തൊഴിൽ സാദ്ധ്യതയുള്ള കാലിത്തീറ്റ നിർമ്മാണ ഫാക്ടറി സ്ഥാപിക്കുകയും വേണം.



ഈ പഞ്ചായത്തിൽ പൊതുമേഖലാ വ്യവസായങ്ങൾ ആരംഭിക്കേണ്ടതാണ്. ഇവയൊന്നും ഈ പ്രദേശങ്ങളിൽ പ്രവർത്തനത്തിലില്ല. ഇത്തരം സ്ഥാപനങ്ങൾ തൊഴിലില്ലായ്മ രൂക്ഷമായ ഈ പഞ്ചായത്തിൽ അത്യാവശ്യമാണ്.

**പ്രധാന പ്രശ്നങ്ങൾ**

1. അധികം ജനങ്ങളും ഇടത്തരം കൃഷിക്കാരാണ്. വ്യവസായരംഗത്തേക്ക് ആൾക്കാർ പ്രവേശിക്കാത്തതിന്റെ കാരണം സാമ്പത്തിക പിന്നോക്കാവസ്ഥ അഥവാ മൂലധനക്കുറവ്.
2. ധനകാര്യസ്ഥാപനങ്ങളുടെ നിഷേധാത്മക നിലപാട് നവാഗതരെ ഈ രംഗത്തേയ്ക്ക് വരാൻ അനുവദിക്കുന്നില്ല.
3. വ്യവസായം ആരംഭിക്കാൻ കഴിയാത്ത പ്രധാന കാരണം വൈദ്യുതിയുടെ ലഭ്യതക്കുറവ്.
4. വ്യവസായ സാദ്ധ്യതയെക്കുറിച്ചും വ്യവസായ മേഖലയെക്കുറിച്ചുമുള്ള ബോധവൽക്കരണമില്ലായ്മ.
5. വിപണന സാദ്ധ്യതകളുടെ അപര്യാപ്തത.
6. ലൈസൻസുകൾ, ക്ലിയറൻസുകൾ തുടങ്ങി

യവകൾക്കുള്ള കാലതാമസം.

7. വിൽപന നികുതിപോലെയുള്ള സർക്കാർ നികുതികൾ വൻകിട, ചെറുകിട വ്യത്യാസം അടിച്ചേല്പിക്കപ്പെടുന്നതും വ്യവസായ പിന്നോക്കാവസ്ഥയ്ക്ക് കാരണമാകുന്നു.

## സാദ്ധ്യതകൾ

1. സഹകരണ രംഗത്ത് വ്യവസായങ്ങൾ തുടങ്ങാം.
2. റബ്ബർ കൃഷി ധാരാളമുള്ള പഞ്ചായത്തായതാനാൽ സർക്കാർ ഉടമയിൽ റബ്ബറധിഷ്ടിത വ്യവസായം ആരംഭിക്കാവുന്നതാണ്.
3. ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം.
4. വനിതാ സഹകരണസംഘം, ഹരിജൻ സഹകരണസംഘം എന്നിവയ്ക്ക് സാദ്ധ്യത വളരെക്കാണുന്നു.
5. സോപ്പു നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ സാദ്ധ്യതയുണ്ട്.
6. സ്വകാര്യ മേഖലയിൽ റബ്ബർ തടി ഉപയോഗിച്ച് ഫർണിച്ചർ, വീടുനിർമ്മിക്കുന്നതിനുള്ള സിമന്റ് കട്ടകൾ, ജനൽ, കട്ടിള തുടങ്ങിയവയുടെ ഉൽപാദനവും, വിപണനവും സാദ്ധ്യമാണ്. ഇവ സഹകരണാടിസ്ഥാനത്തിലുമാകാം.
7. ഭക്ഷ്യ വസ്തുക്കൾ, പൊടിച്ചു പായ്ക്കറ്റുകളിലാക്കി വിപണനം ചെയ്യാവുന്ന സാധനങ്ങളുടെ വ്യവസായവും വിപണനവും തുടങ്ങാവുന്നതാണ്. ഇത് വനിതകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നു.

ഈ നടപടികൾ തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ഒരു പരിധിവരെ ആശ്വാസകരമായിരിക്കും.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ശാന്തിപുരത്ത് അന്തിച്ചന്ത സ്ഥാപിക്കുക.
2. ശാന്തിപുരത്ത് റബ്ബർ വ്യവസായ സംരംഭം ആരംഭിക്കുക.
3. കൂത്രപ്പള്ളി കേന്ദ്രമാക്കി പൊതുമേഖലയിൽ കൊക്കോ സംസ്ക്കരണ കേന്ദ്രം ആരംഭിക്കുക.
4. കൂത്രപ്പള്ളിയിൽ ക്ഷീരോല്പാദക സഹകരണ സംഘം സ്ഥാപിക്കുക.
5. കറുകച്ചാൽ ബംഗ്ലാംകുന്ന് കേന്ദ്രമാക്കി പരമ്പരാഗത വ്യവസായയൂണിറ്റ് ആരംഭിക്കുക.
6. കറുകച്ചാൽ കവലയിലെ വഴിവാണിഭം നിരോധിക്കുക.
7. കൊച്ചുപറമ്പു കേന്ദ്രമാക്കി കാലിത്തീറ്റഫാക്ടറി സ്ഥാപിക്കുക.
8. മാന്തുരുത്തിയിൽ 10 സെന്റിൽ കൂടുതലുള്ള തോട്ടു പുറമ്പോക്ക് സൈഡുകെട്ടി, മത്സ്യ, മാംസ പച്ചക്കറി ചന്തയാക്കി മാറ്റിയാൽ പഞ്ചായത്തിന് വരുമാനമുണ്ടാക്കാവുന്നതാണ്.

8

# വിദ്യാഭ്യാസം



സി. എം. എസ്. യു. പി. എസ് കൂത്രപ്പള്ളി

വിദ്യാഭ്യാസരംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമെന്ന നിലയിൽ പ്രാദേശികമായ വിദ്യാഭാസ പ്രവർത്തനങ്ങളിൽ ഈ പഞ്ചായത്ത് ഉയർന്ന നിലവാരം പുലർത്തുന്നു. സാമൂഹ്യപുരോഗതിയുടെ ആദ്യ ദശകത്തിൽ ത്തന്നെ ഈ പഞ്ചായത്തിൽ വിദ്യഭ്യാസ പ്രവർത്തനങ്ങൾ നടന്നിരുന്നതായി പഴമക്കാരിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നു. കോട്ടയം കേന്ദ്രമാക്കി ചർച്ച് മിഷൻ സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിച്ചപ്പോൾ തിരുവിതാംകൂറിൽ വിദ്യാഭ്യാസത്തിന് നാന്ദികുറിച്ചു. ചർച്ച് മിഷൻ സൊസൈറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിയത്. ഈ പഞ്ചായത്തിൽ ആദ്യമായി സ്കൂൾ തുടങ്ങിയത് കൂത്രപ്പള്ളിയിൽ കാരിക്കാന്നിരവിൽ പ്രവർത്തിക്കുന്ന സി. എം. എസ്. എൽ. പി. സ്കൂളാണ്. 110 വർഷം മുൻപ് സ്ഥാപിച്ചതാണ് ഈ വിദ്യാലയം. ഈ പഞ്ചായത്തിലെ മൺമറഞ്ഞവരും, ജീവിച്ചിരിക്കുന്നതുമായ പ്രമുഖർ ആദ്യാക്ഷരത്തിന്റെ മാധുര്യം നുകർന്നത് ഇവിടെ നിന്നുമാണ്. എന്നാൽ സുവർണ്ണ ജൂബിലി ആഘോഷം കഴിഞ്ഞപ്പോൾ ഈ സ്ഥാപനം ഈ പഞ്ചായത്തിലെ ഏറ്റവും മോശമായ വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ എത്തി നിൽക്കുന്നു.

കേരളത്തിൽ വിദ്യാഭ്യാസമേഖലയിൽ നിർണ്ണായക സ്ഥാനം വഹിക്കുന്ന എൻ. എസ്. എസ്. വിദ്യാലയത്തിന്റെ തുടക്കം ഈ പഞ്ചായത്തിലായത് നമുക്ക് അഭിമാനിക്കാൻ വക നൽകുന്നു. (1091 ഇടവം 16) 1914 ഒക്ടോബർ 31–ാം തീയതി മഹാനായ ശ്രീ. മന്നത്തു പത്മനാഭന്റെ ശ്രമഫലമായി ഒരു വിദ്യാലയത്തിന് ഗോമതി നാരായണപിള്ള തറക്കല്ലിട്ടു. നമ്മുടെ പഞ്ചായത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് ഈ വിദ്യാലയമാണ്. ഈ സ്കൂളിലെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. കെ. കേളപ്പനായിരുന്നു. സർവ്വോദയ നേതാവുകൂടുയായിരുന്ന ബഹുമാന്യനായ ശ്രീ. മന്മഥൻസാർ ഈ സ്കൂളിലെ അദ്ധ്യാപകനായിരുന്നു. കറുകച്ചാലിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ നെടുതൂണായിമാറാൻ കഴിഞ്ഞ ഈ വിദ്യാലയം എൻ എസ്. എസ്. ന്റെ ഏറ്റവും ആദ്യത്തെ സ്ഥാപനമാണെന്ന സത്യം നമ്മെ അഭിമാനപുളകിതരാക്കുന്നു. ചർച്ച് മിഷൻ സൊസൈറ്റി യുടെ വകയായി ഈ പഞ്ചായത്തിൽ ആരംഭിച്ച മറ്റു സ്കൂളുകൾ, ശാന്തിപുരത്ത് ചക്കിമംഗലം എൽ. പി.എസ്സും, നെടുങ്ങാടപ്പള്ളിയിലെ സി.എം.എസ്. എൽ. പി. എസ്സ്, എച്ച്. എസ്സ് എന്നിവയുമാണ്. തിരുവിതാംകൂറിൽ നവോത്ഥാന പ്രവർത്തനങ്ങൾ നടന്നുവരുന്ന കാലത്താണ് ഈ വിദ്യാലയങ്ങൾ പ്രവർത്തനം ആരംഭിച്ചത്.

ഭൂവുടമാ സമ്പ്രദായം നിലനിന്നിരുന്ന ഒരു ദേശമായിരുന്നതുകൊണ്ട് പിന്നോക്കജാതിയിൽപ്പെട്ടവർക്ക് വിദ്യാഭ്യാസം ലഭിക്കുന്ന ലക്ഷ്യത്തോടെയാണ് സി. എം. എസ് പ്രവർത്തനം ആരംഭിച്ചത്. അതിന്റെ ഭാഗമായി വയോജന വിദ്യാഭ്യാസം നടന്നു പോന്നിരുന്നു. നിശാപാഠശാല കാരിക്കാനിരവ് കേന്ദ്രമായി നടന്നിരുന്നതായി പറയപ്പെടുന്നു. കത്തോലിക്കാ സമുദായത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഭാഗമായി കൂത്രപ്പള്ളിയിൽ ഒരു സ്കൂൾ സ്ഥാപിതമായി. ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ശ്രീ. കൈനിക്കര കുമാരപ്പിള്ള, ശ്രീ.എം. പി. മന്മഥൻ തുടങ്ങിയവർ സാംസ്കാരിക പ്രവർത്തനം നടത്തിയതും ഈ പഞ്ചായത്തിന്റെ സാംസ്കാരിക പുരോഗതിയിലേയ്ക്ക് വെളിച്ചം വീശിയ വസ്തുകളാണ്.

ഇപ്പോൾ ഈ പഞ്ചായത്തിൽ 3 ഹൈസ്കൂളുകളും, 4 അപ്പർ പ്രൈമറി സ്കൂളുകളും, 4 ലോവർ പ്രൈമറി സ്കൂളുകളും 3 നേഴ്സറി സ്കൂളുകളും 21 അംഗൻവാടികളും, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി പോളിടെക്നിക്കും, 4 ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളും, 3 സമാന്തര കോളേജുകളും, ഒരു ഹിന്ദി ട്യൂഷൻ കോളേജും, 3 കമ്പ്യൂട്ടർ സെന്ററുകളും, Y. M. C.A. യുടെ ആഭിമുഖ്യത്തിൽ മന്ദബുദ്ധികൾക്ക് വിദ്യാഭ്യാസം നൽകുന്ന ഒരു സ്ഥാപനവും, 3 ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ഉണ്ട്. മന്നം സ്മാരക ആശുപത്രിയുടെ ഭാഗമായി ഒരു നഴ്സിംഗ് സ്കൂളും, ഒരു ലാബോറട്ടറി ടെക്നീഷ്യൻ ഇൻസ്റ്റിറ്റ്യൂട്ടും, A.C.M.M. ഹോസ്പിറ്റലിൽ ഒരു നഴ്സിംങ് സ്കൂളും പ്രവർത്തിച്ചു വരുന്നു.

സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ വളരെ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്കുവെച്ച് പഠനം നിർത്തിയിട്ടുണ്ട്.

ആകെയുള്ള സ്കൂളുകളിൽ 2 ലോവർ പ്രൈമറി സ്കൂളുകൾ മാത്രമാണ് സർക്കാർ ഉടമയിലുള്ളത്. സ്വകാര്യ സ്കൂളുകളിൽ അധികം കുട്ടികൾ പഠിക്കുമ്പോഴും വിദ്യാഭ്യാസ രംഗത്ത് പൊതുവെ നിലവാരത്തകർച്ച അനുഭവപ്പെടുന്നു.

ഈ പഞ്ചായത്തിലെ പൊതു സ്ഥിതി രക്ഷിതാക്കൾ കുട്ടികളെ പൊതുസ്കൂളുകളിൽ അയയ്ക്കാൻ മടികാണിക്കുന്നു എന്നതാണ്. താണ വരുമാനക്കാർക്ക് മാത്രമായി ഉള്ളതാണ് സർക്കാർ സ്കൂളുകൾ എന്ന ഒരു ധാരണ ഈ പഞ്ചായത്തിൽ വ്യാപിച്ചതായി കാണാം. ഉന്നത വിദ്യാഭ്യാസവും ഉയർന്ന നിലവാരവും ഉണ്ടാകണമെങ്കിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ തന്നെ വേണമെന്ന ധാരണയും നമ്മുടെ പഞ്ചായത്തിൽ വ്യാപിക്കുന്നതിന് പല ന്യായവാദങ്ങളും രക്ഷിതാക്കൾ മുൻപോട്ടുവെയ്ക്കുന്നു. ഉയർന്ന മാർക്കും ഉന്നതനിലവാരവും പുലർത്താൻ ഇതു നിർബന്ധമില്ലെന്ന് നമ്മുടെ കഴിഞ്ഞകാല ചരിത്രം ഓർമ്മിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിൽ ഇല്ല. അതുകൊണ്ട് വാഴൂർ, ചങ്ങനാശ്ശേരി, പാമ്പാടി, തുരുത്തിക്കാട് തുടങ്ങിയ പ്രദേശങ്ങളിലെ കോളേജുകളെയും, സാങ്കേതി വിദ്യാഭ്യാസ സ്ഥാപനങ്ങളേയുമാണ് ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ആശ്രയി

ക്കുന്നത്. ദ്രുതഗതിയിൽ വികസിച്ചുകൊണ്ടിരിക്കുന്ന ഒരു പട്ടണമെന്നനിലയിലും കോട്ടയം, കോഴഞ്ചേരി, ശബരിമല, ചങ്ങനാശ്ശേരി, കുമളി എന്നീ സ്ഥലങ്ങളെ തമ്മിൽ ഗതാഗതപരമായി ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമെന്ന നിലയിൽ കറുകച്ചാൽ കേന്ദ്രമായി ഒരു എൻജിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. കറുകച്ചാലിലെ ബഹുഭൂരിപക്ഷം കുട്ടികളും കമ്പ്യൂട്ടർ പഠനരംഗത്തേക്കു തിരിയുന്നതുകൊണ്ട് ഈ പഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഫീസ് ആനുകൂല്യം നൽകി പ്രവർത്തിക്കുന്ന ഒരു കമ്പ്യൂട്ടർ പഠനകേന്ദ്രം സർക്കാർ ഉടമസ്ഥതയിൽ ആരംഭിക്കണം. അതിനുവേണ്ട സഹായങ്ങൾ അധികാരപ്പെട്ട വകുപ്പുകളിൽ നിന്നും നൽകണം.

പഞ്ചായത്തിലെ 3 ഹൈസ്കൂളുകളിലെയും S.S.L.C. വിജയശതമാനം താരതമ്യേന കുറവാണ്. കുറഞ്ഞ മാർക്ക് വാങ്ങുന്നതുകൊണ്ട് അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനം ലഭിക്കാതെ അധികം വിദ്യാർത്ഥികളും പാരലൽ കോളേജുകളെ ആശ്രയിക്കുന്നു. എന്നാൽ ഈ കുട്ടികൾ കഷ്ടിച്ച് P.D.C. വരെ പഠിച്ച് വിജയിക്കാതെ പഠനം അവസാനിപ്പിക്കുന്ന സ്ഥിതി ഈ പഞ്ചായത്തിലെ സ്ഥിരം കാഴചയാണ്. സാധാരണയായി ഹൈസ്കൂൾ ക്ലാസ്സുകൾ വരെയുള്ളവർ വിജയിക്കാത്തത് കണക്ക്, ഇംഗ്ലീഷ്, സയൻസ്, തുടങ്ങിയ വിഷയങ്ങൾക്കാണ്. അതിന്റെ കാരണങ്ങളിലൊന്ന് കുട്ടികളുടെ പഠനകാര്യങ്ങളിൽ മാതാപിതാക്കൾ ശ്രദ്ധപതിപ്പിക്കുന്നില്ല എന്നതുതന്നെയാണ്. കുടുംബാന്തരീക്ഷം, ആഹാരം, മാതാപിതാക്കളുടെ വിദ്യാഭ്യാസക്കുറവ് തുടങ്ങിയ കാരണങ്ങളാൽ വിജയശതമാനം കുറയുന്നതായി സർവ്വേയിൽ നിന്നും മനസ്സിലാക്കുന്നു. അതിനുവേണ്ട ബോധവൽക്കരണ പരിപാടി വിദ്യാഭ്യാസ വകുപ്പും സന്നദ്ധസംഘടനകളും നടത്തിയാൽ കുറെ യൊക്കെ ഇതിനു പരിഹാരം ഉണ്ടാക്കുവാൻ സാധിക്കും.

ഈ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും P.T.A. ഉണ്ടെങ്കിലും അവ ഫല പ്രദമായി കൂടുകയോ കുട്ടികളുടെ കാര്യങ്ങൾ അന്വേഷിക്കുകയോ പഠന പഠനേതര വിഷയങ്ങളിൽ ശ്രദ്ധിക്കുകയോ ചെയ്യാത്തത് വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്ക് കാരണമാവുന്നു. നമ്മുടെ പഞ്ചായത്തിൽ കലാകായിക രംഗങ്ങളിൽ ഉയർന്നു വരുന്ന വിദ്യാർത്ഥികൾ 1960–65 കളിൽ ഉണ്ടായിരുന്നുവെങ്കിലും 95–96 ആയപ്പോൾ ഈ രംഗത്ത് ആരേയും വളർത്തിയെടുക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ വികസിപ്പിക്കുവാൻ കലാകായിക രംഗത്തിന് മുൻതൂക്കം കൊടുക്കുന്നതിനും, സ്കൂളുകളുടെ പ്രവർത്തനങ്ങളെ സജ്ജമാക്കുന്നതിനും വിദ്യാഭ്യസവകുപ്പും സന്നദ്ധസംഘടനകളും P.T.A യും മുൻകൈ എടുക്കണം.



എൻ. എസ്. എസ്. എച്ച്. എസ്. കറുകച്ചാൽ

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനത്തിൽ തിളക്കമാർന്ന ഒരു അദ്ധ്യായമായിരുന്നു സാക്ഷരതാ പ്രവർത്തനം നമ്മുടെ നാടിന്റെ സാമൂഹിക സാംസ്കാരിക ചരിത്രത്തിൽ ഉത്സവപ്രതീതി ജനിപ്പിച്ച് നിരക്ഷരതയുടെ തടവറയിൽ നിന്നും അറിവിന്റെ ലോകത്തേക്ക് ഒരു പറ്റം മനുഷ്യരെ കൈപിടിച്ചുയർത്താൻ ഈ ഗ്രാമം ഉണർന്നു പ്രവർത്തിച്ച കാലം. ആ മഹനീയ സംരംഭത്തിൽ ധാരാളംപേർ ഒരു മനസ്സോടെ, തന്റെ ജീവിതകാലയളവിൽ തനിക്കുചെയ്യാവുന്ന ഏറ്റവും വലിയ പുണ്യകർമ്മമായി ഈ പ്രവർത്തനത്തിൽ പങ്കുകൊണ്ടു. 146 പഠനകേന്ദ്രങ്ങളിലായി 662 പഠിതാക്കൾ അറിവിന്റെ മാധുര്യം നുകർന്നു. ഈ പ്രവർത്തനത്തിൽ 144 ഇൻസ്ട്രക്ടർമാരും 11 മാസ്റ്റർ ട്രയിനിമാരും റിസോഴ്സ് പേഴ്സൺസ്മാരും അടക്കം സാക്ഷരതാപ്രവർത്തനരംഗത്ത് 2 വർഷക്കാലം158 പേർ കർമ്മ നിരതരായിരുന്നു. കോട്ടയം ജില്ലയിലെ മറ്റു പഞ്ചായത്തുകളെക്കാൾ മുൻപിൽ 610 പേരെ മൂല്യനിർണ്ണയം നടത്തി, 98.2% നിലവാരത്തോടെ ഒന്നാം സ്ഥാനത്തെത്താൻ നമ്മുടെ പഞ്ചായത്തിനു കഴിഞ്ഞു. എന്നാൽ നവ സാക്ഷരരെ തുടർവിദ്യാഭ്യാസം ചെയ്യിക്കുന്നതിനു വേണ്ട നടപടികൾ മാറിവന്ന രാഷ്ട്രീയ സാഹചര്യത്തിൽ ഇല്ലാതെ പോയപ്പോൾ നമ്മുടെ പഞ്ചായത്തിലും പ്രവർത്തനം നിലച്ചു. 9-ാം പദ്ധതിയിൽ നവസാക്ഷരരെ തുടർവിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്താൽ ഈ സ്ഥിതിക്കു മാറ്റമുണ്ടാക്കാം.

**നിർദ്ദേശങ്ങൾ**

1 സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

2 ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കുക.

3 അനൗപചാരിക വിദ്യാഭ്യാസവും, വയോജന വിദ്യാഭ്യാസവും, മറ്റു സാക്ഷരതാ പരിപാടികളും നടപ്പിലാക്കുക.

4 സ്കൂളുകളിൽ കായികാദ്ധ്യാന സംസ്കാരം വളർത്തിയെടുക്കുകയും അവതരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

5 ഗ്രാമീണ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക

6 കുട്ടികളുടെ കൊഴിഞ്ഞുപോകൽ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

7 സ്കൂൾ വർഷം ആരംഭിക്കുമ്പോൾ തന്നെ പാഠപ്പുസ്തകങ്ങൾ വിതരണം ചെയ്യുവാൻ സർക്കാർ നടപടി സ്വീകരിക്കുക.

8 ഇടയ്ക്കുവച്ചു പഠനം നിർത്തിയ വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുവാനുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.

9 P. T. A. ഇല്ലാത്ത സ്കൂളുകളിൽ P. T. A. രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുക

10 അദ്ധ്യാപക-രക്ഷാകർത്തൃ-വിദ്യാർത്ഥി സമ്മേളനങ്ങൾ മാസത്തിൽ ഒരിക്കൽ നിർബന്ധമായും കൂടാനുള്ള നടപടി സ്വീകരിക്കുക.

11 കലാകായിക രംഗത്ത് വിദ്യാർത്ഥികളെ വളർത്തിയെടുക്കുവാനുള്ള നടപടി സ്വീകരിക്കുക.

12 കളി സ്ഥലമില്ലാത്ത സ്കൂളുകളിൽ കളി സ്ഥലം നിർമ്മിക്കുക.

13 സ്കൂളുകളിലെ എസ്. എസ്. എൽ. സി. വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്കൂൾ ഹെഡ്മാസ്റ്ററുന്മാരുമായി ആലോചിച്ചു നടത്താൻ പരിശ്രമിക്കുക..

14 പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തെ തരംതിരിവ് അവസാനിപ്പിക്കാനുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ നാടിന്റെ ചരിത്രത്താളുകളിൽ സ്ഥാനം പിടിച്ച മഹാരഥന്മാരെ സംഭാവന ചെയ്തവരാണ്. എന്നാൽ കുറെ നാളുകളായി ഈ പഞ്ചായത്തിലെ വിദ്യാലയങ്ങൾ പലകാര്യങ്ങളിലും പിന്നോക്കംപോയി എങ്കിൽ അതിന്റെ

കാരണം കണ്ടു പിടിക്കാൻ നാം ഒരോരുത്തരും ശ്രമിക്കേണ്ടതാണ്. വരും തലമുറയെ സത്യത്തിന്റെ പാതയിലൂടെ ..... നന്മകൾ നിറഞ്ഞ മനസ്സിന്റെ ഉടമകളാക്കാൻ .... കുട്ടികളുടെ അറിവ് തേടിയുള്ള യാത്രയിൽ അവർക്കൊപ്പം നിൽക്കാനും ഒരു പുതിയ വിദ്യാഭ്യാസ സംസ്കാരം പടുത്തുയർത്താനും നമുക്കുകൂട്ടായി പ്രവർത്തിക്കാം.



*"ഈ ഭൂമി നമുക്കു മാത്രമുള്ളതല്ല. വരും തലമുറയ്ക്കു ഭദ്രമായി കൈമാറാനായി മുൻതലമുറ നമ്മെ ഏൽപ്പിച്ച അക്ഷയഖനിയാണ്. നമുക്ക് നമ്മുടെ കടമ നിർവ്വഹിക്കാം"*

9

# പൊതുജനാരോഗ്യം



പ്രൈമറി ഹെൽത്ത് സെന്റർ കറുകച്ചാൽ

കാറുകച്ചാലിൽ അലോപ്പതി ചികിത്സ ആരംഭിക്കുന്നത് 1974-ലാണ്. ഡോ. എം. എം. ചെറിയാന്റെ നേതൃത്വത്തിൽ എ. എസി. എം. എം. ഹോസ്പിറ്റൽ എന്ന പേരിൽ ചെറിയ ഒരാശുപത്രി പ്രവർത്തനമാരംഭിച്ചു.

1950-ന് ശേഷമാണ് ഒരു സർക്കാർ ആശുപത്രി കറുകച്ചാലിൽ ആരംഭിച്ചത്. രോഗചികിത്സയോടൊപ്പം രോഗപ്രതിരോധത്തിനും സ്ഥാനം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ഭാരതത്തിലാകമാനം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി. അക്കൂട്ടത്തിൽ മാടപ്പള്ളി ബ്ലോക്കിൽ സ്ഥാപിതമായ ഏക പ്രൈമറി ഹെൽത്ത് സെന്ററാണ് കറുകച്ചാലിൽ പ്രവർത്തിക്കുന്നത്.

ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിന്റെ തിരുനാളാകാഘോഷത്തോടനുബന്ധിച്ച് നടത്തിയ പണപ്പിരിവിൽ ബാക്കിവന്ന തുകകൊണ്ടാണ് ആശുപത്രിക്ക് സ്ഥലം വാങ്ങിയത്. അന്ന് ഡിവിഷണൽ പേഷ്ക്കാരായിരുന്ന ശ്രീ. എം. പി ജോസഫ് ആശുപത്രികെട്ടിടത്തിന് തറക്കല്ലിട്ടു. കെട്ടിടനിർമ്മാണത്തിനായി ശ്രീ. വി. രാമൻകുട്ടി കൺവീനറായി 9 അംഗങ്ങളുള്ള ഒരു കമ്മറ്റി നിലവിൽ വന്നു. ജനങ്ങളിൽ നിന്ന് പിരിച്ചെടുത്ത തുകകൊണ്ടാണ് ആശുപത്രിയുടെ ഒന്നാം ഘട്ടം പണി നടത്തിയത്. 1957-ൽ ഉദ്ഘാടനം നടത്തി. ഉദ്ഘാടനം നടന്നെങ്കിലും ആശുപത്രി അന്ന് പ്രവർത്തനം ആരംഭിച്ചില്ല. 1961-ൽ ചില്ലറപണികൾക്ക് ശേഷം ശ്രീ. വി. കെ. വേലപ്പൻ ആശുപത്രി വീണ്ടും ഉദ്ഘാടനം നടത്തി. അന്നു മുതൽക്കാണ് ചികിത്സയ്ക്ക് തുടക്കമിട്ടത്. ഡോ. രാജമ്മ ഉദ്ഘാടന സമയത്ത് ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ടു. ശ്രീമതി. ലൂസി ഏബ്രഹാമയിരുന്നു ആദ്യത്തെ ഡോക്ടർ. 1997

ആയിട്ടും രണ്ടു ഡോക്ടർമാർ മാത്രമാണ് ഇവിടെ സേവനമനുഷ്ടിക്കുന്നത്.

1990- നു ശേഷം ഈ പ്രാഥമികാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്തു സെന്ററായി ഉയർത്തിയെങ്കിലും അതിന്റെ ഘടനയിൽ വരുന്ന ജീവനക്കാരോ സൗകര്യങ്ങളോ ഈ സ്ഥാപനത്തിനില്ല. ആഗോളതലത്തിൽ വൻ ഭീഷണി ഉയർത്തുന്ന മാരകരോഗങ്ങൾ നമ്മുടെ രാജ്യത്തു കണ്ടു തുടങ്ങിയ നിലയ്ക്ക് രോഗപ്രതിരോഗ സന്ദേശം ബോധവത്ക്കരണത്തിലൂടെ വ്യാപകമാക്കുന്നതിന് ആവശ്യമായ ഫീൽഡ് വിഭാഗം ജീവനക്കാരെ പരിശീലിപ്പിക്കുന്നതിനുള്ള കേന്ദ്രമായും കമ്മ്യൂണിറ്റി ഹെൽത്തു സെന്റർ പ്രവർത്തിക്കേണ്ടതുണ്ട്. ഇത്തരുണത്തിൽ സമഗ്രമായ പ്രവ്രർത്തന പദ്ധതിക്ക് രൂപം നൽകേണ്ടിയിരിക്കുന്നു. ആയതിലേക്ക് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാർക്ക് താമസ സൗകര്യം, സാനിട്ടേഷൻ, ശുദ്ധജലം വൈദ്യുതി ഇവ ലഭ്യമാക്കുക. നൂറു കിടക്കകളോടുകൂടി ആശുപത്രിയുടെ നിലവാരം ഉയർത്തുക.. എക്സറേ പ്ലാന്റ് ആരംഭിക്കുക എന്നിവ അടിയന്തിര പ്രാധാന്യമർഹിക്കുന്നു.

ആധുനിക സജ്ജീകരണങ്ങളോടുകൂടി ചില സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നു. കമ്മ്യൂണിറ്റി ഹെൽത്തു സെന്ററിന് ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളെ അഭയം പ്രാപിക്കേണ്ടി വരുന്നു.

കറുകച്ചാൽ പഞ്ചായത്തിൽ 8-ാം വാർഡിൽ മാമുണ്ടയിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി പ്രവർത്തിക്കുന്നു. 1992 മെയ് 19 -ാം തീയതി ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചു. അന്ന് ആരോഗ്യ മന്ത്രിയായിരുന്ന ആർ. രാമചന്ദ്രൻ നായർ ഈ സ്ഥാപനത്തിന്റെ ഉത്ഘാടനം നിർവഹിച്ചു.

ആരോഗ്യ സംരക്ഷണവും രോഗ നിവാരണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈആയുർവ്വേദാശുപത്രിയിൽ കഴിഞ്ഞ 3 വർഷങ്ങളിലായി പലതരം രോഗം ബാധിച്ച ആളുകൾ ചികിത്സ തേടിയെത്തുന്നുണ്ട്. ആശുപത്രിക്ക് സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടം പണി നാളിതുവരെ നടന്നിട്ടില്ല. ആയുർവ്വേദ ആശുപത്രിയുടെ പണിക്കുവേണ്ടി M. P. ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ അനുവദിച്ചു. അതുകൊണ്ട് പണിപൂർത്തിയാകില്ല. ബാക്കിപണം ബ്ലോക്കു വഴിയോ, ജില്ലാപഞ്ചായത്തുവഴിയോ, മറ്റു സന്നദ്ധ സംഘടനകൾ മുഖേനയോ കണ്ടെത്തി പണിപൂർത്തിയാക്കേണ്ടതാണ്. ഔഷധച്ചെടി വച്ചു പിടിപ്പിക്കേണ്ട ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും അതിനവരെ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

ജനങ്ങളുടെ ആരോഗ്യ സംരക്ഷയ്ക്ക് വായു, ശുദ്ധമായ കുടിവെള്ളം, ശുചിത്വമുള്ള വീട് എന്നിവ അത്യാവശ്യമാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽ 90% വും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ പൊതുവെ വേനൽക്കാലങ്ങളിൽ രുക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതുസ്ഥലത്തും, സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളിലും, കിണറുകൾ, കുഴൽ കിണറുകൾ, കുളങ്ങൾ എന്നിവയും നീർച്ചാലുകളിൽ ആവശ്യം വേണ്ട സ്ഥലങ്ങളിൽ തടയണകളും സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുക. പത്താം വാർഡിൽ കാവിൽ പ്രദേശത്ത് കുളം നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാം.

മാക്കിയിൽ നിർമ്മിച്ചിരിക്കുന്ന കുഴൽക്കിണർ വിപുലപ്പെടുത്തി ബുധനാകുഴി ഭാഗത്ത് വെള്ളമെത്തിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ചരിവുപുരയിടം കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിന് വെട്ടിക്കാവുങ്കലുള്ള കുളം വിപുലപ്പെടുത്തി ശുദ്ധജലക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാം. മഠത്തിനാച്ചിറ തോട് പുറമ്പോക്കിൽ കിണർ സ്ഥാപിച്ച് സമീപ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാനാവും. കൊല്ലൂർ ഭാഗത്ത് കുളം നിർമ്മിച്ച് വേട്ടമല ഭാഗത്ത് കുടിവെള്ളം എത്തിക്കാം. തട്ടാരടിഭാഗത്ത് കുളം നിർമ്മിച്ച് കുറ്റിക്കൽ കോളനിയിലെ ജലക്ഷാമം പരിഹരിക്കുക. പനയമ്പാലതോ

ടിന്റെ സമീപത്തായി ജലസം ഭരണി നിർമ്മിക്കുക. തകടിയേൽ ഭാഗത്ത് പണിപൂർത്തിയാക്കി വരുന്ന പൈപ്പ് ലൈൻ അടിയന്തിരമായി കറുകച്ചാൽ ഗവ. ആശുപത്രിഭാഗത്ത് എത്തിച്ച് ജലക്ഷാമം പരിഹരിക്കാവുന്നതാണ്. മേൽപറഞ്ഞ എല്ലാകാര്യങ്ങൾക്കും അയൽക്കൂട്ടങ്ങളുടെ സഹായം അത്യന്താപേക്ഷിതമാണ്.

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പ്രാധാന്യം ശുചിത്വത്തിനാണ്. പൊതുവായി എല്ലാവർക്കും കക്കൂസ് നിർമ്മിക്കുന്നതിനുള്ള സ്ഥലമോ സാമ്പത്തിക സൗകര്യമോ ഉണ്ടാവില്ല. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ ഏറിയ പങ്കും കർഷകരും, കർഷകത്തൊഴിലാളികളുമാണ്. ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് സ്വന്തം വീട്ടിലെ കാര്യങ്ങളും കുട്ടികളുടെ വിദ്യാഭ്യാസങ്ങൾക്കും പുറമെ സ്വന്തമായി കക്കൂസ് നിർമ്മിക്കുവാൻ സാമ്പത്തിക ബുദ്ധിമുട്ടും അനുഭവപ്പെടുന്നു.

ശുചിത്വ പരിപാലനത്തിൽ സാമൂഹ്യ സംഘടനകളും സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളും ഏകോപിപ്പിച്ച് സാമ്പത്തിക സഹകരണം നടത്തി ഈ സംരംഭം വിജയിപ്പിക്കാൻ കഴിയും. സാമ്പത്തികമായി പിന്നിൽ നിൽക്കുന്ന മറ്റു വിഭാഗം ജനങ്ങൾക്കും വേണ്ട പ്രോത്സാഹനവും ബോധവൽക്കരണവും അത്യന്താപേക്ഷിതമാണ്.

### വാർഡുതിരിച്ചുള്ള നിർദ്ദേശങ്ങൾ

- ❖ രണ്ടാം വാർഡിൽ അട്ടാറയ്ക്കൽ ലക്ഷംവീടു കോളനി.
- ❖ മൂന്നാം വാർഡിൽ അഞ്ചാനി ലക്ഷം വീടു കോളനി.
- ❖ ഒൻപതാം വാർഡിൽ കാലായിൽ ലക്ഷം വീടു കോളനി.

ഈ കോളനിക്കാർക്ക് ഒരോപൊതു സേഫ്റ്റി ടാങ്ക് നിർമ്മിച്ച് എല്ലാ വീടിന്റെയും പൈപ്പ് ഈ പൊതു ടാപ്പിൽ യോജിപ്പിച്ചാൽ വളരെ ലാഭകരവും ഫലവത്തും ആയിരിക്കും. ഈഭാഗത്ത് സ്ഥലപരിമിതി നാലു സെന്റു വീതവും ഒരു വീട്ടിൽ രണ്ടുകുടുംബങ്ങൾ വീതവും വസിക്കുന്നു. 10-ാം വാർഡിൽ കാവിൽ കോളനി റൈട്ടൻ പറമ്പ്കോളനി, 7-ാം വാർഡിൽ കുറ്റിക്കൽ കോളനി, 6-ാം വാർഡിൽ കീഴ്വറ്റു കോളനി എന്നിവിടങ്ങളിലും കക്കൂസ് സംവിധാനം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു..

### ബംഗ്ലാംകുന്ന്

എല്ലാവിഭാഗം ജനങ്ങളും താമസിക്കുന്നതും, കോളനി പോലെയുള്ളതുമായ (സെറ്റിൽമെന്റ്) ഈ സ്ഥലം 5-ാം വാർഡിൽപ്പെടുന്നു. പച്ചിലമാക്കൽ മറ്റൊരു പിന്നോക്ക കോളനിയാണ്. 8-ാം വാർഡിൽ കാരിക്കാനിരവിൽ ഒ.ഇ.സി. കോളനി. മഠത്തിനാൽച്ചിറ പെരുമ്പേറ്റുകുന്ന് സെറ്റിൽമന്റു കോളനി, 9-ാം വാർഡിൽ മാമുണ്ട സെറ്റിൽമെന്റു കോളനി തുടങ്ങിയ ഇടങ്ങളിലും വീടും, പ്രാഥമികാവശ്യങ്ങൾ നടത്താൻ സൗകര്യമില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസു നല്കുന്നതിനും മുൻഗണന നൽകേണ്ടിയിരിക്കുന്നു.

കൂടാതെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ അംഗൻവാടികൾക്കും ഈ സൗകര്യം ഏർപ്പെടുത്തുന്നതിനൊപ്പം ജീർണ്ണതയിൽ കിടക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണം നടത്തുകയും അത്യന്താപേക്ഷിതമാണ്.

### പരിസര ശുദ്ധീകരണം

പഞ്ചായത്ത് ആസ്ഥാനമായ കറുകച്ചാൽ ടൗണിൽ ഓടകളുടെ ഇന്നത്തെ അവസ്ഥ പരിഹരിക്കുവാനും, മലിനജലം കെട്ടിക്കിടക്കാനുള്ള സാഹചര്യം ഒഴിവാക്കുവാനും, ഹോട്ടലുകളും, ശീതളപാനീയ കടകളും, സാധനങ്ങൾ പായ്ക്കു ചെയ്തു വരുന്ന പ്ലാസ്റ്റിക്കുകൾ, കടലാസുകൾ, മറ്റു സാധനങ്ങൾ എന്നിവ ഓടകളിൽ നിക്ഷേപിക്കാതിരിക്കുവാനുമുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാണ്. ഇതിനായി വ്യാപാരികളുടെ സഹകരണം അത്യന്താപേക്ഷിതമാണ്. മലിനജലം ഒഴുക്കിവിടുവാനും ഓടകൾ വൃത്തിയായി സൂക്ഷിക്കുകയും ഈ ജലം ടൗണിന്റെ വെളിയിൽ ഏതെങ്കിലും പ്രദേശത്തു കെട്ടി നിർത്തിയാൽ വാഴ പുല്ല് ഇവ കൃഷി ചെയ്യാൻ സാധിക്കുന്നതാണ്.

ഭാരതത്തിന് ആകെ മാതൃകയായ സമ്പൂർണ്ണ ശുചിത്വപദ്ധതി ആദ്യമായി നടപ്പിലാക്കിയത് നമ്മുടെ പഞ്ചായത്തിലെ ഉമ്പിടികോളനിയാലാണ്. ജനങ്ങളുടെയും, ജനപ്രതിനിധികളുടെയും, ഉപഭോക്താക്കളുടെയും സന്നദ്ധതയും, അർപ്പണബോധവും, ആത്മാർത്ഥതയും, ഒരു സംരംഭം വിജയിയ്ക്കാൻ മതിയാകും എന്നതിനു തെളിവായിരുന്നു കുറഞ്ഞ മുതൽമുടക്കുകൊണ്ട് കുറഞ്ഞ സമയം കൊണ്ട് ഒരു മഹാപദ്ധതി നടപ്പിലാക്കി ഉമ്പിടി കേരളത്തിന് മാതൃകയായത്.

**വാർഡുതല ജനസംഖ്യാ വിവര പട്ടിക**

| വാർഡ് | പു. | സ്ത്രീ. | ആകെ. | പ.ജാ. | പ.വ. | വിദ്യ നിലവാരം |
|---|---|---|---|---|---|---|
| 1 | 1104 | 1123 | 2227 | 142 | – | 1960 |
| 2 | 1036 | 2035 | 2071 | 71 | 15 | 1859 |
| 3 | 1091 | 1097 | 2188 | 291 | 16 | 1853 |
| 4 | 1169 | 1222 | 2391 | 468 | – | 2028 |
| 5 | 1129 | 1143 | 2272 | 363 | 13 | 1904 |
| 6 | 1194 | 1179 | 2373 | 119 | 14 | 2022 |
| 7 | 1150 | 1168 | 2318 | 210 | 8 | 2001 |
| 8 | 1292 | 1241 | 2533 | 481 | – | 21699 880 |
| 9 | 880 | 1760 | 388 | – | 1523 | |



സി. എം. എം. ഹോസ്പിറ്റൽ കറുകച്ചാൽ

| ജലജന്യ രോഗങ്ങൾ | വായുജന്യരോഗങ്ങൾ |
|---|---|
| മഞ്ഞപ്പിത്തം | അഞ്ചാംപനി |
| വയറുകടി | ചിക്കൻപോക്സ് |
| കോളറ | ക്ഷയം |
| ടൈഫോയ്ഡ് | മുണ്ടിനീര് |

**കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മരുന്നിനു വേണ്ടി ചിലവഴിച്ച തുക വർഷം തിരിച്ച്**

| | രൂപ |
|---|---|
| 1991 – 92 | 205418 |
| 1992 – 93 | 183549 |
| 1993 – 94 | 209828 |
| 1994 – 95 | 405061 |
| 1995 – 96 | 206072 |
| 1996 – 97 | 122765 |

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം |
|---|---|---|
| 1991 | 519 | 35456 |
| 1992 | 454 | 27687 |
| 1993 | 378 | 25038 |
| 1994 | 607 | 33521 |
| 1995 | 545 | 29635 |
| 1996 | 495 | 35248 |
| ആകെ | 299 | 186635 |

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

| നിലവിലുള്ള ജീവനക്കാർ | | | വേണ്ട ജീവനക്കാർ | |
|---|---|---|---|---|
| 1 | അസി. സർജ്ജൻ | 2 | ഡോക്ടർ | 9 |
| 2 | ഫാർമസിസ്റ്റ് | 1 | ഫാർമസിസ്റ്റ് | 2 |
| 3 | ലാബ് ടെക്നീഷ്യൻ | 1 | ലാബ് അസിസ്റ്റന്റ് | 1 |
| 4 | ഒഫ്താൽമിക് അസിസ്റ്റന്റ് | 1 | ഒഫ്താൽമോളജിസ്റ്റ് | 1 |
| 5 | സ്റ്റാഫ് നേഴ്സ് | 3 | സ്റ്റാഫ് നേഴ്സ് | 7 |
| 6 | നേഴ്സിംഗ് അസിസ്റ്റന്റ് | 2 | നേഴ്സിംഗ് അസിസ്റ്റന്റ് (ഗ്രേഡ് 2) | 8 |
| 7 | ആശുപത്രി അറ്റന്റർ (ഗ്രേഡ് 2) | 1 | ആശുപത്രി അറ്റന്റർ (ഗ്രേഡ് 2) | 9 |
| 8 | പാർട്ട് ടൈം ജീവനക്കാർ | 1 | പാർട്ട് ടൈം ജീവനക്കാർ | 5 |
| 9 | യു.ഡി. ക്ലർക്ക് | 2 | എക്സ്-റേ ടെക്നീഷ്യൻ | 1 |
| 10 | പ്യൂൺ | 1 | എക്സ്-റേ അസിസ്റ്റന്റ് | 1 |
| 11 | ഹെൽത്ത് സൂപ്പർവൈസർ | 1 | പ്യൂൺ | 2 |
| 12 | ഹെൽത്ത് ഇൻസ്പെക്ടർ | 1 | ജൂനിയർ സൂപ്രണ്ട് | 1 |
| 13 | ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 1 | ഹെഡ് ക്ലാർക്ക് | 1 |
| 14 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 10 | എൽ. ഡി. ക്ലർക്ക് | 2 |
| | | | വാഹനം | 1 |



10

# കുടിവെള്ളം

ആധുനിക മനുഷ്യന്റെ പ്രപഞ്ച രഹസ്യം തേടിയുള്ള യാത്രയിൽ മുഖ്യമായവ വായുവും, ജലവുമാണ്. നദീതടസംസ്ക്കാരങ്ങളിൽ നിന്നാണ് മനുഷ്യൻ യുഗങ്ങൾ താണ്ടി 20-ാം നൂറ്റാണ്ടിന്റെ അവസാന ഭാഗത്തെത്തി നില്ക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ അര നൂറ്റാണ്ടു പിന്നിട്ടിട്ടും നമുക്ക് നിലനില്പിന്റെ അനിവാര്യതയെക്കുറിച്ച് വേണ്ടത്ര ഉൾക്കാഴ്ച ഉണ്ടായിട്ടില്ല. അതിന്റെ ദുരന്തഫലമാണ് നമ്മുടെ ഗ്രാമങ്ങളിൽ ഇന്ന് മനുഷ്യൻ അനുഭവിക്കുന്ന ദാഹജല പ്രശ്നം.

നമ്മുടെ പഞ്ചായത്തിന്റെ വളരെയധികം പ്രദേശത്തും കുടിവെള്ള പ്രശ്നമുണ്ട്. ജനങ്ങളിൽ ഭീതിപരത്തുന്ന മഹാവിപത്താണ് വരൾച്ച. പ്രകൃതിയുടെ വരദാനമായ ജലസമ്പത്തിനെ അറിഞ്ഞു സ്വീകരിക്കാനും, അറിഞ്ഞനുഭവിക്കാനും നാം പഠിച്ചില്ല. നമ്മുടെ കുടിവെള്ളത്തിന്റെ മുഖ്യ ശ്രോതസ്സ് കിണറുകളാണ്. ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ടും കൃഷിരീതിയിലെ മാറ്റം കൊണ്ടും മഴ വെള്ളം കുത്തിയൊലിച്ചു പോകുന്നു. ജല സമ്പത്ത് ശാസ്ത്രീയമായ രീതിയിൽ പരിരക്ഷിച്ചാൽ ഒരേസമയം കുടിവെള്ളപ്രശ്നവും ജലസേചന പ്രശ്നവും പരിഹരിക്കാനാവും.

കറുകച്ചാൽ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും, ചെറുതും വലുതുമായ ധാരാളം തോടുകൾ ഉണ്ടെങ്കിലും അവയിലെ ജലം എല്ലാക്കാലവും ഒരു പോലെ ഉപയോഗിക്കുവാൻ കഴിയുന്നില്ല. കാരണം ആവശ്യമായ പുറം ബണ്ടുകളോ, തടയണകളോ ഇല്ലാത്തതാണ്. ഈ തോടുകളെല്ലാം ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലാണ്.



**നിർദ്ദേശങ്ങൾ**

1. ഒൻപതാം പദ്ധതിയിൽപ്പെടുത്തി- ഗ്രാമ പഞ്ചായത്തിൽന്റെ ആഭിമുഖ്യത്തിൽ സർക്കാർ സഹകരണത്തോടെ തോട്ടു പുറംപോക്കു സർവ്വേ നടത്തി നിലവിലുള്ള തോടുകൾക്ക് പുറംബണ്ടു കെട്ടിയും തടയണകൾ നിർമ്മിച്ചും വേനൽക്കാലത്ത് വെള്ളത്തിന്റെ ക്ഷാമം പരിഹരിക്കുവാൻ ഒരു പരിധിവരെ കഴിയും.

2. ഈ പ്രവർത്തനം മൂലം തോടുകളുടെ സമീപ പ്രദേശങ്ങളിലുള്ള കിണറുകളിലെ ജലവിതാനം വർദ്ധിക്കും, കുടിവെള്ള ക്ഷാമം പരിഹരിക്കാനും കഴിയും.

3. പൊതുവായവയും സ്വകാര്യ വക്തികളുടെയും കുളങ്ങൾ സംരക്ഷണ വേലകൾ നടത്തി പരിരക്ഷിക്കുന്നതിനോടൊപ്പം, അവ പൊതുജനങ്ങൾക്കു കൂടി ഉപയോഗം വരുംവിധം വിനിയോഗിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കേണ്ടതാണ്.

4. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനി പോലുള്ള സ്ഥലങ്ങളിൽ പഞ്ചായത്തുവക സ്ഥലമില്ലാത്ത പ്രദേശങ്ങളിൽ സ്വകാര്യവ്യക്തികളിൽ നിന്നും, സർക്കാരിന്റെയും, ജില്ലാപഞ്ചായത്തിന്റെയും സഹകരണത്തോടെ സ്ഥലം വാങ്ങി, കുഴൽ കിണറോ സാധാരണ കിണറുകളോ നിർമ്മിച്ച് പൊതുജനങ്ങളുടെ ഉപയോഗത്തിനു നൽകേണ്ടതാണ്.

5. വർഷകാലങ്ങളിൽ പെയ്യുന്ന വെള്ളം ഒലിച്ചു പോകാതിരിക്കുന്നതിന് തോട്ടപ്പുരയിടങ്ങളിലും, തരിശായി കിടക്കുന്ന കുന്നിൻ ചരിവുകളിലും കാന വെട്ടിക്കുകയും കയ്യാല കെട്ടിക്കുകയും ഈ ആവശ്യങ്ങൾക്ക് ജനങ്ങളെ ബോധവത്ക്കരിക്കുകയും അതോടൊപ്പം സേവന സജ്ജരാക്കുകയും ചെയ്യുന്നതിന്റെ മുഖ്യ പങ്കാളിത്തം ജില്ലാ പഞ്ചായത്ത് വഹിക്കേണ്ടതാണ്. മേൽപറഞ്ഞ എല്ലാ കാര്യങ്ങളും ദീർഘ വീക്ഷണത്തോടെ കാണുകയും തയ്യാറാക്കുകയും ചെയ്താൽ വരും കാലങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പൂർണ്ണമായും നിസ്സംശയം പരിഹരിക്കപ്പെടും.

**നിർദ്ദേശങ്ങൾ**

1. നെടുങ്കുന്നത്തുള്ള വാട്ടർ അതോറിറ്റി ഓഫീസ് കറുകച്ചാലിലേക്ക് മാറ്റി സ്ഥാപിക്കുക.

2. മാടപ്പള്ളി, വാകത്താനം, കറുകച്ചാൽ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി നടപ്പാക്കിയ പദ്ധതിയുടെ പണി പൂർത്തീകരിച്ച് കറുകച്ചാൽ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക.

3. മേടയ്ക്കൽ കുളം വൃത്തിയാക്കി കറുകച്ചാലിലെയും പരിസരപ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുക.

4. വിലങ്ങുപാറ ഭാഗത്ത് കുളം കുഴിച്ച് പമ്പു ഹൗസ് സ്ഥാപിക്കുക.

5. കഴുന്നുകുഴി, ചെറുമാക്കൽ ഭാഗങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് ഈ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

6. കാവുംനട, മാന്തുരുത്തി തോട്ടിൽ ആനക്കല്ലുങ്കൽ ഭാഗത്ത് ചെക്ക് ഡാം നിർമ്മിച്ച് കുടിവെള്ളക്ഷാമവും ജലസേചന ദൗർലഭ്യതയും പരിഹരിക്കാം.

7. ഇരുമ്പുകുഴി ഭാഗത്ത് കുടിവെള്ളം എത്തിക്കുക. ഇതിനുവേണ്ടി വെളിയം ഭാഗത്ത്, നീരൊഴുക്കുള്ള പ്രദേശത്ത് കുളം കുഴിച്ച് ചെറുകിട വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കിയാൽ, ഇരുമ്പുകുഴി, ചേറ്റുതടം, കൊച്ചീക്കാല തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്.

8. തകടിയേൽ വാട്ടർടാങ്ക് പണി പൂർത്തിയക്കുക.

9. കാവിൽ ഭാഗത്ത് കുളം കുഴിച്ച് ചെറുകിട ജലസേചന പദ്ധതി ആവിഷ്ക്കരിക്കുക.

10. പഞ്ചായത്തിലെ മുഴുവൻ കുഴൽ കിണറുകളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുക.

11. ചരിവു പുരയിടം കോളനിയിൽ കുടിവെള്ളമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുക.

12. മാക്കിയിലെ കുഴൽകിണർ വിപുലപ്പെടുത്തി ബുധനാക്കുഴി ഭാഗത്ത് വെള്ളമെത്തിക്കുക.

13. വളകുഴി ഭാഗത്ത് പൊതു കിണർ സ്ഥാപിക്കുക.

14. തേങ്ങോലി ഭാഗത്ത് കുളം കുഴിച്ച് പമ്പുസെറ്റ് സ്ഥാപിച്ച്, തകിടിയേൽ, കൊല്ലൂർ, വേട്ടമല ഭാഗത്ത് വെള്ളം എത്തിക്കുക.

15. തട്ടാരടി ഭാഗത്ത്, കൂത്രപ്പള്ളി കണ്ടത്തോട് ചേർന്ന് കുളം നിർമ്മിച്ചാൽ കുറ്റിക്കൽ ഭാഗത്ത് വെള്ളം എത്തിക്കാം.

16. തുരുത്തിക്കാട് കണ്ടത്തോട് ചേർന്ന് കുളം നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിച്ചാൽ കാരിക്കാനിരവ് വെള്ളമാക്കൽ ഭാഗത്ത് കുടി

വെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

17. വെട്ടിക്കാവുങ്കൽ കുളം വൃത്തിയാക്കി, താഴ്ച കൂട്ടി ചെറുകിടപദ്ധതി നടപ്പിലാക്കിയാൽ പച്ചിലമാക്കൽ, വലിയകരോട്ടു ഭാഗത്ത് കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

18. കഴുന്നുകുഴി ഭാഗത്ത് കുളം നിർമ്മിച്ച് ബംഗ്ലാംകുന്ന് ഭാഗത്ത് വെള്ളമെത്തിക്കുക.

19. ചെറുമാക്കൽ കുളം നിർമ്മിച്ച് ആ ഭാഗത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കുക.

20. തൈപ്പറമ്പുകണ്ടത്തിൽ, എല്ലാസമയവും വെള്ളം ലഭിക്കുന്ന പ്രദേശത്ത് കുളം നിർമ്മിച്ച് ചെറുകിട ജലസേചന പദ്ധതി നടപ്പിലാക്കിയാൽ 1, 2, 3, വാർഡുകളിൽ കുറെ ഭാഗങ്ങളിൽ വെള്ളമെത്തിക്കാൻ കഴിയും. അതിനുവേണ്ട നടപടി സ്വീകരിക്കുക.

21. മൂങ്ങാക്കാവുങ്കൽ കുളത്തിങ്കൽ പരിസരത്ത് കുളം നിർമ്മിച്ച് ജലസേചന പദ്ധതി തയ്യാറാക്കിയാൽ വടക്കേപ്പറമ്പ് കോളനികളിലെയും, 3, 4, വാർഡിലെ ഏതാനും ഭാഗങ്ങളിലെയും ചിറക്കൽ പ്രദേശങ്ങളിലേയും കുടിവെള്ള ക്ഷാമം പരിഹരിക്കാം.

22. കല്ലോലിക്കലെ പൊതുകിണർ വെള്ളം വറ്റിച്ച് അടി ഇടിഞ്ഞ ഭാഗം നന്നാക്കി ആഴം കൂട്ടി പമ്പു സ്ഥാപിച്ചാൽ ഈ പ്രദേശത്തെ കുടിവെള്ളപ്രശ്നത്തിൻ പരിഹാരമാകും.

23. പഞ്ചായത്തിലെ മുഴുവൻ പൊതുകിണറുകളും പരിശോധിച്ച് വെള്ളം കിട്ടുന്നവമാത്രം കണ്ടുപിടിച്ച് ആഴം കൂട്ടാനുള്ള നടപടി സ്വീകരിക്കുക.

24. സ്വകാര്യ വ്യക്തികളുടെ കിണറുകളാണെങ്കിലും ജലം കിട്ടുന്നവ കണ്ടെത്തി ആഴം വർദ്ധിപ്പിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ശ്രമിക്കാവുന്നതാണ്.

25. കറുകച്ചാൽ ടൗൺ പരിസരത്തുള്ള പൊതുകിണർ വൃത്തിയാക്കി ആഴം കൂട്ടി പമ്പു സ്ഥാപിച്ചാൽ ടൗണിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്.

26. മടത്തിനാൽ ചിറ ബണ്ടിനോടു ചേർന്നുള്ള തോട്ടുപുറമ്പോക്കിൽ കുളം നിർമ്മിച്ച്, പമ്പു സ്ഥാപിച്ച് മടത്തിനാൽ ചിറ, പെരുമ്പേറ്റു ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.

27. പഞ്ചായത്തിലെ മുഴുവൻ വാട്ടർ ടാപ്പുകളും പുനഃസ്ഥാപിക്കുകയും, പ്രവർത്തനക്ഷമമാക്കുകയും വെള്ളമെത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

28. മാക്കിയിൽ – തൊമ്മച്ചേരിൽ തോട്ടിൽ എല്ലാ കാലവും വെള്ളം ലഭിക്കുന്നതിനാൽ മാക്കിയിൽ പാലത്തിനു സമീപവും, അതിനു താഴെയായി പാറയ്ക്കൽ കടവു ഭാഗത്തും, അതിനു താഴെ തൊമ്മച്ചേരി പാലത്തിനു സമീപവും ഓരോ തടയണ കെട്ടിയാൽ 1, 2 വാർഡിലും, മൂന്നാം വാർഡിന്റെ പകുതി ഭാഗത്തേയും ജലക്ഷാമം പരിഹരിക്കാവുന്നതാണ്.



11

# ഗതാഗതം

ഏതൊരു പ്രദേശത്തിന്റെയും വികസനം നിർണ്ണയിക്കുന്നതിൽ മുഖ്യ പങ്ക് റോഡുകൾക്കുണ്ട്. കറുകച്ചാൽ പഞ്ചായത്തിൽകൂടി കടന്നുപോകുന്ന പ്രധാനറോഡ് ചങ്ങനാശ്ശേരി-വാഴൂർ റോഡാണ്. ഏകദേശം 100 വർഷങ്ങൾക്കുമുമ്പാണ് ഇവിടെ റോഡു ഗതാഗതം ആരംഭിച്ചത്. ഈ റോഡ് കോൺക്രീറ്റ് റോഡായിരുന്നു. ദൈവം പടി മുതൽ കിഴക്ക് മാന്തുരുത്തിവരെ ഈ റോഡ് കറുകച്ചാൽ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നു. മറ്റൊരു പ്രധാന റോഡാണ് കോട്ടയം-കോഴഞ്ചേരി. രണ്ടു റോഡുകളും കറുകച്ചാലിന്റെ സാംസ്കാരിക ചരിത്രവുമായി ബന്ധപ്പെട്ടവയാണ്. വളരെയേറെത്തിരക്കുള്ള രണ്ടു നിരത്തുകളാണിവ. മറ്റൊരു പ്രധാന റോഡ് നെടുങ്ങാടപ്പള്ളി-മാമ്മൂട് റോഡാണ്. ഈ റോഡിന് ഏകദേശം നാലര കിലോമീറ്റർ നീളമുണ്ട്.



പഞ്ചായത്തിൽ ഏറ്റവും കൂടുതൽ സഞ്ചാരയോഗ്യമല്ലാത്ത വഴിയാണ് ശാന്തിപുരം-തിരുവല്ലാറോഡ്. അതിൽ ഇരുമ്പുകുഴിഭാഗം തീർത്തും സഞ്ചാരയോഗ്യമല്ല. പഞ്ചായത്തിലെ പല റോഡുകളും ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു പണിനടത്തിവരുന്നു.

# വാർഡുകളും റോഡുകളും

## വാർഡ് I

| | | |
|---|---|---|
| 1 ഊത്തപ്പാറ | – നരിക്കുഴി | |
| 2. മാന്തുരുത്തി | – കാവുന്നട | |
| 3. തകടിയേൽ | – കാവുന്നട | |
| 4. മറ്റത്തുങ്കൽ | – മാക്കിയിൽ പടി | (ഈ റോഡ് സൈഡുകെട്ടി പാലം പണിത് ടാർ ചെയ്യേണ്ടതുണ്ട്) |
| 5. കുറുപ്പൻകവല | – അട്ടാറക്കൽ | |
| 7. പൊരുപാറക്കൽ | – ചമ്പക്കര അമ്പലം | |

## വാർഡ് II

| | | |
|---|---|---|
| 1. മാലം | – മാന്തുരുത്തി | |
| 2. കുരുമ്പിക്കുളം | – ചുണ്ടമൺ | (ഈ റോഡ് വീതികൂട്ടി ടാർ ചെയ്യേണ്ടതുണ്ട്) |
| 3. തൊമ്മച്ചേരി | – മീനടം | (ടാർ ചെയ്യേണ്ടതുണ്ട്) |
| 4. തൊമ്മച്ചേരി | – നരിക്കുഴി | (വീതികൂട്ടി ടാർ ചെയ്യേണ്ടതുണ്ട്) |
| 5. കുന്നപ്പള്ളി | – ചമ്പക്കര ക്ഷേത്രം | (ടാർ ചെയ്യേണ്ടതുണ്ട്) |
| 6. അട്ടാറയ്ക്കൽ | – കുറുപ്പൻ കവല | (വീതികൂട്ടി ടാർ ചെയ്യേണ്ടതുണ്ട്) |
| 7. മുണ്ടൻ കുന്ന് | – കിഴക്കേൽപടി | (ടാർ ചെയ്യേണ്ടതുണ്ട്) |
| 8. തെക്കേനടക്കാവ് | – പൊരുപാറയ്ക്കൽ | (ടാർ ചെയ്യേണ്ടതുണ്ട്) |
| 9. പടിഞ്ഞാറെ നടക്കാവ് | – കൂടത്തിനാൽ പടി | (ടാർ ചെയ്യേണ്ടതുണ്ട്) |
| 10. തൊമ്മച്ചേരി | – തെക്കേക്കര | (വീതികൂട്ടി ചെയ്യേണ്ടതുണ്ട്) |
| 11. തൈപ്പറമ്പ് | – കുറുപ്പൻകവല | |
| 12. മൂലംചിറ | – തണുങ്ങും പതി | (ടാർ ചെയ്യേണ്ടതുണ്ട്) |
| 13. കണിയാംപറമ്പ് | – ബുധനാംകുഴി | (ടാർ ചെയ്യേണ്ടതുണ്ട്) |
| 14. കുരുമ്പിക്കുളം | – കുരുതിയാംകാവ് | (ടാർ ചെയ്യേണ്ടതുണ്ട്) |
| 15. കുന്നപ്പള്ളി | – മടത്തിനാൽ | (ടാർ ചെയ്യേണ്ടതുണ്ട്) |

**വാർഡ് III**

1. N. S. S. പടി, സുബാഷ് റോഡ് (PWD)
2. മടത്തിനാൽ പടി – അഞ്ചാനി ലക്ഷംവീടു കോളനി റോഡ് (8 മീറ്റർ വീതിയിൽ ഒന്നര കിലോമീറ്റർ ടാർ ചെയ്തു ബാക്കിഭാഗം ടാർചെയ്യാൻ ഏകദേശം 3 ലക്ഷം രൂപാ ചില വാക്കേണ്ടിയിരിക്കുന്നു)
3. ശ്രീരംഗം – മക്കൊള്ളിൽ റോഡ്. (റോഡു പൊട്ടി പൊളിഞ്ഞുപോയി. റീ ടാറു ചെയ്യു ന്നതിനു 3 ലക്ഷം രൂപാ ചിലവാക്കേണ്ടി വരും)
4. കാരക്കാട്ടുകുന്ന് – കൊട്ടാരത്തിൽ പടി റോഡ് (വീതികൂട്ടി ടാർ ചെയ്യണം)
5. പ്ലാച്ചിക്കൽ – ആലപ്പള്ളി– തിരുമ്മുകവല റോഡ് (പട്ടികജാതി പട്ടിക വിക സനത്തിൽപ്പെടുത്തി ടാർ ചെയ്യേണ്ടതാണ്)
6. നെടുമറ്റം – പ്ലാച്ചിക്കൽ അംഗൻവാടി റോഡ് (വീതികൂട്ടി ടാർ ചെയ്യണം)
7. കയ്യാലപ്പറമ്പ് – വിലങ്ങുപാറ റോഡ് (വീതി കൂട്ടി ടാർ ചെയ്യണം)
8. പ്ലാച്ചിക്കൽ – ബംഗ്ലാംകുന്ന് റോഡ് (വെട്ടി കലുങ്ക് പണിത് സഞ്ചാരയോഗ്യമാക്കണം)

**വാർഡ് IV**

1. ഇളം കുറ്റിക്കാട് – തെങ്ങുമറ്റം റോഡ് – (കലുങ്ക് തീർത്ത് ടാർ ചെയ്യുക (2.5 കി. മീ))
2. കാഞ്ഞിരത്തുങ്കൽ – രാജമറ്റം റോഡ് (ടാർ ചെയ്യുക 1 കി. മീ.)
3. കയ്യാലപ്പറമ്പ് ഉമ്പിടിറോഡ് (ടാർ ചെയ്യുക 1 കി. മീ.)
4. ഹരിജൻ കോളനി (സി. സി. നഗർ) – ഉമ്പിടി റോഡ് (1 കി. മീ. ടാർ ചെയ്യുക)
5. പടനിലം – പറയരുകുന്ന് റോഡ് (സൈഡു കെട്ടി ടാർ ചെയ്യുക 1 കി. മീ.)
6. ചിറക്കൽ – നീലത്തും മുക്ക് റോഡ് – 2 കി. മീ.
7. ഉമ്പിടി – ഊന്നുകല്ല് റോഡ് (ടാർ ചെയ്യുക)
8. പാണൂർപടി – കുറിയന്നൂർ റോഡ് (ഈറോഡിൽ കലുങ്കു പണിയേണ്ടതുണ്ട്)
9. കൂത്രപ്പള്ളി – പാലമറ്റം റോഡ് (സൈഡു കെട്ടി റീ ടാർ ചെയ്യേണ്ടതുണ്ട്)
10. ഹരിജൻ കോളിനിയിലെ റോഡുകളും നട പ്പാതകളും (ടാർ ചെയ്യേണ്ടതുണ്ട്)

**വാർഡ് V**

1. കറുകച്ചാൽ പച്ചിലമാക്കൽ റോഡ് (കലുങ്കു കൾ തീർത്ത് വീതികൂട്ടി ടാർ ചെയ്യുക)
2. കുറ്റിയ്ക്കൽ മുതൽ N. S. S. പടിവരെയുള്ള റോഡ്. (N. S. S.–മായി സഹകരിച്ച് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കാനുള്ള നട പടി സ്വീകരിക്കുക)
3. N. S. S. പടി – പ്ലാച്ചിക്കൽ (റോഡ് ചെയ്യേണ്ട തുണ്ട്)
4. 9–ാം മൈൽ – ബംഗ്ലാംകുന്നു റോഡ് (മെയിൻ റോഡുമായി യോജിപ്പിച്ച് കലുങ്ക് തീർത്ത് ടാർ ചെയ്യേണ്ടതുണ്ട്)
5. അണിയറപ്പടി – ശൂലിപ്പുറം റോഡ് (വീതി കൂട്ടി കലുങ്ക് പണിത് ടാർ ചെയ്യേണ്ടതുണ്ട്)
7. കറുകച്ചാൽ – നെത്തല്ലൂർ–കുരിശുപടി റോഡ് (ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് പണി നടന്നു വരുന്നു)
8. ബംഗ്ലാംകുന്ന് – കഴുന്നുകുഴി (N. S. S. പടി) റോഡ് (പാലം പണിത് വീതി കൂട്ടി ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കേണ്ടതുണ്ട്)

**വാർഡ് VI**

1. ഇഞ്ചക്കുഴി മാമ്പതി റോഡ് (ഒന്നരകിലോമീ റ്റർ കയറ്റംകുറച്ച് ടാർ ചെയ്യേണ്ടതുണ്ട്)
2. വടക്കത്തുപടി – മാമ്പതി റോഡ് (ഒന്നരകി ലോമീറ്റർ വീതി കൂട്ടി ടാർ ചെയ്യേണ്ടതുണ്ട്)
3. വടക്കത്തുപടി – നാരോലി റോഡ് (രണ്ടു കിലോമീറ്റർ വീതി കൂട്ടി ടാർ ചെയ്യേണ്ടതുണ്ട്)
4. നാരോലിപ്പടി – കവളിമാവ് റോഡ് (ഒന്നര കിലോമീറ്റർ)

5. കല്ലോലിക്കൽ - മുതിരമല റോഡ് (ടാർ ചെയ്യേണ്ടതുണ്ട്)

6. വെട്ടിക്കാവുങ്കൽ - പച്ചിലമാക്കൽ റോഡ് (സൈഡുകെട്ടി ടാറിടണം)

7. വെട്ടിക്കാവുങ്കൽ - ചുഴന റോഡ് (വീതിക്കൂട്ടി ചെയ്യേണ്ടതുണ്ട്)

8. മറ്റത്തിൽ പടി - മുളക്കാക്കുന്ന് റോഡ് (വീതി കൂട്ടി ചെയ്യേണ്ടതുണ്ട്)

**വാർഡ് VII**

1. കൂത്രപ്പള്ളി - തട്ടാരടി റോഡ് - 1.7. k.m.
2. തട്ടാരടി - കുറ്റിക്കൽ കോളനി റോഡ് - 1. k.m.
3. കൂത്രപ്പള്ളി തറേൽപടി - വേട്ടമല റോഡ് - 1.3 k.m.
4. കൂത്രപ്പള്ളി - മാമ്പതി, തെങ്ങോലി റോഡ് - 1.5 k.m.
5. തെങ്ങോലി - വളകുഴി റോഡ് - 1.8 k.m.
6. ശാന്തിപുരം, മാമ്പതി, കൂത്രപ്പള്ളി റോഡ് (ഓട നിർമ്മിച്ചു റീ ടാർ ചെയ്യേണ്ടതാണ്)
7. കൂത്രപ്പള്ളി-കൊല്ലൂർ P.W.D. റോഡ് (ഓട നിർമ്മിക്കേണ്ടതുണ്ട്)
8. കുറ്റിക്കൽ ഹരിജൻ കോളനി, ലക്ഷംവീടു കോളനികളിലെ ഉൾ വഴികൾ (നട കെട്ടി ചെയ്യേണ്ടതുണ്ട്)

**വാർഡ് VIII**

1. കണിച്ചുകുളം-തോയക്കുളം-മഠത്തിനാൽച്ചിറ റോഡ് (ടാർ ചെയ്യേണ്ടതുണ്ട്)
2. കാരിക്കാനിരവ്-പത്താഴക്കുഴി റോഡ് (ടാർ ചെയ്യേണ്ടതാണ്)
3. കാരിക്കാനിരവ്-തുരുത്തിക്കാട് റോഡ് (പാലം പണിത് സൈഡുകെട്ടി ടാർ ചെയ്യേണ്ടതാണ്)
4. പെരുമ്പേറ്റു-പാലയ്ക്കൽപ്പടി റോഡ്
5. മിസാംപടി-കുപ്പേക്കുഴി റോഡ് (കണിച്ചുകുളം റോഡുമായി ബന്ധിപ്പിച്ച് (ടാർ ചെയ്യേണ്ടതുണ്ട്)
5. ഇടയാടി-ഇലവും മൂട് റോഡ് (മൂന്നു കലുങ്കുകൾ തീർത്ത് സൈഡു കെട്ടി ടാർ ചെയ്യേണ്ടതുണ്ട്)
7. മിസംപടി-തോയക്കുളം-പെരുമ്പേറ്റു റോഡ് (ടാർ ചെയ്യേണ്ടതുണ്ട്)
8. കാവുങ്കൽപ്പടി-പാലയ്ക്കൽ റോഡ് (ടാർ ചെയ്യേണ്ടതുണ്ട്)
9. 8-ാം മൈൽ-കൊടുപ്പുന്ന റോഡ് (ടാർ ചെയ്യേണ്ടതുണ്ട്)
10. കണിച്ചുകുളം പാലക്കൽപടി റോഡ് (ചേറ്റുതടം റോഡുമായി ഈ റോഡു ബന്ധിച്ചു പാലം തീർക്കുക അത്യാവശ്യമാണ്)

**വാർഡ് IX**

1. തൃക്കോയിക്കൽ-ഇരുമ്പുകുഴി-പ്ലാച്ചിറപ്പടി റോഡ് (ടാർ ചെയ്യണം)
2. വെളിയം-ചക്കിമംഗലം റോഡ് (ടാർ ചെയ്യണം)
3. ചക്കിമംഗലം-സ്കൂൾ റോഡ് (ടാർ ചെയ്യണം)
4. മുതലപ്പറ - തൃക്കോയിക്കൽ റോഡ് (ടാർ ചെയ്യണം)
5. കായാപൂവം-കുന്നന്താനം റോഡ് (ടാർ ചെയ്യണം)
6. വെളിയം-തൃക്കോയിക്കൽ റോഡ് (ടാർ ചെയ്യണം)
7. വളവുകുഴി-മാമുണ്ട റോഡ് (അറ്റകുറ്റപ്പണികൾ ചെയ്ത് ടാർ ചെയ്യണം)
8. ശാന്തിപുരം-കുന്നന്താനം-P.W.D.റോഡ് (ആകെത്തകർന്നു കിടക്കുന്ന ഈ റോഡ് പുനരുദ്ധരിച്ച് റീ ടാർ ചെയ്യേണ്ടതുണ്ട്)

**വാർഡ് X**

1. കറുകച്ചാൽ-മല്ലപ്പള്ളി റോഡ് (2 k.m. കടന്നു പോകുന്നു)
2. മാമ്മൂട്-മല്ലപ്പള്ളി -2 k.m. (സ്ട്രീറ്റ് ലൈറ്റ് ഇല്ല)
3. കൊച്ചുപറമ്പ്-ശാന്തിപുരം റോഡ്

4. പുലിയളപ്പടി-നെടുങ്ങാടപ്പള്ളി റോഡ്

5. നടുക്കേൽപ്പടി-കണ്ണൻ കുളം -2k.m. (സ്ട്രീറ്റ് ലൈറ്റ് ഇല്ല)

6. പരിയാരം-കണിയാൻകുന്ന് റോഡ് (സ്ട്രീറ്റ് ലൈറ്റ് ഇല്ല)

7. കൂട്ടുങ്കൽപടി-തേടുന്നാൽ റോഡ് (സ്ട്രീറ്റ് ലൈറ്റ് ഇല്ല)

8. ഇരുപ്പയ്ക്കൽ-കണിയാൻകുന്ന് റോഡ് (സ്ട്രീറ്റ് ലൈറ്റ് ഇല്ല)

9. കൊച്ചുപറമ്പ്-പള്ളിറോഡ് (സ്ട്രീറ്റ് ലൈറ്റ് ഇല്ല)

10. ഇരുപ്പയ്ക്കൽ-തടത്തേൽ റോഡ് (സ്ട്രീറ്റ് ലൈറ്റ് ഇല്ല)

11. റൈട്ടൻ പറമ്പ്-കോളനി റോഡ് (ടാർ ചെയ്യേണ്ടതുണ്ട്)

12. കാവിൽ-കോളനി റോഡ് (കലുങ്കു പണിത് ടാർ ചെയ്യേണ്ടതുണ്ട്)

**റോഡുകൾ നിർമ്മിക്കുമ്പോൾ**

മരങ്ങൾ നശിക്കുന്നതിനും, അതുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്കും പരിഹാരമായി പുതുതായി നിർമ്മിക്കുന്ന റോഡുകളുടെ പാർശ്വങ്ങളിൽ മരങ്ങൾ നട്ടു പിടിപ്പിക്കുവാൻ ബന്ധപ്പെട്ട അധികാരികൾ നിഷ്ക്കർ ഷിക്കേണ്ടതാണ്. മൺ റോഡുകളുടെ നിർമ്മാണത്തിൽ ജനകീയ സമിതികൾ ഉള്ളതുകൊണ്ട് ഇത്തരം നിഷ്കർഷത ഗുണകരമായിരിക്കും.

മണ്ണൊലിപ്പിനും, നീർക്കെട്ടിനും പരിഹാരമായി ആവശ്യമായ സ്ഥലങ്ങളിൽ ഓടകളും, കലുങ്കുകളും, പാർശ്വഭിത്തികളും നിർമ്മിക്കേണ്ടതാണ്. ഇവ സദാപ്രവർത്തന സജ്ജമായി നിർത്തുന്നതിന് അയൽക്കൂട്ടങ്ങളെ ഉപയോഗപ്പെടുത്തേണ്ടതാണ്. ഓടകളോ പാർശ്വഭിത്തികളോ ആവശ്യമായ സ്ഥലങ്ങളിൽ പത്തടി വീതിയെങ്കിലും മൺറോഡുകൾ/മെറ്റൽ റോഡുകൾക്കു വേണമെന്ന് നിശ്ചയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തീരുമാനം അനുസരിച്ച് പൊതുഫണ്ടുകളിൽ നിന്ന് വാർഡുകളിൽ ചിലവഴിക്കപ്പെടുന്ന തുക അവയിലെ ജനസംഖ്യക്ക് ആനുപാതികമായ തോതിൽ ആയിരിക്കേണ്ടതാണ്.

റോഡുകളുടെ വികസനത്തിന് നമുക്കു കൈമുതലായിട്ടുള്ളത് ജനശക്തിയാണ്. അതുമൂലം പുതിയ റോഡുകളുടേയും പഴയ റോഡുകളുടേയും അറ്റകുറ്റപ്പണികൾ നടത്താൻ കഴിയണം. പഞ്ചായത്തിന്റെ പരിമിതമായ സാമ്പത്തികശേഷിയും ഭീമമായ തുകയുടെ ആവശ്യകതയും, സുലഭമായ ആൾ ബലവും ഒരുമിച്ചു പരിഗണിക്കുമ്പോൾ നമ്മുടെ മാർഗ്ഗം വ്യക്തമാണ്. റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചിലവിന്റെ മൂന്നിലൊന്നു ഭാഗമെങ്കിലും ശ്രമദാനങ്ങളുടെ വിലയും പൊതുസംഭാവനയും ചേർന്നതാവണം.

**നിർദ്ദേശങ്ങൾ**

1. നിലവിലുള്ള മൺ റോഡുകളുടെ വീതി വർദ്ധിപ്പിക്കുക.

2. ആവശ്യമായ സ്ഥലങ്ങളിൽ കലുങ്കുകളും, പാർശ്വഭിത്തികളും നിർമ്മിക്കുക.

3. ഓടകൾ നിർമ്മിക്കുക.

4. ദൂരം പരിഗണിച്ച് എല്ലാ റോഡുകളും ടാർ ചെയ്യുക.

5. ഗ്രാമീണ റോഡുകളുടെ പണികൾ ഇടനിലക്കാരെ ഏല്പിക്കുമ്പോൾ ഗുണനിലവാരവും കാര്യക്ഷമതയും പരിശോധിക്കാൻ ജനകീയ സമിതികൾ രൂപീകരിക്കുക.

6. ഗ്രാമപ്രദശത്തെ തൊഴിലില്ലായ്മക്ക് പരിഹാരമെന്ന നിലയിൽ ആ പ്രദേശത്തെ ജോലി അവിടുത്തെ ആൾക്കാരെ ഏല്പിക്കുക.

7. 7-ാം വാർഡിൽ തറേൽപ്പടിക്കൽ വെയ്റ്റിംഗ് ഷെഡ് സ്ഥാപിക്കുക.

8. കറുകച്ചാൽ സബ് ട്രഷറി പടിക്കൽ വെയ്റ്റിംഗ് ഷെഡ് സ്ഥാപിക്കുക.

9. വീതിയില്ലാത്ത എല്ലാ റോഡുകളും 6 മീറ്റർ വീതി ആക്കി മാറ്റുക.

10. എല്ലാ റോഡുകളുടെ പാർശ്വങ്ങളിലും ഓടകൾ നിർമ്മിക്കുക.

11. പുനലൂർ-കോട്ടയം സ്റ്റേറ്റ് ഹൈവേ ആക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

13. ആലപ്പുഴ – കുമളി റോഡ് ദേശീയ പാതയാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുക.

14. പഞ്ചായത്തു റോഡുകളിൽ പൈപ്പു കണക്ഷൻ സ്ഥാപിക്കുക.

15. ടൗണിലെ ഓടകൾ സംരക്ഷിക്കുക.

16. റോഡിലേക്ക്കു കയറിനിൽക്കുന്ന ടെലഫോൺ ഇലക്ട്രിക് പോസ്റ്റുകൾ സൈഡിലേയ്ക്ക് മാറ്റി സ്ഥാപിക്കുക.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളും പി. ഡബ്ല്യൂ. ഡി. റോഡുകളും ലക്ഷകണക്കിനു രൂപ ചെലവു ചെയ്ത് അറ്റകുറ്റപ്പണികൾ തീർത്ത് കേടുകൂടാതെ കിടക്കുന്ന സമയത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും ടെലിഫോൺ കേബിൾ സ്ഥാപിക്കുന്നതിനുമായി റോഡിന്റെ അരികിലും റോഡിനു കുറുകെയും വലിയ കുഴികൾ എടുക്കുന്നു. ഈ കുഴികൾ യഥാസമയം നികത്തി റോഡ് പൂർവ്വ സ്ഥിതിയിലാക്കാത്തതു മൂലം യാത്രാക്ലശം അനുഭവപ്പെടുന്നു. മാത്രമല്ല വൃത്തിയായി കിടക്കുന്ന റോഡുകൾ വീണ്ടും വെട്ടിക്കുഴിയ്ക്കേണ്ടി വരുന്നതും വീണ്ടു നന്നാക്കുകയും ചെയ്യേണ്ടി വരുന്നതു മൂലം ഭാരിച്ച തുക സർക്കാരിനു നഷ്ടം വരുന്നു. റോഡുകൾ എല്ലാവർഷവും ടാർ ചെയ്യുന്നുണ്ടെങ്കിലും ശരിയായവിധത്തിൽ ഓടകൾ നിർമ്മിയ്ക്കാത്തതുമൂലം അവ വളരെ വേഗം വെള്ളം കെട്ടികിടന്ന് പൊട്ടിപ്പൊളിഞ്ഞുപ്പോകുന്നു. ശരിയായ വിധത്തിലുള്ള ആസൂത്രണത്തോടെ, ദൂരെ കാഴ്ചയോടെ പദ്ധതികൾ ആവിഷ്കരിച്ചാൽ ഈ വമ്പിച്ച സാമ്പത്തിക നഷ്ടവും യാത്രാക്ലേശവും ഒഴിവാക്കാം.



12

# ഊർജ്ജം

ആധുനിക പുരോഗതിയുടെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ് വൈദ്യുതി. വൈദ്യുതി എന്നു കണ്ടുപിടിച്ചു എന്ന് വ്യക്തമായ കണക്കുകളില്ല എങ്കിലും കറുകച്ചാൽ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത് 1957 -ൽ ആണ്. 15-9-1957-ൽ ഈ പഞ്ചായത്തിൽ ആദ്യത്തെ വൈദ്യുതി കണക്ഷൻ ലഭിച്ചു. തുടർന്ന് കൃഷി, വ്യവസായം എന്നീ മേഖലകളിലേക്ക് വൈദ്യുതിയുടെ ഉപയോഗം വ്യാപിച്ചു. വൈദ്യുതി ഈ പഞ്ചായത്തിൽ എത്തിയിട്ട 39 വർഷങ്ങൾ പിന്നിട്ടെങ്കിലും കറുകച്ചാൽ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. കോളനികളിൽ ഭൂരിഭാഗവും വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിൽ 4250 വൈദ്യുതി ഉപഭോക്താക്കളുണ്ട്. എന്നാൽ വൈദ്യുതി ബോർഡിന്റെ യാതൊരു ആഫീസുകളും കറുകച്ചാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. നെടുംകുന്നം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കറുകച്ചാൽ ഇലക്ട്രിക്കൽ മേജർ സെക്ഷൻ ആഫീസ് മുഖേനയാണ് ഈ പഞ്ചായത്തിൽ വൈദ്യുതി വിതരണം നടക്കുന്നത്. ചെത്തിപ്പുഴ സബ് സ്റ്റേഷനിൽ നിന്നുമുള്ള 66 കെ.വി. ലൈനിൽ നിന്നു മാത്രമാണ് കറുകച്ചാൽ ഇലക്ട്രിക്കൽ മേജർ സെക്ഷൻ ആഫീസിൽ വൈദ്യുതി ലഭ്യമാകുന്നത്. കേരളത്തിലെ ഫീഡർ ആഫീസുകളിൽ ഒന്നാണ് കറുകച്ചാൽ.



തന്മൂലം ആ ലൈനിൽ നിന്നുള്ള വൈദ്യുതി വിതരണത്തിന് തടസ്സം നേരിട്ടാൽ പഞ്ചായത്തു മുഴുവൻ ഇരുട്ടിലാകും. സകല പ്രവർത്തനങ്ങളും സ്തംഭിക്കുകയും ചെയ്യും.

കറുകച്ചാൽ പഞ്ചായത്തിൽ 4250 വൈദ്യുതി ഉപഭോക്താക്കളുള്ളതിൽ ഭൂരിഭാഗവും ഗാർഹിക ആവശ്യത്തിന് മാത്രം വൈദ്യുതി ഉപയോഗിക്കുന്നവരാണ്. ആകെയുള്ളതിൽ അധികൃതരുടെ കണക്കുകൾ അനുസരിച്ച് 18 കാർഷിക ഉപഭോക്താക്കളും 54 വ്യാവസായിക ഉപഭോക്താക്കളും ഉൾപ്പെടുന്നു. ഈ പഞ്ചായത്തതിർത്തിയിൽ 15 ട്രാൻസ്ഫോർമർ സ്ഥാപി

ച്ചിട്ടുണ്ടെങ്കിലും ഇവയിൽ അധികവും അധിക ഭാരം വഹിക്കുന്നതിന് കപ്പാസിറ്റിയുള്ളവയല്ല. ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് സംബന്ധിച്ച് പരാതിയുള്ളവരാണ്. മിക്ക ഗ്രാമസഭകളും വോൾട്ടജ് ക്ഷാമം പരിഹരിക്കണമെന്നും, ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കണമെന്നും, സ്ട്രീറ്റ് ലൈറ്റുകൾ മുഴുവൻ കത്തിക്കണം എന്നുമുള്ള ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

തെരുവ് വിളക്കുകളായി ഈ പഞ്ചായത്തതിർത്തിയിൽ 585 ബൾബുകളും, 35 ട്യൂബുലൈറ്റുകളും, 2 സോഡിയം വേപ്പർ ലാമ്പും സ്ഥാപിച്ചിട്ടുണ്ട്. ഇവ കത്തിക്കുന്നതിനായി കറന്റു ചാർജ്ജിനത്തിൽ പഞ്ചായത്ത് പ്രതിമാസം 7283 രൂപ കറുകച്ചാൽ ഇലക്ട്രിക്കൽ മേജർ സെക്ഷൻ ആഫീസിൽ അടയ്ക്കുന്നുണ്ട്. എല്ലാ മാസവും കറന്റു ചാർജ്ജ് കൃത്യമായി അടക്കുന്നു. വീഴ്ച വരുത്തിയാൽ പഞ്ചായത്ത് ഫൈൻ അടയ്ക്കേണ്ടതായി വരുന്നു. എന്നാൽ വഴിവിളക്കുകളിൽ 30% പോലും കത്താറില്ല. ബോർഡ് അധികൃതർ ഇവ കത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാറുമില്ല.

കറുകച്ചാൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ് ഫോർമറുകളും അവയുടെ കപ്പാസിറ്റിയും ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|
| 1 | 500 | ചമ്പക്കര |
| 2 | 160 | പനയമ്പാല |
| 3 | 250 | ക്യാമൽ പടി |
| 4 | 160 | കറുകച്ചാൽ |
| 5 | 100 | ഇരുപ്പയ്ക്കൽ |
| 6 | 100 | എൻ.എസ്.എസ്. പടി |
| 7 | 100 | ചമ്പക്കര |
| 8 | 100 | പ്ലാച്ചിക്കൽ |
| 9 | 100 | ഉമ്പിടി |
| 10 | 63 | തുരുത്തിക്കാട് |
| 11 | 100 | ശാന്തിപുരം |
| 12 | 100 | വെട്ടിക്കാവുങ്കൽ |
| 13 | 100 | കറുകച്ചാൽ തീയറ്റർ പടി |
| 14 | 100 | ചമ്പക്കര |
| 15 | 100 | ചമ്പക്കര |
| 16 | 100 | നെത്തല്ലൂർ |

ചങ്ങനാശ്ശേരി കറുകച്ചാൽ 11 കെ.വി. ലൈനും, പാമ്പാടി മണിമല 11 കെ.വി. ലൈനും ഈ പഞ്ചായത്തിൽ കൂടി കടന്നു പോകുന്നു. 4250 മീറ്ററുകളുള്ളതിൽ 3% മീറ്ററും കേടുള്ളവയാണ്. ആറു മാസത്തിലൊരിക്കൽ മീറ്റർ പരിശോധിച്ച് ബില്ലു നിർണ്ണയിക്കുന്ന രീതിയാണിപ്പോഴുള്ളത്. വൈദ്യുതി മോഷണം പഞ്ചായത്തിൽ വളരെ വിരളമാണ്. പ്രധാന വൈദ്യുതി നഷ്ടം പ്രേസരണ–വിതരണ സംവിധാനങ്ങൾ മൂലമാണ്. ഈ നഷ്ടം പരിഹരിക്കുന്നതിന് പ്രധാനമായും ചെയ്യാവുന്നത് ജമ്പർ മെച്ചപ്പെടുത്തുകയാണ്. വൈദ്യുതി ലൈനിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചു മാറ്റുക. ട്രാൻസ് ഫോർമറുകളുടെ സ്ഥാനം പുനഃക്രമീകരിക്കുകയാണ് വേണ്ടത്.

ഈ പഞ്ചായത്തിൽ പാചകത്തിനായി മിക്ക വീടുകളിലും ഉപയോഗിക്കുന്നത് വിറകാണ്. പൂർണ്ണമായും വിറക് വിലകൊടുത്തു വാങ്ങി ഉപയോഗിക്കുന്ന കുടുംബങ്ങൾ വളരെക്കുറവാണ്. ഭൂരിഭാഗം കുടുംബങ്ങളും വീട്ടുവളപ്പിൽ നിന്നും ലഭിക്കുന്ന വിറകുകൾ ഉപയോഗിക്കുന്നു. റബ്ബർ, തെങ്ങ് എന്നിവ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും കൃഷിചെയ്യുന്നതിനാൽ ജനങ്ങൾക്ക് വിറക് സുലഭമായി കിട്ടുന്നു.

ചപ്പുചവറുകളും ജൈവാവശിഷ്ടങ്ങളും ഇന്ധനമായി ഉപയോഗിക്കുന്നത് താഴ്ന്ന വരുമാനക്കാരാണ്. ഇത്തരത്തിൽ പാചകം ചെയ്യുന്നവർ ഈ പഞ്ചായത്തിൽ വളരെക്കുറവാണ്. മിക്കവീടുകളിലും പരമ്പരാഗത രീതിയിലുള്ള മൂന്നടുപ്പുകളാണ്. ദക്ഷത കൂടിയ അടുപ്പുകൾ

ഒരു ചെറിയ ശതമാനം വരുന്ന ഇടത്തരം വരുമാനക്കാർ ഉപയോഗിക്കുന്നുണ്ട്.

പുകയില്ലാത്ത അടുപ്പുകളും, പോർട്ടബിൾ അടുപ്പുകളും, പ്രഷർകുക്കറും ചുരുക്കം ചിലർ മാത്രമാണുപയോഗിക്കുന്നത്. മണ്ണെണ്ണയും, ഗ്യാസും പാചകത്തിനായി ഉപയോഗിക്കുന്ന ഇടത്തരം വരുമാനക്കാരുമുണ്ട്. ദക്ഷത കൂടിയ അടുപ്പുകൾ പ്രയോഗത്തിൽകൊണ്ടുവരുന്നതിനായി ജനങ്ങളെ ബോധവത്ക്കരിക്കേണ്ടതാണ്. സൂര്യപ്രകാശം പഞ്ചായത്തിലെ എല്ലാ സ്ഥലത്തും ലഭിക്കുന്നതിനാൽ സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന സോളാർ വിളക്കുകൾ വീടുകളിലും പൊതുസ്ഥലങ്ങളിലും പ്രവർത്തിപ്പിക്കാൻ കഴിയും.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഒരു വാർഡിലും ആവശ്യമായ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. പഞ്ചായത്തിലെ കോളനികളിൽ ഒന്നുപോലും തീർത്തും വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടില്ല. ചില കോളനികളിൽ ഒരു വീടുപോലും വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടില്ല.
3. വൈദ്യുതീകരിച്ച സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമായി തീർന്നിരിക്കുന്നു. രാത്രികാലങ്ങളിൽ കറന്റിന്റെ പ്രയോജനം ലഭിക്കുന്നില്ല.
4. വൈദ്യുതി വിതരണരംഗം ബോർഡിന്റെ അനാസ്ഥമൂലം പലപ്പോഴും പല കാരണങ്ങളാലും സ്തംഭിക്കുന്നു. ഉള്ള വഴിവിളക്കുകൾ 30% പോലും കത്തിക്കാൻ കഴിയുന്നില്ല.
5. വൈദ്യുതി വിതരണം നടത്തുന്ന ആഫീസ് നെടുംകുന്നം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നു.
6. സമ്പന്ന കുടുംബങ്ങൾ സ്റ്റെപ്പ്-അപ്പ് ഉപയോഗിക്കുന്നത് മൂലം സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ കൂടുന്നു.
7. P.W.D.റോഡുകളിലും പഞ്ചായത്ത് റോഡുകളിലും ഉള്ള ഇലക്ട്രിക് പോസ്റ്റുകൾ പലതും ജീർണ്ണിച്ച് അപകടാവസ്ഥയിൽ നിൽക്കുന്നു. ബോർഡു ജീവനക്കാരുടെ അനാസ്ഥയും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അഴിമതിയും വിമുഖതയും വിഷമങ്ങൾ സൃഷ്ടിക്കുന്നു.
8. വ്യവസായ ആവശ്യത്തിനായി ലൈൻ കിട്ടാതെ വർഷങ്ങളായി വ്യവസായികൾ ബുദ്ധിമുട്ടുന്നു.
9. ഊർജ്ജസ്രോതസ്സുകളെപ്പറ്റിയുള്ള അറിവില്ലായ്മ.

### സാദ്ധ്യതകൾ

ബോർഡിന്റെ അറിവ് കൂടാതെ സ്റ്റെപ്പ്-അപ്പ് ഉപയോഗിക്കുന്നത് നിയന്ത്രിക്കുകയുംലൈനുകളിൽ മുട്ടി നിൽക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുകയും ട്രാൻസ്ഫോമറുകളുടെ സ്ഥാനം പുനക്രമീകരിക്കുകയും ചെയ്താൽ ഏതാണ്ട് 40% പ്രേസരണ വിതരണ നഷ്ടം കുറയ്ക്കാൻ സാധിക്കും.

മിക്ക ഗ്രാമസഭകളും വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്നും വഴിവിളക്കുകൾ കത്തിക്കണമെന്നുമുള്ള ആവശ്യം മുന്നോട്ടുവച്ചിരിക്കുകയാണ്.

പാമ്പാടി സബ് സ്റ്റേഷനിൽ 66 കെ. വി. ലൈനിൽ നിന്നും 11 കെ. വി. ലൈൻ വലിച്ച് നെത്തല്ലൂർ വഴി കറുകച്ചാൽ ഇലക്ട്രിക്കൽ മേജർസെക്ഷനുമായി ബന്ധിപ്പിക്കുക. ചങ്ങനാശ്ശേരി – തെങ്ങണ ലൈൻ പാരലലാക്കി കറുകച്ചാൽ വരെ നീട്ടുക. ദക്ഷത കൂടിയ സി. എഫ്. എൽ. വിളക്കുകൾ ഉപയോഗിച്ച് വൈദ്യുതിലാഭിക്കാം. ഇത് സാധാരണ ബൾബുകൾ ഉപയോഗിക്കുന്നതിന്റെ 1/4 വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്. മാത്രമല്ല സാധാരണ ബൾബ് 1000 മണിക്കൂർ പ്രവർത്തിക്കുമ്പോൾ സി. എഫ്. എൽ. 10000 മണിക്കൂർ പ്രവർത്തിക്കുന്നതാണ്.

വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കാനും വീടുകളിലെ വൈദ്യുതി ദുരുപയോഗം തടയാനും അപകടങ്ങളില്ലാതാക്കാനും വൈദ്യുതി ബോർഡിന്റെ സഹകരണത്തോടെ ബോധവത്ക്കരണ പരിപാടികൾ പഞ്ചായത്തിൽ സംഘടിപ്പിക്കേണ്ടതാണ്. രാത്രികാലങ്ങളുൾപ്പെടെ വൈദ്യുതി ജീവനക്കാരുടെ സഹക

രണം ഉറപ്പാക്കേണ്ടതും പൊതുജനങ്ങളുമായുള്ള അവരുടെ എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കേണ്ടതിനുള്ള നടപടികൾ ഉണ്ടാകേണ്ടതും അനിവാര്യമാണ്.

പഞ്ചായത്തിനകത്തുള്ള വൈദ്യുതി വിതരണവും സംരക്ഷണവും കുറ്റമറ്റതാക്കാൻ വൈദ്യുതി വിതരണത്തിന്റെ യും അറ്റകുറ്റപ്പണികളുടെയും ചുമതല ബോർഡിന്റെ സഹായത്തോടെ പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. വിറക് അടുപ്പുകളാണ് ഭൂരിഭാഗം വീടുകളിലും ഉപയോഗിക്കുന്നത്. ഓരോ വർഷവും ഏറ്റവും ചുരുങ്ങിയത് 1500 രൂപയുടെ വിറകുകൾ ഓരോ കുടുംബവും ഉപയോഗിക്കുന്നു. വിറകുക്ഷാമം വിലവർദ്ധനവ് എന്നിവ ഗൗരവമായ പ്രശ്നങ്ങൾ ആകയാൽ വിറകിന്റെ ഉപയോഗം പരമാവധി കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്. വീടുകൾതോറും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുകയും അവയുടെ ഇന്ധന ലാഭം പ്രവർത്തനം എന്നിവ സംബന്ധിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുകയും അതുവഴി പകുതിയിലേറെ വിറക് ലാഭിക്കുവാനും കഴിയും. കൂടാതെ അടുക്കളയിൽ ജോലിചെയ്യുന്നവരുടെ ആരോഗ്യ തകർച്ചക്ക് ഒരു പരിഹാരവുമാകും.

ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പും പോർട്ടബിൾ അടുപ്പും പ്രഷർകുക്കറും കോട്ടയം കമ്മ്യൂണിറ്റി പോളിടെക്നിക് മുഖേന സാജന്യ നിരക്കിൽ ഈ പഞ്ചായത്തിൽ വിതരണം നടത്തിവരുന്നു. ഇത് ആവശ്യക്കാർക്ക് മുഴുവൻ ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

മേൽത്തരം അടുപ്പുകൾ ഫിറ്റു ചെയ്യുന്നതിനും പഴയവ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനും പഞ്ചായത്തുതലത്തിൽ പരിശീലന ക്ലാസ്സു നടത്തുന്നത് നന്നായിരിക്കും. പരിശീലകർ അധികവും വനിതകളായാൽ നന്നായിരിക്കും. ഇവയുടെ വ്യാപകമായ പ്രചരണം ഗ്രന്ഥശാലകൾ, സിനിമാശാലകൾ, വിദ്യാലയങ്ങൾ എന്നിവ വഴി സാദ്ധ്യമാണ്.

കന്നുകാലികളുള്ള വീടുകളിൽ ബയോഗ്യാസ് ഉത്പ്പാദിപ്പിക്കാൻ കഴിയും. അതുവഴി ബയോഗ്യാസ് അടുപ്പുകൾ പ്രവർത്തിപ്പിച്ച് ഇന്ധനം ലാഭിക്കാൻ കഴിയും.

ഈ പഞ്ചായത്തിൽ എല്ലായിടത്തും സൂര്യപ്രകാശം സുലഭമായി ലഭിക്കുന്നതിനാൽ സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനും വെള്ളം ചൂടാക്കുന്ന ഹീറ്ററുകൾ പ്രവർത്തിപ്പിക്കുന്നതിനും കഴിയും.

ഈ പഞ്ചായത്തിൽ ഇനിയും വൈദ്യുതീകരിക്കേണ്ട റോഡുകളും അവയുടെ ദൂരവും വാർഡു തിരിച്ചുള്ള വിവരങ്ങളും ചുവടെ ചേർക്കുന്നു.

വാർഡ് നമ്പർ സീരിയൽ നമ്പർ റോഡിന്റെ പേര് ദൂരം എന്നീ ക്രമത്തിൽ

I

1 അട്ടാറക്കൽ കോളനി റോഡുമുതൽ കുറുപ്പൻ കവല വരെ 1 കി. മീ.

2 ചിറ്റപറമ്പ്-മണ്ടാട്ടുപടി റോഡ് 750 മീ.

3 തകിടിയേൽ ഇല്ലത്താഴത്ത് റോഡ് 750 മീ.

4 പെരുമ്പാറയ്ക്കൽപ്പടി-തെക്കേനടക്കൽ റോഡ് 11/2 കി.മീ.

5 മാക്കയിൽ - കൊച്ചിടത്തി നാട്ട് മറ്റത്തിങ്കൽ റോഡ് 1 കി. മീ.

II

1 തൊമ്മച്ചേരി - ഊത്തപ്പാറ റോഡിൽ തൊമ്മച്ചേരി മുതൽ പെരുപാറയ്ക്കൽപ്പടി വരെ 750 കി. മീ.

2 മാലം-മാന്തുരുത്തി റോഡിൽ മാലം മുതൽ ചമ്പക്കര അമ്പലം വരെ 1 കി. മീ.

3 മയിലുകാട്പടി-അട്ടാറയ്ക്കൽ കോളനി 500 മീ.

4 തൊമ്മച്ചേരി-തെക്കേക്കര റോഡ് 1 കി. മീ.

5 കുരുമ്പിക്കുളം-ചുണ്ടമൺ റോഡ് 1 കി. മീ.

III 1 തിരുമ്മുകവല-ശ്രീരംഗം റോഡ് 1 കി. മീ.

2 പ്ലാച്ചിക്കൽ-മണ്ടലപ്പള്ളി റോഡ് 1.250 കി. മീ.

3 ചെറുമാക്കൽ-ചെമ്പംപതാൽ റോഡ്

4 നെടുമറ്റം-പ്ലാച്ചിക്കൽ റോഡ്

5 കാരയ്ക്കാട്ടുകുന്ന്-കൊട്ടാരത്തിലേപടി റോഡ്

6 കയ്യാലപ്പറമ്പ്-വിലങ്ങ്പാറ റോഡ് 1 കി. മീ.

IV 1 കൊല്ലകവല-ആലുങ്കൽ പടി റോഡിൽ ഹരിജൻ കോളനിമുതൽ കരിയാപ്പില കവല കുരിശുവരെ 1 കി,. മീ.

2 കയ്യാലപ്പറമ്പ്-ഉമ്പിടി റോഡ് 1 കി. മീ.

3 കുളത്തുങ്കൽ-പടനിലം റോഡ്

4 നീലത്തും മുക്ക് റോഡ്

5 മാങ്കുടി-കാഞ്ഞിരം റോഡ് 1 കി. മീ.

V 1 ഇഞ്ചക്കുഴി-മാമ്പതി റോഡ് 1500 മീറ്റർ.

2 വടക്കത്തുപടി-മാമ്പതി റോഡ് 1500 മീറ്റർ

3 വടക്കത്തുപടി-നാരോലിപ്പടി 2000 മീറ്റർ

4 നാരോലിപ്പടി-കവളിമാവ് റോഡ് 1500 മീറ്റർ

5 മുതിരമല-കല്ലോലിക്കൽ റോഡ് 1000 മീറ്റർ

6 കറുകച്ചാൽ – പച്ചിലാംക്കൽ റോഡ് 750 മീറ്റർ

7 പഞ്ചായത്തുപടി-പ്ലാച്ചിക്കൽ റോഡ് 1. കി. മീ.

8 അണിയറപ്പടി – ശൂലിപ്പുറം റോഡ് 1. കി.മീ.

9 കൂത്രപ്പള്ളി-ചിറയ്ക്കൽ റോഡ് 1500 മീറ്റർ

VI 1 തറേപ്പടി-വേട്ടമല റോഡിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക 2 കി. മീ.

2 തട്ടാരടി-കൂത്രപ്പള്ളി റോഡ് 1.500 കി. മീ.

3 കൂത്രപ്പള്ളി-മാംപതി-തെങ്ങോലി റോഡ് 1.500 കി. മീ.

4 തെങ്ങോലി-വളകുഴി റോഡ് 500 മീ.

5 ശാന്തിപുരം-എൻ.എസ്.എസ് പടി റോഡ് 3 കി.മീ.

6 തട്ടാരടി-കുറ്റിക്കൽ റോഡ് 1 കി. മീ.

7 മാംപതി-കുറ്റിക്കൽ കോളനി റോഡ് 500 മീ.

VII 1 കാരിക്കാനിരവ്-പത്താഴക്കുഴി

2 കണിച്ചുകുളം – കാളച്ചന്ത-മത്തിനാംചിറ റോഡ് 1500 മീ.

3 പെരുമ്പേറ്റ്-പാലയ്ക്കൽപ്പടി റോഡ്

കാരിക്കാനിരവ് – പെരുമ്പേറ്റ് റോഡ് വൈദ്യുതീകരിക്കുക

VIII 1 വെളിയം-ചക്കിമംഗലം റോഡ് 2 കി. മീ.

2 കാവുങ്കൽപ്പടി-മാമുണ്ട റോഡിൽ മാമുണ്ടവരെ 850 മീ.

3 ശാന്തിപുരം-കുന്നന്താനം റോഡ് 360 മീ.

മാമുണ്ട ലക്ഷം വീടുകോളനി, ലക്ഷം വീട് കോളനി ജംഗ്ഷൻ മുതൽ പ്ലാച്ചിറപ്പടി വരെ 750 മീ.

4 തൃക്കോയിക്കൽ മുതൽ-പി.ആർ.ഡി.എസ്. മന്ദിരം വരെ 460 മീ.

5 തൃക്കോയിക്കൽ മുതൽ – പി.ആർ.ഡി.എസ്. മന്ദിരം വരെ 250 മീ.

6 വെളിയം – തൃക്കോയിക്കൽ റോഡിൽ തൃക്കോയിക്കൽ മുതൽ തോയകുളം പടിവരെ 1250 മീ.

വെളിയം ജംഗ്ഷനിൽ നിന്നും കലുങ്കു വരെ 150 മീ.

ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ആവശ്യമായ ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും വഴിവിളക്കുകൾ ഇല്ലാത്ത പ്രദേശത്ത് വഴി വിളക്കുകൾ സ്ഥാപിക്കേണ്ടതുമാണ്.

13

# പൊതുവിതരണം



കറുകച്ചാൽ പഞ്ചായത്തിന്റെ 10 വാർഡുകളിലായി 11 റേഷൻ കടകൾ പ്രവർത്തിക്കുന്നു. പൊതുവിതരണരംഗത്ത് ഒരു മാവേലി സ്റ്റോറും ഈ പഞ്ചായത്തിൽപ്രവർത്തിക്കുന്നു. കറുകച്ചാൽ പഞ്ചായത്തിന്റെ 5–ാം വാർഡിലാണ് മാവേലിസ്റ്റോർ പ്രവർത്തിക്കുന്നത്. കഴിഞ്ഞ കുറെ കാലങ്ങളായി മോശമായ പ്രവർത്തനംനടത്തിയിരുന്ന ഈ സ്ഥാപനം ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽവന്നതിനുശേഷം പൊതുവിതരണ രംഗം ശക്തമാക്കാൻ നടപടിയെടുത്തതിനെതുടർന്ന് ഇപ്പോൾ പൊതുവിതരണത്തിൽ ശ്രദ്ധേയമായ പ്രവർത്തനം നടത്തുന്നു. ആദ്യകാലത്ത് കറുകച്ചാൽ ടൗണിൽ പ്രവർത്തിച്ചിരുന്ന മാവേലി സ്റ്റോർ മറ്റ് ചില താല്പര്യങ്ങളുടെ പേരിൽ കറുകച്ചാൽ ടൗണിൽ നിന്നും കുറെ അകലത്തേയ്ക്ക് മാറ്റിയത് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. കറുകച്ചാൽ പഞ്ചായത്തിലെ ജനങ്ങൾ നിരന്തരമായിബന്ധപ്പെടുന്ന ടൗണിലേക്ക് തന്നെ മാവേലിസ്റ്റോർ മാറ്റി സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ മാത്രമെ പൊതുവിപണിയിലെ വിലക്കയറ്റം ഒരു പരിധിവരെയെങ്കിലും പിടിച്ചു നിർത്താൻ സാധിക്കുകയുള്ളു. പൊതു വിതരണം ശക്തിപ്പെടുത്തുന്നതിന് ഒരു മാവേലി സ്റ്റോർ കൂടി ഈ പഞ്ചായത്തിൽ അനുവദിക്കണം. ഓണക്കാലത്ത് സാധാരണ ഉണ്ടാകാറുള്ള അമിതമായ വിലക്കയറ്റം തടഞ്ഞു നിർത്തുവാൻഒരു പരിധിവരെ മാവേലിസ്റ്റോറിന്റെ പ്രവർത്തനം കൊണ്ട് സാധിച്ചിട്ടുണ്ട്. കൂടാതെഓണം പോലെയുള്ള അവസരങ്ങളിൽ സഹകരണബാങ്ക്, കൃഷിഭവൻ തുടങ്ങിയവയുടെ നേതൃത്വത്തിൽ നടത്താറുള്ള ചന്തകളു

ടെ പ്രവർത്തനവും എടുത്തപ്പറയത്തക്കതാണ്.

## റേഷൻകട

സാധാരണ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ പരാതിയുള്ള സ്ഥാപനമാണ് റേഷൻകട. പൊതുവെ റേഷൻ കടകളുടെ പ്രവർത്തനം തൃപ്തികരമല്ല. റേഷൻകടകളുടെഅധികാരങ്ങൾ പൂർണ്ണമായും പഞ്ചായത്തുകൾക്ക് കൈമാറണം. ഇതുമായി ബന്ധപ്പെട്ട എല്ലാപരാതികളും പഞ്ചായത്തിൽ തന്നെ തീർപ്പുകല്പിക്കണം.റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തുതലത്തിൽ സ്വീകരിച്ച്പരിഹാരം കാണുവാൻ നടപടിയുണ്ടാകണം.താലൂക്ക് സപ്ലൈ ആഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. റേഷൻകടകൾമുഖേന വിതരണം ചെയ്യുന്ന മണ്ണെണ്ണ പോലെയുള്ള അവശ്യസാധനങ്ങളുടെ ദൗർലഭ്യം പരിഹരിക്കണം. എല്ലാവർക്കും കാർഡനുസരിച്ച് വിതരണം ചെയ്യുവാനുള്ള സാധനങ്ങൾ സപ്ലൈ ചെയ്യണം. ഇപ്പോൾ എല്ലാവർക്കും കൊടുക്കുവാനുള്ള സാധനങ്ങൾ കടകളിൽ കിട്ടുന്നില്ല. അളവുകളുടെയും തൂക്കത്തിന്റെയുംകാര്യത്തിൽ ജനങ്ങളുടെ പരാതികൾ പരിഹരിയ്ക്കണം.

*ഇന്നലെയോളം നടന്ന വഴിത്താര-*
*യിന്നു നാം മാറ്റി പ്രയാണം തുടങ്ങുക.*
*ഭൂതകാലത്തിൻ കരിത്രഭാഗങ്ങളിൽ*
*നൂതനാദ്ധ്യായം രചിക്കാം നമുക്കിനി.*
*ഒന്നിച്ചണിചേർന്ന് ഗ്രാമ സ്വരാജെന്ന*
*സങ്കല്പം യാഥാർത്ഥ്യമാക്കാം നമുക്കിനി,*
*മന്നിതിൽ സ്വർഗ്ഗം പണിയാനൊരുങ്ങുക*
*മണ്ണിന്റെ മക്കളേ, നാട്ടുകാരേ, നമ്മൾ*

14

# പാർപ്പിടം

സാംസ്കാരികപരമായും വിദ്യാഭ്യാസപരമായും ഏറെ മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്ത് കറുകച്ചാൽ, നെടുംകുന്നം വില്ലേജുകൾ ചേർന്നതാണ്. ഇടത്തരം കൃഷിക്കാരുടെ നാട് എന്ന നിലയിൽ റബ്ബർ കൃഷിക്കാരുടെ സ്വാധീനം ഈ പഞ്ചയാത്തിൽ വളരെ ഏറെ ഉണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനവും ഇവിടെ ഇല്ലാതില്ല. പരമ്പരാഗതമായി അടിമ ഭൂഉടമാ സമ്പ്രാദായം നിലനിന്നിരുന്നതുകൊണ്ട് ഗണ്യമായ വിഭാഗത്തിന് സ്വന്തമായി കൃഷി ഭൂമിയും സാമ്പത്തികശേഷിയുമുള്ളവരാണ്. എന്നാൽ ഈ പഞ്ചായത്തിലെ ഒരു വിഭാഗം ജനങ്ങൾ കൂലിപ്പണിയെയും റബ്ബർ ടാപ്പിംഗിനെയും ആശ്രയിച്ചു കഴിയുന്നവരാണ്.



വീടുകളെ സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| ഓലമേഞ്ഞത് | – 275 എണ്ണം |
| ഓടിട്ടത് | – 3793 എണ്ണം |
| കോൺക്രീറ്റ് | – 1550 എണ്ണം |
| ഒന്നിൽ കൂടുതൽ നിലകളുള്ളത് | – 345 എണ്ണം |

പി.ഡബ്ല്യൂ.ഡി റോഡിന്റെയും അതുപോലെ പഞ്ചായത്തിലെ ടാർ ചെയ്തതും അല്ലാത്തതുമായ റോഡുകളുടെ ഇരുവശങ്ങളിലും റോഡിൽ നിന്നും മൂന്നു മീറ്റർ ദൂരം വിടാതെ ലക്ഷങ്ങൾ മുടക്കി വലിയ വീടുകൾ വയ്ക്കുന്നതും വയലുകൾ നികത്തി കെട്ടിടം പണിയുന്നതും സാധാരണമാണ്. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവർത്തനത്തിൽ പഞ്ചായത്തിലെ ജനങ്ങൾ ആശങ്കാകുലരാണ്.

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നത് ചമ്പക്കര ഹൗസിംഗ് സഹകരണ സംഘമാണ്.

സ്വന്തമായി വീടുകൾ ഇല്ലാത്ത കുടുംബ ങ്ങളും ഈ പഞ്ചായത്തിലുണ്ട്. സർക്കാർ ഭവന നിർമ്മാണ ബോർഡു വഴി ദുർബല. ഇടത്തരം വിഭാഗങ്ങൾക്ക് നടപ്പാക്കി കൊണ്ടിരിക്കുന്ന ഭവന വായ്പയും ലഭിക്കുന്നുണ്ട്. സാമ്പത്തിക മായി പിന്നോക്കം നിൽക്കുന്നവർക്കും വീടുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ഭവന വായ്പകൾ ലഭിക്കത്തക്ക രീതിയിൽ വായ്പാവ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്.

**നിർദ്ദേശങ്ങൾ**

1. സ്വന്തം പേരിൽ സ്ഥലം ഇല്ലാത്തവർക്ക് സ്ഥലം വാങ്ങി വീടുവെയ്ക്കാനുള്ള വായ്പ നൽകുക. വാങ്ങുന്ന സ്ഥലവും വീടും ഈടായി സ്വീകരിക്കാം.

2. പ്ലോട്ടടിസ്ഥാനത്തിൽ തവണ വ്യവസ്ഥയിൽ വീടു നിർമ്മിച്ചു കൊടുക്കുക. ആയതിനായി ഭവന നിർമ്മാണ ഏജൻസികൾ മുൻകൈയെ ടുക്കുക.

3. ഹൗസിംഗ് സഹകരണ സംഘങ്ങളും മറ്റു ധന കാര്യ സ്ഥാപനങ്ങളും സ്ഥലം വാങ്ങി വീടു വെച്ച് വീടില്ലാത്തവർക്കും ദരിദ്ര ദുർബല വിഭാഗങ്ങൾക്കും തവണവ്യവസ്ഥയിൽ പാർപ്പിടം നൽകുക.

4. അൺടൈഡ് ഫണ്ട് ഇനത്തിൽ 95–96 കാല യളവിൽ 22 വീടുകളും ജെ.ആർ.വൈ. പദ്ധതി അനുസരിച്ച് 75 വീടുകളും ജില്ലാ ബ്ലോക്കു പഞ്ചായത്തു വഴി പ്രളയ ദുരിതാശ്വാസ പദ്ധതിയനുസരിച്ച് ഏകദേശം 45 വീടുകളും നിർമ്മിച്ചുകൊടുക്കുകയുണ്ടായി. എങ്കിലും ഭവന നിർമ്മാണ ബോർഡുവഴി ദുർബല ജന വിഭാഗങ്ങൾക്ക് നൽകുന്ന വായ്പകൾ വർദ്ധ പ്പിക്കേണ്ടതാണ്. അതായത് ഭവന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും കൂലിനിര ക്കിലെ ക്രമാതീതമായ വർദ്ധനവും പാവപ്പെ ട്ടവന്റെ സ്വന്തമായ വീട് എന്ന ആഗ്രഹം, വെറുമൊരു സ്വപ്നമാക്കി മാറ്റുന്നു. കിട്ടിയ ആനുകൂല്യങ്ങൾക്കൊണ്ട് പണിപൂർത്തിയാ ക്കാനാവാത്ത സ്ഥിതിയാണ്.

91–92 കാലയളവിൽ ഭവന നിർമ്മാണ രംഗത്ത് വിദഗ്ദ്ധതൊഴിലാളികൾക്ക് 50 രൂപാ കൂലിയായിരുന്നപ്പോൾ അവിദഗ്ദ്ധതൊഴിലാളി കൾക്ക് 40 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 30 രൂപയും ആയിരുന്നു. 95–96 കാലയളവിൽ ഭവന നിർമ്മാണ രംഗത്ത് വിദഗ്ദ്ധതൊഴിലാളി കൾക്ക് 130 രൂപായും അവിദഗ്ദ്ധതൊഴിലാളി കൾക്ക് 100 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 75 രൂപയും ആയികൂലി ഉയരുകയുണ്ടായി. എന്നാൽ പുരുഷ തൊഴിലാളികളെക്കാൾ സ്ത്രീ തൊഴിലാളികളാണ് കൂടുതൽ. കെട്ടിട നിർമ്മാണ രംഗത്ത് പുറത്തു നിന്നുമുള്ള തൊഴി ലാളികൾ പണിയെടുക്കുന്നതുകൊണ്ട് ഈ പഞ്ചായത്തിലെ തൊഴിലാളികൾക്ക് തൊഴിലവ സരങ്ങൾ നഷ്ടപ്പെടുന്നു.

കെട്ടിട നിർമ്മാണ സാമഗ്രിയായ സിമന്റിന് 87–88 കാലയളവിൽ 70 രൂപയായിരുന്നത് 95–96 കാലയളവായപ്പോഴേക്കും 190 രൂപയിൽ എത്തി നിൽക്കുന്നു. 87–88 കാലയളവിൽ 1000 വെട്ടുക ല്ലിന് 1200 രൂപയായിരുന്നത് 96 ആയപ്പോഴേക്കും 8000 രൂപയായി വർദ്ധിച്ചു. 95–96 ൽ ചുടുകട്ടയുടെ വില 100 ന് 200 രൂപയും, കരിങ്കൽ ലോഡിന് 700 മുതൽ 1000 രൂപ വരെയും, കമ്പിക്ക് 87–88–ൽ ഒരു കിലോയ്ക്ക് 13 രൂപയായിരുന്നത് 95–96 ഒരു കിലോയ്ക്ക് 17 രൂപയിൽ എത്തി നില്ക്കുന്ന തായി കാണാം. കോൺക്രീറ്റ് യൂണിറ്റിന് 87 –89–ൽ 1500 രൂപ ആയിരുന്നത് ഇപ്പോൾ 2500 രൂപയായി വർദ്ധിച്ചിരിക്കുന്നു. 95–ൽ ഫസ്റ്റ് ക്ലാസ് ഓട് 1000 ന് 5000 രൂപയായിരുന്നു. 96–ൽ 6000 രൂപയിൽ എത്തിനില്ക്കുന്നു.

കൂലി നിരക്കിലെ വർദ്ധനവും അതിനേ ക്കാൾ നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെയുള്ള സഹായങ്ങളും, ബ്ലോക്കു വഴിനല്കുന്ന J.R.Y., R.L.E.G.P., N.R.E.P., J.Y., M.W.S. എന്നീ പദ്ധതികളുടെ വായ്പാ പരിധിയിൽ സാമ്പത്തിക സഹായം വർദ്ധിപ്പി ക്കേണ്ടതും, വായ്പക്കുള്ള സാങ്കേതിക തടസ്സ ങ്ങൾ ഒഴിവാക്കപ്പെടേണ്ടതുമാണ്.

റവന്യൂ വകുപ്പുവഴി പ്രകൃതി ക്ഷോഭത്തിൽ വീടു നഷ്ടപ്പെട്ടിട്ടുള്ളവർക്ക് പുനരധിവാസ പദ്ധ തിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും വളരെ മോശമായ കണക്കുകളാണ് ഈ പഞ്ചാ യത്തിലുള്ളത്.

പഞ്ചായത്തിലാകെ രണ്ടു പട്ടികജാതി കോളനികളിലായി 80 തിലധികം വീടുകളും, 5 ലക്ഷംവീടുകോളനികളിലായി 100 വീടുകളും

രണ്ടു പൊതു കോളനികളിലായി 70-ലധികം വീടുകളും, നാലു സെറ്റിൽമെന്റു കോളനികളിലായി 70-ലധികം വീടുകളും, ഈ വീടുകളിലായി ഏകദേശം 1520 അംഗങ്ങളും ഉണ്ടെന്നു കണക്കാക്കപ്പെടുന്നു.

ചില വീടുകളിൽ ഒന്നും, രണ്ടും കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇക്കൂട്ടർക്ക് പല ആനുകൂല്യങ്ങളും ലഭിക്കാതെ പോകുന്നു. അതുമൂലം വീടിന്റെ സുരക്ഷിതത്വവും, റേഷൻ കാർഡും മറ്റും ലഭിക്കാതെ പോകുന്നു.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്തുകൾക്കു നൽകുകയും വേണം. കോളനികളുടെ പാർപ്പിട പ്രശ്നം സങ്കീർണ്ണമായ മറ്റു പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കൊച്ചു വീടുകളുടെ ജനബാഹുല്യം ആണ് ഇതിനു കാരണം. കോളനികളിൽ ഫ്ളാറ്റ് സിസ്റ്റം പരിഗണിക്കാവുന്നതാണ്. ഹൗസിംഗ് ബോർഡ്, ഇന്ദിരാ ആവാസ് യോജന, രാജീവ് ദശലക്ഷം പാർപ്പിടപദ്ധതി തുടങ്ങിയ കേന്ദ്ര ഏജൻസികളെ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. കോളനികളിലെ ഓരോ വീടുകൾക്കും ചുറ്റുമതിൽ നിർമ്മിച്ചു നൽകാവുന്നതാണ്.

നമ്മുടെ ലക്ഷ്യം പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കുക എന്നുള്ളതാണ്. അതിനായി നമുക്ക് ഒന്നിച്ച് ഒരു മനസ്സായി പ്രവർത്തിക്കാം.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പുറംപോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കണം.
2. മിച്ചഭൂമി കണ്ടെത്തി അവിടെ പാർപ്പിടമില്ലാത്തവർക്ക് വീടുവച്ചു കൊടുക്കുക.
3. ഇരട്ട വീടുകൾ ഒറ്റവീടുകളാക്കുക.
4. സമ്പൂർണ്ണ സാനിട്ടേഷൻ ഏർപ്പെടുത്തുക.
5. വീടുകൾക്ക് അറ്റകുറ്റപ്പണികൾ ചെയ്യുക.
6. പട്ടികജാതിക്കാരുടെ വീടുകൾ നികുതിയിൽ നിന്ന് ഒഴിവാക്കുക.
7. സമ്പൂർണ്ണ ഭവനനിർമ്മാണം നടപ്പിലാക്കുക.



15

# സാമൂഹ്യക്ഷേമം



സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്രരേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

ക്ഷേമ പ്രവർത്തനത്തെ രണ്ടായി തിരിക്കാം കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ദാരിദ്ര നിർമ്മാർജ്ജന പദ്ധതി തൊഴിലാളി തൊഴിലുടമാ സമ്മേളനത്തോടെ നടപ്പാക്കുന്ന ക്ഷേമ നിധി ബോർഡുകൾ, കൂടാതെ പട്ടിക ജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ, പരിവർത്തന ക്രൈസ്തവ ശുപാർശിത വിഭാഗ കോർപ്പറേഷൻ തുടങ്ങിയവയാണ്.

മേൽപറഞ്ഞ പദ്ധതികളിൽ ദാരിദ്രനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് ലഭ്യമാകുന്നത്. ചെറിയൊരളവിൽ മറ്റു പദ്ധതികളും ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

പട്ടികജാതി വികസന ആഫീസ് കോട്ടയത്തും, താലൂക്ക് വെൽഫയർ ആഫീസ് ചങ്ങനാശ്ശേരിയിലും, പരിവർത്തിത ക്രൈസ്തവ ശുപാർശിത വികസന ആഫീസ് കോട്ടയത്തും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള അറിവിന്റെ അജ്ഞത കാരണം ഈ കേന്ദ്രങ്ങൾക്കൊണ്ടുള്ള പ്രയോജനം വേണ്ട രീതിയിൽ ലഭിക്കുന്നില്ല. തന്നെയുമല്ല; ശുപാർശിത വിഭാഗ വികസന കോർപ്പറേ

ഷനിൽ നിന്നും വായ്പ ലഭിക്കുക വളരെ പ്രയാസകരമായ കാര്യമാണ്. സ്വന്തമായി ഭൂമിയില്ലാത്തവരും കോർപ്പറേഷൻ പറയുന്ന തരത്തിൽ ഈടുകൊടുക്കാൻ കഴിയാത്തവരുമായ ഈ വിഭാഗത്തിന് വികസനകോർപ്പറേഷൻ ഒരു ബാലികേറാമലയായി നിൽക്കുന്നു. ഈ പഞ്ചായത്തിൽ ഈ കോർപ്പറേഷന്റെ സഹായം ലഭിച്ചവർ ഇതുവരെ ആരും ഇല്ല.

വനിതാവികസന കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ ഈ പഞ്ചായത്തിലെ വനിതകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കാതെപ്പോകുന്നു.

സാമൂഹ്യക്ഷേമരംഗത്ത് പഞ്ചായത്തിൽ സഹായം ലഭ്യമായിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവല്പ്പമെന്റ് ഓഫീസും, രണ്ട് വില്ലേജുഓഫീസുകളും വഴിയാണ്. എന്നാൽ ഇതുവഴി എത്രമാത്രം ഗുണഭോക്താക്കൾക്ക് സഹായം ലഭിച്ചിട്ടുണ്ടെന്നകാര്യം അറിയണമെങ്കിൽ ഇനിയും വിവരം ശേഖരിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ 2 VEO സർക്കിളുകൾ ഉണ്ട്. 1, 2, 3, 4 വാർഡുകൾ ചേർന്ന ചമ്പക്കര സർക്കിളും 5, 6, 7, 8, 9, 10 വാർഡുകൾ ചേർന്ന കറുകച്ചാൽ സർക്കിളും

IRDP സർവ്വെ സഹായ ലഭ്യത കണക്ക് - കറുകച്ചാൽ വില്ലേജ്

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 1992-93 | 25 | 75000 | 225000 |
| 1993-94 | 31 | 93000 | 270000 |
| 1994-95 | 38 | 114000 | 342000 |
| 1995-96 | 42 | 126000 | 378000 |

1995 -ലെ IRDP സർവ്വെയിൽ ഈ പഞ്ചായത്തിൽ 5639' വീടുകളുണ്ടെന്നുകണ്ടെത്തി. അതിൽ 1619' വീടുകൾ ദാരിദ്രരേഖയ്ക്ക് താഴെയാണെന്ന് കണക്കാക്കുന്നു.95-96 കാലയളവിൽ 80 കുടുംബങ്ങൾക്ക് സബ്സിഡിയും വായ്പയുമായി 7,61,216 വിതരണം ചെയ്തതായി കരുതുന്നു. 95-96 കാലയളവിൽ സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായി. എന്നാൽ 95-96 അവസാനം ആയപ്പോഴേക്കും പ്രളയ പുനരധിവാസ പദ്ധതിയനുസരിച്ച് കറുകച്ചാൽ വില്ലേജാഫീസുവഴി 21 വീടുകൾക്കായി 294000 രൂപ അനുവദിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. ദാരിദ്ര രേഖ എന്ന സർക്കാരിന്റെ വിഭജനം കാലത്തിന്റെ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. ദാരിദ്ര രേഖയുടെ പരിധി 25000 രൂപയാക്കണം. ദാരിദ്ര രേഖയുടെ പരിധി വർദ്ധിപ്പിച്ചാൽ ധനകാര്യ സ്ഥാപനങ്ങൾക്ക് കൂടുതൽ തുക വായ്പയാ അനുവദിക്കുവാനും അതുവഴി അവർക്ക് സാമൂഹ്യ സേവനം ഉറപ്പുവരുത്തുവാനും സാധിക്കുന്നു.

ദേശസാൽകൃത ബാങ്കുകൾ വായ്പകൾ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. സഹകരണമേഖല വഴി ഗുണഭോക്താക്കളെ കണ്ടുപിടിച്ച് വായ്പ നൽകി സഹായിക്കാനുള്ള സർക്കാർ നടപടി സ്വാകരിക്കണം. ഗുണഭോക്താക്കളെ കണ്ടെത്തി വർഷംതോറും സർവ്വെ നടത്തുക. കാലതാമസം കൂടാതെ ഗുണഭോക്താക്കൾക്ക് വായ്പകൾ എത്തിക്കുക, കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ IRDP വായ്പ ലഭിക്കുന്നതിന് നിലവിലുള്ള ജാമ്യം നല്കണമെന്ന വ്യവസ്ഥമാറ്റേണ്ടിയിരിക്കുന്നു.

## DWCRA സഹായം

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ (പത്തിനും പതിനഞ്ചിനും ഇടയ്ക്ക്) സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA. ഈ പഞ്ചായത്തിൽ ചമ്പക്കര പ്രദേശത്ത് മൂന്നാം വാർഡിൽ 1995-96-ൽ പത്തുപേരടങ്ങുന്ന ഡയറി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. അഞ്ചാം വാർഡ് കേന്ദ്രമാക്കി ഒരു ഡയറി യൂണിറ്റ് ആരംഭിക്കാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. 95-96 കാലയളവിൽ ഈ പഞ്ചായത്തിൽ 14 പേർക്ക് സബ്സീഡി നിരക്കിൽ ആടുകളെ വിതരണം ചെയ്തു. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് കോഴിക്കുഞ്ഞുങ്ങളെയും വിതരണം ചെയ്തു. ഈ പഞ്ചായത്തിൽ കുറുപ്പൻ കവല കേന്ദ്രമാക്കി ഒരു വനിതായൂണിറ്റും പത്താം വാർഡിൽ കാവിൽ കോളനി കേന്ദ്രമാക്കി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും നടന്നു വരുന്നു. കൂടുതൽ വനിതകളെ കണ്ടെത്തി ധനസഹായം നൽകി സഹായിക്കുന്നതോ

ടൊപ്പം അവരുടെ സാമൂഹ്യ പുരോഗതിക്ക് അർഹമായ അംഗീകാരം നൽകുകയും വേണം. ഐ.സി.ഡി.എസിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ വഴി വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കാം. അതുവഴി സ്ത്രീകൾക്ക് സാമ്പത്തിക പുരോഗതിയും കുടുംബഭദ്രതയും കൈവരിക്കാം.

### ട്രൈസം (Tryzem)

18 മുതൽ 35 വയസ്സുവരെയുള്ള യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകി ഐ. ആർ.ഡി.പി.യിൽ സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള വായ്പ നൽകുന്നതാണ് ട്രൈസം.

പട്ടിക. 1

കറുകച്ചാൽ V.E.O സർക്കിൾ

| വർഷം | എണ്ണം |
|---|---|
| 1992–93 | 8 |
| 1993–94 | 6 |
| 1994–95 | 10 |
| 1995–96 | 5 |

ട്രൈസം ട്രെയിനികൾക്ക് പരിശീലന കാലത്ത് സ്റ്റൈഫന്റു നല്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ടൂൾ കിറ്റ് സൗജന്യമായി നല്കുന്നു. സബ്സിഡി 6000 രൂപ.

### ചമ്പക്കര V.E.O. സർക്കിൾ

| വർഷം | എണ്ണം |
|---|---|
| 992–93 | 10 |
| 1993–94 | 7 |
| 1994–95 | 6 |
| 1995–96 | 8 |

സ്വയം തൊഴിൽ കണ്ടെത്തൽ ഈ പഞ്ചായത്തിൽ വിജയകരമാക്കുവാൻ കഴിഞ്ഞിട്ടില്ല. പരിശീലനം നടത്തിയവർക്ക് അവർ നേടിയ തൊഴിൽ പരിചയത്തിന് യോജിച്ച തൊഴിൽ സാദ്ധ്യതയും ലഭിക്കാതെ പോകുന്നു. സാദ്ധ്യത ഉറപ്പാക്കണം.

## പെൻഷൻ

### കർഷകത്തൊഴിലാളി പെൻഷൻ

കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കു നൽകുന്ന പെൻഷനാണിത്. എന്നാൽ ഈ രംഗത്ത് സർവ്വേ കാര്യമാത്ര പ്രസക്തമാകാത്തതിനാൽ അർഹരായവർക്ക് ഇതിന്റെ ഗുണം ലഭിക്കാതെ വരുന്നു. 1991–92 –ൽ ഈ പഞ്ചായത്തിൽ 54 പേർക്കും, 92–93–ൽ 63 പേർക്കും, 93–94–ൽ 25 പേർക്കും, 94–95–ൽ 34 പേർക്കും, 95–96–ൽ 65 പേർക്കും ആനുകൂല്യം ലഭിച്ചിട്ടുണ്ട്. എന്നാൽ പലപ്പോഴും ആവശ്യമായ സമയങ്ങളിൽ ഈ തുക ലഭ്യമാകുന്നില്ല. ഗ്രാമപഞ്ചായത്തിലൂടെ സർവ്വേ നടത്തി സ്ഥിരീകരിച്ച് ഈ വിഭാഗത്തിനു ലഭിക്കേണ്ട സഹായ പദ്ധതി പ്രാവർത്തികമാക്കുവാൻ സർക്കാർ നടപടികൾ സ്വീകരിക്കണം.

## ക്ഷേമ നിധികളെ സംബന്ധിച്ച്

### കർഷകത്തൊഴിലാളി ക്ഷേമ നിധി

നമ്മുടെ പഞ്ചായത്തിലെ മുഴുവൻ കർഷകരെയും ക്ഷേമ നിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. തൊഴിലാളി യൂണിയനുകൾ മുൻകയ്യെടുത്താണ് ക്ഷേമനിധിയിൽ ആളുകളെ ചേർക്കുന്നത്. ഈ പദ്ധതിക്ക് ധാരാളം അപാകതകളുണ്ട്. തൊഴിലാളി വിഹിതത്തോടൊപ്പം തൊഴിലുടമ വിഹിതം പിരിച്ചെടുക്കുന്നില്ല. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് സർക്കാർ പറയുന്ന പ്രകാരമുള്ള ധനസഹായങ്ങൾ ലഭിക്കുന്നില്ല.

### കെട്ടിട നിർമ്മാണ ക്ഷേമനിധി

കറുകച്ചാൽ പഞ്ചായത്തിൽ ധാരാളം പേർ ഈ രംഗത്ത് പണിയെടുക്കുന്നുണ്ട്. എന്നാൽ അവരെ മുഴുവൻ കണ്ടു പിടിച്ച് ക്ഷേമനിധിയിൽ

അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടില്ല. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്കുതന്നെ ഭവന നിർമ്മാണ വായ്പ, ചികിത്സാ സഹായം തുടങ്ങിയവ ലഭിക്കുന്നില്ല. ഇവരുടെ പെൻഷൻ പ്രായം 55 വയസ്സായി നിശ്ചയിക്കേണ്ടതാണ്.

### കൈതൊഴിലാളി വിദഗ്ദ്ധതൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലപ്പണിക്കാർ, തെങ്ങുകയറ്റത്തൊഴിലാളികൾ, ബീഡിത്തൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർമാർ, ഫോട്ടോഗ്രാഫറന്മാർ തുടങ്ങിയവർക്ക് ക്ഷേമനിധികൾ ഉണ്ടെങ്കിലും ഈ പഞ്ചായത്തിൽ ആരെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടില്ല.

മേൽപറഞ്ഞ ക്ഷേമ നിധിയിൽ അർഹരായവരെ ചേർക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## തൊഴിലില്ലായ്മ വേതനം

തൊഴിലില്ലായ്മ നാടിന്റെ പരിഹരിക്കപ്പെടാനാവാത്ത ഒരു വിഷയമായി മാറുമ്പോൾ ഈ പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരുടെ എണ്ണവും വർദ്ധിക്കുന്നു. വില്ലേജാഫീസു വഴി വരുമാന അടിസ്ഥാനത്തിൽ ഇവരെ കണ്ടു പിടിക്കുന്ന സമ്പ്രദായം ഗ്രാമ പഞ്ചായത്തു മുഖേനയാക്കിയാൽ കാലതാമസം ഒഴിവാക്കാനാവും അർഹരായവരെ കണ്ടെത്തി ഫലപ്രദമായി സഹായിക്കുന്നതിനു കഴിയും. 1995-96-ൽ ഈ പഞ്ചായത്തിൽ 53 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി. ഈ പഞ്ചായത്തിൽ 95-96-ൽ 35 പേർക്ക് വിധവ പെൻഷനും, 92 പേർക്ക് വികലാംഗപെൻഷനും, 25 പേർക്ക് വാർദ്ധക്യകാലപെൻഷനും, 45 പേർക്ക് ക്ഷയരോഗ പെൻഷനും, 30 പേർക്ക് ക്യാൻസർ രോഗ പെൻഷനും നൽകിയിട്ടുണ്ട്.

### പെൻഷനുകൾ - ധനസഹായം സംബന്ധിച്ച വിവരങ്ങൾ

വിധവ വാർദ്ധക്യ വികലാംഗ ക്ഷയരോഗ ക്യാൻസർ കർഷക തൊഴിലാളി തൊഴിലില്ലായ്മ വേതനം എന്നീ ക്രമത്തിൽ

35 25 95 45 30 69 59

ആകെ 227 പേർക്ക് പെൻഷൻ ലഭിച്ചിട്ടുണ്ട്. എങ്കിലും ഇവരുടെ സാമൂഹ്യ പുരോഗതിക്ക് ഈ തുക മതിയാകുന്നില്ല. തുക വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുന്നതിനോടൊപ്പം ആരോഗ്യ പരിശോധന കാര്യക്ഷമമാക്കുകയും വേണം.

## അംഗൻ വാടികൾ

സാമൂഹ്യക്ഷേമരംഗത്ത് കാര്യക്ഷമമായ പങ്കുവഹിക്കുന്ന 21 അംഗൻ വാടികൾ പത്തു വാർഡുകളിലായി പ്രവർത്തിക്കുന്നു. 100 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ICDS-ന്റെ ലക്ഷ്യം. നമ്മുടെപഞ്ചായത്തിൽ വ്യാപിച്ചിരിക്കുന്ന പുത്തൻ വിദ്യാഭ്യാസസംസ്ക്കാരം - ഉദാ: LKG, UKG ഇതിനെ തുരങ്കം വയ്ക്കുമെന്നസത്യം ജനങ്ങൾ ഉൾക്കൊണ്ടിരുന്നെങ്കിൽ........ . പ്രാഥമിക ആവശ്യങ്ങക്കുവേണ്ട സംവിധാനം ഇല്ലായ്മയും, കളിസ്ഥലം ഇല്ലായ്മയും, കളിപ്പാട്ടം ഇല്ലായ്മയും നമ്മുടെ പഞ്ചായത്തിലെ അംഗൻവാടികളിൽ വലിയൊരു പ്രശ്നമായി അവശേഷിക്കുന്നു. വരുംതലമുറയെ വാർത്തെടുക്കുന്ന കളരിയായി നാം കാണുന്ന അംഗൻവാടികളുടെ സ്ഥിതി ദയനീയമാണ്. അംഗൻവാടിയിലെ ജീവനക്കാരുടെ വേതനം അവരുടെ ജോലിയ്ക്കനുസൃതമല്ല. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടതാണ്.

### നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക സ്ഥാപനങ്ങളെക്കൊണ്ടോ J.R.Y. ഫണ്ട് ഉപയോഗിച്ചോ അംഗൻ വാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യണം.
2. പഞ്ചായത്തിന്റെ അതിർത്തിയിലുള്ള മിച്ച ഭൂമി, പുറമ്പോക്കു ഭൂമി, അംഗൻവാടികൾക്ക് കെട്ടിടങ്ങൾ പണിയുന്നതിന് ലഭ്യമാക്കുക.
3. ഏതെങ്കിലും സാമ്പത്തിക സ്ഥാപനങ്ങൾ മുഖേനയോ, സന്നദ്ധ സംഘടനകളെക്കൊ

ണ്ടോ കളിപ്പാട്ടങ്ങൾ സ്പോൺസർ ചെയ്യിക്കുക.

4. D.W.C.R.A. യൂണിറ്റുകൾ നൽകുന്ന നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങുവാൻ ഉപയോഗിക്കുക.

5. അംഗൻവാടികളിലെ കുട്ടികൾക്ക് പോഷകാഹാരത്തിനു നൽകുന്ന തുക വർദ്ധിപ്പിക്കുക.

6. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് സന്നദ്ധസംഘടനകളുടെയും, സന്നദ്ധപ്രവർത്തകരുടെയും സഹായത്തോടെ കെട്ടിടം പണിതു നൽകുക.

7. അന്ധവിശ്വാസങ്ങൾക്കും, ജാതി ചിന്തകൾക്കും എതിരായി പ്രചരണം നടത്തുക.

8. മിശ്രവിവാഹിതരായവരെ കണ്ടു പിടിച്ച് ജീവിത സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാൻ ശ്രമിക്കുക.

9. കരിഞ്ചന്തയ്ക്കും, നികുതി വെട്ടിപ്പിനും മറ്റു സാമൂഹ്യ വിപത്തുകൾക്കും എതിരെ പ്രചാരണം നടത്തുക.

10. അഗതി, വിധവ, വാർദ്ധക്യകാല പെൻഷൻ, വിധവകളുടെ (പാവപ്പെട്ട) പെൺമക്കളെ വിവാഹം ചെയ്തയയ്ക്കുന്നതിനുള്ള ധനസഹായം എന്നിവയുടെ തുക സർക്കാർ വർദ്ധിപ്പിക്കുക.

11. കോളനി നിവാസികൾക്കുള്ള ആരോഗ്യ പദ്ധതികൾ നടപ്പാക്കുക.

12. പട്ടികജാതിക്കാരുടെയും, പട്ടികവർഗ്ഗക്കാരുടെയും സമർത്ഥരായ വിദ്യാർത്ഥികൾക്ക് കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ ശ്രമിക്കുക.

13. പട്ടികജാതി, പട്ടികവർഗ്ഗ, പുറമ്പോക്കു നിവാസികൾക്ക് കോളനി പദ്ധതികൾ ആരംഭിക്കുക. സർക്കാർ വക മിച്ചഭൂമിയും, റവന്യു പുറമ്പോക്കും ആയതിന് ലഭ്യമാക്കുക.

14. സ്റ്റേഡിയവും, കളിസ്ഥലവും നിർമ്മിക്കുകയും, കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുകയും പരിശീലനം നൽകുകയും ചെയ്യുക. ആയതിനാവശ്യമായ പ്രത്യേക ഗ്രാന്റുകൾ പഞ്ചായത്തിന് ലഭ്യമാക്കുക, കേര



ചിരട്ടത്തവി നിർമ്മാണം

ളോത്സവും കാര്യക്ഷമമായി നടത്തുവാൻ സർക്കാർ മേൽ നടപടികൾ സ്വീകരിക്കുക.

15. പരിസ്ഥിതി സംബന്ധമായ ഘടകങ്ങളെ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുക.

16. ബസ്സ്റ്റോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.

17. റേഷൻ കടകൾ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടു പിടിക്കുകയും, അവശ്യസാധനങ്ങൾ പൂഴ്ത്തി വയ്ക്കുന്നതിനെതിരായി നടപടി സ്വീകരിക്കുകയും ചെയ്യുക.

18. അനാരോഗ്യകരമായ പ്രദേശങ്ങൾ ഉദ്ധരിക്കുകയും പരിസരശുചിത്വം പാലിക്കുകയും അതിനുവേണ്ട ബോധവൽക്കരണം നടത്തുകയും ചെയ്യുക.

19. ബസ് കാത്തു നിൽക്കുന്നതിനുള്ള ഷെഡ്ഡുകൾ സന്നദ്ധസംഘടനകൾ, ധനകാര്യ സ്ഥാപനങ്ങൾ മുതലായവയുമായി സഹകരിച്ച് സ്ഥാപിക്കുന്നതിനായി പൊതുമരാമത്തുവകുപ്പ് ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാക്കുക.

20. അനധികൃത ഭൂവിനിയോഗം നിയന്ത്രിക്കുക.

21. ദുർബല വിഭാഗങ്ങൾക്കായി നിയമസഹായ സമിതികൾ രൂപീകരിക്കുക.

22. വികലാംഗരായ വിദ്യാർത്ഥികളെ വിദ്യാഭ്യാസം ചെയ്യിക്കാനാവശ്യമായ പ്രേരണ നൽകുക.

23. വികലാംഗരായവരുടെ തൊഴിൽ പരിശീലനത്തിന് സാമ്പത്തിക സഹായം നൽകുക.

കാലം ഒരു പുത്തൻ പ്രതീക്ഷയുമായി മുന്നോട്ടു പോകുമ്പോൾ കറുകച്ചാൽ ഗ്രാമപഞ്ചായത്തിൽ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ കഴിയുന്ന നിർദ്ദേശങ്ങളാണിത്. ഈ നാട്ടിലെ ജനങ്ങൾക്ക് കൂട്ടായ പരിശ്രമത്തിലൂടെ ഒരു നല്ല നാളെ സൃഷ്ടിക്കാനാവും എന്ന് ആശിക്കാം.

16

# വനിത



ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ 52 ശതമാനം സ്ത്രീകളാണ്. 1996-ലെ സെൻസസ്സ് അനുസരിച്ച് സ്ത്രീകളുടെ ആകെ എണ്ണം 10088, പട്ടികജാതി വനിതകൾ 1274, പട്ടി കവർഗ്ഗം 36, ജോലിയുള്ള വനിതകൾ 688, കൃഷി ചെയ്യുന്നവർ 53 കർഷകത്തൊഴിലാളികൾ 4250 കാലിവളർത്തൽ 32 കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ 51 നിർമ്മാണ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർ 12 വ്യവസായ സംരം ഭത്തിൽ ഏർപ്പെട്ടിരിക്കുന്നവർ 42 ഗതാഗത വാർത്താവിതരണവുമായി ബന്ധപ്പെട്ടുപ്ര വർത്തിക്കുന്നവർ 15 മറ്റു ജോലികളിൽ ഏർപ്പെ ട്ടിരിക്കുന്നവർ 36%, ഗാർഹികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ 9262. വിദ്യാഭ്യാസ യോഗ്യ തയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ചുകൂടുതലാണന്നു കണക്കുകൾ സൂചിപ്പിക്കുന്നു. പുരുഷന്മാരുടെ തൊഴിൽ പങ്കാ ളിത്തം 51.5% വരുമ്പോൾ സ്ത്രീകളുടേത് 22.5% ആകുന്നു. വിവിധ തൊഴിൽമേഖലകളിലെ സ്ത്രീ പുരുഷ അന്തരം ചാർട്ടിൽ കൊടുത്തിരി ക്കുന്നു.

കർഷക തൊഴിലാളികൾ, അദ്ധ്യാപകർ, തയ്യൽക്കാർ, ബീഡിതെറുപ്പുകാർ, റബ്ബർ ടാപ്പിം ഗ്കാർ പാൽകച്ചവടക്കാർ, ഗവ: സർവ്വീസുകളിൽ ജോലിചെയ്യുന്നവർ, വിവിധ സ്വകാര്യ സ്ഥാപ നങ്ങളിൽ ജോലിചെയ്യുന്നവർ എന്നിങ്ങനെ ഈ പഞ്ചായത്തിലെ സ്ത്രീകളെ തൊഴിലിന്റെ അടി

സ്ഥാനത്തിൽ വേർതിരിക്കാം.

പൊതുപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം തീർത്തും കുറവാണ്. പൊതുപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരോട് പുലർത്തിപ്പോരുന്ന മനോഭാവം പൊതുവെയുള്ള സാമൂഹിക സങ്കുചിതത്വത്തെയാണ് സൂചിപ്പിക്കുന്നത്. ഈ പഞ്ചായത്തില വനിതാ പൊതുപ്രവർത്തകർ കേവലം പത്തിൽ താഴെ മാത്രമെയുള്ളൂ.

വനിതകളുടേതുമാത്രമായിട്ടുള്ള 9 തൊഴിൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ ഒരു ഡി. ഡബ്ല്യു. സി. ആർ. എ. യൂണിറ്റും, അഞ്ചു വനിത സഹകരണ സംഘങ്ങളും, 3 സ്വകാര്യ വനിതാ സ്ഥാപനങ്ങളും ആണ്. തൊഴിൽരഹിതരായ വനിതകൾ വളരെ കൂടതലുള്ള പഞ്ചായത്താണെന്ന സത്യം മറക്കാവുന്നതല്ല.

സ്ത്രീകൾക്കുനേരെയുള്ള അക്രമങ്ങൾ പൊതുവെ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. എന്നാൽ ഈ കാലയളവിൽ സ്ത്രീ പീഡനകേസുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത ഇല്ലായ്മചെയ്യുന്നതിൽ 1990-ലെ സാക്ഷരതാ പ്രവർത്തനം സഹായകമായിട്ടുണ്ട്.

**പ്രശ്നങ്ങൾ.**

1 രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശനമാണ്. ഉള്ള തൊഴിൽ മേഖലയിൽ തന്നെ കൂലിനിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു.

2 പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.

3 മിക്ക തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര അവസ്സരം ലഭിക്കുന്നില്ല.

4 സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.

5 ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഒരു രംഗത്തും ലഭിക്കുന്നില്ല.

6 സ്ത്രീകളുടെ നേതൃത്വ ഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ഒന്നും തന്നെയില്ല.

7 സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും തൊഴിലവസ്സരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണം.

8 സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുകയോ, സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല.

9 തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര അറിവില്ല. പരിശീലനത്തിന് സൗകര്യവുമില്ല.

10. വിവിധതൊഴിലുകളിൽ സ്ത്രീകൾക്ക് പരിശീലനം നൽകുകയും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് വേണ്ടത്ര സാമ്പത്തിക സഹായം ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പയായി നൽകി അവരെ പ്രോത്സാഹിപ്പിക്കുകയും, തദ്വാരാ അവരുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യാവുന്നതാണ്.

17

# സഹകരണമേഖല



പഞ്ചാബിലെ കൃഷിക്കാരെ പണം പലിശയ്ക്കുകൊടുക്കുന്ന ഇടപാടുകാരിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി ഇന്ത്യയിൽ ആദ്യമായി 1901 കഴ്സൺ പ്രഭു കുറഞ്ഞ പലിശക്കു കൃഷിക്കാർക്കു വായ്പ നൽകുന്നതിനുവേണ്ടി സഹകരണ സംഘം ആരംഭിച്ചു. എന്നാൽ സഹകരണ സംഘങ്ങൾ വ്യാപകമായി ആരംഭിക്കുന്നത് 1904-ലെ കേന്ദ്ര നിയമത്തോടുകൂടിയാണ്. 1919 -ലെ ഭരണഘടനാ പരിഷ്കാരത്തോടുകൂടി സഹകരണ സംസ്ഥാന വിഷയമായി. കൃഷിക്കാർക്ക് ഒരു അത്താണി ആയി സഹകരണ പ്രസ്ഥാനം ആരംഭിച്ചത് 1904-ലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്റ്റ് അനുസരിച്ചാണ്.

കറുകച്ചാൽ പഞ്ചായത്തിലെ കൃഷിക്കാരുടെ പുരോഗതി ഇവിടെ ആരംഭിച്ച സഹകരണ സംഘവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാൽ കറുകച്ചാലിൽ പൊതുവെ കാർഷിക മേഖല ആദായകരമല്ല എന്നുള്ളതുകൊണ്ട് മറ്റു മേഖലകളിലേക്ക് മാറാൻ തുടങ്ങിയപ്പോൾ ചെറുകിട വ്യവസായ സംരംഭങ്ങൾക്കും വായ്പ കൊടുക്കുന്നതരത്തിൽ ഇവിടുത്തെ സഹകരണ സംഘം വളർന്നു. ഇന്ന് പഞ്ചായത്തിൽ വിവിധതരത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഈ സംഘങ്ങൾ ഒക്കെത്തന്നെ കറുകച്ചാലിന്റെ പുരോഗതിക്കുവേണ്ടി നിലകൊള്ളുന്നു. കറുകച്ചാലിലെ സഹകരണ സ്ഥാപനങ്ങളിലേക്ക്......

കറുകച്ചാൽ പഞ്ചായത്തിൽ ചമ്പക്കര സഹകരണ സംഘം No: 319 എന്നപേരിൽ ടൗണിനു സമീപം നാരായണ സൗധം എന്ന വീട് ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്നു. ഇതാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം സെക്രട്ടറി കൈതക്കാട്, സരോജാഭവനത്തിൽ ശ്രീ C. N. മാധവക്കുറപ്പും പ്രസിഡന്റ് നന്ത്യാപറമ്പിൽ ശ്രീ നാരായണ

ക്കുറുപ്പും ആയിരുന്നു. കാർഷിക വായ്പകൾ കൊടുത്തു പോരുകയും നിക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്തിരുന്ന ഈ സംഘത്തിന്റെ പ്രവർത്തനം പിന്നീട് പിന്നോക്കാവസ്ഥയിലേക്കു പോയി. ഇടത്തറയിൽ ശ്രീ. K. K. നാരായണൻ നായർ സെക്രട്ടറിയും ഉരപ്പുകുഴിയിൽ ശ്രീP. നാരായണക്കുറുപ്പ് പ്രസിഡന്റായും വന്നതോടുകൂടി സംഘം പ്രവർത്തനക്ഷമമായി എങ്കിലും, തുടർന്ന് സംഘത്തിന്റെ പ്രവർത്തനം പരാജയമായതിനെ തുടർന്ന് ലികിഡേറ്റ് ചെയ്തു.

## ചമ്പക്കര സർവ്വീസ് സഹകരണ ബാങ്ക്

കറുകച്ചാലിലെ സഹകരണ പ്രസ്ഥാന രംഗത്ത് വിജയകരമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ചമ്പക്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്.

ചമ്പക്കരക്ഷേമപ്രദായനി കർഷക സഹകരണ സംഘം ക്ലിപ്തം നമ്പർ 3511 എന്നപേരിൽ 18-1-1954-ൽ രജിസ്റ്റർ ചെയ്ത 28-2-1954-ൽ അന്നത്തെ സഹകരണ മന്ത്രി കൂടിയായ ശ്രീ. പി. കെ. കുഞ്ഞ് ഉത്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു. കറുകച്ചാൽ പഞ്ചായത്തിലെ 1, 2, 3 വാർഡുകൾ മാത്രമായിരുന്നു അന്ന പ്രവർത്തന പരിധി. അതിലെ അംഗങ്ങളായ കർഷകരെ സംഘടിപ്പിച്ച് കൂട്ടുകൃഷി അടിസ്ഥാനത്തിൽ കൃഷി ചെയ്യുകയെന്നതായിരുന്നു ലക്ഷ്യം. അതിന്റെ അടിസ്ഥാനത്തിൽ ഹൈറേഞ്ചിൽ കല്ലാർപട്ടം കോളനിയിൽ ഈ സംഘത്തിന് 100 ഏക്കർ സ്ഥലം അനുവദിച്ചുകിട്ടി. എന്നാൽ മലമ്പനി തുടങ്ങിയ രോഗങ്ങളും വന്യമൃഗങ്ങളുടെ ശല്യവും ഉള്ളതുകൊണ്ട് കൃഷിക്കാർ അവിടെ കൃഷിചെയ്യുവാൻ താത്പര്യം കാണിച്ചില്ല. പിന്നീട് എരുമേലിയിൽ ഉമ്മിക്കുപ്പ എന്ന സ്ഥലത്ത് കൃഷി ഭൂമി അനുവദിച്ചു കിട്ടണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു. ഈ ശ്രമം നടക്കാതെ വന്നതിനാൽ 1965-ൽ ശ്രീ. കെ നാരായണക്കുറുപ്പിന്റെ നേതൃത്വത്തിൽ കറുകച്ചാൽ പഞ്ചായത്തിന്റെ 3-ാം വാർഡിൽപ്പെട്ട കൂരമറ്റം ഭാഗത്ത് വാടകമുറിയിൽ ഈ സംഘം പുനരുജ്ജീവിപ്പിച്ച് അംഗങ്ങൾക്ക് വായ്പ നൽകുന്നതിനുവേണ്ടിയുള്ള സംഘമായി പ്രവർത്തനം തുടങ്ങി. അന്നത്തെ പ്രസിഡന്റ് ശ്രീ. കെ നാരായണക്കുറുപ്പ് സെക്രട്ടറി, ശ്രീ. V. ഈയ്യോയും, ട്രഷറർ ഇട്ടിച്ചെറിയ ഈപ്പനും ആയിരുന്നു. തുടക്കത്തിൽ 112 അംഗങ്ങളും 1500 രൂപ ഓഹരി മൂലധനവും ആയിരുന്നു. അന്ന് സംഘത്തിൽ FACT യുടെ രണ്ട് വളം ഡിപ്പോകളും, രണ്ട് റേഷൻ ഡിപ്പോകളും അനുവദിച്ചു. 1968-ൽ പ്രവർത്തന സൗകര്യത്തെ കരുതി ഇതിന്റെ ഓഫീസ് ഉമ്പിടിയിലേക്ക് മാറ്റി. അന്നത്തെ സെക്രട്ടറി ശ്രീ. എസ്. പ്രഭാകരക്കുറുപ്പായിരുന്നു. ഓണററി സെക്രട്ടറിയായിട്ടാണ് അക്കാലയളവിൽഅദ്ദേഹം പ്രവർത്തിച്ചു പോന്നത്.

1970-നു ശേഷം ജില്ലാ സഹകരണ ബാങ്കിൽ നിന്നും കാർഷിക വായ്പയെടുത്ത് ചമ്പക്കര ക്ഷേമ പ്രദായനി കർഷക സഹകരണ സംഘത്തിന്റെ അംഗങ്ങൾക്ക് വായ്പ വിതരണം ചെയ്യുവാൻ തുടങ്ങി. ഇതോടുകൂടി സംഘത്തിൽ കൂടുതൽ അംഗങ്ങളെ ചേർക്കാൻ ആരംഭിച്ചു. ഈ കാലയളവിൽ ഇതിന്റെ ആഫീസ് ചമ്പക്കര ഹരിജൻ കോളനിക്ക് അടുത്തുള്ള വേലായുധ സദനത്ത് ശ്രീ മാധവൻ നായരുടെ കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. സംഘത്തിന് സ്വന്തമായ ആസ്ഥാനം വേണമെന്ന ഉദ്ദേശത്തോടുകൂടി പത്തു സെന്റ് സ്ഥലം വിലയ്ക്കു വാങ്ങുകയും NCDC യുടെ സഹായത്തോടെ 1978-ൽ കെട്ടിടം പണികഴിപ്പിക്കുകയും ചെയ്തു. ഇതോടുകൂടി ഇത് ബാങ്കായി ഉയർത്തി തുടർന്ന് പ്രവർത്തനപരിധി കറുകച്ചാൽ പഞ്ചായത്തു മുഴുവനായി വ്യാപിപ്പിച്ചു. 1979-ൽ കറുകച്ചാൽ കവലയിൽ ഈ സംഘത്തിന്റെ ശാഖാ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് ഹെഡ് ആഫീസ് കറുകച്ചാൽ ആഫീസിലേക്ക് മാറ്റുകയും ചെയ്തു. അതിനു ശേഷം ശാന്തിപുരം, ആശ്രമം പടി എന്നിവിടങ്ങളിൽ ഓരോ ബ്രാഞ്ചുകൾ സ്ഥാപിച്ചു.

പ്രസിഡന്റന്മാരായി സർവ്വശ്രീ. കെ.നാരായണക്കുറുപ്പ്, കെ.റ്റി. ചാക്കോ, വി.വർഗ്ഗീസ്, ഇട്ടിച്ചെറിയ ഈപ്പൻ, കെ.എൻ. നാരായണക്കുറുപ്പ്, റ്റി. ജെ. ജോൺ, ജി. കരുണാകരക്കുറുപ്പ്, പി. ആർ. രാഘവൻ പിള്ള, കെ. വി. സിറിയക്ക്, പി. വി. ജോൺ, ജോർജ്ജ് ജോൺ തുടങ്ങിയവർ പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. ജോസഫ് ജെ. കൊണ്ടോടിയാണ്. ഈ സംഘത്തിലെ ആദ്യത്തെ പട്ടിക ജാതി പട്ടികവർഗ്ഗ പ്രതിനിധി ശ്രീ. പിഎസ്. സുകുമാരനും, ഇപ്പോഴത്തെ പ്രതിനിധി ശ്രീ. വിസി. രാജനുമാണ്. കറുകച്ചാലിലെ വലിയ ധനകാര്യ സ്ഥാപനമായി ഈ സ്ഥാപനം ഇപ്പോൾ മാറിയിരിക്കുന്നു.

ഇപ്പോൾ ബാങ്കിൽ 18 സ്ഥിരം ജീവന ക്കാരും രണ്ടു താല്ക്കാലിക ജീവനക്കാരുമുണ്ട്. ഇവിടുത്തെ മംഗളാ സൂപ്പർ മാർക്കറ്റ് ലാഭകര മായി പ്രവർത്തിക്കുന്നു. കീടനാശിനികളും കൃഷിക്കാർക്കു ലഭ്യമാക്കുന്നുണ്ട്. ഇപ്പോൾ ബാങ്കിൽ 7366 അംഗങ്ങളും, 24 ലക്ഷം രൂപാ ഓഹരി മൂലധനവും, ആററ കോടി രൂപാ നിക്ഷേ പവും, 5 കോടിരൂപാ നിൽപു വായ്പയും, 7 കോടിരൂപ പ്രവർത്തന മൂലധനവും ഉണ്ട്. 5 ലക്ഷത്തോളം രൂപാ ലാഭമായിട്ടാണ് ബാങ്ക് പ്രവർത്തിക്കുന്നത്.

## കറുകച്ചാൽ റൂറൽ ഹൗസിംഗ് സൊസൈറ്റി

1960-ൽ പ്രവർത്തനം ആരംഭിച്ചു. ഇതിൽ 1368 അംഗങ്ങളും ഉണ്ട്. ഇപ്പോൾ ഒന്നരലക്ഷം രൂപാ നഷ്ടത്തിൽ പ്രവർത്തിക്കുന്നു. ഇപ്പോ ഴത്തെ പ്രസിഡന്റ് ശ്രീ. കെ. ആർ. നാരായണ ക്കുറുപ്പും, സെക്രട്ടറി ശ്രീമതി. ആർ. വാസന്തി യുമാണ്. ഇവിടെ മൂന്നു ജീവനക്കാരുണ്ട്. 10 ലക്ഷം രൂപാ ഓഹരി മൂലധനവും, വാർഷിക ടേൺ ഓവർ 24 ലക്ഷം രൂപയും ആണ്. സ്വന്ത മായി ഭൂമിയുള്ളവർക്ക് വായ്പ ലഭ്യമാക്കുന്നു. സംസ്ഥാന ഹൗസിംഗ് സൊസൈറ്റിയിൽ അഫി ലിയേറ്റു ചെയ്തു പ്രവർത്തിക്കുന്ന സംസ്ഥാന ഹൗസിംഗ് സൊസൈറ്റിയിൽനിന്നും ഹഡ്കോ യിൽ നിന്നും വായ്പ ലഭ്യമാക്കുന്നു. ഇപ്പോൾ പ്രവർത്തനം മന്ദഗതിയിലാണെങ്കിലും കൂടുതൽ അംഗങ്ങളെ ചേർത്തുകൊണ്ട് നല്ല പുരോഗതി നേടുവാനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ട്.

## എയിഡഡ് സ്കൂൾ ടീച്ചേഴ്സ് സഹകരണ സംഘം

1972-ൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. കറുകച്ചാൽ, നെടുംകുന്നം, കങ്ങഴ, വാഴൂർ, വെള്ളാവൂർ എന്നീ വില്ലേജുകളാണ് പ്രവർത്തന പരിധി. ആദ്യത്തെ പ്രസിഡന്റായി രുന്നത്, ശ്രീ വി. കുര്യാക്കോസും, സെക്രട്ടറി ശ്രീ. പി. ചാക്കോയും ആയിരുന്നു. ഇപ്പോൾ 565 അംഗങ്ങളുണ്ട്. 5ലക്ഷം രൂപ ഓഹരിമൂലധനവും 47 ലക്ഷംരൂപാ നിക്ഷേപവും ഉണ്ട്. 55,000രൂപാ ലാഭത്തിൽ പ്രവർത്തിക്കുന്നു. വാർഷിക ടേൺ ഓവർ രണ്ടു ലക്ഷം രൂപയാണ്. സെക്രട്ടറിയ ടക്കം നാലു ജീവനക്കാരുണ്ട്.

## ചങ്ങനാശ്ശേരി റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം

1971-മുതൽ പ്രവർത്തനം ആരംഭിച്ചു. മാർക്കറ്റിംഗ് രംഗത്ത് നിസ്തുലമായ പ്രവർ ത്തനം നടത്തിവരുന്ന സ്ഥാപനമാണിത്. കൃഷി ക്കാരുടെ റബ്ബർ ഷീറ്റുകൾ വിലയ്ക്കെടുത്ത് വ്യാപാരം നടത്തി വരുന്നു. സംഘം നേരിട്ടു നടത്തുന്ന ഒരു P.L.C. ഫാക്ടറി ഉണ്ട്. രണ്ടു സ്ഥാപനവും ലാഭകരമായി പ്രവർത്തിക്കുന്നു. സംഘത്തിന്റെ അറ്റ ലാഭം 10 ലക്ഷം രൂപയാ ണ്. 3096 അംഗങ്ങൾ ഇപ്പോഴുണ്ട്. ഓഹരി മൂല ധനം 33 ലക്ഷം രൂപയാണ്. ലാഭം 9 ലക്ഷം രൂപയാണ്. P.L.C. ഫാക്ടറിയിൽ 30 തൊഴിലാ ളികൾക്ക് നേരിട്ട് ജോലിനല്കി വരുന്നു. ഓഫീ സിൽ 11 ജീവനക്കാരുണ്ട്. ആദ്യ പ്രസിഡന്റ് പി.എസ്. ജോണും, സെക്രട്ടറി പി.കെ.രാഘ വനും ആയിരുന്നു. ഇപ്പോൾ സെക്രട്ടറി എം. പി. മാത്യു ജേക്കബ്ബും, പ്രസിഡന്റ് അഡ്വ. ജി. രാമൻ നായരുമാണ്.

## ചമ്പക്കര മെറ്റൽ & വുഡ്സ് ഇൻഡസ്ട്രീസ് സഹകരണ സംഘം

**LTD. No. S: Ind (K) 77**

1961 മുതൽ ചമ്പക്കര തൊമ്മച്ചേരി ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്നു. ഈ പഞ്ചായത്തിലെ ഏക വ്യവസായ സഹകരണ സംഘമാണിത്. ഇതിൽ 178 അംഗങ്ങളുണ്ട്. ആദ്യ സെക്രട്ടറി കെ. എൻ. രവീന്ദ്രനായിരുന്നു. ഇപ്പോൾ സെക്രട്ടറി പ്രമോദ് കുമാർ. ഈ സംഘം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കു ന്നത്. ഇരുമ്പുകൊണ്ടുള്ള ഫർണിച്ചറുകളും, വീട്ടുപകരണങ്ങളും നിർമ്മിച്ച് വിപണനം നട ത്തിവരുന്നു. പത്തുപേർക്ക് സ്ഥിരം തൊഴിൽ നൽകുന്നുണ്ട്.

## കറുകച്ചാൽ പഞ്ചായത്തിൽ പ്രവർത്തി ക്കുന്ന മറ്റു സഹകരണ സ്ഥാപനങ്ങൾ:

ചങ്ങനാശ്ശേരി താലൂക്ക് എംപ്ലോയീസ് കോപ്പറേറ്റീവ് സൊസൈറ്റി, ശ്രീ. കെ. അരവി ന്ദാക്ഷൻ MA. MPhill പ്രസിഡന്റായി പ്രവർത്തി

ക്കുന്ന കോ-ഓപ്പറേറ്റീവ് കോളേജ്, ശാന്തിപുരം ക്ഷീരസഹകരണ സംഘം (ഇതിന്റെ പ്രവർത്തനം 1988 ആരംഭിച്ചു). കറുകച്ചാൽ എൻ.എസ്.എസ്.എച്ച്. എസ്സിലും, കൂത്രപ്പള്ളി സെന്റ് മേരീസ് യു.പി.എസ്സിലും പ്രവർത്തിക്കുന്ന സ്കൂൾ സഹകരണ സംഘങ്ങൾ, ശാന്തിപുരത്ത് കണ്ണൻകുളത്തുള്ള ഹോളോബ്രിക്സ് നിർമ്മാണ സഹകരണ സംഘം, ചമ്പക്കര പട്ടികജാതി വനിതാ സഹകരണ സംഘം. ചമ്പക്കര കുറുപ്പൻ കവലയിലെ വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തനം ഏതാണ്ടു നിലച്ചിരിക്കുന്നു.

## ചമ്പക്കര ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 133 (അപ്കോസ്)

Registration : ഈ നാട്ടിലെ ക്ഷീരോത്പാദകരുടെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി ശ്രീ സജി ഓലിക്കര അവറുകൾ സാരഥ്യം വഹിച്ചുകൊണ്ട് 87 കർഷക സുഹൃത്തുക്കളെ സംഘടിപ്പിച്ചുകൊണ്ട് 11-4-89 – ൽഒരു വിശേഷാൽ പൊതുയോഗം കൂടുകയും കറുകച്ചാൽ പഞ്ചായത്തിന്റെ 1, 2, 3, 4 വാർഡുകൾ പ്രവർത്തനമേഖലയിൽ ഉൾപ്പെടുത്തി 12-6-90-ൽ ചമ്പക്കര ക്ഷീരോദ്പാദക സഹകരണ സംഘം Ltd J. 133 അപ്കോസ് ആനന്ദ മാതൃക സംഘം രജിസ്റ്റർ ചെയ്ത് 14-9-90-ൽ പ്രവർത്തനം ആരംഭിച്ചു.

### അംഗങ്ങൾ

104 അംഗങ്ങളോടുകൂടി പ്രവർത്തനം ആരംഭിച്ച സംഘത്തിന് ഇപ്പോൾ 210 അംഗങ്ങളുണ്ട്.

### ഓഹരി മൂലധനം

1040 രൂപ ഓഹരി മൂലധനത്തോടുകൂടി പ്രവർത്തനം ആരംഭിച്ച സംഘത്തിന് ഇപ്പോൾ 2100 രൂപ ഓഹരി മൂലധനവുമുണ്ട്.

### ഭരണസമിതി

ജോയിന്റ് രജിസ്റ്റാർ അവറുകളുടെ E4 18382/93 ഉത്തരവിൻ പ്രകാരം 31-10-93 -ലും 31-10-96ലും 9 ഭരണ സമിതി അംഗങ്ങളെ വീതം തെരഞ്ഞെടുത്തു. ഈ മൂന്നു തെരഞ്ഞെടുപ്പിലും സംഘം പ്രസിഡന്റായി ശ്രീ സജി ഓലിക്കര ഐകകണ്ഠേന തിരഞ്ഞെടുക്കപ്പെട്ടു.

### ആഡിറ്റ്

സംഘത്തിന്റെ കണക്കുകൾ ഓഡിറ്റു ചെയ്ത് കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിൽ നിന്നാണ്. ആഡിറ്റു പ്രകാരം സംഘത്തിന് ആകെ 30000 ത്തിൽ കുറയാതെ അറ്റാദായം ഉണ്ടായിട്ടുണ്ട്. ടി. അറ്റാദായത്തിന്റെ 65% വും ബോണസായി ഉല്പാദകർക്കു വിതരണം ചെയ്തു വരുന്നു.

### പാൽസംഭരണവും വിതരണവും

ശരാശരി 40 ലിറ്റർ പാൽ കൊണ്ടു തുടങ്ങിയ സംഘത്തിന് ഇപ്പോൾ 200 ലിറ്റർ പാൽ സംഭരിക്കുവാൻ സാധിച്ചിട്ടുണ്ട്. പാൽ വില ആഴ്ചയിലെ എല്ലാം ശനിയാഴ്ചയും ഉല്പാദകർക്കു വിതരണം ചെയ്തു വരുന്നു. സംഭരിക്കുന്ന പാലിന്റെ 20% ൽ കുറയാതെ പ്രാദേശികമായി വില്പന നടത്തുന്നതിനു സാധിക്കുന്നു.

### കാലിത്തീറ്റ

സംഘത്തിൽ നിന്നും 250 ചാക്കിൽ കുറയാതെ വിവിധ കമ്പനികളുടെ കാലിത്തീറ്റ ഓരോ മാസവും രൊക്കമായും തവണവ്യവസ്ഥയിലുംവിതരണം ചെയ്യുന്നു.

### കാഫ് - ഫീഡ് സബ്സീഢി പ്രോഗ്രാം:

ഈ സംഘത്തിന്റെ ആരംഭദശയിൽ തന്നെ മൃഗ സംരക്ഷണ വകുപ്പിന്റെ സൗജന്യ നിരക്കിലുള്ള കാലിത്തീറ്റ വിതരണത്തിന്റെ വിതരണാവകാശം സംഘം പ്രസിഡന്റ് അന്നത്തെ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി സമ്പാദിച്ചതുകൊണ്ട് സംഘത്തിന് പ്രതിമാസം 800 രൂപയുടെ വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ പദ്ധതിയിൽ കൂടി സ്ഥലവാസികളായ 300 പേർക്കു പ്രയോജനം ലഭിക്കുകയുണ്ടായി.

കറവപ്പശുക്കളെ വാങ്ങുന്നതിനുള്ള വായ്പ സംഘത്തിൽ അംഗങ്ങളായിട്ടുള്ള 50 പേർക്കു കാത്തലിക് സിറിയൻ ബാങ്കിന്റെ തോട്ടയ്ക്കാടു കറുകച്ചാൽ ബ്രാഞ്ചിൽ നിന്നു അനുവദിച്ചു വിതരണം ചെയ്യുനതിനു സാധിച്ചു.

## വനിതാ ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ്

ക്ഷീരവികസന വകുപ്പിന്റെ സബ്സിഡിയോടുകൂടി ഒരു വനിതാ ക്ഷീരരോല്പന്ന നിർമ്മാണ യൂണിറ്റ് – ബേക്കറി സംഘത്തിന്റെ ഉടമസ്ഥതയിൽ പ്രവർത്തിപ്പിക്കുന്നതിനു സാധിച്ചു. ടി യൂണിറ്റു വഴി തൊഴിൽരഹിതരായ 4 വനിതകൾക്കു തൊഴിൽ നൽകുന്നതിനു സാധിച്ചു. ടിയൂണിറ്റു വഴി സംഘത്തിന് പ്രതിമാസം 1500 രൂപാ വരുമാനം ഉണ്ടാക്കുന്നതിനു സാധിച്ചു.

| | |
|---|---|
| Date of operation | - 12-06-90 |
| No: of Employees | - 2 |
| Total collection per daily | - 125 |
| Local sale average | - 20% |
| Daily sale | - 80% |
| Working capital - 10000/- | |
| Total asset | - 95000 |
| No of shareholders | - 210 |

## നിർദ്ദേശങ്ങൾ

1. കറുകച്ചാൽ കേന്ദ്രമാക്കി പട്ടികജാതി പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ആരംഭിക്കാവുന്നതാണ്. ഈ വിഭാഗത്തിനുവേണ്ടിയുള്ള തൊഴിൽ സംഘങ്ങളും രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിക്കാവുന്നതാണ്.
2. സഹകരണാടിസ്ഥാനത്തിൽ ചൂരൽകൊണ്ടുള്ള വീട്ടുസാധനങ്ങളുടെ നിർമ്മാണം, മുള ഈറ തുടങ്ങിയവകൊണ്ടുള്ള ഉത്പന്നങ്ങൾ നിർമ്മിച്ചും ചെറിയ സഹകരണ സംഘങ്ങൾ ആരംഭിക്കാവുന്നതാണ്.
3. കൈവേലക്കാരുടെ തൊഴിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കാവുന്നതാണ്.
4. ലേബർ കോൺട്രാക്റ്റു സംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കാവുന്നതാണ്. P.W.D. സർക്കാർ പണികൾ ഈ സംഘത്തിന് കോൺട്രാക്റ്റ്പിടിച്ച് നടത്താൻ കഴിയും.
5. കൂത്രപ്പള്ളി കേന്ദ്രമാക്കി ഒരു ക്ഷീരവ്യവസായ സഹകരണ സംഘം ആരംഭിക്കാവുന്നതാണ്.
6. വിവിധ തരത്തിലുള്ള വനിതാ തൊഴിൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

18

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

## ചരിത്ര പശ്ചാത്തലം

ഭാരതത്തിന്റെ പുരോഗതിയ്ക്കും അധികാരസമ്പാദനത്തിനും വിലങ്ങുതടിയായിനിലനില്ക്കുന്നത് ജാതിയാണ്. ഇവിടെ ചാതുർവർണ്യത്തിന്റെയും അയിത്തത്തിന്റെയും പേരിൽ സാമൂഹിക വ്യവസ്ഥിതികളുടെ അടിത്തട്ടിലേക്ക് ചവിട്ടിത്താഴ്ത്തപ്പെട്ട ഒരു ജന സമൂഹമാണ് ഇവിടത്തെ പട്ടികജാതി പട്ടികവർഗ്ഗക്കാർ.ആദിദ്രാവിഡഗോത്രക്കാരായ ഇവർ ഒരു നല്ല സംസ്കാരത്തിന്റെ ഉടമകളായിരുന്നു.ആര്യന്മാരുടെ വരവോടുകൂടി ഭാരതത്തിൽ ജാതി വ്യവസ്ഥ ഉത്ഭവിച്ചു.ചാതുർവർണ്യ ഘടന ഗുണത്തെ ആസ്പദമാക്കിയുള്ള ഒരു തത്വശാസ്ത്രമാണ്.ജനനത്തിന്റെ അടിസ്ഥാനത്തിൽ ഉയർന്ന പദവി അവകാശപ്പെടുന്ന പ്രകൃതി വിരുദ്ധമായ ഒരു സംവിധാനംഭാരതീയ ജാതി വ്യവസ്ഥ ഒരു വംശീയ പ്രശ്നമാണ്. തനിക്കുതാഴെ മറ്റൊരു ജാതി(വർഗ്ഗം) ഉണ്ടെന്നുള്ളതോന്നൽ. ഇങ്ങനെയുള്ള ഒരു മാനസിക ചിന്തകളാൽ രൂപപ്പെടുന്ന ബോധത്തിൽ നിന്നും വേർതിരിവാണ് ജാതി. ജാതിയുടെ ബാഹ്യലക്ഷണമാണ് അയിത്തം.

ഋഗ്വേദത്തിലെ പുരുഷസൂക്തത്തിൽ പത്താംമണ്ഡലത്തിലെ ഒൻപതാം സൂക്തത്തിലാണ് ജാതി വ്യവസ്ഥയുടെ അടിസ്ഥാനഘടകമായ ചാതുർവർണ്ണ്യഘടന വിവരിക്കുന്നത്. ജാതി വ്യവസ്ഥ വേദങ്ങളോളം പഴക്കമുണ്ടെന്നു പറയാം. ദേവന്മാർക്കുവേണ്ടി ആദിപുരോഹിതന്മാർ യാഗം നടത്തുന്ന അവസരത്തിൽ ഉരുവിടുന്നതിനുവേണ്ടി രചിച്ചതാണ് ഋഗ്വേദം.സൃഷ്ടാവിന്റെ ശരീരത്തിൽ നിന്നും നാലു ജാതിയുണ്ടായ സങ്കല്പമാണ്ചാതുർവർണ്യാവസ്ഥ. ആദ്യത്തെ ജാതി പിന്നാലെ ജാതിയെക്കാൾ ജന്മശ്രേഷ്ടമാണെന്നു വിചാരിക്കുന്നു. ഈ ബോധത്തിൽ നിന്നും ഉളവായ മാനസിക

ധാരണയാണ് പിൽക്കാലത്ത് ക്രൂരമായ ജാതി വ്യവസ്ഥയായി രൂപപ്പെട്ടത്. നൂറ്റാണ്ടുകളായി ഒരു ജനസമൂഹത്തെ അടിമകളാക്കി എല്ലാ സാമൂഹിക നീതികളും നിഷേധിച്ച്മൃഗതുല്യരായി മൃഗങ്ങൾക്കൊപ്പം പണിയെടുപ്പിച്ച് മൃഗീയാധികാരം അടിച്ചേല്പിച്ചു.ജാതി വ്യവസ്ഥയുടെ ഉത്ഭവം വളർച്ച എന്നിവ പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് മനുസ്മൃതി. 'വർണ്ണനാം ബ്രാഹ്മണോ ഗുരു' എന്നാണ് മനുസ്മൃതിയിലെ ശാസ്ത്രാവലി. ജാതിയിൽ ബ്രാഹ്മണൻ മാത്രമാണ് ഗുരു എന്നാണതിനർത്ഥം. ഒരാൾ എത്രതന്നെ വിദ്യാഭ്യാസമുള്ളവനായാലും അയാൾ ബ്രാഹ്മണനല്ലെങ്കിൽ അയാളെ അദ്ധ്യാപകനായി സ്വീകരിക്കാൻ വേദശാസ്ത്രങ്ങൾ അനുവദിക്കുന്നില്ല. ജാതിയാണ് ഒരാളുടെ സാമൂഹിക പദവി നിർണ്ണയിക്കുന്നതെന്ന് മനു സിദ്ധാന്തിക്കുന്നു. വേദം ചൊല്ലുകയോ, അതു കേൾക്കുകയോ ചെയ്യുന്ന ശൂദ്രന്റെ നാക്ക് പിഴുതുകളയുകയോ ഈയ്യം ചെവിയിൽ ഉരുക്കി ഒഴിക്കുകയോ ചെയ്യണമെന്ന് മനു സിദ്ധാന്തിക്കുന്നു.

അയിത്താചാരത്തിന്റെ അർത്ഥശൂന്യത പൊളിച്ചുകാട്ടാൻ ജാതി ഹിന്ദുക്കളുടെ മഹത്ഗ്രന്ഥങ്ങൾത്തന്നെ തെളിവുകൾ നിരത്തുന്നു. ആദി ദ്രാവിഡ വർഗ്ഗത്തിൽപ്പെട്ട (ഇന്നത്തെ അയിത്തജാതി) വേദവതിയെയും, നാഗകന്യകളെയും സുഭദ്രയുമാണ് ആര്യനായ അർജ്ജുനൻ വിവാഹം ചെയ്തത്. ബാണന്റെ മകൾ ഉഷയെ അനിരുദ്ധനും, സത്യവതി എന്ന മുക്കുവത്തിയെ ശന്തനുവും, കടത്തുകാരിയായ കാളിപ്പെണ്ണിനെ പരാശരനും, ഹിഡുംബിയെന്ന കാട്ടുജാതിക്കാരിയെ ഭീമനും, കൈതകിയെ ഭൈരവനും, വള്ളിക്കുറിഞ്ഞിയെ ഭഗവാൻ സുബ്രഹ്മണ്യനും വിവാഹം കഴിച്ചു. സന്താന സൗഭാഗ്യത്തോടുകൂടി ജീവിച്ചകഥകൾ ഹിന്ദു പുരാണത്തിലുണ്ട്.

ഒരു കാലത്ത് ഭൂ ഉടമകൾ അടിമകളാക്കി ഇവരെ പാടത്തു പണിയെടുപ്പിച്ചിരുന്നു. വേലയ്ക്ക് കൂലിയോ വിശപ്പിന് ആഹാരമോ കൊടുത്തിരുന്നില്ല. ഇവരെ തൊട്ടുകൂടാത്തവരെന്നും തീണ്ടികൂടാത്തവരെന്നും പറഞ്ഞ് അകറ്റി നിർത്തി കന്നുകാലികളെപ്പോലെ ചന്തയിൽ ക്രയവിക്രയം നടത്തിയിരുന്നു. അടിമകളുടെമേൽ ജന്മിക്ക് പൂർണ്ണാവകാശമുണ്ടായിരുന്നു. മൃഗങ്ങൾക്കൊപ്പം നുകത്തിൽക്കെട്ടി നിലമുഴാൻ ഉപയോഗിച്ചിരുന്നു. മൃഗത്തിനൊപ്പം നുകം വലിച്ചുകൊണ്ട പോകാൻ കഴിയാതെ വന്നാൽ ചാട്ടവാറടികൾ ഏറ്റ് ഇവർ മയങ്ങി വീണിരുന്നു. ഇവരെ പാടത്ത് ചേറ്റിൽ താഴ്ത്തി കൊന്നിരുന്നു. രോഗം വന്നാലും ജന്മിയുടെ വയലിൽ പണിയെടുക്കേണ്ടിവന്നിരുന്നു. വിശ്രമം അനുവദിച്ചിരുന്നില്ല. ദാരിദ്രവും അടിമത്വവും ഇവരെ വൃത്തിഹീനരാക്കിത്തീർന്നു. ഇവർ കുറ്റക്കാരെന്ന് ജന്മിക്ക് തോന്നിയാൽ പട്ടിണിക്കിട്ട് നരകിപ്പിക്കുകയും ജീവനോടെ കുഴിച്ചുമൂടുകയും ചെയ്തുപോന്നിരുന്നു.

ഇവർക്ക് വിദ്യ അഭ്യസിക്കുന്നതിനോ, പൊതുവഴികളിൽകൂടി സഞ്ചരിക്കുന്നതിനോ, പൊതുകുളങ്ങളിൽ നിന്നും വെള്ളം കുടിക്കുന്നതിനോ, ചെളിപുരളാത്ത വസ്ത്രം ധരിക്കുന്നതിനോ ഉള്ളം അവകാശം പോലും നിയമം മൂലം നിരോധിച്ചിരുന്നു. ചിലയിടങ്ങളിൽ ചെളിപുരണ്ട വസ്ത്രവും ഉടുക്കാൻ അവകാശമില്ലായിരുന്നു. പകരം ഇലകൾ അരയിൽ ചുറ്റി നഗ്നത മറയ്ക്കണമായിരുന്നു. 1788-ൽ 1209-ാം നമ്പരായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്ന ഒരു അടിമക്കച്ചവടത്തിൽ ജന്മിക്ക് അടിമകളെ കൊല്ലുകയും വില്ക്കുകയും മാത്രമല്ല കൈകാലുകൾ വിഛേദിച്ച് അംഗഭംഗപ്പെടുത്തുവാൻ വരെ അവകാശമുണ്ടായിരുന്നതായിക്കാണുന്നു.

ഇത്തരുണത്തിൽ യുഗങ്ങളായി അടിമത്വത്തിന്റെ ഇരുട്ടറകളിൽ ബന്ധിപ്പിച്ചിരുന്ന ഒരു ജനതയെ ബന്ദന വിമുക്തരാക്കി പുരോഗമനത്തിന്റെ പാതയിൽ വളരെ ദൂരം മുന്നിട്ട് മറ്റുള്ളവരോടൊപ്പം എത്തിക്കുകയെന്നതാണ് പട്ടികജാതി പട്ടിക വർഗ്ഗവികസനം കൊണ്ടുദ്ദേശിക്കുന്നത്.

നിരവധി അടിമക്കച്ചവട നിരോധന ഉത്തരവുകളിൽ തുടങ്ങി ഒട്ടേറെ പടികൾ ചവിട്ടിക്കടന്നാണ് ഈ ജനവിഭാഗം ഇന്നത്തെ നിലയിൽ എത്തിച്ചേർന്നിട്ടുള്ളതാണ്.

ഡോ. ഭീമാറാവു അംബേദ്ക്കർ, അയ്യൻകാളി, ശ്രീനാരായണഗുരു, പൊയ്കയിൽ ശ്രു കുമാരഗുരുദേവൻ, പാമ്പാടി ജോൺ ജോസഫ്, കെ. പി. കുറുപ്പൻ, കെ. പി. വള്ളോൻ, ഉണ്ണികൃഷ്ണൻ, കാവാരിക്കുളം കണ്ടൻകുമാരൻ എന്നീ മഹാത്മാക്കൾ ഈ ജനതയുടെ മോചനത്തിനു വേണ്ടി അയിത്തത്തിനും അനാചാരത്തിനുമെതിരെ പോരാടിയവരിൽ പ്രമുഖരാണ്. സാധു പരിപാലനസംഘത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീ

അയ്യൻകാളി സംഘടിപ്പിച്ച കർഷകത്തൊഴിലാളി സമരവും ഡോ. അംബേദ്കർ മഹാരാഷ്ട്രയിൽ നടത്തിയ മഹത് പ്രക്ഷോഭസമരങ്ങളും ശ്രീ കുമാരഗുരുദേവന്റെ അടിമവിമോചന സമരവും, ശ്രീ നാരാണഗുരുദേവന്റെ വൈക്കം സത്യാഗ്രഹവും അടിച്ചമർക്കപ്പെട്ട ഈ ജനതയുടെ ആത്മാഭിമാന പ്രേരിതമായ സാമൂഹിക സ്വതന്ത്ര വിമോചന സമരങ്ങളും ആയിരുന്നു. കൂടാതെ ജാതി വിരുദ്ധസമരവുമായിരുന്നു.

ജാതി നശിപ്പിക്കുകയെന്നുപറഞ്ഞാൽ മനുഷ്യരുടെ മാനസ്സികാവസ്ഥയ്ക്ക് മാറ്റം വരുത്തുകയെന്നതാണ്. ഒരു ഭീതിക തടസ്സം നീക്കം ചെയ്യണമെന്നല്ല ധാരണാപരമായ മാറ്റം നമ്മുടെ മനസ്സിൽ ഉണ്ടാക്കിയെടുക്കുകയാണ്.

ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ 24% പട്ടികജാതിക്കാരാണ്. ചുരുക്കമായി പട്ടിക വർഗ്ഗക്കാരും ഇവിടുണ്ട്. IRDP സർവ്വെ പ്രകാരം ബഹുഭൂരിപക്ഷവും ദാരിദ്ര രേഖയ്ക്കു താഴെയാണ്. രണ്ടു ഹരിജൻകോളനികളും നാലു ലക്ഷം വീടുകോളനികളും ഒൻപതു സെറ്റിൽമെന്റ് കോളനികളും ഇവിടുണ്ട്. കോളനികളിലല്ലാതെ കുടികിടപ്പവകാശം കിട്ടി ഒറ്റപ്പെട്ടു താമസിക്കുന്നവരുമുണ്ട് IRDP പദ്ധതി പ്രകാരം കക്കൂസ് നിർമ്മിക്കുന്നതിന് 14 കുടുംബങ്ങൾക്കും, ഭവനനിർമ്മാണ പദ്ധതിപ്രകാരം 63 കുടുംബങ്ങൾക്കും, ജെ.ആർ.വൈ. പദ്ധതി പ്രകാരം 53 കുടുംബങ്ങൾക്കും അൺടൈഡു പദ്ധതി പ്രകാരം ധനസഹായം ലഭിച്ചു.

ഭരണഘടനയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിന് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതികൾ പലതു കഴിഞ്ഞിട്ടും പട്ടികജാതിക്കാരുടെ സ്ഥിതിക്ക് വ്യക്തമായ മാറ്റം വന്നിട്ടില്ല. അഴിക്കാൻ പാടില്ലാത്തവിധം കുരുക്കുകള എവിടെയോ ഉടക്കിക്കിടക്കുന്നു. ഇതര സമുദായക്കാർ പുരോഗതിയുടെ പാതയിൽ ബഹുദൂരം പിന്നിട്ടുകഴിഞ്ഞു. ഇവർ മറ്റുള്ളവരുടെ ഒപ്പം എത്തണമെങ്കിൽ ഇന്നു സർക്കാർ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ അപര്യാപ്തങ്ങളാണ്. ഈ സൗകര്യങ്ങൾ കൊണ്ട് മാത്രം ഒന്നും കൈമുതലായി ഇല്ലാത്ത ഒരു ജനതയെ ഉയർത്തിക്കൊണ്ടു വരുവാൻ സാദ്ധ്യമല്ല. കേരളജനതയെ ഒന്നായി കണ്ടുകൊണ്ട് എല്ലാവിഭാഗത്തിന്റെയും സന്തുലിതമായ വളർച്ചക്കായിരിക്കണം നമ്മുടെ ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം.

## സാമൂഹ്യം

സാമൂഹ്യ സാമ്പത്തികരംഗത്ത് അടിമത്തവും അസമത്വവും അനുഭവിച്ചിരുന്ന ഈ വിഭാഗത്തിന് ലഭിച്ച മിച്ചഭൂമിയും കുടികിടപ്പവകാശവും ചെറിയതോതിൽ സാമൂഹ്യപുരോഗതി കൈവരിക്കാൻ കഴിഞ്ഞു. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ജാതിവ്യവസ്ഥയിൽ നിന്നും അയിത്തത്തിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ കഴിഞ്ഞിട്ടില്ല. എങ്കിലും കറുകച്ചാൽ പഞ്ചായത്തിൽ ഈ സ്ഥിതിവിശേഷം പാടെ മാറിയിരിക്കുകയാണ്.

പ്രതിവർഷം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി കോടിക്കണക്കിന് രൂപ ചിലവഴിച്ച് വിവിധ വകുപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ പദ്ധതികളും ആസൂത്രണം ചെയ്തു വരുന്നു. ഇവയുടെ വിജയ സാധ്യതകളെപ്പറ്റി ചിന്തിക്കുമ്പോൾ പ്രയാസമേറിയ നിബന്ധനകൾ മൂലം പദ്ധതി ഫലപ്രദമായ രീതിയിൽ നടപ്പാക്കാൻ കഴിയാതെ പരാജയപ്പെടുന്നു.

## വിദ്യാഭ്യാസം

വിദ്യാഭ്യാസം നിയമംമൂലം ദീർഘകാലം നിഷേധിക്കപ്പെട്ടിരുന്ന ഒരു വിഭാഗമാണ്. പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് കൂടുതൽ നേട്ടമുണ്ടാക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. സ്കൂളുകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കാതെ കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളുടെ കണക്കു പരിശോധിച്ചാൽ പട്ടികജാതി പട്ടികവർഗ്ഗക്കാരാണ് അതിൽ അധികവും. സാമ്പത്തിക ബാദ്ധ്യത മൂലം കുടുംബത്തിന്റെ ചുമതല ഏറ്റെടുക്കേണ്ടി വന്നരുതിനാൽ പഠനം നിർത്തേണ്ടി വന്നവരുണ്ട്. എസ്.എസ്.എൽ.സി.ക്കു ശേഷം ഉപരിവിദ്യാഭ്യാസം ഉള്ളവർ കുറവാണ്. രക്ഷിതാക്കൾ വിദ്യാഭ്യാസം ഇല്ലാത്തവരും വിദ്യാഭ്യാസത്തിന്റെ ആവശ്യകത മനസ്സിലാക്കാൻ കഴിയാത്തവരുമാണ്.

സമ്പന്നർക്കും, ദരിദ്രർക്കും രണ്ടുതരത്തിൽ ആസൂത്രണം ചെയ്യപ്പെട്ടുവരുന്ന വിദ്യാഭ്യാസസമ്പ്രദായം അവസാനിപ്പിക്കുകയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസരീതി ആസൂത്രണം ചെയ്യുകയും വേണം.

## തൊഴിൽ

പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ 96%-വും മണ്ണിൽ അദ്ധ്വാനിക്കുന്നവരാണ്. മറ്റുള്ളവർക്കായി ഉണ്ണാനും ഉടുക്കാനുമുള്ള വക എരിവെയിലത്തും, പെരുമഴയത്തും എല്ലുമുറിയെ പണിയെടുക്കുന്ന വർഗ്ഗക്കാരാണ്. ലോകത്തെവിടെയും കായികമായി അദ്ധ്വാനിക്കുന്നവരുടെ നിറം കറുപ്പാണ്. സൂര്യപ്രകാശത്തിൽ നിന്നും പ്രവഹിക്കുന്ന അൾട്രാ വയലറ്റ് രശ്മി മനുഷ്യശരീരത്തിലുള്ള മെലാനിൻ എന്ന ദ്രാവകവുമായി പ്രവർത്തിക്കുമ്പോൾ നിറം കറുപ്പായിത്തീരുന്നു. ഈ കറുത്ത വർഗ്ഗക്കാരോട് വിവേചനം കാട്ടുന്നത് വളരെ കഷ്ടമാണ്.

സ്വന്തം ഭൂമിയിൽ അദ്ധ്വാനിച്ച് ജീവിക്കുന്നവർ ഈ പഞ്ചായത്തിൽ കുറവാണ്. സാമൂഹിക സാമ്പത്തിക രംഗത്ത് വളരെ പിന്നോക്കം നില്ക്കുന്ന ഇവർക്ക് അദ്ധ്വാനിച്ച് ജീവിക്കുവാൻ സ്വന്തമായി ഭൂമി ലഭിക്കാതെ ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിയുകയില്ല.

കാർഷിക തൊഴിലിൽ ഏർപ്പെട്ട് ഉപജീവനം നടത്തിയിരുന്ന ഈ വിഭാഗത്തിന് അടുത്തകാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച, ഭൂമിയുടെ വിസ്തൃതിയിലുള്ള കുറവ്, കർഷക തൊഴിലാളികളുടെ എണ്ണത്തിൽ വന്ന വർദ്ധനവ്, കൃഷിയിടങ്ങൾ തരിശാക്കിയിടൽ, തൊഴിൽ സാദ്ധ്യത കുറവ്, എന്നിവ കർഷക തൊഴിലാളികളുടെ ഇടയിൽ വലിയ ആഘാതങ്ങൾ സൃഷ്ടിച്ചു. ആഴ്ചയിൽ ഒന്നോ രണ്ടോ ജോലിയായി ചുരുങ്ങി. ഇവർ മറ്റു തൊഴിൽ മേഖലകൾ തേടിപ്പോകാൻ നിർബന്ധിതരായി. യുവതലമുറ പൂർണ്ണമായും കാർഷികരംഗത്തു നിന്നും പിന്മാറി. കാർഷികമേഖലയിൽ ഇവർക്ക് കടന്നുചെല്ലാൻ സഹായകമായ രീതിയിൽ ആസൂത്രിതപദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

നഷ്ടമായ ഈ വിഭാഗക്കാരുടെ പരമ്പരാഗതമായ തൊഴിൽ പുനരാരംഭിക്കുന്നതിന് വേണ്ട നടപടികൾ ഉണ്ടാകേണ്ടതാണ്.

## പാർപ്പിടം

പാർപ്പിട പ്രശ്നങ്ങൾ പരിമിതമായ സൗകര്യങ്ങളോടെയാണെങ്കിലും 70% പരിഹരിക്കപ്പെട്ടിട്ടുണ്ട്. നനഞ്ഞൊലിക്കുന്ന ചെറ്റപ്പുരകളിൽ വായുവും വെളിച്ചവുമില്ലാതെ കഴിഞ്ഞിരുന്ന കുറേപ്പേർക്കു അതിൽ നിന്നും മോചനം ലഭിച്ചു. ഭൂരിപക്ഷം വീടുകളും വെട്ടുകല്ല് കെട്ടി ഓട് മേഞ്ഞിട്ടുള്ളവയാണ്. കുടികിടപ്പവകാശം ലഭിച്ച ഭൂമിയിൽ ഒറ്റപ്പെട്ടു താമസിക്കുന്നവർക്ക് സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികളുടെ പ്രയോജനം ചുരുക്കമായി മാത്രമെ ലഭിക്കുന്നുള്ളു. ഭൂരിപക്ഷത്തിനും ഭവനനിർമ്മാണ പദ്ധതി പ്രയോജനപ്പെടുത്താൻ കഴിയാത്തതിന്റെ കാരണം അനുവദിക്കുന്ന തുക നിശ്ചിത പദ്ധതി പൂർത്തിയാക്കാൻ കഴിയാതെ കിടക്കുന്നു. മാത്രമല്ല അനുവദിക്കുന്ന തുക പൂർണ്ണമായും ഉപഭോക്താവിന്റെ കൈയ്യിൽ എത്താതെ വരുകയും ചെയ്യുന്നു. ഭൂമിയുടെ ആധാരം ബന്ധപ്പെട്ട ആഫീസുകളിൽ കുരുങ്ങിപ്പോയതിനാൽ മറ്റു സർക്കാർ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു.

വീടുവയ്ക്കാൻ ഇടമില്ലാതെയുള്ളവർക്കും റോഡുപുറംപോക്കുകളിൽ താമസിക്കുന്നവർക്ക് സർക്കാരിന്റെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ ഭൂമി വാങ്ങി വീടുവയ്ക്കുന്നതിനാവശ്യമായ ധനസഹായം അനുവദിച്ചു കൊടുത്താൽ ഒരു പരിധിവരെ ഇത്തരം പ്രശനങ്ങൾ പരിഹരിക്കാൻ കഴിയും.

ലക്ഷം വീടുകോളനികളിലെ വീടുകളിലധികവും പഴകി കേടുപാടുകൾ ഉണ്ടായിട്ടുള്ളവയാണ്. രണ്ടു കുടുംബങ്ങൾ ഒന്നിച്ച് ഒരു വീട്ടിൽ താമസിക്കുന്നവർക്കും പ്രത്യേക വീടുകൾ നിർമ്മിച്ചു കൊടുക്കേണ്ടതാണ്. പല കോളനികളിലും കക്കൂസ് നിലവിലില്ല. ഓരോ കുടുംബത്തിനും ഓരോ കക്കൂസ് ആവശ്യമാണ്. പഴകി ദ്രവിച്ച വീടുകൾ പുനരുദ്ധരിക്കേണ്ടതാണ്. പല കോളനികളും വെള്ളം കിട്ടാത്ത പ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ഇക്കാരണത്താൽ കുടിവെള്ള പ്രശ്നം വളരെ രൂക്ഷമായിത്തീർന്നിരിക്കുന്നു. കുടിവെള്ളം വൈദ്യുതി എന്നിവ എത്തിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ നടത്തേണ്ടതാണ്.

ജനസംഖ്യയിൽ പട്ടികജാതിക്കാരോടൊപ്പം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പരിവർത്തിത ക്രൈസ്തവർക്കായി ഒരു ഭവന നിർമ്മാണ പദ്ധതി ആവഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

## ആരോഗ്യം

വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും കിട്ടിയ കണക്കനുസരിച്ച് ഈ വിഭാഗത്തിൽപ്പെട്ട വരുടെ രോഗാതുരതയുടെ ശതമാനം വളരെ കൂടുതലാണ്. പോഷകഹാരക്കുറവ് മൂലം ഉണ്ടാകുന്ന രോഗങ്ങളും ജലജന്യരോഗങ്ങളും പൊതുവെ കൂടുതലാണ്. ശുചിത്വക്കുറവ് മൂലമുണ്ടാകുന്ന പകർച്ചവ്യാധികൾ - വയറിളക്കം, കോളറ, മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, ന്യുമോണിയ, ക്ഷയം എന്നിവ ഈ വിഭാഗത്തെ പെട്ടെന്ന് കീഴടക്കുന്ന രോഗങ്ങളാണ്. ഈ രോഗത്തെ അതിജീവിക്കാൻ പറ്റിയ കുടുംബ സാഹചര്യങ്ങൾ ജീവിത സാഹചര്യങ്ങൾ എന്നിവയില്ലാത്തതാണ് ഇതിന് കാരണം. പകർച്ചവ്യാധികൾ പകരാതിരിക്കുവാനുള്ള മുൻകരുതലുകൾ ഒന്നും ഇവർ കാര്യമായി പരിഗണിക്കാറില്ല. ഈ പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും, ആയുർവ്വേദ ഡിസ്പെൻസറിയും ഗവൺമെന്റ് തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സൗകര്യങ്ങൾ വളരെ പരിമിതമാണ്. സ്ഥല സൗകര്യങ്ങളുടെ അപര്യാപ്തത കിടക്കകളുടെ കുറവ്, വേണ്ടത്ര സജ്ജീകരണങ്ങൾ ഇല്ലായ്മ എന്നിവ മൂലം കിടത്തി ചികിത്സിക്കേണ്ട രോഗികളെ മറ്റ് ആശുപത്രികളിലേക്ക് പറഞ്ഞു വിടേണ്ടിവരുന്നു. ആയുർവ്വേദ ഡിസ്പെൻസറിയിൽ രോഗ നിർണ്ണയം നടത്തി മരുന്ന് വിതരണം നടത്തിവരുന്നു. സർക്കാർ തലത്തിലുള്ള ചികിത്സാ സൗകര്യങ്ങൾ ഇവ മാത്രമാണ്. ഗവൺമെന്റ് തലത്തിൽ കൂടുതൽ ചികിത്സാകേന്ദ്രങ്ങൾ ഉണ്ടാകേണ്ടതാണ്.

## വൈദ്യുതി

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വീടുകളെ വൈദ്യുതീകരണം സംബന്ധിച്ച കണക്കു പ്രകാരം 20% വീടുകൾ മാത്രമേ വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളു. ഇതിന് പരിഹാരം അടിയന്തരമായി കണേണ്ടതാണ്. മിക്ക വീടുകളിലും വിറക്, കരിയില എന്നിവയാണ് പാചകത്തിനായി ഉപയോഗിക്കുന്നത്. ഇവ അന്യരുടെ പുരയിടത്തിൽ നിന്നാണ് ശേഖരിക്കുന്നത്. ഗ്യാസും മണ്ണെണ്ണയും ഉപയോഗിക്കുന്ന വരുടെ എണ്ണം കുറവാണ്. ദക്ഷത കൂടിയ അടുപ്പുകളെപ്പറ്റി ഇവർക്കറിയില്ല. കമ്മ്യൂണിറ്റി പോളിടെക്നിക് മുഖേന വിതരണം നടത്തിയ ദക്ഷത കൂടിയ അടുപ്പുകൾ ചുരുക്കം ചിലർ വാങ്ങിയിട്ടുണ്ടെങ്കിലും വിറകിന്റെ ദൗർലഭ്യം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഊർജ്ജത്തിന്റെ പുതിയ സ്രോതസ്സുകൾ കണ്ടെത്തി ഇവരുടെ സാഹചര്യങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തിക്കൊടുക്കേണ്ടതാണ്. ചെറുകിട വ്യവസായങ്ങളും സഹകരണ മേഖലയിൽ വനിതകളുടെ ഒരു ഫ്ളവർ മില്ലും ഹോളോബ്രിക്സിന്റെ ഒരു യൂണിറ്റും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാർത്ഥികളിൽ കൂടുതലും ഇടയ്ക്ക് പഠനം അവസാനിപ്പിക്കുന്നു.
2. കാർഷികമേഖലയിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞു വരുന്നു.
3. നല്ലൊരു പങ്ക് പട്ടികജാതി കുടുംബങ്ങളിലും ചില കോളനികളിലും കോളനികളിലും വാസയോഗ്യമായ വീടോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ല.
4. കുടിവെള്ളം രൂക്ഷമായിത്തീർന്നു.
5. വീടു വെയ്ക്കാൻ സ്ഥലമില്ല.
6. തൊഴിലില്ലായ്മ രൂക്ഷമാണ്.
7. വീട് നിർമ്മിക്കാൻ ലഭിക്കുന്ന ധനസഹായം കൊണ്ട് വീടു പണി പൂർത്തിയാക്കാൻ പര്യാപ്തമല്ല.
8. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
9. പല കോളനികളിലും കുടിവെള്ളവും വൈദ്യുതിയും ആവശ്യത്തിന് ഇല്ല.
10. ജാതി സംഘടനകളുടെ ബാഹുല്യം
11. IRDP പദ്ധതി വേണ്ടവിധത്തിൽ ഫലപ്രദമായി തീരുന്നില്ല.
12. ക്ഷേമ പ്രവർത്തനങ്ങളെപ്പറ്റിയുള്ള അറിവില്ലായ്മ.
13. കടബാധ്യതകൾപെരുകുന്നു.
14. പരമ്പരാഗത തൊഴിൽ നഷ്ടമായി.

## സാദ്ധ്യതകൾ

എല്ലാവർക്കും വിദ്യാഭ്യാസം ചെയ്യത്തക്ക വിധം പശ്ചാത്തല സൗകര്യം ഒരുക്കികൊടുക്കണം. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.

അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഭവനനിർമ്മാണത്തിന് ആവശ്യമായ തുക ഗ്രാന്റായി അനുവദിക്കുകയും വേണം.

കുടിവെള്ളം ലഭിക്കാത്ത ഉയർന്ന പ്രദേശത്താണ് കോളനികളിൽ അധികവും സ്ഥിതിചെയ്യുന്നത്. പ്രദേശങ്ങളിൽ ശുദ്ധജലവിതരണ പദ്ധതികൾ അടിയന്തിരമായി നടപ്പാക്കേണ്ടകതാണ്.

ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക, കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക. പട്ടികജാതി പട്ടികവർഗ്ഗ പാരമ്പര്യ കൊത്തൊഴിൽ പുനരാരംഭിക്കുക. കൂടാതെ കാർഷിക വ്യവസായ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്.

വീടുവയ്ക്കാൻ സ്ഥലമില്ലാതെ പുറമ്പോക്കുകളിൽ വസിക്കുന്നവർക്കായി സർക്കാരിന്റെ ധനസഹായത്തോടെ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനായ് പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.

ഭവന നിർമ്മാണ പദ്ധതിക്കുള്ള ഗ്രാന്റ് നിലവിലുള്ള സാധനസാമഗ്രികളുടെ വിലവർദ്ധനവ് അനുസരിച്ച് വർദ്ധപ്പിക്കുകയും വീടിനോടൊപ്പം കുളുമുറിയും കക്കൂസും നിർമ്മിക്കുന്നതിനും കഴിയണം. വീടിന്റെ സൗകര്യം വർദ്ധപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് അനുവാദം കൊടുക്കേണ്ടതുമാണ്. അദ്ധ്വാനിക്കാൻ സ്വന്തമായി ഭൂമി സർക്കാർ അനുവദിച്ചു കൊടുക്കുകയും വീടും മറ്റ് ഭൗതീക സാഹചര്യങ്ങളും ഉണ്ടാകുന്നതിനോടൊപ്പം ലളിതമായ ജാമ്യവ്യവസ്ഥയിൽ വായ്പകൾ അനുവദിക്കേണ്ടതുമാണ്.

നിലവിലുള്ള ആരോഗ്യ സംരക്ഷണ സംവിധാനം കുറ്റമറ്റതാക്കുകയുംരോഗ പ്രതിരോധം സംബന്ധിച്ച് ബോധവത്ക്കരണം നടത്തേണ്ടതുമാണ്.

കോളനികളിൽ മിക്കതും വെള്ളം ലഭിക്കാത്ത ഉയർന്ന പ്രദേശത്താണ് സ്ഥാപിച്ചിട്ടുള്ളത്. കിണറുകളിൽ നിന്നുപോലും കുടിവെള്ളം ലഭ്യമല്ല. കോളനികളിൽ ജലവിതരണ പദ്ധതികൾ നടപ്പാക്കേണ്ടതാണ്. അതുപോലെ തന്നെ വൈദ്യുതീകരണവും പൂർത്തിയാക്കേണ്ടതായിരിക്കുന്നു.

ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ജാമ്യവ്യവസ്ഥകളും നിബന്ധനകളും ലളിതമാക്കേണ്ടതുമാണ്.

കടം വീട്ടിത്തീർക്കാൻ മറ്റു മാർഗ്ഗങ്ങൾ ഇല്ലാത്തവരും അർഹതയുള്ളവരുമായ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കടം എഴുതിത്തള്ളുന്നതിനോ പലിശ ഇളവു ചെയ്യുന്നതിനോ സംവിധാനം ഉണ്ടാകേണ്ടതാണ്.

പരമ്പരാഗതമായി ചെയ്തുപോരുന്ന തൊഴിലായ പായ് നെയ്ത്ത്, കുട്ട, പരമ്പ്, മുറം എന്നിവയുടെ നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ശ്രദ്ധിക്കേണ്ട ചില നിർദ്ദേശങ്ങൾ

ഭവന ദാന പദ്ധതി ആസൂത്രണം ചെയ്യാൻ ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റ് രൂപീകരിക്കേണ്ടതാണ്.

പുറംപോക്കുകളിൽ താമസിക്കുന്നവർക്ക് സാമൂഹിക പ്രസ്ഥാനങ്ങളുടെയും ജില്ലാ പഞ്ചായത്തിന്റെയും സഹകരണത്തോടെ പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്.

ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനം പട്ടികജാതിക്കാരോടുകാണിക്കുന്നകാരുണ്യം എന്ന നിലമാറി ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി അംഗീകരിക്കാൻ ഉദ്യോഗസ്ഥർ തയ്യാറാകണം.

എല്ലാവികസനപ്രവർത്തനങ്ങളുടെയും പത്തുശതമാനം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെടുത്താൻ കഴിയണം.

സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും, വനിതകൾക്ക് തൊഴിൽ പരിശീലനം കൊടുക്കുകയും അവർക്ക് ആവശ്യമായ സാമ്പത്തിക സഹായം ചെയ്തുകൊടുക്കുകയും ചെയ്യുക.

അഭ്യസ്തവിദ്യർക്ക് വികസന വകുപ്പിന്റെ സഹായത്താൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സർക്കാർ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലക്ഷം വീടു കളിലെ കൂട്ടുകുടുംബാംഗങ്ങളെ ഒറ്റ വീടായി വിഭജിച്ചു മാറ്റുക.

സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണ ഗ്രാന്റ് അനുവദിക്കുക. വീടിന്റെ അറ്റകുറ്റപ്പണികൾക്ക് പലിശയില്ലാത്ത വായ്പ ലളിതമായ നിബന്ധനകളിൽ നൽകുക.

അർഹതപ്പെട്ട ഓരോ കുടുംബത്തിനും ആട്ടിൻ കുട്ടികൾ, കോഴികുഞ്ഞുങ്ങൾ എന്നിവ സൗജന്യമായി വിതരണം ചെയ്യുക.

വികസന വകുപ്പ് ആസൂത്രണം ചെയ്തുവരുന്ന പെൻഷൻ, വിവാഹധനസഹായം, ചികിത്സക്കുള്ള ധനസഹായം എന്നിവ വർദ്ധിപ്പിക്കുക.

കോളനികളിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കി വഴിവിളക്കുകൾ സ്ഥാപിക്കുവാൻ സർക്കാർ പ്രത്യേക ഗ്രാന്റ് അനുവദിക്കുക.

പഴക്കം ചെന്ന ലക്ഷംവീടുകൾ പുതുക്കിപ്പണിയുന്നതിനും മേൽക്കൂര ബലപ്പെടുത്തുന്നതിനുമുള്ള ധനസഹായം അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ മുൻകൈ എടുക്കുക.

ബോർഡിംഗ് സ്കൂളുകൾ സ്ഥാപിക്കേണ്ടതാണ്.

കുംടുംബ ബാദ്ധ്യത മൂലം പഠനം നിർത്തേണ്ടി വന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിനാവശ്യമായ സംവിധാനം സർക്കാർതലത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

കോളനിയിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താൻ സൗജന്യ ട്യൂഷൻ ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

ആരോഗ്യ സംരക്ഷണത്തിനുള്ള സംവിധാനങ്ങൾ കോളനികൾക്കായി സംഘടിപ്പിക്കേണ്ടതാണ്.

കാവിൽ കോളനി ഭാഗത്ത് വൈദ്യുതി എത്തിക്കാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗക്കാർ സർക്കാരിന്റെയോ മറ്റ് ഏജൻസികളുടെയോ ദയാദാക്ഷിണ്യത്തിന് കാത്തുനിൽക്കാതെ രാഷ്ട്രീയവും സാമൂഹികവുമായി വളരാൻ ശ്രമിക്കേണ്ടതാണ്.

ആവശ്യമായ എല്ലാപട്ടികജാതികുടുംബങ്ങൾക്കും മണ്ണെണ്ണ പെർമ്മിറ്റ് ഗ്യാസ് കണക്ഷൻ എന്നിവ നൽകുക.

തൊഴിൽ രഹിതർക്ക് ഓട്ടോറിക്ഷ, കാർ, വാൻ, ടെമ്പോ തുടങ്ങിയ വാഹനങ്ങൾ ലോണായി നൽകുവാൻ ധനകാര്യസ്ഥാപനങ്ങളും സർക്കാരും മേൽ നടപടികൾ സ്വീകരിക്കുക.

കുടിൽ വ്യവസായങ്ങൾക്കുവേണ്ട സാങ്കേതിക വിദ്യ ലഭ്യമാക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മുൻകൈ എടുക്കുക.

പട്ടികജാതിവിദ്യാർത്ഥികൾക്ക് കലാകായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുവാൻ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

നാടൻ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.

എല്ലാവിധ ചൂഷണങ്ങളിൽ നിന്നും രക്ഷിക്കാൻ കഴിയണം.

## കല

കാർഷിക തൊഴിലിൽ ഏർപ്പെട്ടിരുന്ന ഇവർ ശാരീരികക്ഷീണം മറന്ന് വേലയുടെ വേഗത വർദ്ധിപ്പിക്കുന്നതിനായി പല കലകളും ആവിഷ്ക്കരിച്ചിരുന്നു. കരു, മരം, ഉടുക്ക് എന്നീ വാദ്യമേളങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള കൂട്ടാൾ കിളപ്പാട്ട്, ഞാറ്റുപാട്ട്, കൊയ്ത്തു പാട്ട്, പാലുവൻ പെണ്ണ്, ചെങ്ങന്നർ ആദി എന്നിവരുടെ പാട്ടുകഥകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ട കലകളാണ്. കൂടാതെ കാളതുള്ളൽ, കോലൻതുള്ളൽ, ചാവുതുള്ളൽ എന്നിവയും ഇവരുടെ കലകളിൽ ഉൾപ്പെടുന്നു. ഇത്തരം പ്രാചീന കലകൾ നിലനിർത്തിക്കൊണ്ടു പോകാൻ കഴിയാതെ കലഹരണപ്പെട്ടുകൊണ്ടിരിക്കുന്നു. അവ നിലനിർത്തിക്കൊണ്ടു പോകുന്നതിനാവശ്യമായ സാമ്പത്തിക സഹായം അനുവദിച്ചു കൊടുക്കേണ്ടതാണ്.

19

# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിൽ ഇന്ന് നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്ന് വ്യാവസായികമേഖലയുടെ നിശ്ചലതയാണ്. പ്രധാനമായും കാർഷികമേഖലയെ ആശ്രയിക്കുന്ന ഈ പഞ്ചയാത്തിൽ എടുത്തുപ്പറയാവുന്ന വ്യവസായ സ്ഥാപനങ്ങൾ ചമ്പക്കരയിലുള്ള തീപ്പെട്ടികമ്പനിയും, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുമാണ്. ചെറിയ തോതിലാണെങ്കിലും ചെറുകിടവ്യവസായങ്ങൾ പ്രവർത്തിക്കുന്നു. ഈ രണ്ട് രംഗത്തും മുന്നേറ്റം നടത്തി കൊണ്ട് വിഭവസമാഹകരണത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിതുറക്കണം.

ബാങ്കുകൾ ഈ രംഗത്ത് ലോണുകൾ നൽകുന്ന കാര്യത്തിൽ ഏറെ പിന്നിലാണ്. അതോടൊപ്പം ഊർജ്ജരംഗത്തുള്ള പ്രതിസ്ന്ധിയും വ്യവസായമേഖലയെ തളർത്തുന്നു. മേൽപറഞ്ഞ കാര്യങ്ങൾ പരിഹരിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമെ ഈ മേഖലയുടെ മുന്നേറ്റം സാധ്യമാകുകയുള്ളു. കാർഷികരംഗം അനുദിനം മുരടിച്ചുകൊണ്ടിരിക്കുകയാണ്. ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത് ദീർഘകാല വിളയായ റബ്ബർ ആണ്. മറ്റ് കാർഷിക ഉത്പന്നങ്ങൾ കൃഷിചെയ്യുവാൻ കർഷകരിൽ താത്പര്യം ഉണ്ടാക്കിയെടുക്കണം. വളങ്ങളുടെ വില വർദ്ധനയും ജലസേചനസൗകര്യം ഇല്ലായ്മയും ആണ് ഈ മേഖലയിൽ കൃഷിക്കാരുടെ താത്പര്യക്കുറവിന് പ്രധാന കാരണം. രാസവളത്തിന്റ അമിതമായ ഉപയോഗം മൂലമുണ്ടാകുന്ന ദോഷഫലങ്ങൾ ഒഴിവാക്കുവാൻ ജൈവവളത്തിന് പ്രാധാന്യം കൊടുക്കുവാൻ കഴിയണം. ഈ പ്രശ്നങ്ങളുടെ പരിഹാരം കൊണ്ടു മാത്രമേ കാർഷികരംഗത്ത് വിഭവസമാഹരണം സാദ്ധ്യമാവുകയുള്ളൂ.

വ്യവസായ മേഖലയിലും, കാർഷിക മേഖലയിലും ഫലപ്രദമായി ഇടപെടാനുള്ള അധി

കാരം ഗ്രാമപഞ്ചായത്തുകൾക്കു നൽകിയാൽ ഗുണഫലങ്ങൾ താമസം കൂടാതെ നേടാനാവും. സർക്കാർ ഗ്രാന്റുകൾ നൽകുന്നതിനുള്ള താമസം ഈ മേഖലനേരിടുന്ന പ്രധാന പ്രശ്ന മാണ്. ഒരു തരത്തിലുള്ള വിവേചനവും നില നിർത്താതെ ഗ്രാന്റുകൾ തരുന്നമേഖല പഞ്ചാ യത്തുകൾക്ക് നൽകാൻ നിയമനിർമ്മാണം നടത്തണം. സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ് തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഒന്നും രണ്ടും വർഷങ്ങൾ കഴിഞ്ഞാണ് ഈ ഗ്രാന്റുകൾ പഞ്ചാ യത്തിനു കിട്ടുന്നത്. ഇത് ഫണ്ടിന്റെ ദുരുപയോ ഗത്തിന് കാരണമാകുന്നു. ദാരിദ്രരേഖയ്ക്കിടയി ലുള്ളവർ, പട്ടികജാതി പട്ടികവർഗ്ഗം, സ്ത്രീകൾ എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമേ ഗ്രാന്റുകൾ വിതരണം ചെയ്യുവാൻ പാടു ള്ളൂ. ഇത് ഗ്രാന്റുകളുടെ നീതിപൂർവ്വമായ വിത രണത്തിന് അത്യാവശ്യമാണ്.

## വിഭവ സമാഹരണം - 1995-96

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 366879 | 324475.75 | 42403.25 |
| തൊഴിൽ നികുതി | 175460 | 152396 | 23064 |
| വിനോദ നികുതി | 83734 | 83734 | - |
| അധിക വിനോദ നികുതി | 50679.50 | 50679.50 | - |
| പ്രദർശന നികുതി | 5602 | 5602 | - |
| പ്രദർശനത്തിനുമേലുള്ള സർച്ചാർജ്ജ് | 1406.50 | 1406.50 | - |
| ചന്ത വരവ് | 45700 | 45700 | - |
| ലൈസൻസ് ഫീസ് | 14030 | 12030 | 2000 |
| കെട്ടിട നികുതി സർച്ചാർജ്ജ് | 18344 | 16618.50 | 1725.50 |
| വസ്തു കൈമാറ്റനികുതി 75% | 82707 | 82707 | - |
| മറ്റിനം | 1054950.10 | 1038340.10 | 16610 |
| വസ്തു കൈമാറ്റ നികുതി 25% | 189024 | 189024 | - |

മുൻ കാലങ്ങളിലെ കണക്കുകൾ ലഭ്യമാ കാത്തതുകൊണ്ട് വരുമാനത്തിലെ വ്യതിയാനം കണ്ടെത്താനാവില്ല. ഗൾഫിലും മറ്റു വിദേശ രാജ്യങ്ങളിലും മറ്റും ജോലി ചെയ്യുന്നവർ ശരാ ശരി ജനസംഖ്യയുടെ 20% ത്തോളം വരും. ഇവ രിൽ ഭൂരിഭാഗവും സാമ്പത്തിക ഭദ്രത കൈവരി ച്ചവരാണ്. നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാ പനങ്ങളിലെ ലൈസൻസ് ഫീസ് ഇനത്തിൽ 12030 രൂപയാണ് വസൂലാക്കിയത്. ഫീസട യ്ക്കാത്ത കച്ചവടസ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കാണ്ടേതാണ്. മുഴുവൻ കച്ചവടക്കാ രെയും നികുതികൊടുക്കുന്നവരാക്കാൻ കഴി ഞ്ഞിട്ടില്ല. എന്തെങ്കിലും ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ വരുമ്പോൾ നികുതി കൊടുക്കു ന്ന സമ്പ്രദായമാണ് ഇപ്പോഴുമുള്ളത്.

നിലവിലുള്ള നികുതി യുക്തി സഹമാക്കുകയും പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കുയുമാണ് നികുതികൊടുക്കുന്നതുകൊണ്ട് തങ്ങൾ ചെയ്യന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയയ്താൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ സാധിക്കും. സമിതികളും കൂട്ടായി പരിശ്രമിച്ച് നികുതി കൊടുക്കേണ്ടവരെ പൂർണ്ണമായി കണ്ടെത്തുന്ന സമ്പ്രദായം ഉണ്ടാക്കുക.

**നിർദ്ദേശങ്ങൾ**

1 വരുമാനം ഉള്ള മുഴുവൻ ആളുകൾക്കും നികുതി ഏർപ്പെടുത്തണം.

2 നികുതികൊടുക്കുന്നതുവഴി തങ്ങളും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കുചേരുകയാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. അതുകൊണ്ട് ചിലവിന്റെ തണക്കിൽ സുതാര്യത ആവശ്യമാണ്.

3 വരവുചെലവുകണക്കുകൾ ജനങ്ങളെ അറിയിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

4 നികുതി പിരിക്കാൻ നേതൃത്വം കൊടുക്കാൻ വാർഡു പ്രതിനിധികളും വികസന സമിതികളും തയ്യാറാകുകയും ഇതുമൊരു വികസനപ്രവർത്തനമാണെന്നുള്ള ധാരണ പഞ്ചായത്തിലെ ബഹുജന നേതാക്കൾക്ക് ഉണ്ടാകുകയും വേണം.

5 മനുഷ്യ വിഭവശേഷി പഞ്ചായത്തു പ്രവർത്തനങ്ങളിൽ സമാഹരിക്കാൻ കഴിയണം.

6 പ്രാദേശിക പ്രാധാന്യമുള്ള പദ്ധതികളുടെ നടത്തിപ്പ് പ്രാദേശിക കമ്മറ്റികളെ ഏൽപ്പിച്ച് സന്നദ്ധപ്രവർത്തനത്തിലൂടെ ചിലവ് കുറയ്ക്കാൻ ശ്രമിക്കുക.

7 പദ്ധതിയുടെ പ്രാധാന്യവും ജനകീയ പങ്കാളിത്തവും അനുസരിച്ച് വ്യക്തിഗത സംഭാവനകൾ ലഭ്യമാക്കാൻ ശ്രമിക്കുക.

8 വിഭവങ്ങൾ ചെലവഴിക്കുന്നത് പ്രത്യുൽപ്പാദനപരമാക്കുക.

9 കെട്ടിട നികുതി ഈടാക്കുന്നത് അശാസ്ത്രീയമായ രീതിയിലാണ്. ബഹുനില, മൊസൈയ്ക്ക്, കടപ്പാക്കല്ല്, മാർബിൾ എന്നിവ പ്രത്യേകം തിരിച്ച് മുറികളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തിയാവണം.

10 വൻതുക ചെലവഴിച്ച് ആഡംബരപൂർണ്ണമായ ഭവനങ്ങൾ നിർമ്മിക്കുന്നവരിൽ നിന്നും ചെലവഴിച്ച തുക അടിസ്ഥാനമാക്കി നികുതി നിശ്ചയിക്കാവുന്നതാണ്.

11 കെട്ടിട നികുതി ഇനത്തിൽ നികുതികൾ പിരിച്ചെടുക്കുന്നതിനുണ്ടായ തടസ്സങ്ങൾ കണ്ടെത്തി മുഴുവൻ തുകയും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

12 പഞ്ചായത്തു റോഡുകളുടെ സംരക്ഷണത്തിന് റോഡിനിരുവശത്തും താമസിക്കുന്നവർ താത്പര്യമെടുത്താൽ മെയിന്റനൻസ് വഴി ചെലവാക്കുന്ന തുകയിൽ ഗണ്യമായ കുറവുണ്ടാക്കാം. ഇതിനായി പ്രത്യേകം സമിതികൾ രൂപീകരിക്കുക.

മഴക്കാലം തുടങ്ങുന്നതിനുമുൻപ് റോഡുകളുടെ സൈഡുകളിലൂടെ ഓടകൾ നിർമ്മിക്കുക. സന്നദ്ധപ്രവർത്തനം വഴി ഇതു നടപ്പിലാക്കാം.

റോഡുകളുടെയും മറ്റു മരാമത്തു പണികളുടെയും നടത്തിപ്പ് കോൺട്രാക്ടറന്മാർക്കു നൽകാതെ സന്നദ്ധസംഘടനകളെയോ ജനകീയസമിതികളെയോ ഏൽപ്പിക്കുകയോ ചെയ്താൽ നിർമ്മാണം കാര്യക്ഷമമാക്കാനും കഴിയും.

13 പഞ്ചായത്തിന്റെ പൊതുമരാമത്തുപണികൾ ഇടനിലക്കാരെ ഏൽപ്പിക്കുകയാണെങ്കിൽ അവരുടെ പ്രവർത്തനം പരിശോധിക്കുന്നതിനും കാര്യക്ഷമത വിലയിരുത്തുന്നതിനും ജനകീയ സമിതികൾ രൂപീകരിക്കുക.

14 വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുമ്പോൾ പക്ഷപാതമല്ലാത്ത സമീപനം ജനപ്രതിനിധികൾ ഉറപ്പാക്കുക.

15 ബഹുജന സംഘടനകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പുതിയ റോഡുകളുടെ നിർമ്മാണവും പഴയ റോഡുകളുടെ അറ്റകുറ്റപ്പണികളും നടത്താവുന്നതാണ്.

16 പഞ്ചായത്തു പുറമ്പോക്കുകളിൽ കെട്ടിടങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുത്ത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. അടിയന്തിര

മായി പഞ്ചായത്തു പുറമ്പോക്ക് അളന്നു തിട്ട പ്പെടുത്തേണ്ടതാണ്.

റോഡ്, തോട്, പുറമ്പോക്കുകളിലെ വൃക്ഷ ങ്ങൾ നമ്പരടിച്ചു സൂക്ഷിക്കുകയും അവ ലേലം ചെയ്ത് വരുമാനം വർദ്ധിപ്പിക്കാവുന്ന താണ്.

17 ഗൾഫുനാടുകളിലും വിദേശ രാജ്യങ്ങളിലും തൊഴിൽ ചെയ്യുന്നവരുടെ കണക്കുകൾ പ്രത്യേകം സൂക്ഷിക്കുകയും വികസനപ്രവർത്ത നങ്ങളുടെ വിഭവസമാഹകരണത്തിൽ ഇവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.

### പ്രശ്നങ്ങൾ

1. ചിലവുകൾ പ്രത്യുല്പാദപരമല്ല. പ്രത്യുല്പാ ദനപരമായ മേഖലകളിലേക്ക് കടക്കുന്നില്ല.
2. പദ്ധതികളിൽ പഞ്ചായത്തുതല പ്രവർത്തനം ഉറപ്പുവരുത്തുന്നില്ല.
3. പദ്ധതി നടപ്പാക്കുന്നതിനുള്ള കാലതാമസം ചിലവ് വർദ്ധിപ്പിക്കുന്നു.
4. ഉദ്യോഗസ്ഥതലത്തിലെ സമീപനം പല പ്പോഴും പ്രവർത്തനങ്ങൾക്ക് സഹായകമാകു ന്നില്ല.
5. നിയമതടസ്സങ്ങൾ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

### സാധ്യതകൾ

1. പുതിയ ഷോപ്പിംഗ് കോപ്ലക്സ്, അന്തിചന്ത കൾ എന്നിവ സ്ഥാപിക്കാം.
2. പുതിയ ക്ഷേമപ്രവർത്തനങ്ങൾക്ക് ഫണ്ട് പ്രത്യേകമായി സ്വരൂപിക്കാം.
3. ധനകാര്യ സ്ഥാപനങ്ങളിൽനിന്നു വായ്പകൾ വാങ്ങിയും ധനകാര്യസ്ഥാപനങ്ങളുമായി യോജിച്ചും പുതിയ പദ്ധതികൾ നടപ്പിലാ ക്കാം.
4. പദ്ധതി നടത്തിപ്പിന് മോണിറ്റിംഗ് സമിതിയും വികസനപദ്ധതിയുമായി ബന്ധപ്പെട്ട ക്രെഡി റ്റ്പ്ലാനും ഉണ്ടാക്കുക.
5. പഞ്ചായത്ത് വരവ് ചിലവ് കണക്കുകൾ ഗ്രാമ സഭയിൽ അവതരിപ്പിക്കുക.
6. വിഭവചോർച്ച തടയുന്നതിനും വിഭവസമാ ഹരണനിർദ്ദേശങ്ങൾ വയ്ക്കുന്നതിനുംവിഭവാ സൂത്രണ സമിതികൾ രൂപീകരിക്കാവുന്ന താണ്.
7. പ്രാദേശിക വികസനപ്രവർത്തനങ്ങൾ അയൽക്കൂട്ടങ്ങൾ ചർച്ചചെയ്യുക.പദ്ധതിയെ ന്തുതന്നെയായാലും നാടിന്റെ വികസനത്തിൽ തന്റേതായ പങ്ക് നിർവ്വഹിക്കാൻ കഴിയുന്നി ല്ലെങ്കിൽ സമ്മതിദാനവകാശം വിനിയോഗിക്കു ന്നതുകൊണ്ട് മാത്രംകടമപൂർത്തിയാകുന്നില്ല. നാടിന്റെ നിധി നിർണ്ണയാവകാശം നമ്മളിലാ ണെന്നതോന്നൽ സങ്കുചിത മനോഭാവം വെടിഞ്ഞ് സേവന സന്നദ്ധതയുണ്ടായാൽ മാത്രമെഈ നാട് നമ്മുടേതാകു. ആയതി നാൽ നാടിനെ വികസനത്തിൽ നമുക്ക് ഒരു മിക്കാം. ഒരു പുതിയ വികസനസംസ്കാര ത്തിലേക്ക് നമുക്ക് ചുവടുവയ്ക്കാം.

*കർഷക ജനതയെ മോചിപ്പിക്കുവാൻ*
*തൊഴിലില്ലായ്മയ്ക്ക് അറുതി വരുത്തുവാൻ,*
*സ്ത്രീധന പീഠനം ഇല്ലാതാക്കാൻ,*
*റോഡുകൾ, തോടുകൾ നിർമ്മിക്കാൻ*
*ഒത്തൊരുമിക്കാം, കൂട്ടയിട്ടൊരു*
*പദ്ധതി നടപ്പിലാക്കാം.*
*ജാതി, മതത്തിൻ ചിന്ത വെടിഞ്ഞ്*
*രാഷ്ട്രീയത്തിൻ ഭേദമകന്ന്*
*ഗ്രാമസഭകളിലെത്തീടു*
*ജനനന്മയ്ക്കായ് പോരാടാം*

20

# ടൗൺ വികസനം

ചങ്ങനാശ്ശേരി-മണിമല റോഡും കോട്ടയം - മല്ലപ്പള്ളി റോഡും സന്ധിക്കുന്ന നാൽക്കവലയാണ് കറുകച്ചാൽ.

കറുകച്ചാലിന്റെ തുടക്കം ഒറ്റ വ്യാപാര സ്ഥാപനത്തിൽ നിന്നായിരുന്നു എങ്കിൻ ഇന്നത് തിരക്കുള്ള വ്യാപാര കേന്ദ്രവും ബഹുനില കെട്ടിടങ്ങളും വാഹന ബാഹുല്യവും ജനപ്പെരുപ്പവും കറുകച്ചാലിനെ വലുതാക്കിമാറ്റുന്നു. ദ്രുതഗതിയിൽ വളർന്നു കൊണ്ടിരിക്കുന്ന കറുകച്ചാലിന് ആസൂത്രിതമായ ടൗൺ വികസന പദ്ധതി അനിവാര്യമാണ്. അതിനായി ടൗൺ വികസന മാർഗ്ഗരേഖ സമർപ്പിക്കുന്നു.

കറുകച്ചാൽ പഞ്ചായത്തിന്റെ കിഴക്കേ അറ്റത്തായി ടൗൺ സ്ഥിതി ചെയ്യുന്നു. ടൗണിന്റെ ഏകദേശം 23 മീറ്റർ കിഴക്ക് നെടുകുന്നം പഞ്ചായത്തിന്റെ 10, 1 വാർഡുകൾ സ്ഥിതി ചെയ്യുന്നു. കോട്ടയം ജില്ലയിൽ വികസിച്ചുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട ടൗൺ ആണ് കറുകച്ചാൽ. എങ്കിൽപ്പോലും കറുകച്ചാലിന്റെ വികസനം നെടുകുന്നം പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിലേക്ക് മാറിപ്പോകുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് കറുകച്ചാൽ പട്ടണത്തിന്റെ കിഴക്കൻ പ്രദേശം നമുക്കില്ലായെന്നുള്ളതും ചങ്ങനാശ്ശേരി മണിമല റോഡ് കേന്ദ്രീകരിച്ച് കറുകച്ചാലിലെ കേന്ദ്ര ഗവൺമെന്റാഫീസ് സ്ഥിതി ചെയ്യുന്നതുകൊണ്ട് കറുകച്ചാൽ ടൗണിന്റെ കിഴക്കു വശത്തായി നമ്മുടെ പഞ്ചായത്തിന് വികസിക്കാൻ സ്ഥലമില്ലാതെ നെടുകുന്നം പഞ്ചായത്തു വ്യാപിച്ചു കിടക്കുന്നതുകൊണ്ടാണ്. ഇതുകൊണ്ടുള്ള ദൂഷ്യവശങ്ങൾ പ്രധാനമായിട്ടുള്ളത് കറുകച്ചാലിന്റെ കിഴക്കുഭാഗത്തായി ഉയർന്നുവരുന്ന കെട്ടിടങ്ങളെല്ലാം തന്നെ നെടുംകുന്നം പഞ്ചായത്തിലെ ഒട്ടധികം വരുമാനങ്ങളും നെടുംകുന്നം പഞ്ചായത്തിൽ കേന്ദ്രീകരിക്കുന്നു. ഇതു കൊണ്ടുതന്നെ നമ്മുടെ പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവു വരുകയും

പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് വിലങ്ങുതടിയായി നില്ക്കുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ കിഴക്കെ അറ്റത്തായി ബസ്സ്റ്റാൻഡ് നിലനില്ക്കുകയും അതുമായി ബന്ധപ്പെട്ടുവരുന്ന പുതിയ കെട്ടിടങ്ങൾ എല്ലാം തന്നെ നെടുംകുന്നം പഞ്ചായത്തിലേയ്ക്ക് കേന്ദ്രീകരിക്കുന്നു. ഈകെട്ടിടങ്ങളിൽ നിന്ന് കിട്ടുന്ന നികുതികൾ നെടുംകുന്നം പഞ്ചായത്തിലേയ്ക്ക് പോകുന്നു.

കറുകച്ചാൽ പഞ്ചായത്തിലാണെന്നുപറയുന്ന ഇലക്ട്രിസിറ്റി ഓഫീസ്, രജിസ്ട്രാർ ഓഫീസ്, റബ്ബർ ബോർഡ് ഓഫീസ്, ടെലിഫോൺ എക്സ്ചേഞ്ചാഫീസ് പോസ്റ്റ് ആന്റ് ടെലിഗ്രാഫ് ഓഫീസ്, എന്നീ ഗവൺമെന്റ് ഓഫീസ്സുകൾ നെടുകുന്നം പഞ്ചായത്തിലെ വാടക കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ സ്ഥാപനങ്ങൾ മൂലം കറുകച്ചാൽ പഞ്ചായത്തിന് കിട്ടേണ്ട വരുമാനങ്ങളും അംഗീകാരങ്ങളും നെടുകുന്നം പഞ്ചായത്ത് നേടി എടുക്കുന്നു. ഇതും നമ്മുടെ പഞ്ചായത്തിന്റെ വളർച്ചയെ മുരടിപ്പിച്ചിരിക്കുന്നു.

മറ്റൊരു സവിശേഷത ചങ്ങനാശ്ശേരി- മണിമല റോഡും, മല്ലപ്പള്ളി-കോട്ടയം റോഡും, ചങ്ങനാശ്ശേരി-വാഴൂർ റോഡും സംഗമിക്കുന്ന പ്രദേശമാണ് കറുകച്ചാൽ ടൗൺ. ഈ പ്രധാനപ്പെട്ട മൂന്നു റോഡും സ്റ്റേറ്റു ഹൈവേയിൽ ഉൾപ്പെടുത്തി മല്ലപ്പള്ളി-കോട്ടയം റോഡ്, പുനലൂർ-കോട്ടയം റോഡാക്കിയും, ചങ്ങനാശ്ശേരി-എരുമേലി റോഡാക്കിയും, ചങ്ങനാശ്ശേരി-വാഴൂർ റോഡ്, ആലപ്പുഴ - തേക്കടി റോഡാക്കിയും മാറ്റിയാൽ പുനലൂരിൽ നിന്ന് കോട്ടയത്തേയ്ക്ക് പോകാനും, ആലപ്പുഴയിൽ നിന്നും തേക്കടിക്കും, ആലപ്പുഴ - ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ നിന്നും എരുമേലിക്കു പോകാനും സാധിക്കും. ഏറ്റവും ദൂരം കുറഞ്ഞ റോഡുകൾ സ്റ്റേറ്റു ഹൈവേ ആക്കി ഉയർത്തുന്നതോടൊപ്പം തന്നെ K. S. R. T. C. സ്റ്റാൻഡ് കറുകച്ചാൽ ടൗൺ പ്രദേശത്ത് ആരംഭിക്കേണ്ടത് വളരെ അത്യാന്താപേക്ഷിതമാണ്. മറ്റൊന്ന് ഈ റോഡുകളുടെ വീതി കൂട്ടുകയും ഇരുവശങ്ങളിലും ഓടകൾ തീർക്കുകയും, കവലയിൽ വെള്ളം കെട്ടിനില്ക്കാതെ ഒഴുകി പോകാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക എന്നുള്ളതാണ്. അതുപോലെ തന്നെ കറുകച്ചാൽ ടൗണിൽ തെക്ക് വെട്ടിക്കാവുങ്കൽ കവലവരെയുള്ള ഒരു കിലോമീറ്റർ നീളത്തിൽ വേപ്പർ ലാമ്പ് സ്ഥാപിക്കുകയും ഇതേ രൂപത്തിൽ നെത്തല്ലൂർ കവല വരേയും, മോഡേൺ തീയറ്റർപടിവരേയും, മാണികുളംവരേയും വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം. ഇതോടൊപ്പം അപ്രോച്ചു റോഡുകളിലും സ്ഥാപിക്കണം.

തീയേറ്റർപടി-ആശുപത്രി റോഡും ബംഗ്ലാംകുന്ന് റോഡുമായി ബന്ധപ്പെടുത്തുക. മേൽവിവരിച്ച റോഡ് ബസ്സ്റ്റാൻഡ് അപ്രോച്ചു റോഡുമായി ബന്ധപ്പെടുത്തി ഇലക്ട്രിസിറ്റി ആഫീസിന്റെ സൈഡിൽക്കൂടി പാലാക്കുന്നേൽ ഇയ്യോജോബിന്റെ പറമ്പിൽക്കൂടി മല്ലപ്പള്ളി - കറുകച്ചാൽ റോഡുമായി ബന്ധപ്പെടുത്തുക. വടക്കത്തുപടി റോഡ് കുത്രപ്പള്ളി - ശാന്തിപുരം റോഡിലെ മാമ്പതിയിൽ ബന്ധപ്പെടുത്തുക. പച്ചിലാംമാക്കൽ റോഡ് കുറ്റിക്കൽ കോളനി റോഡുമായി ബന്ധപ്പെടുത്തി പൂർത്തീകരിക്കുക. ബംഗ്ലാംകുന്ന് റോഡ്-ബംഗ്ലാംകുന്ന് കോളനി റോഡ് മലങ്കോട്ട വഴി കറുകച്ചാൽ-കോട്ടയം റോഡുമായി ബന്ധപ്പെടുത്തുക. ഇത്രയും അപ്രോച്ചു റോഡുകൾ ഉണ്ടാവുകയാണെങ്കിൽ ഭാവിയിൽ ടൗണിൽ ഉണ്ടാകുന്ന വാഹന കുരുക്കിൽ നിന്നും മോചനം നേടാവുന്നതാണ്. ഈ നിർദ്ദേശങ്ങൾ ടൗണിന് അത്യന്താപേക്ഷിതമാണ്.

**ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ**

1 ടൗൺ കിഴക്കോട്ട് വികസിപ്പിക്കേണ്ടത് ആവശ്യമാണ്. ആയതിനാൽ നെടുംകുന്നും പഞ്ചായത്തിന്റെ I, X വാർഡുകൾ ഉൾപ്പെടുന്ന ചമ്പക്കര പള്ളിപ്പടി, മനക്കര, പുതുപ്പള്ളിപ്പടവും, മുഴവൻ കുഴി മണിമല റോഡിൽ വന്ന് വാകമൂട്ടിൽ പടി മുതിരമല റോഡു വഴി കവളിമാവ് റോഡുവരെയുള്ള സ്ഥലങ്ങൾ കറുച്ചാൽ പഞ്ചായത്തിൽ ചേർക്കുവാൻ നടപടി ഉണ്ടാകണം. ഇതിന്റെ ഫലമായി കറുകച്ചാൽ പഞ്ചായത്തിന്റേതാണെന്നു പറയപ്പെടുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ കറുകച്ചാൽ പഞ്ചായത്തിന്റെ അധീനതയിൽ വരുന്നതിനും ടൗൺ കൂടുതൽ വികസിക്കുന്നതിനും സഹായകമാണ്. അതുകൊണ്ട് ഈ കാര്യം ഗൗരവതരമായി കാണണം.

2 ഇലക്ട്രിസിറ്റി ഓഫീസ്, ടെലഫോൺ എക്സ്ചേഞ്ച്,സബ് രജിസ്ട്രാർ ഓഫീസ്, റബ്ബർ ബോർഡ് ഓഫീസ് എന്നിവ കറുക

ച്ചാൽ പഞ്ചായത്തിലേക്ക് അടിയന്തിരമായി മാറ്റി സ്ഥാപിക്കുന്നതിന് ട്രഷറി ഓഫീസു മായി ബന്ധപ്പെട്ടസ്ഥലത്ത് സൗകര്യം ഉണ്ടാ ക്കണം.

3 ഇപ്പോൾ നിലവിലിരിക്കുന്ന ലൈബ്രറി കറു കച്ചാൽ ബസ്സ്റ്റാൻഡിനോടു അടുത്തു കിട ക്കുന്ന സ്ഥലത്ത് കെട്ടിടം പണിത് അവി ടേയ്ക്കു മാറ്റുക.

4 പോലീസ് സ്റ്റേഷന്റെയും ക്വർട്ടേഴ്സിന്റെയും ഇടക്കുള്ള സ്ഥലത്ത് ഒരു ഗ്രൗണ്ട് ഉണ്ടാക്കു കയോ, നെത്തല്ലൂർ പാടശേഖരം വിലക്കെ ടുത്ത് ഗ്രൗണ്ടാക്കുകയോ, അല്ലെങ്കിൽ വെട്ടി ക്കാവുങ്കൽ പാലാക്കുന്നേൽ ഇയ്യോജോ ബിന്റെ സ്ഥലം ഏറ്റെടുത്ത് ഗ്രൗണ്ട് നിർമ്മി ക്കുവാൻ വേണ്ട നടപടി എടുക്കണം.

5 വർഷങ്ങൾ പഴക്കമുള്ള പോലീസ് സ്റ്റേഷൻ പുതുക്കിപ്പണിയാൻ വേണ്ട സത്വരനടപടികൾ സ്വീകരിക്കുക.

6 ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് 2 തര ത്തിലുള്ള ഡസ്റ്റു ബിൻ സ്ഥാപിക്കുക. ദ്രവി ക്കുന്ന സാധനങ്ങൾ പ്രത്യേക ഡസ്റ്റു ബിന്നി ലും ദ്രവിക്കാത്ത സാധനങ്ങൾ മറ്റോരു ഡസ്റ്റു ബിന്നിലും സ്ഥാപിക്കുക. ടി സാധനങ്ങൾ നിക്ഷേപിക്കുവാൻ രണ്ട് തരത്തിലുള്ള ഡംപിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുക.

7 ടൗണിൽ ചപ്പുചവറുകൾ മാറ്റുവാൻ രണ്ടു ജോലിക്കാരെ (പുരുഷന്മാരെ) നിയമിക്കുക. ഡംപിംഗ് സ്റ്റേഷനിൽ ചപ്പുചവറുകൾ എത്തി ക്കാൻ വേണ്ടി ജീപ്പ് ട്രൈലർ പഞ്ചായത്തിന് ഉണ്ടാകണം. കമ്പോസ്റ്റ് വളം, പ്ലാസ്റ്റിക് സാധ നങ്ങൾ എന്നിവ ലേലം ചെയതും, ടൗണിലെ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത തുക ഈടാക്കി ജോലിക്കാർക്ക് ശമ്പളം നല്കാം.

8 മഴക്കാലത്ത് ടൗണിൽ വെള്ളം കെട്ടികിടക്കു ന്നത് ഒഴിവാക്കാൻ ഓടകൾക്ക് താഴ്ചകൂട്ടു ക, റോഡിന്റെ രണ്ടു സൈഡിലും ഓടവെട്ടു ക, കലുങ്കുകൾ പൊളിച്ച് പണിത് വെള്ളം ഒഴു ക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക (അ ലൈനാ ഹോട്ടലിനും ശ്രീനിവാസ് ഹോട്ട ലിനും ഇടയ്ക്കുള്ള കലുങ്ക്, ബയ്ലാംകുന്ന് റോഡിലേക്ക് കയറുന്ന ഭാഗത്തുള്ള കലുങ്ക്, സുദർശന ഹോട്ടലിന്റെ മുൻവശത്തുള്ള കലു ങ്ക്, ശ്രീനികേതൻ ബിൽഡിംഗ്സിന്റെ മുൻവ ശത്തുള്ള കലുങ്ക്, പ്രിയ ഹോട്ടലിന്റെ മുൻപി ലുള്ള കലുങ്ക്) ടൗണിലുള്ള ഓടകളിലെ വെള്ളം കാലങ്ങളായി ഒഴുകികൊണ്ടിരുന്നത് പാലാക്കുന്നേൽ ഈയ്യോജോബിന്റെ സ്ഥലത്തു കൂടിയുള്ള തോട്ടിൽ കൂടിയായി രുന്നു. ഈ തോട് നികത്തിയതുകൊണ്ടാണ് വെള്ളം കെട്ടികിടക്കുന്നത്. പഞ്ചായത്തിട പെട്ട് ഈ പ്രശ്നം അടിയന്തിരമായി പരിഹ രിക്കണം.

9 കൊതുകു നിവാരണം ആഴ്ചയിൽ ഒരു പ്രാവശ്യം ഗവൺമെന്റാശുപത്രിയുടെയും പഞ്ചായത്തിന്റെയും സഹായത്തോടെ നടപ്പി ലാക്കുക.

10 **ചന്ത**

വളരെക്കാലം പഴക്കമുള്ളതാണ് ഇവിടുത്തെ ചന്ത. ചന്തയിലുള്ള കെട്ടിടങ്ങൾ അറ്റകുറ്റപ്പ ണികൾ തീർത്ത് സംരക്ഷിക്കുക. ഇവി ടേയ്ക്ക് കൃഷിക്കാരെ ആകർഷിക്കുവാൻ കൃഷിഭവന്റെയും സഹകരണ സ്ഥാപനത്തി ന്റെയും സഹായത്തോടെ വിപണന കേന്ദ്രം സ്ഥാപിക്കുക. ചന്തയുടെ കവാടത്തിലും, ചന്തയിലും വേപ്പർ ലാമ്പ് സ്ഥാപിക്കുക. മൂത്ര പ്പുരയും കക്കൂസും സ്ഥാപിക്കുക. എന്നി വയും അടിയന്തിര പ്രാധാന്യമർഹിക്കുന്നു.

11 **K.S.R.T.C. ബസ് സ്റ്റാന്റ് വെട്ടിക്കാവുങ്കൽ പാലാക്കുന്നേൽ ഈയ്യോ ജോബിന്റെ പാടം ഏറ്റെടുത്ത് നടപ്പിലാക്കാം.**

**സ്റ്റാൻഡുകൾ**

1 ഇന്നു നിലവിലുളള കറുകച്ചാൽ ബസ്സ്റ്റാൻഡ് ബസ്സുകളുടെ വർദ്ധനവിനനുസ രിച്ച് ബസ്സുകളെ ഉൾക്കൊള്ളുവാൻ അപര്യാപ്ത മാണ്. ഇതുപരിഹരിക്കുവാൻ ടൗണിന്റെ വട ക്കുഭാഗത്തു സ്ഥലം കണ്ടെത്തണം. നിലവിലു ള്ള ബസ്സ്റ്റാൻഡിൽ ഷോപ്പിംഗ് കോംപ്ലക്സ് പണിയുക.

a. ബസ്സ്റ്റാഡിൽ, അനൗൺസ്മെന്റ് സെന്റർ മുതൽ, അപ്രോച്ച് റോഡുവരെ ഷോപ്പിംഗ് കോംപ്ലക്സ് രണ്ടു നിലയിൽ പണിയണം.

മുകളിലത്തെ നിലയിൽ നിന്ന് ഷെയ്ഡു നീട്ടിയാൽ വെയ്റ്റിംഗ് ഷെഡ്ഡായി ഉപയോഗിക്കാം. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ വരുമാനം, തൊഴിൽ, വെയിറ്റിംഗ് ഷെഡ്ഡിന്റെ അപര്യാപ്തത എന്നിവ പരിഹരിക്കാൻ കഴിയും.

d ബസ്സ്റ്റാൻഡിലേക്കു പ്രവേശിക്കുന്ന അപ്രോച്ച് റോഡ് തുടങ്ങുന്നിടത്തും അവസാനിക്കുന്നിടത്തും വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

c കംഫർട്ട് സ്റ്റേഷന്റെയും, അനൗൺസ്മെന്റ് സ്റ്റേഷന്റെയും മുൻവശത്ത് വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക. വ്യാപാരസ്ഥാപനങ്ങളുടെ സഹായത്തോടെ ഇവ നടപ്പിലാക്കാൻ സാധിക്കും.

d സ്റ്റാൻഡിൽ ഫ്രീസർ സ്ഥാപിച്ച് ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുക.

e പോലീസ്എയ്ഡ്പോസ്റ്റ്, ടി.വി. ഇവ സ്വകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്ഥാപിക്കുക.

f ടൗണിൽ ഒരു കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് ടെലഫോൺ ലൈൻ ഭൂമിക്കടിയിലൂടെ കേബിൾ സിസ്റ്റമാക്കേണ്ടതാണ്. റോഡുകൾ വീതി കൂട്ടി ടാറുചെയ്ത് പോസ്റ്റുകൾ സൈഡുകളിലായി സ്ഥാപിക്കുക.

**കുടിവെള്ളം**

ടൗണിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം നിലനില്ക്കുന്നു. ഇതു പരിഹരിക്കാൻ ഒരു കിലോമീറ്റർ ചുറ്റളവിൽ 16 ടാപ്പുകൾ സ്ഥാപിക്കുക. ഇവയിൽ 2 ടാപ്പുകൾ ചന്തയിലും, ബസ്സ്റ്റാൻഡിലും സ്ഥാപിച്ചാൽ ടൗണിലും കുടിവെള്ളക്ഷാമം പരിഹരിക്കാം.

a ബസ്സ്റ്റാൻഡിനു മുകളിലുള്ള പഞ്ചായത്തു കിണറ്റിൽ നിന്നും വെള്ളം ശുദ്ധി ചെയ്ത് പോലീസ് സ്റ്റേഷനോടു ചേർന്നു കിടക്കുന്ന സ്ഥലത്ത് ടാങ്കു പണിത് ഈ ടാപ്പുകളിൽ മാത്രം വെള്ളം പമ്പു ചെയ്യുക.

I. റോഡുകളുടെ ഇരുവശവും കൈവരികെട്ടി ഓടയുടെ മുകളിൽക്കൂടി നടപ്പാത സ്ഥാപിക്കുകയും, ഈ കൈവരികളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കാൻ അനുവാദം കൊടുക്കുകയും ചെയ്താൽ പഞ്ചായത്തിൽ വരുമാന മാർഗ്ഗം ഉണ്ടാവുകയും ചെയ്യും.

II. ടൗണിന്റെ ഒരു കിലോമീറ്ററിനുള്ളിലുള്ള എല്ലാ പി.ഡബ്ല്യു.ഡി. പുറമ്പോക്കുകളും അളന്നു തിട്ടപ്പെടുത്തി ഏറ്റെടുക്കുക. ടൗണിന്റെ ഒരു കിലോമീറ്ററിനുള്ളിലുള്ള പുറമ്പോക്കുകളിലിരിക്കുന്ന എല്ലാ സ്ഥാപനങ്ങളും മാറ്റി സ്ഥാപിക്കുക.

**III. ടാക്സി, ഓട്ടോറിക്ഷ, ടെമ്പോ, ലോറി സ്റ്റാൻഡുകൾ**

ടാക്സി, ഓട്ടോറിക്ഷ എന്നിവയ്ക്ക് ടൗണിൽത്തന്നെ സ്റ്റാൻഡിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുക.

IV. ആലപ്പുഴ, എരുമേലി, പമ്പ കേന്ദ്രീകരിച്ച് ഏറ്റവും കൂടുതൽ തീർത്ഥാടകർ വരുന്ന ശബരിമലയിലേക്ക് യാത്രാസൗകര്യത്തിനായി കേരളത്തിന്റെ തെക്കൻ പ്രദേശത്തിനിന്നും, പടിഞ്ഞാറൻ പ്രദേശത്തുനിന്നും, തമിഴ്നാടിന്റെ വിവിധപ്രദേശങ്ങളിൽ നിന്നും ആലപ്പുഴ, ചങ്ങനാശ്ശേരി, കറുകച്ചാൽ, എരുമേലി, പമ്പ ട്രെയിൻ സർവ്വീസു തുടങ്ങിയാൽ ഗുണോപകാരപ്രദമായിരിക്കും. കൂടാതെ നടപ്പിലാക്കാൻ പോകുന്ന ശബരി റെയിൽവേയുമായി ഇതുബന്ധപ്പെടുത്തിയാൽ നാടിന്റെ വികസനത്തിന് ഇത് ഒരു വഴിത്തിരിവായിത്തീരും.

**V. താലൂക്ക്**

കറുകച്ചാൽ കേന്ദ്രമാക്കി താലൂക്കു സ്ഥാപിക്കുക. ചങ്ങനാശ്ശേരിയിൽ നിന്നും 15 കിലോമീറ്റർ കിഴക്ക്, കോട്ടയത്തുനിന്നും 23 കിലോമീറ്റർ തെക്കുകിഴക്കും, പൊൻകുന്നത്തുനിന്നും ഏകദേശം 25 കിലോമീറ്റർ ദൂരെ സ്ഥിതി ചെയ്യുന്ന വികസനോന്മുഖമായ ഏക പഞ്ചായത്താണ് കറുകച്ചാൽ. ഇതൊരു താലൂക്ക് ആസ്ഥാനമാക്കി ഉയർത്തേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

വാകത്താനം പഞ്ചായത്തിന്റെ ഏതാനും ഭാഗങ്ങളും, നെടുംകുന്നം പഞ്ചായത്തിന്റെയും മാടപ്പള്ളി പഞ്ചായത്തിന്റെയും, മീനടം പഞ്ചാ

യത്തിന്റെയും ഏതാനും ഭാഗങ്ങൾ കൂട്ടിച്ചേർത്ത് താലൂക്കായി ഉയർത്താൻ സാധിക്കും. ഇതോടുകൂടി ഒട്ടധികം ഗവൺമെന്റു സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലേക്കു കൊണ്ടുവരാവുന്നതാണ്.

VI. കേന്ദ്രമാനവവിഭവ വകുപ്പിന്റെ സഹായത്തോടുകൂടി പോലീസ് ക്വാർട്ടേഴ്സിനെതിർ വശത്തെ സ്ഥലം ഏറ്റെടുത്ത്, ഗസ്റ്റ് ഹൗസും, ടെക്നോപാർക്കും സ്ഥാപിക്കുക. അനധിവിദൂരമല്ലാത്ത ഭാവിയിൽ കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി കഴിഞ്ഞാൽ കറുകച്ചാൽ ഏറ്റവും വലിയ പട്ടണമാകും. നമ്മുടെ ഗ്രാമ തലസ്ഥാനം എന്ന സത്യം വിസ്മരിക്കാനാവില്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ എന്തൊക്കെ മാറ്റമുണ്ടായാലും ടൗൺ വികസിക്കുന്നില്ലെങ്കിൽ വികസനം ദൃശ്യമാവുകയില്ല. ആയതിനാൽ ടൗൺ വികസന മാർഗ്ഗരേഖ അനിവാര്യമായിത്തീർന്നു.



*ഓർക്കുക ഇതൊരു തുടക്കമാണ്.*
*എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം*
*കാണാൻ കഴിയും..............*
*മനസ്സു തുറക്കുമെങ്കിൽ......................*

21

# ഉപസംഹാരം

ഇതുവരെ നിലവിലിരുന്ന വികസന പ്രക്രിയ അശാസ്ത്രീയമായിരുന്നു എന്ന് കാലം തെളിയിച്ചു. റോഡും പാലവും കുടിവെള്ളവുമായാൽ വികസനമായി എന്നധാരണ നിലനില്ക്കുന്നു. ഉത്പാദനപ്രക്രിയ വികസന വീക്ഷണത്തിൽ നിന്നകലയായി കാർഷിക വ്യവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവന മേഖല വികസിക്കുന്ന ആസൂത്രണമാണ് ഇന്നാവശ്യം.

അഴിമതിയിൽ നിന്ന് വികസനേതര താത്പര്യങ്ങളിൽ കുരുങ്ങിക്കിടക്കാതെ ജനപങ്കാളിത്തവും കർമ്മശേഷിയും വളർത്തി വികസന പ്രക്രിയ ഊർജ്ജസ്വലമാക്കുകയാണുമാർഗ്ഗം.

സാമ്പത്തികഞെരുക്കം വികസനത്തെ വഴി തിരിച്ചു വിടുമ്പോൾ ഫണ്ടു സമാഹരണത്തിന് പുതിയ പാതകൾ കണ്ടെത്താൻ ഗ്രാമ പഞ്ചായത്തുകൾക്കു കഴിയണം. സർക്കാരേതര ഏജൻസികളെ കണ്ടെത്തി അനുയോജ്യമായ പദ്ധതികൾ സമർപ്പിച്ചു ഫണ്ടു സമാഹരിക്കാവുന്നതാണ്.

വികസനോപാധികളെ ഫലപ്രദമായി ഉപയോഗിക്കുമ്പോഴാണ് ആസൂത്രണം അർത്ഥവത്താകുന്നത്. ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെന്നടിസ്ഥാനമാക്കി മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത ഗ്രാമപഞ്ചായത്തിനുണ്ടാവണം.

പ്രകൃതിവിഭവങ്ങൾ ജനവിഭവങ്ങൾ ഇവ പ്രയോജനപ്പെടുത്തി ചരിത്രപരമായ സാമൂഹ്യബന്ധങ്ങളെ വിശകലനം ചെയ്ത് പദ്ധതികൾ രൂപപ്പെടുത്താൻകഴിയണം. ആസൂത്രണം താഴെത്തട്ടിൽ നിന്നു മുകളിലേയ്ക്കാവുന്നതുമൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്കാവും.

ജനോപകാരപ്രദമായ പദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യബാദ്ധ്യതയാണ് ജനകീയ ആസൂത്രണം അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസന രേഖ സമർപ്പിക്കുമ്പോൾ കക്ഷിരാഷ്ട്രീയത്തിനതീതമായി നാമൊറ്റക്കെട്ടായി വികസന പ്രവർത്തനത്തിൽ മുഴുകിയാൽ നമ്മുടെ നാടിന്റെ വികസനം ഫല പ്രാപ്തിയിലെത്തിക്കാം.

മഹത്തായ ഈ ലക്ഷ്യം സമീപകാലത്തു തന്നെ നിറവേറ്റാൻ കഴിയുമെന്ന പ്രതീക്ഷയോടെ ഈ സമഗ്ര വികസന രേഖ ബഹുമാന്യരായ നിങ്ങളുടെ മുൻപിൽ സമർപ്പിക്കട്ടെ.

22

# അനുബന്ധം

## അനുബന്ധം 1

### കറുകച്ചാൽ ഗ്രാമപഞ്ചായത്ത് വിവരങ്ങൾ

Ref. A

| | | |
|---|---|---|
| 1 | പഞ്ചായത്തിലുൾപ്പെടുന്ന വില്ലേജുകൾ | കറുകച്ചാൽ<br>നെടുംകുന്നം |
| 2 | വിസ്തീർണ്ണം Sq.km.<br>ജനസംഖ്യ | 8.2 Sq.km.<br>20133 *(95-ലെ സെൻസസ്)* |
| 3 | വാർഡുകൾ<br>സംവരണ വാർഡുകൾ ഏതെല്ലാം<br>1 വനിത<br>2 പട്ടികജാതി/പട്ടികവർഗ്ഗം | 10<br>2,4,5,6<br>8 |
| 4 | പഞ്ചായത്തു രാജ് നിയമ പ്രകാരം രൂപീകരിക്കപ്പെട്ട സമിതികൾ ഏവ?<br>*(ജോയിന്റ് കമ്മറ്റി മുതലായവ)* | ഇല്ല. |
| 5 | പഞ്ചായത്തു വികസന പരിപാടിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട മറ്റു സമിതികൾ ഏവ<br>*(പഞ്ചായത്തു വികസന സമിതി, വാർഡ് വികസന സമിതികൾ വിദ്യാഭ്യാസ വികസനസമിതി ആരോഗ്യ സമിതി etc.)* | ഇല്ല |
| 6 | സ്വന്തമായി ആഫീസ് കെട്ടിടം ഉണ്ടോ? | ഉണ്ട് |
| 7 | പഞ്ചായത്താഫീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ<br>Ref. A. Annexure XXXIV Last Grade | Secretary 1 Junior Suprientent - 1, U.D.C. - 3, L.D.C. - 3, Peon - 2, Full Time Scavanger - 1<br>Librarian, Part time , Sweaper - 2 |
| 8 | ഭരണച്ചെലവ് എത്ര? വരുമാനത്തിന്റെ എത്ര ശതമാനം | കമ്മറ്റി അലവൻസ് - 54,371<br>ജീവനക്കാരുടെ ശമ്പളം - 6,50,879<br>ആകെ - 7,05,250 |

അനുബന്ധം 2

## 1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ Ref. C.B. (1995-96)

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | Rs. 7,02,998 |
| പൊതുമരാമത്ത് | Rs. 6,19,654 |
| വിദ്യാഭ്യാസം | Rs. 12,766 |
| പൊതുജനാരോഗ്യം | Rs. 17,299 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | Rs. 99,581 |
| മറ്റുള്ളവ | Rs. 1,48,824 |
| ആകെ | Rs. 16,01,122 |

## 1.25 പൊതു സാമ്പത്തിക നില Ref. B

| | പൊതു കണക്ക് | മൂലധന കണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 2036238.35 | 791103.00 | 96807.50 |
| ചെലവ് | 1601122.00 | – | – |

## 1. 26 പൊതുമരാമത്തു പണി സംബന്ധിച്ച വിവരങ്ങൾ Ref. Work Bill Register

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചിലവ് | | |
|---|---|---|---|---|
| | | ഗ്രാന്റ് തുക | പഞ്ചാ. ഫണ്ട് | ആകെ |
| 1 | 2 | 3 | 4 | 5 |
| റോഡ് | 102410 | 27410 | 57195 | 84605 |
| തോട് | | | | |
| കെട്ടിടം | | | | |
| നടപ്പാലം | | | | |
| മറ്റുള്ളവ | | | | |
| ആകെ | 102410 | 27410 | 57195 | 84605 |

അനുബന്ധം 3

## 1.4 കുളങ്ങളെയും കിണറുകളെയും സംബന്ധിച്ച വിവരങ്ങൾ (പഞ്ചായത്തു വക) *Ref. A. II, J*

| | കുളങ്ങളുടെ എണ്ണം (വിസ്തീർണ്ണത്തിനനുസരിച്ച്- സെന്റിൽ) | | | | | | |
|---|---|---|---|---|---|---|---|
| വാർഡ് | 10 സെന്റിനു താഴെ | 10–20 | 20–30 | 30–40 | 40–50 | 50–നു മുകളിൽ | കിണറുകൾ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| I | | | | | | | 2 |
| II | | | | | | | 4 |
| III | | | | | | | 6 |
| IV | | | | | | | 1 |
| V | | | | | | | 5 |
| VI | | | | | | | 2 |
| VII | | | | | | | 4 |
| VIII | | | | | | | 1 |
| IX | | | | | | | 3 |
| X | | | | | | | 7 |
| ആകെ എണ്ണം | 1 | | | | | | 35 |

അനുബന്ധം 4

1.17 പഞ്ചായത്തുരാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്ന് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ Ref. Q

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | |
| 1 | 2 | 3 | 4 |
| മൃഗസംരംക്ഷണം | 3458 | – | 3458 |
| ആരോഗ്യം | – | – | – |
| കൃഷി | 164153 | – | 164153 |
| പി.ഡബ്ല്യു.ഡി. | – | – | – |
| ഹരിജനക്ഷേമം | 5320 | – | 5320 |
| മറ്റുള്ളവ | 35800 | – | 35800 |
| ആകെ | 208731 | – | 208731 |

അനുബന്ധം 5

## 7.1 സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപന പരമായ പ്രശനങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | ആയുർവ്വേദ ഡിസ്പെൻസറി | ആരോഗ്യം | വാടക | 4 | 1992 May 19th | സ്ഥലം സംഭാവനായി ലഭിച്ചു കെട്ടിടം ഇല്ല. |
| 2 | മൃഗാശുപത്രി ചമ്പക്കര | മൃഗസംരക്ഷണം | വാടക | 3 | 1991 | – |
| 3 | ഗവ. എൽ. പി. എസ്. ചമ്പക്കര | വിദ്യാഭ്യാസം | സ്വന്തം | 8 | – | – |
| 4 | ഗവ. ഫ.S. S. ഘ. ജ. S കറുകച്ചാൽ | ” | ” | 7 | – | – |
| 5 | ഡയറി എക്സ്റ്റെൻഷൻ യൂണിറ്റ് ചങ്ങനാശ്ശേരി | മൃഗസംരക്ഷണം | വാടക | 4 | – | കറുകച്ചാൽ പഞ്ചായത്തിനു ള്ളതാണ്, എന്നാൽ ചങ്ങനാശ്ശേരിയിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്നു. |
| 6 | കൃഷിഭവൻ | കൃഷിവകുപ്പ് | വാടക | 4 | 1976 | പഞ്ചായത്തു വക കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നു. |
| 7 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ് | ഗ്രാമ വികസനം | 2–, 1 വാടക | – | 1 | വില്ലേജ് ആഫീസിൽ പ്രവർത്തിക്കുന്നു |

അനുബന്ധം 6

## 1.22 ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ
Ref. 6

| | സ്ഥാപനങ്ങളുടെ എണ്ണം | | | | | |
|---|---|---|---|---|---|---|
| വാർഡ് വ്യാപാരം | വ്യവസായം | ഹോട്ടലുകൾ കടകൾ | സാധാരണ | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 4 | | 10 | 2 | 16 | 485 |
| II | 7 | | 8 | | 15 | 744 |
| III | 12 | | 3 | 1 | 16 | 1520 |
| IV | 4 | | 8 | | 12 | 575 |
| V | 34 | 8 | 106 | 11 | 159 | 7637 |
| VI | 2 | | 10 | | 12 | 495 |
| VII | 1 | | 13 | 1 | 15 | 1720 |
| VIII | 3 | | 13 | | 16 | 340 |
| IX | 1 | | 10 | | 11 | 465 |
| X | 5 | | 25 | 7 | 37 | 1520 |
| ആകെ | 73 | 8 | 206 | 22 | 309 | 15501 |

അനുബന്ധം 7

# 1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (1995–96)

Ref. C.B.

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 366879 | 324475.75 | 42403.25 |
| സർവ്വീസ് ചാർജ്ജ് | – | – | – |
| തൊഴിൽ നികുതി | 175460 | 152396 | 23064 |
| വാഹന നികുതി | – | – | – |
| വിനോദ നികുതി | 83734 | 83734 | – |
| അഡീഷണൽ വിനോദ നികുതി | 50679.50 | 50679.50 | – |
| പ്രദർശന നികുതി | 5602 | 5602 | – |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 1406.05 | 1406.05 | – |
| ചന്ത വരവ് | 45700 | 45700 | – |
| ലാൻഡ് സെസ്സ് | – | – | – |
| ലൈസൻസ് ഫീസ് | 14030 | 12030 | 2000 |
| കെട്ടിടനികുതി സർചാർജ്ജ് | 18344 | 16618.50 | 1725.50 |
| വസ്തു കൈമാറ്റ നികുതി 75% | 82707 | 82707 | – |
| വസ്തു കൈമാറ്റ നികുതി 25% | 189024 | 189024 | – |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികയുള്ള മറ്റു വരവ് | 1054950.10 | 1038340.10 | 16610 |
| സംഭാവന | – | – | – |
| ഡെപ്പോസിറ്റുകൾ | 33525 | 33525 | – |
| മറ്റുള്ളവ | – | – | – |
| ആകെ | 2122041.10 | 20362038.35 | 85802.75 |

# സ്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേര് | ഹൈ സ്കൂൾ, എൽ.പി., യു. പി. പ്രീ. പ്രൈമറി, | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കാമ്പസ്സിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റു കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച്. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ, | ആകെ അനുവദിച്ച പോസ്റ്റ്, | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| സി. എം. എസ്സ് ഹൈ സ്കൂൾ നെടുങ്ങാടപ്പള്ളി | ഹൈ സ്കൂൾ 3 | | | | | 116 | 95 | 511 | | | | | | | | |
| എൻ. എസ്. എസ്. ബി. എച്ച്. എസ്. കറുകച്ചാൽ | | | | | | 109 | 98 | 207 | | | | | | | | |
| എൻ. എസ്. എസ്. ജി. എച്ച്.എസ്. കറുകച്ചാൽ | | | 8 | | | 111 | 108 | 219 | | | | | | | | |
| എസ്. എം. യു. പി. എസ്. ചമ്പക്കര | | | | | | 134 | 96 | 230 | | | | | | | | |
| സെന്റ് മേരീസ് യു. പി. എസ് കൂത്രപ്പള്ളി | | | | | | 141 | 126 | 267 | | | | | | | | |
| സെന്റ് മേരീസ് യു. പി. എസ് | | | | | | 165 | 130 | 295 | | | | | | | | |
| സി.എം.എസ്സ്. എൽ. പി. എസ്സ് നെടുങ്ങാടപ്പള്ളി | | | | | | 166 | 159 | 325 | | | | | | | | |
| സി. എം. എസ്സ്. എൽ. പി. എസ്സ് ചക്കിമംഗലം പനയംമ്പാല | | | | | | 160 | 151 | 311 | | | | | | | | |
| എൻ. എസ്സ്. എസ്സ്. എൽ പി. കറുകച്ചാൽ | | | | | | 208 | 159 | 367 | | | | | | | | |
| ജി. എൽ. പി. ചമ്പക്കര | | | | | | 136 | 126 | 262 | | | | | | | | |
| | | | | | | | | 2694 | | | | | | | | |

## അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | ലാബോറട്ടറി/ സയൻസ് കോർണർ ഉണ്ട്/ ഇല്ല. പ്രവർത്തിക്കുന്നു / ഇല്ല. | പഠനോപകരണങ്ങൾ (മാപ്പുകൾ,ചാർട്ടുകൾ, ഗ്ലോബുകൾ)വേണ്ടത്ര ഉണ്ട്, ഇല്ല. | ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95-96-ൽ ലഭിച്ച അദ്ധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമ സജീവം/ സജീവമല്ല. | ക്ലാസ്സ് റൂം പി.റ്റി.എ.കൾ പ്രവർത്തിക്കുന്നു/ഇല്ല. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റെക്കോർഡർ | ടി.വി. സെറ്റ് | വി.സി.ആർ./ വി.സി.പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| എൻ.എസ്.എസ്. ബി.എച്ച്. എസ. കറുകച്ചാൽ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 1 | 1 | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല | 17 | 17 | 192 | ഇല്ല | 5 | സജീവം | ഉണ്ട് |
| എൽ.പി.ജി.എസ്. ചമ്പക്കര | . | . | . | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 8 | 192 | ഇല്ല | 8 | " | " |
| എസ്. എം.യു. പി.എസ്. ചമ്പക്കര | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | " | " | " | " | " | " | 9 | 9 | 194 | " | 3 | " |
| എൻ.എസ്.എസ്.ജി.എച്ച്.എസ്. കറുകച്ചാൽ | " | √ | √ | ഉണ്ട് | " | " | " | " | " | " | " | 13 | 13 | 195 | " | 3 | " | " |
| സി.എം.എസ്. എൽ.പി.എസ്. കൂത്രപ്പള്ളി. | . | √ | √ | √ | " | " | " | " | " | " | " | . | . | . | . | . | " | ഇല്ല |
| സി.എം.എസ്.എൽ.പി.എസ്. ചക്കിമംഗലം | √ | √ | √ | √ | " | " | " | " | " | " | " | . | . | 188 | . | . | " | ഉണ്ട് |
| എൻ.എസ്.എസ്. ഗവ: എൽ.പി.എസ്. കറുകച്ചാൽ | √ | √ | - | √ | √ | " | " | " | " | " | " | 2 | 5 | 194 | 2 | 5 | " | " |
| പനയമ്പാല എൽ.പി.സ്കൂൾ | √ | – | √ | 1 | 1 | " | " | " | " | " | " | – | 4 | 194 | – | 6 | " | - |
| സെന്റ് മേരീസ് യു.പി.എസ്. കൂത്രപ്പള്ളി | √ | √ | √ | √ | √ | " | " | " | " | " | " | √ | – | 192 | – | – | " | ഉണ്ട്. |
| സി.എം.എസ്.എൽ.പി.എസ്. നെടുങ്ങാടപ്പള്ളി | √ | √ | √ | √ | √ | " | " | " | " | " | " | 4 | 4 | 194 | – | 6 | " | " |
| സി.എം.എസ്.എച്ച്.എസ്. നെടുങ്ങാടപ്പള്ളി | √ | √ | √ | 1 | 1 | 1 | " | " | " | " | " | √ | 15 | 194 | – | 6 | " | " |

അനുബന്ധം 10

# അക്കാദമിക് നിലവാരം

| ക്ലാസ്സ് | ആകെ | കുട്ടികളുടെ പൊതു നിലവാരം | | | | | എസ്.എസ്.എൽ.സി. വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30–40 മാർക്കു നേടുന്നവർ | 40–50 ശതമാനം നേടുന്നവർ | 50–60 ശതമാനം നേടുന്നവർ | 60% നേടുന്നവർ | 91–92 കൂടുതൽ നേടുന്നവർ | 92–93 | 93–94 | 94–95 | 95–96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 3 | 257 | 20 | 55 | 49 | 24 | 40 | | | | | |
| 4 | 297 | 28 | 70 | 55 | 32 | 115 | | | | | |
| 5 | 351 | 32 | 134 | 80 | 66 | 39 | | | | | |
| 6 | 327 | 60 | 99 | 76 | 37 | 55 | | | | | |
| 7 | 329 | 69 | 105 | 60 | 54 | 41 | | | | | |
| 8 | 301 | 105 | 86 | 59 | 30 | 21 | | | | | |
| 9 | 217 | 94 | 67 | 29 | 17 | 10 | | | | | |
| 10 | 118 | 65 | 30 | 29 | 34 | 20 | | | | | |

അനുബന്ധം 11

# ചിലവു സംബന്ധിച്ച വിവരങ്ങൾ

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് | ഉപകരണങ്ങൾ/ഫർണിച്ചറുകൾ അറ്റകുറ്റപ്പണികൾക്ക് | ഉപകരണങ്ങൾ രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്സ് | കലാ-വിനോദങ്ങൾ | ലൈബ്രറികൾക്ക് | ഉച്ചക്കഞ്ഞിക്ക് | മറ്റിനങ്ങൾ | സർക്കാർ | തദ്ദേശസ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ.ഫണ്ട് | മറ്റു മാർഗങ്ങളിലുള്ള വരവ് | ആകെ വരവ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| സി.എം.എസ്. എച്ച്.എസ്. നെടുങ്ങാടപ്പള്ളി | 6500 | 3000 | 2250 | 2500 | 3250 | 2750 | 3500 | 1750 | 1970 | – | 1970 | 2718.50 | – | 5150 | 15662 | 25500 |
| സി.എം.എസ്. എൽ.പി.എസ്. നെടുങ്ങാടപ്പള്ളി | 2000 | 250 | 200 | – | 800 | – | 4500 | 200 | 1078 | – | 1078 | – | – | 500 | 6172 | 7750 |
| സെന്റ് മേരീസ് യു.പി.എസ്. കൂത്രപ്പള്ളി | 5000 | 1500 | 1000 | 1000 | 8000 | 2000 | 18000 | 5000 | 2000 | 200 | 2200 | – | 6400 | – | – | 8600 |
| പനയമ്പാല എൽ.പി.സ്കൂൾ | 684 | 70 | – | – | 300 | – | 2000 | – | – | – | – | – | – | – | – | – |
| ഗവ: എൽ.പി.ജി.എസ്. ചമ്പക്കര | – | – | – | – | – | – | – | 4700 | – | – | 250 | – | – | 4200 | – | 4450 |
| എൻ.എസ്.എസ്. ഗവ: എൽ.പി.എസ്. കറുകച്ചാൽ | 350 | – | – | – | 600 | – | 3850 | – | 1200 | – | 1200 | – | – | 750 | – | 1950 |
| എൻ.എസ്.എസ്. ബി.എച്ച്. എസ്. കറുകച്ചാൽ | 1200 | – | – | 1200 | 1500 | 450 | 560 | – | 25387 | 1200 | 26587 | 4429.80 | 3080 | 1500 | – | 35596.80 |
| സുഭാഷ് മെമ്മോറിയൽ യു.പി.എസ്. ചമ്പക്കര | 2400 | 2500 | – | – | – | – | 3500 | 1500 | 916 | 500 | 1416 | – | – | 640 | 100 | 2156 |

അനുബന്ധം 12

# ഗ്രാമപഞ്ചായത്ത്

## സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസംഗ്രാന്റ് | മുസ്ലീം പെൺ കുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാൻമാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ബീഡി തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ളസ്കോളർഷിപ്പ് | മറ്റുള്ളവ വ്യക്തമാക്കുക. |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1. | സി.എം.എസ്.എൽ.പി.എസ്. ചക്കിമംഗലം | – | 20 | – | – | – | – | – | – |
| 2. | എസ്. എം. യു.പി.എസ്. | 4 | 14+ 4.OEC | 1 | – | – | – | – | – |
| 3. | എൻ.എസ്.എസ്. ബി.എച്ച്. എസ്. കറുകച്ചാൽ | – | 248 | – | – | – | – | – | – |
| 4. | എൻ.എസ്.എസ്.ജി.എച്ച്.എസ്. കറുകച്ചാൽ | – | 110 | 1 | – | 3 | – | – | 5 |

അനുബന്ധം 13

## 9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ
### കറുകച്ചാൽ ഗ്രാമ പഞ്ചായത്ത്

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| 1. | 116 | 95 | 211 | 15 | 14 | 29 | – | – | – | – | – | – | 1 | – | 1 | 1 | – | 1 | – |
| 2. | 109 | 98 | 207 | 18 | 18 | 36 | – | 1 | 1 | 14 | 6 | 20 | – | – | – | – | 2 | 2 | – |
| 3. | 111 | 108 | 219 | 28 | 28 | 56 | 1 | 2 | 3 | 9 | 7 | 16 | – | – | – | 5 | 2 | 7 | – |
| 4. | 134 | 96 | 230 | 37 | 26 | 63 | 2 | 1 | 3 | 11 | 6 | 17 | – | – | – | 1 | 1 | 2 | – |
| 5. | 141 | 126 | 267 | 30 | 31 | 61 | 1 | 2 | 3 | 9 | 4 | 13 | – | 1 | 1 | 1 | 1 | 2 | – |
| 6. | 165 | 130 | 295 | 36 | 28 | 64 | 1 | 1 | 2 | 7 | 3 | 10 | 1 | – | 1 | – | – | – | – |
| 7. | 166 | 159 | 325 | 19 | 20 | 39 | 3 | 1 | 4 | 15 | 10 | 25 | – | 1 | 1 | 1 | – | 1 | – |
| 8. | 160 | 151 | 311 | 39 | 45 | 84 | 1 | – | 1 | 14 | 7 | 11 | 2 | – | 2 | 1 | 12 | 13 | – |
| 9. | 208 | 159 | 367 | 35 | 54 | 89 | 1 | – | 1 | 7 | 8 | 15 | – | 1 | 1 | 1 | 7 | 8 | – |
| 10. | 136 | 126 | 264 | 27 | 31 | 58 | – | – | – | – | – | – | 1 | – | 1 | 1 | 6 | 7 | – |
| | | | 2696 | | | 579 | | | 18 | | | 127 | 5 | 3 | 8 | 12 | 31 | 43 | – |

# സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്കുപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല കിണർ പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചക മുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ? മതിയാകും/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധ സ്ഥിരം | താല്ക്കാലികം | സ്ഥിരം | അർദ്ധ സ്ഥിരം | താല്ക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| സി.എം.എസ്.എച്ച്.എസ്. നെടുങ്ങാടപ്പള്ളി | 13 | 4 | – | – | 21 | – | – | – | – | 4 | 20 | 2 | 1 | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകും | – | – | – | – | |
| സി.എം.എസ്.എൽ.പി.എസ്. നെടുങ്ങാടപ്പള്ളി | 4 | 1 | – | – | 1 | – | – | 2 | ഉണ്ട് | 1 | 5 | – | – | – | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | – | – | 1 | – | |
| എൻ.എസ്.എസ്. ഗവ: എൽ.പി.എസ്. കറുകച്ചാൽ | 5 | 1 | 1 | – | 1 | – | – | 2 | – | 2 | 5 | 1 | 1 | – | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 10 | 10 | 5 | 5 | |
| സെന്റ് മേരീസ് യു.പി.എസ്. കൂത്രപ്പള്ളി | 18 | 4 | – | – | 25 | – | – | – | – | 2 | 20 | – | 5 | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | – | – | – | – | |
| എൽ.പി.എസ്. പനയമ്പാല | 4 | 1 | – | – | – | – | – | – | – | 2 | 6 | – | ഇല്ല | – | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | – | 10 | 1 | 2 | |
| സി.എം.എസ്.എൽ.പി.എസ്. ചക്കിമംഗലം | 4 | 4 | – | – | 3 | – | – | 1 | ഉണ്ട് | 3 | 10 | – | 1 | – | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | – | 8 | 5 | – | – | |
| സി.എം.എസ്. എൽ.പി.എസ്. കൂത്രപ്പള്ളി. | 4 | 1 | – | – | – | – | – | – | – | 2 | 3 | – | – | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 3 | 3 | – | – | |
| എൻ.എസ്.എസ്.ജി.എച്ച്.എസ്. കറുകച്ചാൽ | 9 | 3 | 1 | | 13 | – | – | – | – | 2 | 15 | – | 1 | – | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | – | – | – | – | |
| എൻ.എസ്.എസ്. ബി.എച്ച്. എസ് കറുകച്ചാൽ | 17 | 8 | – | – | 20 | – | – | – | – | 2 | 15 | 2 | 2 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | – | – | – | – | |
| ഗവ: എൽ.പി.എസ്. ചമ്പക്കര | – | – | – | – | – | – | – | – | – | 2 | – | – | – | – | – | – | – | – | – | – | – | – | – | |
| സുഭാഷ് മെമ്മോറിയൽ യു. പി.എസ്. ചമ്പക്കര | 4 | 4 | – | – | 4 | – | – | – | – | 1 | 2 | 3 | 1 | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | – | – | – | – | |

## 1.16 ഗ്രാന്റ് വിവരങ്ങൾ

Ref. ഗ്രാന്റ് രജിസ്റ്ററും സ്പെഷ്യൽ ഗ്രാന്റ് രജിസ്റ്ററും

| V.R.M. രൂപ | | M.I. രൂപ | V.T.C. രൂപ | അടിസ്ഥാന നികുതി | | Spl. Grand രൂപ | J.R.Y. രൂപ | അൺടൈഡ് ഫണ്ട് രൂപ | ആകെ |
|---|---|---|---|---|---|---|---|---|---|
| | | | | 25%. രൂപ | 75% രൂപ | | | | |
| 1 | | 2 | 3 | 4 | 5 | 6 | 7 | 8 | |
| വർഷം | തുക | | | | | | | | |
| 1993- 94 | 26273 | 2500 | – | 86091 | 206102 | – | 415000 | 194990 | |
| 1994- 95 | 27779 | 2500 | 104164 | 90000 | 167994 | – | 218300 | 269050 | |
| 1995-96 | 27410 | 2500 | 136455 | 100000 | 89024 | – | 337000 | 279030 | |

അനുബന്ധം – 18

കറുകച്ചാൽ ഗ്രാമ പഞ്ചായത്ത്

4.1 വളർത്തു മൃഗസംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ യുള്ളത് | കറവ യില്ലാത്തത് | കറവ യുള്ളത് | കറവ യില്ലാത്തത് | കറവ യുള്ളത് | കറവ യില്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| I | – | 6 | 38 | 29 | 18 | 219 | 78 | 1 | 1 | – | 140 | 119 | – | |
| II | – | 10 | – | 65 | 34 | 21 | 234 | 64 | – | 1 | – | 196 | 134 | – |
| III | – | 13 | – | 59 | 31 | 17 | 196 | 98 | 1 | – | – | 231 | 124 | – |
| IV | – | 5 | 1 | 39 | 41 | 20 | 226 | 104 | 2 | – | 1 | 194 | 97 | – |
| V | – | 3 | – | 28 | 37 | 19 | 174 | 63 | 1 | – | – | 114 | 89 | 1 |
| VI | – | 11 | – | 41 | 58 | 31 | 294 | 138 | – | – | – | 168 | 104 | – |
| VII | 14 | – | 78 | 64 | 29 | 168 | 124 | 1 | – | – | 138 | 98 | | |
| VIII | – | 4 | – | 41 | 51 | 19 | 114 | 78 | – | – | – | 159 | 103 | – |
| IX | – | 19 | – | 53 | 58 | 29 | 287 | 114 | 1 | – | – | 128 | 131 | – |
| X | – | 6 | – | 39 | 39 | 19 | 160 | 93 | 3 | – | – | 119 | 103 | – |
| ആകെ | – | 91 | 1 | 481 | 442 | 222 | 2072 | 954 | 10 | 2 | 1 | 1587 | 1102 | 1 |

അനുബന്ധം – 19

# കറുകച്ചാൽ ഗ്രാമ പഞ്ചായത്ത്

## 4.2 വളർത്തു പക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 131 | 1408 | 111 | 3 | 20 | – |
| II | 168 | 1463 | 131 | 2 | 13 | – |
| III | 129 | 1783 | 144 | – | – | – |
| IV | 149 | 1681 | 156 | 2 | 13 | – |
| V | 68 | 981 | 157 | – | – | 3 |
| VI | 99 | 2031 | 231 | – | – | 2 |
| VII | 149 | 1143 | 143 | – | – | 11 |
| VIII | 184 | 1214 | 121 | – | – | – |
| IX | 195 | 1783 | 138 | 3 | 11 | – |
| X | 174 | 1681 | 181 | – | – | – |
| ആകെ | 1441 | 15168 | 1543 | 10 | 57 | 16 |



## അധികാരം ജനങ്ങൾക്ക്

അധികാര വികേന്ദ്രീകരണം വഴി ജനകീയവും
ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം.

40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്.

വികസന പ്രക്രിയ അഴിമതി രഹിതമാക്കുന്നു

ബഹുജനസഹകരണം അനിവാര്യം

## 9 -ാം പദ്ധതി ജനകീയ പദ്ധതി

Published by President, Karukachal Grama Panchayath; Cover Photo Suresh-Top; Cover Designing Jose Champakara;
Printed at Jays Print Packs Vadavathoor Kottayam. Ph. 0481- 571511